

# ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്

# വികസനരേഖ

# ചെർപ്പുളശ്ശേരി
# ഗ്രാമപഞ്ചായത്ത്
# വികസനരേഖ





സൂചിക

- പഞ്ചായത്ത് അതിര്
- പുഴ
- തോട്
- PWD റോഡ്
- പഞ്ചായത്ത് റോഡുകൾ
- സർക്കാർ ഓഫീസുകൾ
- വിദ്യാലയങ്ങൾ
- ആരോഗ്യ സ്ഥാപനങ്ങൾ
- പഞ്ചായത്ത് ഓഫീസ്
- കൃഷിഭവൻ
- വായനശാലകൾ, ഗ്രന്ഥശാലകൾ

അധികാരം ജനങ്ങളിലേക്ക്

| | | |
|---|---|---|
| മുഖ്യ പത്രാധിപർ | : | സി. രാഘവൻ |
| പത്രാധിപസമിതി | : | കെ. ഗംഗാധരൻ<br>സി. മോഹൻ ദാസ്<br>കെ. എസ്. തരകച്ചൻ<br>കെ. ടി. സത്യൻ<br>കെ. അച്ചുതൻകുട്ടി<br>കെ. ജി. പ്രസന്നൻ<br>കെ. ചാത്തൻ |
| ഡി.ടി.പി & ലേ ഔട്ട് | : | ഇൻറിമേറ്റ് ഗ്രാഫിക്സ്,<br>ചെർപ്പുളശ്ശേരി |
| അച്ചടി | : | അംബാൾ ഓഫ്സെറ്റ്,<br>പാലക്കാട് |
| മുഖചിത്രം | : | പി. ടി. മനോജ് |
| കവർ ഡിസൈൻ | : | കെ. എസ്. തരകച്ചൻ |

# ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്
## ഭരണ സമിതി



പ്രസിഡന്റ്
ശ്രീ. ചോലക്കൽ രാഘവൻ



വൈസ്. പ്രസിഡന്റ്
കെ. ടി. സത്യൻ



സ്റ്റാന്റിങ്ങ് കമ്മിറ്റി
ചെയർമാൻ
കെ.ടി. രാമകൃഷ്ണൻ

## ഭരണ സമിതി അംഗങ്ങൾ:

1. ജാനകി ടീച്ചർ
2. വി. സുകുമാരൻ
3. മുഹമ്മദ് എന്ന മാനു
4. സുലൈഖ ടീച്ചർ
5. എം. മോഹനൻ
6. പ്രേമ ടീച്ചർ
7. നാരായണിക്കുട്ടി
8. എം. രാമൻകുട്ടി നായർ

സെക്രട്ടറി : രാധാകൃഷ്ണൻ

# റിപ്പോർട്ട് തയ്യാറാക്കിയവർ

| | | | |
|---|---|---|---|
| 1. | ആമുഖം | : | കെ. ഗംഗാധരൻ. |
| 2. | സാമൂഹിക സാംസ്കാരിക ചരിത്രം | : | സി. മോഹൻദാസ് |
| 3. | ഭൂപ്രകൃതി വിഭവങ്ങൾ | : | കെ. എസ്. തരകച്ചൻ. |
| 4. | കൃഷി, ജലസേചനം | : | സി. മോഹൻദാസ്. |
| 5. | മൃഗസംരക്ഷണം, മത്സ്യബന്ധനം | : | കെ. ചാത്തൻ |
| 6. | വ്യവസായം | : | എൻ. രമണൻ |
| 7. | വിദ്യാഭ്യാസം | : | കെ. അച്ചുതൻകുട്ടി. |
| 8. | കുടിവെള്ളം, പൊതുജനാരോഗ്യം | : | കെ. എസ്. തരകച്ചൻ. |
| 9. | ഗതാഗതം, ഊർജ്ജം | : | പി. രാംകുമാർ |
| 10. | പാർപ്പിടം, സാമൂഹ്യക്ഷേമം | : | പി. ഷംസുദ്ദീൻ. |
| 11. | സംസ്കാരം | : | കെ. ജി. പ്രസന്നൻ. |
| 12. | വനിതാക്ഷേമം | : | കെ. ജി. പ്രസന്നൻ |
| 13. | പട്ടികജാതി ക്ഷേമം | : | കെ. ചാത്തൻ |
| 14. | വിഭവസമാഹരണം | : | കെ. ഗംഗാധരൻ |

## സഹായികൾ

1. എൻ. രമണൻ
2. Dr. ശശികല
3. സി. സേതുമാധവൻ
4. കെ. ബി. രാജ് ആനന്ദ്
5. എം. ജയരാജൻ
6. എ. വേണുഗോപാലൻ
7. പി. രാമചന്ദ്രൻ
8. കെ. ഗോപാലൻ
9. പി. രാമചന്ദ്രൻ
10. സി. കൃഷ്ണദാസ്
11. ഒ. രാമു
12. കോമളവല്ലി
13. വത്സലാ രാമു
14. ഗംഗാധരൻ
15. ജയകൃഷ്ണൻ. സി
16. എം. ഗോവിന്ദൻകുട്ടി
17. എം. മനോഹരൻ
18. പി. രാധാകൃഷ്ണൻ
19. ബാലകൃഷ്ണൻ
20. പി. മുഹമ്മദ് കുട്ടി
21. അനിൽ കുമാർ (കൃഷി ആഫീസർ)
22. കെ. ബാലൻ (Assi. Engineer Water Authority)
23. നിർമ്മല (V.E.O)
24. പി. ട്ടി. മുഹമ്മദ് കുട്ടി (പഞ്ചായത്ത് ആഫീസ്)

## ജില്ലാതല മുഖ്യപരിശീലകർ

കെ. ഗംഗാധരൻ : കൺവീനർ

സി. മോഹൻദസ്

കെ. എസ്. തരകച്ചൻ

സി. അച്ചുതൻകുട്ടി

കെ.ബി. രാജ് ആനന്ദ്

എം. അബ്ദുൾ റഷീദ്

സർഫുദ്ദീൻ

പി. രാം കുമാർ

കെ. ചാത്തൻ

കെ. ജി. പ്രസന്നൻ

പി. കെ. ഹരിദാസ്

## വാർഡ്തല കൺവീനർമാർ

1. പി. രാം കുമാർ
2. പി. എം. യൂസഫ്
3. സേതുമാധവൻ
4. കെ. ചാത്തൻ
5. എം. ജയരാജൻ
6. എൻ. രമണൻ
7. രാമൻ
8. പി. ചന്ദ്രൻ
9. എം. രാമകൃഷ്ണൻ
10. എം. പി. സുരേഷ്
11. എം. ഗോവിന്ദൻകുട്ടി

## കഴിഞ്ഞകാല ഭരണനേതൃത്വം

**1935_39**

പ്രസിഡൻറ് : പി. മാധവമേനോൻ

മെമ്പർമാർ :
1. വി. എം. ബാലകൃഷ്ണൻ നായർ
2. പി. അച്ചുത മേനോൻ
3. പി. കൃഷ്ണൻകുട്ടി വാര്യർ
4. കെ. ഗോവിന്ദമേനോൻ
5. ടി. പൊക്കാമ
6. വി. പൊന്നൻ
7. കെ. നാരായണൻകുട്ടി മേനോൻ
8. കെ. തെയ്യുണ്ണി മേനോൻ
9. വി. കുഞ്ചു എഴുത്തച്ഛൻ
10. നീരാണി ഹൈദ്രോസ് സാഹിബ്
11. കെ. ആർ. കൃഷ്ണയ്യർ
12. ഒ. കുട്ടപ്പൻ നായർ
13. എം. കുഞ്ഞാടി

**1942**

1. എസ്. കെ. എഴുത്തച്ഛൻ
2. കെ. ചാമി
3. കെ. ശങ്കരൻ
4. വി. ചാത്തൻ

**1954**

പ്രസിഡൻറ് : പി. ജി. മേനോൻ

മെമ്പർമാർ :
1. വി. എം. ഗംഗാധരൻ നായർ
2. കെ. ടി. അയ്യപ്പൻ
3. ടി. എ. നാരായണൻ നായർ
4. എം. ബാപ്പു സാഹിബ്
5. എം. പി. നാരായണൻ നായർ
6. കെ. കൃഷ്ണൻ നായർ



പനങ്ങാട്ട്
മാധവമേനോൻ



പി. ജി. മേനോൻ



എം. പി. കെ.
നാരായണൻ നായർ



പി. വി. ഹംസ



പി. രാമകൃഷ്ണൻ
നായർ

1964 -79

പ്രസിഡൻറുമാർ : 1) പനങ്ങാട്ട് ഗോപി മേനോൻ

2) എം. പി. കെ. നാരായണൻ നായർ

വൈസ് പ്രസിഡൻറ് : വി. നാരായണനെഴുത്തച്ഛൻ

മെമ്പർമാർ :
1. കെ. വാസുദേവൻ നമ്പൂതിരി
2. വെട്ടത്ത് ബാലകൃഷ്ണനെഴുത്തച്ഛൻ
3. എം. സുകുമാരൻ
4. എം. കെ. അയ്യപ്പൻ
5. കെ. പി കുഞ്ഞിക്കാവമ്മ
6. എം. കെ. കുഞ്ഞിവാവ

1979_84

പ്രസിഡൻറ് : പി.വി. ഹംസ

വൈസ് പ്രസിഡൻറ് : പി. രാമകൃഷ്ണന് നായർ

മെമ്പർമാർ :
1. സി. രാഘവൻ
2. സി. എസ്. ബാലകൃഷ്ണൻ
3. എ. ദേവകി
4. കെ. ചാത്തൻ
5. ഗംഗാധരൻ നായർ
6. രാഘവനെഴുത്തച്ഛൻ
7. മാമുക്കുട്ടി

1988_95

പ്രസിഡൻറ് : പി. രാമകൃഷ്ണൻ നായർ

വൈസ് പ്രസിഡൻറ് : എൻ. ഗോപാലകൃഷ്ണൻ

മെമ്പർമാർ :
1. പി. മുഹമ്മദ്
2. പത്മാവതി ടീച്ചർ
3. കപ്പലത്തിൽ ഗോപാലൻ
4. കമലാവതി ടീച്ചർ
5. വി. പി. ശിവശങ്കരൻ
6. സി. എസ്. ബാലകൃഷ്ണൻ
7. എം. സുകുമാരൻ
8. സി. ഗോപാലകൃഷ്ണൻ

# ഉള്ളടക്കം

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരം

3. സാമൂഹ്യ_സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി വിഭവങ്ങൾ

5. കൃഷി, ജലസേചനം

6. മൃഗ സംരക്ഷണം, മത്സ്യബന്ധനം

7. വ്യവസായം

8. വിദ്യാഭ്യാസം

9. ആരോഗ്യം, കുടിവെള്ളം

10. ഗതാഗതം, ഊർജ്ജം

11. പാർപ്പിടം, സാമൂഹ്യക്ഷേമം

12. സംസ്കാരം

13. വനിതാക്ഷേമം

14. സഹകരണം

15. പട്ടികജാതി ക്ഷേമം

16 വിഭവസമാഹരണം

17. ഉപസംഹാരം

# I ആമുഖം

അജ്ഞതയുടെ അന്ധകാരത്തിലാണ്ടു കിടന്നിരുന്ന ഒരു ജനസഞ്ചയത്തിന് അക്ഷരമെന്ന മഹാത്ഭുതത്തിന്റെ കൈത്തിരിനാളമെത്തിച്ച കേരളം_ വൈദ്യസഹായ രംഗത്തും പൊതു വിദ്യാഭ്യാസ രംഗത്തും സമുജ്ജ്വല പ്രവർത്തനങ്ങൾ നടത്തിയ കേരളം_ കേരളം വീണ്ടും മാതൃകയാകുന്നു.

ഇത:പര്യന്തമായ വികസന സങ്കൽപങ്ങളെ മുഴുവൻ മാറ്റിമറിച്ചുകൊണ്ട് ജനാഭിലാഷങ്ങൾ സാക്ഷാത്കരിക്കാൻ ഒരു ജനതയുടെ മുഴുവൻ കർമ്മശേഷിയും കെട്ടഴിച്ചു വിടപ്പെടുന്ന ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചു കഴിഞ്ഞിരിക്കുന്നു. നാടിന്റെ ഒരു മൂലക്കിരുന്ന് ജനകീയാവശ്യങ്ങൾ വേണ്ടും വിധം പരിഗണിക്കാതെ തികച്ചും കേന്ദ്രീകൃതമായ രീതിയിൽ ഒരു ചെറു ന്യൂനപക്ഷം വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന ശൈലിയിൽ നിന്ന് നാം മാറുകയാണ്. പോയകാലങ്ങളിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ കൊണ്ട് നാം ഒന്നും നേടിയില്ലെന്നല്ല വിവക്ഷ. അവയുടെ നേട്ടങ്ങൾ അരക്കിട്ടുറപ്പിച്ചു കൊണ്ട് മനുഷ്യസമൂഹത്തിന്റെ മുഴുവൻ കർമ്മശേഷിക്കും ഉയിരേകാൻ നാം ഒരുമ്പെടുകയാണ്.

വിവിധതലങ്ങളിലുള്ള വിദഗ്ദ പരിശീലനത്തോടു കൂടിയാണ് ആസൂത്രണ പ്രസ്ഥാനത്തിന് അക്ഷരാർത്ഥത്തിൽ തുടക്കം കുറിക്കപ്പെട്ടത്. 1996 സപ്തംബർ 11,12,13 തിയ്യതികളിൽ ഒറ്റപ്പാലത്തുവെച്ചു നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ നമ്മുടെ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് കെ. ഗംഗാധരൻ, സി. മോഹൻദാസ്, കെ. എസ്. തരകച്ചൻ, കെ. ബി. രാജ് ആനന്ദ്, എം. അബ്ദുൾ റഷീദ്, സർഫുദ്ദീൻ, കെ. അച്ചുതൻകുട്ടി, പി. ഷംസുദ്ദീൻ, പഞ്ചായത്ത് പ്രസിഡൻറ് സി. രാഘവൻ തുടങ്ങിയവർ പങ്കെടുത്തു. ഗ്രാമസഭകളുടെ ഫലപ്രദമായ സംഘാടനമായിരുന്നു ഒന്നാം ഘട്ട പരിശീലനത്തിന്റെ ലക്ഷ്യം. ഈ പരിശീലനത്തിന്റെ ചുവടുപിടിച്ചു കൊണ്ട് 20/9/96 ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നാം നടത്തിയ പഞ്ചായത്ത്തല ശില്പശാലയിൽ പഞ്ചായത്തിലെ 11 വാർഡുകളിൽ നിന്നായി 15 വനിതകളടക്കം 93 പേർ പങ്കെടുക്കുകയുണ്ടായി. തുടർ പ്രവർത്തനം എന്ന നിലയിൽ 11 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചു ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമസഭകൾ ചേരുന്നതിന്നു മുൻപെ വാർഡടിസ്ഥാനത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടു കൂടി സംഘാടക സമിതികൾ വിളിച്ചു ചേർക്കുകയുണ്ടായി. പഞ്ചായത്തിലാകെ ബാനറുകൾ, ബോർഡുകൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിച്ച് ഗ്രാമസഭകളുടെ പ്രചരണം സജീവമാക്കി. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് വാർഡുകളിലെ എല്ലാ വീടുകളിലും കയറിയിറങ്ങി ജനങ്ങളെ ഗ്രാമസഭാ യോഗത്തിലേക്ക് ക്ഷണിച്ചത് പുതുമയുള്ള പരിപാടിയായി. യോഗങ്ങളുടെ പ്രചരണാർത്ഥം യു. പി., എൽ. പി. സ്കൂൾതല ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകിയതാണ് മറ്റൊരു ശ്രദ്ധേയമായ പരിപാടി. ഗ്രാമസഭാ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ മഴുവൻ സ്കൂളുകളിലേയും അദ്ധ്യാപകരുടെയും, വിവിധ ആഫീസുകളിലെ ഉദ്യോഗസ്ഥ മേധാവികളുടെയും യോഗങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. 11 വാർഡുകളിലായി മൊത്തം 1758 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഇതിൽ 355 പേർ വനിതകളായിരുന്നു. സൃഷ്ടിപരമായ ചർച്ചകളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്നു വരികയുണ്ടായി. ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ട ജില്ലാ പരിശീലന പരിപാടിക്ക് ഒക്ടോബർ 25,26,27 തിയ്യതികളിൽ നമ്മുടെ പഞ്ചായത്തുതന്നെ ആഥിത്യം നൽകി. പ്രസ്തുത

പരിശീലന ക്യാമ്പിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് പ്രസിഡൻറ്, വൈസ്പ്രസിഡൻറ് എന്നിവർക്ക് പുറമെ കെ. ഗംഗാധരൻ, സി.മോഹൻദാസ്, കെ. എസ്. തരകച്ചൻ, പി. ഷംസുദ്ദീൻ, കെ. അച്ചുതൻകുട്ടി, കെ. ചാത്തൻ, വി. കെ. ഹരിദാസ്, പി. രാംകുമാർ, കെ.ജി. പ്രസന്നൻ എന്നിവർ പങ്കെടുത്തു. ക്യാമ്പിൻെറ നടത്തിപ്പിൽ ശ്രീകൃഷ്ണപുരം ബ്ലോക്ക് സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. വി.പി. അബ്ദുൾ ഖാദർ, ബ്ലോക് മെമ്പർ ശ്രീമതി എം. ശാന്ത എന്നിവർ നേതൃത്വപരമായ പങ്കുവഹിച്ചു. വികസന റിപ്പോർട്ട് തയ്യാറാക്കുക എന്ന ലക്ഷ്യമിട്ട് സംഘടിപ്പിച്ച രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തെത്തുടർന്ന് നവംബറിന് നടന്ന പഞ്ചായത്ത തല ശില്പശാലയിൽ വനിതകളടക്കം പേർ പങ്കെടുത്തു. വിവിധ ആഫീസുകളെ പ്രധിനിധീകരിച്ച് പത്തൊൻപതോളം ഉദ്യോഗസ്ഥൻമാർ ഈ ശില്പശാലയിൽ പങ്കെടുത്ത് ചർച്ചകൾ സാർത്ഥകമാക്കി.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ സന്ദേശമുയർത്തിക്കൊണ്ട് ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച കലാജാഥക്ക് തൂത, എലിയപ്പറ്റ, പന്നിയം കുറുശ്ശി, കാറൽമണ്ണ, ടൗൺ എന്നിവിടങ്ങളിൽ ആവേശകരമായ സ്വീകരണം നൽകാൻ കഴിഞ്ഞു.

നവംബർ 1 ന് പുനരർപ്പണ ദിനമായി പഞ്ചായത്തിൽ ആചരിച്ചു. പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തന പരിപാടിയുടെ ഔപചാരികമായ ഉൽഘാടനവും, മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ റോഡിൻെറ പുനർ നിർമ്മാണവും, ടാറിങ്ങും ശ്രീകൃഷ്ണപുരം എം. എൽ. എ. ശ്രീമതി ഗിരിജാ സുരേന്ദ്രൻ ഉൽഘാടനം ചെയ്തു. മറ്റ് ഒമ്പത് വാർഡുകളിൽ ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആ വാർഡിൽ ജലസേചന കനാൽ നിർമ്മാണവും ജനകീയ കമ്മിറ്റികൾ ഏറ്റെടുത്തിട്ടുണ്ട്.

വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വരും നാളുകളിൽ ഉറപ്പു വരുത്താൻ കഴിയും. എന്ന് ഗ്രാമസഭകളും പുനരർപ്പണ ദിനവും സൂചപ്പിക്കുന്നു.

# II പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് |
| ബ്ലോക് പഞ്ചായത്ത് ഡിവിഷൻ | : | 1. ചെർപ്പുളശ്ശേരി, 2. വീരമംഗലം |
| ബ്ലോക്പഞ്ചായത്ത് | : | ശ്രീകൃഷ്ണപുരം |
| താലൂക്ക് | : | ഒറ്റപ്പാലം |
| ജില്ല | : | പാലക്കാട് |
| അസംബ്ലി മണ്ഡലവും ജനപ്രതിനിധിയും | : | ശ്രീകൃഷ്ണപുരം, ശ്രീമതി ഗിരാജാ സുരേന്ദ്രൻ |
| ലോകസഭാ മണ്ഡലവും ജനപ്രതിനിധിയും | : | പാലക്കാട്, ശ്രീ. എൻ. എൻ. കൃഷ്ണദാസ് |
| വിസ്തീർണ്ണം | : | 24.60 ച. കി. മീ |
| അതിരുകൾ | : | വടക്ക്: തൂതപ്പുഴ (ആലിപ്പറമ്പ് പഞ്ചായത്ത് മലപ്പുറം ജില്ല)<br>കിഴക്ക്: വെള്ളിനേഴി, തൃക്കടീരി പഞ്ചായത്തുകൾ<br>തെക്ക്: തൃക്കടീരി, ചളവറ പഞ്ചായത്തുകൾ<br>പടിഞ്ഞാറ്: നെല്ലായ പഞ്ചായത്ത് |
| ജനസംഖ്യ | : | 27020 |
| പുരുഷൻ | : | 12919 |
| സ്ത്രീ | : | 14101 |
| പട്ടികജാതി | : | 3220 |
| ജനസാന്ദ്രത | : | 1098 ച. കി. മീ. |
| വാർഡുകൾ | : | 11 |
| പ്രസിഡൻറിൻെറ പേര് | : | സി. രാഘവൻ |
| വൈസ് പ്രസിഡൻറ് | : | കെ. ടി. സത്യൻ |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | കെ. ടി. രാമകൃഷ്ണൻ |

## സർക്കാർ ഓഫീസുകൾ

1. പ്രാധമിക ആരോഗ്യ കേന്ദ്രം
2. പഞ്ചായത്ത് ഓഫീസ്
3. കൃഷിഭവൻ
4. എ. ഇ. ഒ. ഓഫീസ്
5. കെ. പി. ഐ. പി സബ്ബ്ഡിവിഷൻ ഓഫീസ്
6. മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്
7. വാട്ടർ അതോർട്ടി സെക്ഷൻ ഓഫീസ്
8. സബ്ബ് റെജിസ്ട്രാർ ഓഫീസ്
9. പോലീസ് സ്റ്റേഷൻ
10. വില്ലേജ് ഓഫീസ്
11. വില്ലേജ് എക്സേറ്റൻഷൻ ഓഫീസ്
12. പോസ്റ്റോഫീസ് (5 എണ്ണം)
13. ഇലക്ട്രിസിറ്റി ഓഫീസ്
14. ടെലഫോൺ ഓഫീസ്
15. ഹൈസ്ക്കൂൾ (ഒന്ന്)
16. യു. പി. സ്ക്കൂൾ (മൂന്ന്)
17. എൽ. പി. സ്ക്കൂൾ (13 എണ്ണം)
18. മൃഗാശുപത്രി
19. ഹോമിയോ ഡിസ്പെൻസറി
20. സബ്സെൻറർ (5 എണ്ണം)

## മറ്റ് സ്ഥാപനങ്ങൾ:

1. അംഗനവാടി (20 എണ്ണം)
2. ശിശുവിഹാർ (ഒന്ന്)
3. മഹിളാ സമാജം (6 എണ്ണം)

## സഹകരണ സ്ഥാപനങ്ങൾ:

1. സർവ്വീസ്ബേങ്ക്
2. അർബ്ബൻബേങ്ക്
3. മിൽക്ക് സൊസൈറ്റി (2 എണ്ണം)
4. പട്ടികജാതി സഹകരണസംഘം
5. ഭവന നിർമ്മാണ സഹകരണസംഘം
6. കൈത്തറി നെയ്ത്ത് സഹകരണസംഘം
7. സ്ക്കൂൾ കോ -ഓപ്പറേറ്റീവ് സ്റ്റോർ (2 എണ്ണം)
8. ജില്ലാ സഹകരണ ബേങ്കിന്റെ ശാഖ (ഒന്ന്)
9. സഹകരണകോളേജ് (ഒന്ന്)
10. റബ്ബർ ഉൽപ്പാദനസഹകരണസംഘം

## മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾ:

1. സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂർ
2. കനറാ ബേങ്ക്
3. നെടുങ്ങാടി ബേങ്ക്
4. ലോർഡ്കൃഷ്ണാ ബേങ്ക്

# III സാമൂഹിക സാംസ്കാരിക ചരിത്രം

**വള്ളുവക്കോനാതിരിമാരുടെ ധാന്യപ്പുരകളിലേക്ക് നെല്ല് അളന്ന് കൂട്ടിയിരുന്ന ഒരു കാർഷിക ഗ്രാമമായിരുന്നു ചെർപ്പുള്ളശ്ശേരി.**

അതുകൊണ്ടു തന്നെ ചെർപ്പുള്ളശ്ശേരിക്ക് രാജവാഴ്ച കാലഘട്ടം മുതൽ രാഷ്ട്രീയ ഭൂപടത്തിൽ നിർണ്ണയക സ്ഥാനം ലഭിച്ചു. എന്നാൽ ബ്രിട്ടീഷ് ഭരണത്തിൻെറ അവസാനഘട്ടം മുതൽ ചെർപ്പുളശ്ശേരിയുടെ പ്രാധാന്യം ക്രമേണ കുറഞ്ഞുവന്നു.

ടിപ്പു സുൽത്താൻെറ പരാജയത്തെ തുടർന്ന് 1792ൽ ഉണ്ടാക്കിയ ശ്രീരംഗപട്ടണം ഉടമ്പടിയനുസരിച്ച് മലബാർ ബ്രട്ടീഷ് അധീനതയിലായി. സാമൂതിരി ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ചതിനെ സാമൂതിരി കോവിലകത്തെ ഇളയ രാജാവ് അംഗീകരിച്ചില്ല. ദേശാഭിമാനികളായ പൗരപ്രമുഖരെ സംഘടിപ്പിച്ചു കൊണ്ട് ഇളയ രാജാവ് ബ്രിട്ടീഷുകാർക്കെതിരെ കലാപം സംഘടിപ്പിച്ചു. ഈ കലാപത്തിന്റെ കേന്ദ്രമായിരുന്നു ചെർപ്പുളശ്ശേരി. ഉണ്ണിമൂത്ത മൂപ്പൻ, അത്തൻ കുരിക്കൾ, ഹൈദ്രോസ് മൂപ്പൻ, ചെമ്പൻപോക്കർ എന്നിവരാണ് കലാപത്തിന് നേതൃത്വം കൊടുത്തവരിൽ പ്രമുഖർ. ബ്രിട്ടീഷുകാർ കലാപം അടിച്ചമർത്തി. ഇളയ രാജാവിനെ പിടികൂടി. പിന്നീട് അദ്ദേഹത്തെ തൂക്കിലേറ്റി.

മലബാർ അധീനതയിലായതോടുകൂടി മലബാർ ജില്ലയുടെ ഭരണാധികാരിയായി ഒരു പ്രിൻസിപ്പൽ കലക്ടറെ ബ്രിട്ടീഷുകാർ നിയമിച്ചു. അദ്ദേഹത്തിന്റെ കീഴിൽ രണ്ട് സബ്ബ് കലക്ടർമാർ(തുക്കിടി സായ്‌വ്) നിയോഗിക്കപ്പെട്ടു. അവരുടെ ഭരണകേന്ദ്രങ്ങൾ ചെർപ്പുളശ്ശേരിയും തലശ്ശേരിയും ആയിരുന്നു. മലബാറിനെ താലൂക്കുകളായി തിരിച്ചപ്പോൾ വള്ളുവനാട് താലൂക്കിന്റെ ആസ്ഥാനമായി മാറി ചെർപ്പുളശ്ശേരി. താലൂക്ക് കച്ചേരി, മുസാവരി ബംഗ്ലാവ് എന്നിവയുടെ കെട്ടിടങ്ങൾ കച്ചേരിക്കുന്നത്ത് ഇന്നും നിലനിൽക്കുന്നു. കച്ചേരി നിലനിന്നിരുന്ന സ്ഥലമായതിനാൽ ഈ സ്ഥലം കച്ചേരിക്കുന്ന് എന്ന പേരിൽ അറിയപ്പെടുന്നു. കച്ചേരിക്കുന്ന് പഴയകാല വ്യാപാര കേന്ദ്രം കൂടിയാണ്. ഇവിടെ ആഴ്ചച്ചന്ത ഉണ്ടായിരുന്നു. പിന്നീട് താലൂക്ക് ആസ്ഥാനം പെരിന്തൽമണ്ണയിലേക്ക് മാറ്റപ്പെട്ടു.

ബ്രിട്ടീഷ് മേൽകോയ്മയെ ഒരു കാലത്തും ചെർപ്പുളശ്ശേരി അംഗീകരിച്ചിരുന്നില്ല. ദേശീയ സ്വതന്ത്ര സമരപ്രസ്ഥാനം ശക്തി പ്രാപിച്ചതിനെ തുടർന്ന് ചെർപ്പുളശ്ശേരിയിലും അതിന്റെ അനുകരണങ്ങൾ ഉണ്ടായി. സ്വാതന്ത്ര സമര ചരിത്രത്തിലെ ജ്വലിക്കുന്ന വ്യക്തിത്വമായിരുന്നു ശ്രീ.മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്. 1918 ൽ സജീവരാഷ്ട്രീയത്തലിറങ്ങിയ അദ്ദേഹം 1920ൽ ചെർപ്പുളശ്ശേരി മണ്ഡലം കോൺഗ്രസ് പ്രസിഡണ്ടായി. ഖിലാഫത്ത് പ്രസ്ഥാനവും കോൺഗ്രസും കൈകോർത്തു പിടിച്ച് ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ പോരാടി. ചെർപ്പുളശ്ശേരിയിലെ സമരനേതൃത്വം ശ്രീ. മോഴിക്കുന്നത്തിനായിരുന്നു. പുത്തനാൽക്കൽ അമ്പലപറമ്പിൽ ഖിലാഫത്ത് യോഗം നടന്നു. യോഗം തടയുന്നതിന്നായി ബ്രട്ടീഷ് അനുയായികളായ ഏതാനും പ്രമാണിമാർ പോലീസ് എസ്. ഐ. യുടെ നേതൃത്വത്തിൽ ശ്രമിച്ചു. അമ്പലപ്പറമ്പിൽ മുസ്ലീംങ്ങൾ പ്രവേശിക്കുന്നു എന്നതാണ് അവർ അതിനായി പറഞ്ഞ ന്യായം. നിലനിന്നിരുന്ന ഹിന്ദു മുസ്ലീം ഐക്യം തകർക്കുക എന്ന ബ്രട്ടീഷുകാരുടെ ലക്ഷ്യവും ഇതിന്നു പിന്നിലുണ്ടായിരുന്നു. എന്നാൽ ഇത് തൻെറ തറവാട്ടുവക സ്ഥലമാണെന്നും ഇക്കാര്യത്തിൽ ഇടപെടേണ്ടതില്ലെന്നും പറഞ്ഞ് മോഴിക്കുന്നം ഇവരെ മടക്കി വിട്ടു.

1921 ഒറ്റപ്പാലത്തു വെച്ച് എ.ഐ.സി.സി. സമ്മേളനം നടന്നതിനെ തുടർന്ന് ചെർപ്പുളശ്ശേരിയിലെ സമര പ്രസ്ഥാനത്തിന് ഒരു

പുത്തൻ ഉണർവുണ്ടായി. എന്നാൽ 1921 ആഗസ്റ്റ് 23ന് തൂതപ്പുഴ കടന്ന് കലാപകാരികൾ ചെർപ്പുളശ്ശേരിയിലുമെത്തി. അക്രമം അരുത് എന്ന് കലാപകാരികളോട് മോഴിക്കുന്നം അഭ്യർത്ഥിച്ചു. എങ്കിലും ഫലമുണ്ടായില്ല കച്ചേരിക്കുന്ന് പോലീസ് സ്റ്റേഷനും, ഹജൂർ കച്ചേരിയും കലാപകാരികൾ പിടിച്ചടക്കി. ബ്രിട്ടീഷ് പട്ടാളത്തിൻെറ വരവ് തടയാൻ വേണ്ടി കാക്കാത്തോട് പാലം പൊളിച്ചു. ഈ സംഘത്തിൽ കളത്തിൽ ശങ്കരൻ, ചേരിക്കാട്ടിൽ കേശവൻ നായർ, കണ്ണേരി കുഞ്ചു എഴുത്തശ്ശൻ, കണ്ണാട്ടിൽ രാവുണ്ണി തുടങ്ങിയ സാധാരണക്കാരയ നിരവധി ഹിന്ദുക്കളും ഉണ്ടായിരുന്നു.

ഖിലാഫത്ത് പ്രസ്ഥാനത്തോടൊപ്പം നിന്ന് ബ്രിട്ടീഷ്കാർക്കെതിരെ പോരാടിയതിൻെറ വിദ്വേഷം തീർക്കാൻ കലാപക്കൂറ്റങ്ങൾ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിൻെറ തലയിൽ അധികാരികൾ കെട്ടിവെച്ചു. കാറൽമണ്ണയിലെ പൊട്ടത്തിപ്പറമ്പിൽ വെച്ച് പട്ടാളം അദ്ദേഹത്തെ പിടികൂടി. കാറൽമണ്ണയിൽനിന്ന് കുതിരയുടെ പിന്നിൽ കെട്ടി അദ്ദേഹത്തെ വലിച്ചിഴച്ച് ഷൊർണൂർ റെയിൽവേ സ്റ്റേഷൻ വരെ കൊണ്ടുപോയി. അന്നത്തെ കോൺഗ്രസ് വില്ലേജ് സെക്രട്ടറി ആയിരുന്ന ടി.എ. കേശവൻ നായർ, ശങ്കരൻ എന്നിവരും ഈ കേസിൽ അറസ്റ്റിലായവരിൽ പെടുന്നു. അയിത്താചരണത്തിനെതിരായും ഹരിജനോദ്ധാരണത്തിനും വേണ്ടി 1933 ൽ ഗാന്ധിജി നടത്തിയ അഖിലേന്ത്യാ പര്യടന പരിപാടിയുടെ ഭാഗമായി അദ്ദേഹം കെരളത്തിലുമെത്തി. ഇന്നത്തെ ഹൈസ്ക്കൂൾ മൈതാനിയിൽ വച്ച് ഗാന്ധിജിക്ക് ചെർപ്പുളശ്ശേരിയിലെ ജനത സ്വീകരണം നൽകി. ജനങ്ങൾ സംഭാവന നൽകി, സത്രീ ജനങ്ങൾ അവരുടെ ആഭരണങ്ങൾ ഗാന്ധിജിയെ ഏൽപിച്ചു. ഗാന്ധിജിയുടെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളോട് ചെർപ്പുളശ്ശേരി സജീവമായി പ്രതികരിച്ചു. ഗുരുവായൂർ സത്യാഗ്രഹത്തിൻെറ പ്രചരണത്തിനു വേണ്ടി സ. എ.കെ. ഗോപാലൻ ചെർപ്പുളശ്ശേരിയിൽ പ്രസംഗിച്ചു. ഇതെല്ലാം തന്നെ ചെർപ്പുളശ്ശേരിയിലെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന് ഊർജ്ജം നൽകിയ സംഭവങ്ങളാണ്.

തുടർന്ന് മുപ്പതിനു ശേഷമുള്ള ചെർപ്പുളശ്ശേരിയുടെ സാമൂഹിക വികാസം വ്യക്തമായ രണ്ട് ദിശയിലാണ് നിർണ്ണയിക്കപ്പെട്ടത്. ഒരു ഭാഗത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന സവർണ്ണ ബ്രാഹ്മണ മേധാവി വിഭാഗത്തെ നവീന വിദ്യാഭ്യാസത്തിലേക്ക് നയിക്കാനും, അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തുടച്ചു നീക്കാനുള്ള സാർത്ഥകമായ ശ്രമങ്ങൾ നടന്നു. 1932ൽ നമ്പൂതിരി യോഗക്ഷേമ സഭയുടെ രജത ജൂബിലി കാറൽമണ്ണയിൽ വെച്ച് ആഘോഷിക്കുകയുണ്ടായി. കെ.എൻ.എസ്. നമ്പൂതിരി ആയിരുന്നു പ്രധാന സംഘാടകൻ. എഴുപതിലേറെ അന്തർജനങ്ങൾ മറക്കുട താഴെ വെച്ച് സഭയിൽ സന്നിധാനം ചെയ്തതും പരസ്യമായി മിശ്രഭോജനം നടത്തിയതും അക്കാലത്ത് വളരെയേറെ ചർച്ച ചെയ്യപ്പെട്ട സാമൂഹ്യ വിപ്ലവമായിരുന്നു. പാണ്ടം വാസുദേവൻ നമ്പൂതിരി അടക്കമുള്ള നിരവധി സാമൂഹ്യ പരിഷ്കർത്താക്കളുടെ അക്ഷീണ പ്രയത്നം ഇതിനു പിന്നിൽ ഉണ്ടായിരുന്നു. ഈ വിധത്തിൽ നമ്പൂതിരിയെ കുടുമമുറിച്ച്, ഇംഗ്ലീഷു പഠിപ്പിച്ച്, മറക്കുടയുടെ നരകത്തിൽ നിന്ന് സമൂഹ മധ്യത്തിൽ പ്രതിഷ്ഠിച്ച്, നമ്പൂതിരിയെ മനുഷ്യനാക്കാനുള്ള ശ്രമങ്ങൾ നടന്നതിന്ന് സമാന്തരമായി മറുഭാഗത്ത് അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്ക് മനുഷ്യരെപ്പോലെ ജീവിക്കാനുള്ള അവകാശങ്ങൾക്ക് വേണ്ടിയും നിരവധിയായ പ്രക്ഷോപങ്ങൾ ഈ ഗ്രാമത്തിൽ അരങ്ങേറി. താഴ്ന്ന ജാതികളിൽപ്പെട്ട സ്ത്രീകൾക്ക് മാറുമറക്കാനുള്ള അവകാശത്തിനു വേണ്ടി, അധസ്ഥിത വിഭാഗങ്ങക്ക് വഴി നടക്കാൻ വേണ്ടി, ക്ഷേത്രാരാധനക്കുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയെല്ലാം പല പ്രക്ഷോപങ്ങളും ഇവിടെ സംഘടിപ്പിക്കപ്പെട്ടു. സവർണ്ണ ഹൈന്ദവരുടെ ഊരായ്മയിലായിരുന്ന ചെർപ്പുളശ്ശേരി അയ്യപ്പൻ കാവിലെ കുളത്തിൽ കുളിച്ചതിൻെറ പേരിൽ സ.കരിങ്ങത്തിൽ കുഞ്ചുവിന് പ്രമാണിമാരിൽ നിന്ന് മർദ്ദനമേൽക്കേണ്ടി വന്നിട്ടുണ്ട്. അന്തിമഹാകാളൻ, തൃക്കോവിൽ, കാറൽമണ്ണ എന്നീ ക്ഷേത്രക്കുളങ്ങളിലും ഹരിജനങ്ങളെ ജാഥയായി കൊണ്ടുപോയി കുളിപ്പിക്കുന്ന സമര പരിപാടികൾ അരങ്ങേറി. ഈ സമര പരിപാടികൾക്ക് നേതൃത്വം കൊടുത്തത് സ്ഥലത്തെ പ്രധാന ജൻമി കുടുംബങ്ങളിൽ ഒന്നായ മുതിയല തറവാട്ടിലെ

ഇളം തലമുറക്കാരായിരുന്നു എന്നത് അൽഭുതമായി തോന്നിയേക്കാം. മുതിയല പ്രഭാകരൻ നായരും അദ്ദേഹത്തിൻെറ സഹോദരൻമാരായ എം. എസ്. ഉം സുകുമാരൻ നായരും തന്നെയാണ് പിൽകാലത്ത് ജൻമി വ്യവസ്ഥക്ക് എതിരായ സമരങ്ങളിലൂടെ കർഷക പ്രസ്ഥാനത്തിനും പിന്നീട് കമ്മ്യൂണസ്റ്റ് പാർട്ടിക്കും ഇവിടെ ബീജാവാപം ചെയ്യുന്നതിന്ന് പ്രധാന പങ്കുവഹിച്ചതും. ജൻമം കൊണ്ടു ദക്ഷിണ കേരളീയനായിരുന്ന ജോൺ എന്ന ഒരു തയ്യൽകാരൻ ചെർപ്പുളശ്ശേരിക്കാരനായത് എങ്ങിനെയെന്ന് അറിഞ്ഞുകൂടാ. ഇവിടെ ജീവിക്കുന്ന കാലമത്രയും ഹരിജനങ്ങളെ ബോധവൽകരിക്കാൻ വേണ്ടിയും മഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്നുവേണ്ടിയും നടത്തിയ ശ്രമങ്ങൾ ഒരിക്കലും മറന്നുകൂടാ.

ഭൂദാന പ്രസ്ഥാനത്തിൻെറ പ്രവർത്തങ്ങളുമായി വിനോഭാജി ചെർപ്പുളശ്ശേരിയിൽ എത്തിയിട്ടുണ്ട്. ചില വൻകിട ജൻമിമാർ അല്പസ്വൽപം ഭൂമി ദാനം നടത്തി. മറുവശത്ത് ചില ജൻമിമാർ അന്യായമായ ചില കുടിയിറക്കലിനുള്ള ശ്രമങ്ങളും നടത്തി. അന്യായമായ കുടിയിറക്കലിനെതിരെ സംഘടിത കർഷക പ്രസ്ഥാനം നടത്തിയ ചെറത്തുനിൽപിൻെറ മകുടോദാഹരണമാണ് നീലി സമരം. പരിയാരത്ത് നീലിയെ കുടയൊഴിപ്പിക്കാനുള്ള ജൻമിയുടെ ശ്രമം കൃഷിക്കാർ സംഘടിതമായി തടഞ്ഞു. മധ്യ കേരളത്തിലെ പ്രമുഖ കർഷക നേതാവായിരുന്ന സ. കൊണ്ടശ്ശേരി കൃഷ്ണന് ഈ സമരത്തിൻെറ പേരിൽ മർദ്ദനം ഏൽക്കേണ്ടിവന്നിട്ടുണ്ട്. നീലത്ത് ഗോവിന്ദ മേനോൻെറ കിണർ നികത്തിയെടുക്കണമെന്ന് ജൻമി. പറ്റില്ലെന്ന് കൃഷക്കാർ. പ്രമാണിമാർ സംഘടിച്ച് ബലമായി കിണർ തൂർക്കാനെത്തി. കേരള കർഷകസംഘത്തിൻെറ കുടക്കീഴിൽ കൃഷിക്കാർ അണിനിരന്ന് ശക്തമായ പ്രതിരോധ നിര സൃഷ്ടിച്ചു. അധികാരികൾക്ക് മട്ടു മടക്കേണ്ടിവന്ന ഈ ചരിത്ര സംഭവം നടക്കുന്നത് 19465ൽ ആണ്. ഇ.എം.എസ്. നമ്പൂതിരിപ്പാട് അടക്കമുള്ള ജനനേതാക്കൾക്ക് ഒളിവു സങ്കേതങ്ങളും ആശ്രയങ്ങളും ആയിട്ടുണ്ട് ഈ വള്ളുവനാടൻ ഗ്രാമത്തിലെ അങ്ങടിപ്പറമ്പ്, പൊട്ടക്കുളം തുടങ്ങിയ ദരിദ്ര ഭവനങ്ങൾ. അതിന് വഴിവെച്ചതാകട്ടെ 1930 കളിൽ തിരികൊളുത്തപ്പെട്ട ഈ സംഘബോധമായിരുന്നു.

19ം നൂറ്റാണ്ടിൽ ബ്രട്ടീഷ് ആധിപത്യം സുസ്ഥാപിതമായതോടുകൂടി ഇംഗ്ലീഷ് വിദ്യാഭ്യാസം ഉദ്യോഗത്തിനും ഉന്നത സ്ഥാപനങ്ങൾക്കുമുള്ള ഏണിപ്പടിയായിത്തീർന്നു. അതിനുള്ള ആവശ്യം വർദ്ധിച്ചപ്പോൾ കലക്ടർ അദ്ധ്യക്ഷനായി നിയമിച്ചിരുന്ന അന്നത്തെ മലബാർ ഡിസ്ട്രിക്ക് ബോർഡ് 1870_75 കാലട്ടത്തിൽ എട്ട് മിഡിൽ സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചു. അതിലൊന്ന് ചെർപ്പുളശ്ശേരിയിലായിരുന്നു. 1921ൽ ആണ് ഇത് ഹൈസ്കൂൾ ആയി ഉയർത്തിയത്. പിൽകാലത്ത് ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്ന സ്ഥലത്തുനിന്ന് മോഴിക്കുന്നത്ത് മനയിൽനിന്ന് ദാനമായി ലഭിച്ച അടിക്കുന്നിൻെറ അടിവാരത്തിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. 1938ൽ ഒറ്റപ്പാലം റോഡിലുള്ള വാടകക്കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ധർമ്മാശുപത്രി പഴയ സ്കൂൾ കെട്ടിടത്തിലേക്ക് പറിച്ചു നടപ്പെട്ടു. ചെർപ്പുളശ്ശേരിയിൽ ആദ്യമായി കമ്പിത്തപ്പാൽ ഓഫീസ് വരുന്നത് 1938ൽ ആണ്. അതേ സ്ഥാപനത്തിലാണ് ടെലിഫോൺ എക്സ്ചേഞ്ചും പ്രവർത്തിച്ചത്. 15 ടെലഫോൺ ഉപഭോക്താക്കളെങ്കിലും വേണമായിരുന്നു ടെലഫോൺ എക്സ്ചേഞ്ച് അനുവദിച്ചു കിട്ടുന്നതിന്ന്. ഏറെ ക്ലേശിച്ചാണ് 15 വരിക്കാരെ കണ്ടെത്തിയത്. 1948 മുതൽ ചെർപ്പുളശ്ശേരിയിൽ ഒരു മൃഗ ഡോക്ടറുടെ സേവനം ലഭിച്ചു. വളരെ കൊല്ലങ്ങൾക്ക് ശേഷമാണ് ഇന്നുകാണുന്ന മൃഗാശുപത്രി സ്ഥാപിക്കപ്പെട്ടത്. 1959ൽ ആണ് ചെർപ്പുളശ്ശേരിയൽ വൈദ്യുതി എത്തുന്നത്. പനങ്ങാട്ടു ഭവനത്തിലാണ് ആദ്യമായി വൈദ്യുതി എത്തിയത്. സ്ഥിരമായി ബസ് സർവീസ് ആരംഭിക്കുന്നത് 1922ൽ ആണ് എന്ന് പറയപ്പെടുന്നു. തൂത കടവു മുതൽ പാലക്കാടുവരെയുള്ള ഒരു സർവ്വീസും കച്ചേരിക്കുന്നു മുതൽ ഒറ്റപ്പാലം വരെയുമുള്ള ഒരു സർവ്വീസും. ഇത് രണ്ടുമാണ് ആദ്യം ആരംഭിച്ച ബസ്സർവ്വീസുകൾ. ശ്രീ. കരിമ്പുഴ കൃഷ്ണയ്യരും സി.പി. രാമൻ കുട്ടി മേനോനും ആയിരുന്നു ബസ് ഉടമസ്ഥർ. ബസ്

സർവീസ് ആരംഭിക്കുന്ന കാലത്ത് തൂതയിൽ പാലം നിർമ്മിച്ചിട്ടില്ല. പിന്നീട് 1939ൽ തൂത പാലം സ്ഥാപിക്കപ്പെട്ടത്.

ഈ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരു വസ്തുത ചെർപ്പുളശ്ശേരി വികസിക്കുന്നത് ഇഴഞ്ഞ വേഗതയിലാണ് എങ്കിലും എല്ലാ സാമൂഹ്യ മാറ്റങ്ങളെയും സ്വാംശീകരിക്കുന്ന ശീലം ഈ ഗ്രാമം എന്നും നില നിർത്തി പോന്നിട്ടുണ്ട് എന്നാണ്.

മറ്റേതൊരു വള്ളുവനാടൻ ഗ്രാമത്തെയും പോലെ സാമൂഹികമായും സാമ്പത്തികമായും സവർണ്ണരാണ് ഈ ഗ്രാമത്തിലും മേധാവിത്വം പുലർത്തിയിരുന്നത്. സ്വാഭാവികമായും സാംസ്കാരിക രംഗത്തും പ്രാമാണികത അവർക്കായിരുന്നു. പ്രഭു കുടുംഭങ്ങളെ ആശ്രയച്ച് അവരുടെ തണലിൽ ക്ലാസിക്കൽ കലാരൂപങ്ങൾ ഈ പ്രദേശങ്ങളിൽ വളർച്ച കൈവരിച്ചു. അവരുടെ ഊരായ്മയുള്ള അന്തിമഹാകാളൻ കാവ്, കാറൽമണ്ണ ക്ഷേത്രം അയ്യപ്പൻ കാവ് എന്നിവിടങ്ങളിലെ ഉത്സവവേദികൾ കലാരൂപങ്ങളുടെ എണ്ണപ്പെട്ട പ്രദർശന വേദികളായി. പ്രഭുകുടുംബങ്ങളിലും വിശേഷാവസരങ്ങളിൽ ഒരരങ്ങ് കഥകളി പതിവുണ്ടായിരുന്നു. തായമ്പകയിലെ തൃത്താല ശൈലി എന്ന് വിഖ്യാതമായ മലമക്കാവ് സമ്പ്രദായത്തിൻെറ വികാസത്തിന് ചെർപ്പുളശ്ശേരി അയ്യപ്പൻ കാവിലെ ഉത്സവം അപ്രധാനമല്ലാത്ത വേദിയായിട്ടുണ്ട്. മധ്യകേരളത്തിൽ തന്നെ മേളകലക്ക് ഇത്രയേറെ പ്രാമുഖ്യം നൽകിയ മറ്റൊരു ക്ഷേത്രം ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. കലാരസികൻമാരായ പ്രഭുക്കൻമാരുടെ സംരക്ഷണയിൽ ദരിദ്രനെങ്കിലും പ്രഗൽഭമതികളായ കുറെ കലാപ്രതിഭകൾക്ക് വളരാൻ വളക്കൂറുള്ള മണ്ണായി ചെർപ്പുളശ്ശേരി. കഥകളി രംഗത്ത് അനന്യയമായിരുന്ന വാഴേങ്കട കുഞ്ചു നായർ, പ്രസിദ്ധ പഞ്ചവാദ്യ വിദഗ്ദനായ ചെർപ്പുളശ്ശേരി ശിവൻെറ മാതൃമാതുലനായ മദ്ദളം കുഞ്ഞൻ നായർ, സമകാലിക കഥകളി കലാകാരൻമാരിൽ ശ്രദ്ധേയരായ കോട്ടക്കൽ ശിവരാമൻ, സദനം കൃഷ്ണൻ കുട്ടി, നരിപ്പാറ നാരായണൻ നമ്പൂതിരി, സദനം ഭാസി, കലാമണ്ഡലം രാജേന്ദ്രൻ തുടങ്ങി ചെർപ്പുളശ്ശേരിയുടെ സംഭാവനകളായ കലാകാരൻമാരുടെ പട്ടിക വളരെ നീണ്ടതാണ്. ആലപ്പറമ്പ് ശിവരാമപ്പൊതുവാളുടെയും കൃഷ്ണപ്പൊതുവാളുടെയും പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന നിരവധി വാദ്യ വിദഗ്ദരും ചെർപ്പുളശ്ശേരിയുടെ അഭിമാനമാണ്.

ചിത്രകലാ രംഗത്തെ പുതിയ പാന്ഥാവുകളുടെ പ്രണേതാക്കളായിരുന്ന തൃക്കടീരി മനയിലെ നമ്പൂതിരിമാരും അവരുടെ മാർഗ നിർദ്ദേശത്തോടെ ചിത്രകലാ രംഗത്ത് ആധിപത്യം സ്ഥാപിച്ച എ.എസ്. നായരും കാറൽമണ്ണയുടെ സമ്പന്നമായ കലാ പൈതൃകത്തിൻെറ സന്തതികളാണ്. ഇന്ന് ചിത്ര കലാ രംഗത്തും ശില്പ കലാരംഗത്തും ശ്രീ. രാമനുണ്ണി വളരെയേറെ ശ്രദ്ധിക്കപ്പെടുന്നു.

കലാ പ്രകടനങ്ങളോട് എക്കാലത്തും അഭിരമിച്ചു വന്ന കാറൽമണ്ണയിലെ സഹൃദയത്വം അര നൂറ്റാണ്ടിനു മുൻപു തന്നെ ഇവിടെ കലാസമിതിക്ക് ജന്മം കൊടുത്തു. ശ്രീമതി ഭാർഗ്ഗവി അമ്മ, ഗോപാലകൃഷ്ണൻ, ശ്രധരനുണ്ണി, നാരായണസ്വാമി, സദനം ലക്ഷ്മിക്കുട്ടി, കലാമണ്ഡലം സുശീല തുടങ്ങി എണ്ണമറ്റ കലാപ്രവർത്തകരുടെ ശിക്ഷണത്തിലും, പരിചരണത്തിലും നൃത്തവും നാടകവും സംഗീതവും കാറൽമണ്ണയിൽ വികസിച്ചുവന്നു. വളരെക്കാലം മുമ്പുതന്നെ നാടകത്തിന് കാറൽമണ്ണയിൽ വേരുകളുണ്ട്. ബാലകലാസമിതി മുതൽ തുടങ്ങുന്നു അതിൻെറ ചരിത്രം. ആ പാരമ്പര്യം പുതിയ മാനങ്ങൾ കണ്ടെത്തുകയാണ് ശ്രീ. നരിപ്പറ്റ രാജുവിലൂടെ. ഇവിടെ നാടകം കുറേക്കൂടി അർത്ഥപൂർണ്ണമായ കലാപ്രവർത്തന മായിത്തീരുന്നു.

സാഹിത്യരംഗത്തും കഴിവുറ്റ ചിലരെയെങ്കിലും നമ്മുടെ ഈ ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്. കേരള സാഹിത്യഅക്കാദമി അവാർഡ് നേടിയ "ഒരു വഴിയും കുറെ നിഴലുകളും" എന്ന നോവലടക്കം ഏതാനും കൃതികൾ കൊണ്ടുതന്നെ മലയാളിയുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ ശ്രീമതി. ടി.എ. രാജലക്ഷ്മി ഇവരിൽ പ്രധമഗണനീയയാണ്. ചെർപ്പുളശ്ശേരി ആമയോട്ടു കുറുശ്ശിക്കളമാണ് ഇവരുടെ ജന്മഗൃഹം. പണ്ഡിത കവിയായ ശ്രീ. അവിനാശി എഴുത്തച്ഛൻ ജനിച്ചതും ജീവിച്ചതും ഇവിടെയാണ്.

ഈ രീതിയിൽ ത്യാഗത്തിൻെറയും സഹനത്തിൻെറയും മുൾമുനയിലൂടെ നടന്നാണ് നാം ഇന്നത്തെ ചെർപ്പുളശ്ശേരിയിൽ എത്തിനിൽക്കുന്നത്. കഴിഞ്ഞകാല ചരിത്രത്തിൻെറ പാഠം മുന്നോട്ടുള്ള പ്രയാണത്തിന്

ഊർജ്ജം ലൽകുന്നതാണ്.

ഈ ചരിത്രക്കുറിപ്പ് തയ്യാറാക്കുന്നത് വയരെയേറെ പരിമിതികൾക്കകത്തു നിന്നുകൊണ്ടാണ്. കൂടുതൽ ആഴത്തിലേക്കിറങ്ങിച്ചെന്ന് പഠനം നടത്താൻ തക്ക തെളിവു കളോ രേഖകളോ കണ്ടെത്താൻ സമയ പരിമിതിമൂലം കഴിഞ്ഞിട്ടില്ല. കഴിഞ്ഞ കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഏതാനും സ്മരണികകൾ പ്രൊ. കമാൽ പാഷ, കുറുമാപ്പള്ളി കേശവൻ നമ്പൂതിരി, കൊച്ചുണ്ണി വാര്യർ, അഹമ്മദ്, എം.പി.കെ. നാരായണൻ നായർ, അങ്ങാടിപ്പുറമ്പിൽ അയ്യപ്പൻ തുടങ്ങി നിരവധി പേരിൽ നിന്നായി ശേഖരിച്ചെടുത്ത വിവരങ്ങളുമാണ് ഈ കുറിപ്പിന് ആധാരം.

# IV ഭൂപ്രകൃതി, വിഭവങ്ങൾ

അമൃതവാഹിനിയായ തൂതപ്പുഴ വടക്ക് അതിരിട്ടൊഴുകുന്ന ചെർപ്പുളശ്ശേരി പഞ്ചായത്ത് പ്രാഥമികമായി ഇടനാട് ഭൂവിഭാഗത്തിൽ പെടുന്നു. ഒറ്റപ്പാലം താലൂക്കിന്റെ വടക്കുഭാഗത്ത് ജില്ലാ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിന്റെ വടക്ക് ആലിപ്പറമ്പ് പഞ്ചായത്ത് (മലപ്പുറം ജില്ല) കിഴക്ക് വെള്ളിനേഴി, തൃക്കടീരി പഞ്ചായത്തുകൾ, തെക്ക് തൃക്കടീരി ചളവറ പഞ്ചായത്തുകൾ എന്നിവയും പടിഞ്ഞാറ് നെല്ലായ പഞ്ചായത്തും അതിരിടുന്നു. ഭൂവിസ്തൃതി : 24.60 ചതുരശ്ര കി.മി. ജനസാന്ദ്രത: ച: കി: മീറ്ററിന് 1098.

തെക്ക് നിന്നും വടക്ക് പടിഞ്ഞാറേക്ക് നീണ്ടുപോകുന്ന വലിയ കുന്നുകളുടെ നിരയാണ് പഞ്ചായത്തിന്റെ ഭൂപരമായ ഏറ്റവും വലിയ പ്രത്യേകത. ഈ കുന്നുകളുടെ നിര ചെർപ്പുളശ്ശേരി നെല്ലായ പഞ്ചായത്തുകളുടെ അതിരിൽ സ്ഥിതി ചെയ്യുന്നു. ഒറവക്കായ, കോട്ടക്കുന്ന്, സ്വാമിയാർ കുന്ന്, വീട്ടിക്കാടൻ മലകൾ എന്നിവയാണ് ഈ നിരയിലെ ഉയരം കൂടിയ കുന്നുകൾ. പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് വലിയ കുന്നുകൾ പ്രായേണ കുറവാണ്.

**പീഠഭൂമികൾ:** കാറൽമണ്ണ പ്രദേശം പീഠഭൂമിയാണ്. ഇതിലൂടെ പാലക്കാട് പെരിന്തൽമണ്ണ റോഡ് പോകുന്നു. ആലുംകുന്ന്, കച്ചേരിക്കുന്ന്, കരുമാനാം കുർശ്ശി, സ്ക്കൂൾ കുന്ന് എന്നിവയാണ് മറ്റ് പീഠഭൂമി പ്രദേശങ്ങൾ.

**സമതലങ്ങൾ:** തൂതപ്പുഴയുടെയും ഇതിൽ വന്നുചേരുന്ന കാക്കാത്തോട്, പട്ടിങ്ങാം തോട് എന്നീ ചെറുതോടുകളുടെയും തടങ്ങളാണ് പ്രധാനമായും പഞ്ചായത്തിലെ സമതലങ്ങൾ, (വയലുകൾ) ഇവ താഴെ പറയുന്നവയാണ്.

1) കാക്കാത്തോടിൻെറ കൈവഴിയായ പറച്ചിത്തോടിൻെറയും അതിൽ വന്നു ചേരുന്ന നീർച്ചാലുകളുടെയും ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന കപ്പലപ്പാടം, ചോലക്കൽ, പ്ലാശ്ശേരി പാടശേഖരങ്ങൾ

2) മോഴമംഗലം പാഠശേഖരങ്ങൾ

3) കരുമാനാംകുറുശ്ശി പാടശേഖരങ്ങൾ

4) പട്ടിങ്ങാം തൊടി കൈവഴികളുടെയും ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന പന്നിയം കുറുശ്ശി, വീട്ടിക്കാട്, ഒലി യം പാടശേഖരങ്ങൾ.

5) ഇല്ലിക്കോട്ടുകുറുശ്ശി പാടശേഖരങ്ങൾ.

6) വെള്ളോട്ടുകുർശ്ശി പാടശേഖരങ്ങൾ.

ഇതിൽ നാലാമത്തെ പാടശേഖരങ്ങൾ (പന്നിയം കുറുശ്ശി, വീട്ടിക്കാട്, ഒലിയം) ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാറൽമണ്ണ നീർമറി പദ്ധതിയുടെ കീഴിൽ വരുന്ന പ്രദേശങ്ങൾ ആണ്.

**ചെരിവുകൾ:** കുന്നുകളുടെ സാന്നിദ്ധ്യംകൊണ്ട് പടിഞ്ഞാറു ഭാഗം പൊതുവെ ചരിഞ്ഞ പ്രദേശങ്ങളാണ്. കോട്ടക്കുന്ന്, വീട്ടിക്കാടൻ മലകൾ എന്നിവയുടെ പള്ളകൾ കിഴുക്കാം തൂക്കായി സ്ഥിതിചെയ്യുന്നു. കാർഷികേതര വികസനങ്ങൾക്ക് ഈ ചെരിവ് തടസ്സമായി നിൽക്കുന്നു. പഞ്ചായത്തിലെ ഏറ്റവും ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളാണ് ഇവ യിൽ പലതും.

ചെറു കുന്നുകളുടെയും പീഠഭൂമികളുടെയും ചെരിവുകളിലാണ് കരകൃഷിയും, ജനവാസവും കൂടുതലായി ഉള്ളത്. കുന്നിൻ മണ്ടകളിൽ നിരന്ന പ്രദേശങ്ങൾ ഏതാണ്ട് ഇല്ലെന്ന് തന്നെ പറയാം.

**പുഴയുടെ തീരപ്രദേശങ്ങൾ:** തൂതപ്പുഴക്ക് തീരദേശങ്ങൾ പൊതുവെ നിരപ്പുള്ളതല്ല. ചെറു കുന്നുകളും സമതലങ്ങളും ഡെൽറ്റാ പ്രദേശങ്ങളും ഇടവിട്ട് കാണപ്പെടുന്നു. ജലസമൃദ്ധമായ തൂതപ്പുഴ പഞ്ചായത്തിൻെറ അതതിരിലൂടെ ഒഴുകുന്നുണ്ടെങ്കിലും കുടിവെള്ളത്തിൻെറയും, ജലസേചനത്തിൻെറയും

അപാര സാദ്ധ്യതകൾക്ക് ഈ ഭൂപ്രകൃതി നിയന്ത്രിതമായി തടസ്സം നിൽക്കുന്നു.

**മൺതരങ്ങൾ**: ശാസ്ത്രീയമായ മണ്ണ് പരിശോധനാ പദ്ധതികൾ പഞ്ചായത്തിൽ നടപ്പായിട്ടില്ല. ഏറ്റവും കൂടുതൽ കാണപ്പെടുന്നത് ലാറ്ററേറ്റ് മണ്ണാണ്. കുന്നിൻ ചെരിവുകളിലും ഉയർന്ന സമതലങ്ങളിലും ചുവന്ന മണ്ണ് കാണപ്പെടുന്നു. പീഠഭൂമികളിൽ പൊതുവെ പാറമണ്ണും ചിലയിടങ്ങളിൽ ചുവന്നമണ്ണും കാണപ്പെടുന്നു. താഴ്ന്ന സമതലങ്ങളൽ ചളിമണ്ണാണ്. ഈ ഡെൽറ്റ യിലും സമാനഭാഗങ്ങളിലും ഫലപുഷ്ടിയുള്ള എക്കൽ മണ്ണ് കാണപ്പെടുന്നുണ്ട്. കുന്നിൻ മണ്ടകളിൽ ചെങ്കൽപാറയും (നരിപ്പാറ), വൻപാറക്കൂട്ടങ്ങളും കാണപ്പെടുന്നു. കൃഷി ചെയ്യപ്പെടാത്ത സ്വകാര്യ വനഭൂമികളുള്ള കുന്നുകളിൽ വനഭൂമി കാണപ്പെടുന്നു.

ജലലഭ്യത: കുന്നിനു ചരിവുകളിലും പീഠഭൂമികളിലും ജലലഭ്യത ദരിദ്രമാണ്. വർഷത്തിൽ ഏഴ്, എട്ട് മാസം വരെയേ മണ്ണിൽ ഉറവ് ഉണ്ടാകുന്നുള്ളൂ. എന്നാൽ പാടങ്ങളുടെ കരയിലും, സമതലങ്ങളിലും ജലലഭ്യത താരതമ്യേന സമൃദ്ധമാണ്. ഈ പുഴയുടെ സാന്നിദ്ധ്യത്തിൽ നിന്നും ഏറ്റവും അകന്നു കിടക്കുന്ന എലിയപ്പറ്റ, കപ്പലപ്പാടശേഖരങ്ങളും അതിനോടു ചേർന്നുള്ള സമതലപ്രദേശങ്ങളും ജലലഭ്യതയുടെ കാര്യത്തിൽ സമ്പന്നമായത് പ്രകൃതിയുടെ അത്ഭുതം തന്നെയാണ്. ജലസ്രോതസ്സുകളുടെ കാര്യത്തിൽ കൂടുതൽ ഗവേഷണം വേണ്ടതാണ്.

വിഭവങ്ങൾ: കാർഷിക വിഭവങ്ങളിൽ പ്രധാന വിഭവം നെല്ലാണ്. പള്ളിയാലുകളിൽ ഒന്ന്, താഴ്ന്ന വയലുകളിൽ രണ്ട്, തൂതയുടെ ഡൽറ്റാ പ്രദേശങ്ങളിൽ മൂന്ന് വീതം പൂവലുകളാണ് ജലലഭ്യതക്കനുസരിച്ച് കൃഷി ചെയ്യുന്നത്. വേനലിൽ ചില വയലുകളിൽ പച്ചക്കറി കൃഷിയും ചെയ്യുന്നു. തൂതയുടെ ഡെൽറ്റയിൽ നെല്ല, വാഴ, പച്ചക്കറി അല്ലെങ്കിൽ മരച്ചീനി എന്നിങ്ങനെ വർഷം മുഴുവനും കൃഷി ചെയ്യുന്നു. പീഠഭൂമികളിലും ചെരിവുകളിലും തെങ്ങാണ് മുഖ്യ കൃഷി. കുന്നിൻ ചെരിവുകളിൽ റബ്ബർ കൃഷി വ്യാപിച്ചു വരുന്നുണ്ട്.

വ്യാവസായിക വിഭവങ്ങൾ വികാസം പ്രാപിച്ചിട്ടില്ല. പരമ്പരാഗത ചെറുകിട വ്യവസായങ്ങളാണ് മുഖ്യമായും നിലവിലുള്ളത്. കരുമാനാംകുർശ്ശിയിലെ കൈത്തറിനെയ്ത്ത്, ടൗണിനടുത്തായി ചെരുപ്പുനിർമ്മാണം, പ്ലാസ്റ്റിക് പോളിമർ വസ്തുക്കളുടെ നിർമ്മാണം, ഉൾനാട്ടിലെ ഇഷ്ടിക നിർമ്മാണം ഇവയാണ് പ്രധാന വ്യാവസായിക സംരംഭങ്ങൾ.

**ഫലഭൂയിഷ്ഠമായ മണ്ണും തൂതപ്പുഴയുടെ വറ്റാത്ത നീരുറവയും അദ്ധ്വാനശീലരായ മനുഷ്യരും ചെർപ്പുളശ്ശേരി പഞ്ചായത്തിന്റെ അനുഗ്രഹങ്ങളാണ്.**


N
1
2
3

# പഠനപര്യടനം നടത്തിയ വഴികൾ



പഠനപര്യടനം നടത്തിയ വഴികൾ



പഠനപര്യടനം നടത്തിയ വഴികൾ



## പഠനപര്യടനം നടത്തിയ വഴികൾ

4-ാം പഠനപര്യടനം.



# കൃഷിയും ജലസേചനവും

ചെർപ്പുളശ്ശേരി ഗ്രാമത്തിലെ പ്രധാന ഉല്പാദന മേഖലയാണ് കൃഷി. വ്യാപാരകേന്ദ്രമായി വികസിച്ചുകൊണ്ടിരിക്കുന്ന ടൗൺ പ്രദേശം ഒഴിച്ചുനിർത്തിയാൽ, ചെർപ്പുളശ്ശേരി തികച്ചും ഒരു കാർഷിക ഗ്രാമമാണ്. നെല്ല്, തെങ്ങ്, വാഴ എന്നിവയാണ് മുഖ്യ വിളകൾ. കവുങ്ങ്, കുരുമുളക്, മറ്റു മിശ്രവിളകൾ, ഫലവൃക്ഷങ്ങൾ എന്നിവയും കൃഷി ചെയ്തുവരുന്നു. ഇടവിളകളായി ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നു. കൃഷിയെമാത്രം ആശ്രയിച്ച് ഉപജീവനം കഴിക്കുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്.

കുന്നിൻ ചെരിവുകളും താഴ്വരകളും, പാടശേഖരങ്ങളും, പൂരഭൂമികളും ചേർന്ന് ആകെ 2728 ഹെക്ടർ ഭൂവിസ്തൃതിയുണ്ട്. പഞ്ചായത്തിൻെറ വടക്കേ അതിരിലൂടെ ഏകദേശം 8കിലോ മീറ്റർ നീളത്തിൽ തൂതപ്പുഴ ഒഴുകുന്നു. വേനൽകാലത്തും സമൃദ്ധമായ നീരൊഴുക്കുള്ള പുഴ ഈ പഞ്ചായത്തിന് ഒരനുഗ്രഹം തന്നെയാണ്. കാക്കത്തോട്, പട്ടിങ്ങാംതോട്, കാക്കത്തോടിൻെറ കൈവഴികളായ പറച്ചിത്തോട്, പുത്തൻ തോട് എന്നിവയാണ്പ്രധാന തോടുകൾ.

അയ്യപ്പൻകാവ്, അന്തിമഹാകാളൻ കാവ് ദേവസ്വങ്ങളുടെയും തൃക്കടീരി മന, ഒളപ്പമണ്ണ മന, പനങ്ങാട്ട് തുടങ്ങിയ ജൻമിമാരുടെയും ഉടമസ്ഥതയായിരുന്നു പഴയകാലത്ത് ഉണ്ടായിരുന്നത്. പാട്ടക്കുടിയാൻ, കാണക്കുടിയാൻ എന്നിങ്ങനെ കുടിയാൻമാർ രണ്ടുതരത്തിലുണ്ടായിരുന്നു. നെല്ലായിരുന്നു പ്രധാനകൃഷി. പരമാവധി ഉല്പാദനം ഉണ്ടാക്കിയാലേ പാട്ടം കഴിഞ്ഞ് എന്തെങ്കിലും മിച്ചം കിട്ടൂ എന്നതായിരുന്നു കൃഷികാരൻെറ അവസ്ഥ. ഇടത്തരം കർഷകരായിരുന്നു ഭൂരിഭാഗവും. ഒരു ഏക്കറിൽ താഴെ കൃഷിചെയ്യുന്നവർ വിരളമായിരുന്നു. എല്ലാ കൃഷിക്കാരും ഉഴവു കന്നിനെ വളർത്തിയിരുന്നു. ഓരോ പാടശേഖരങ്ങളിലേയും കൃഷിക്കാർ പരസ്പരം ആലോചിച്ച് കാലവസ്ഥക്കും പാടശേഖരങ്ങളുടെ പ്രത്യേകതകൾക്കും യോജിച്ച് ഒരേതരം വിത്ത് തിരഞ്ഞെടുത്താണ് കൃഷി ഇറക്കിയിരുന്നത്. കൃഷിപ്പണിക്ക് വളരെ കുറഞ്ഞതോതിൽ മാത്രമാണ് കൂലിക്ക് ആളെ എടുത്തിരുന്നത്. കൂലി നിരക്ക് കുറവായിരുന്നു. കഴമ, ആര്യൻ, ചിറ്റ്യാനി, ചെറുവെള്ളരി, വെട്ടുകാരി,തെക്കൻചീര തുടങ്ങിയവയായിരുന്നു പ്രധാന വിത്തിനങ്ങൾ. ചെറിയതോതിൽ ഔഷധ നെല്ലായ നവരയും കൃഷിചെയ്തിരുന്നു. ചേറ്റാഴം കൂടിയതും വെള്ളക്കൂത്തുള്ളതുമായ നിലങ്ങളിൽ മൂപ്പ്കൂടിയ വിത്തിനങ്ങളും, പള്ള്യാലകളിലും മണൽമണ്ണുള്ള നിലങ്ങളിലും മൂപ്പ്കുറഞ്ഞ വിത്തിനങ്ങളുമാണ് കൃഷിചെയ്തിരുന്നത്. കൃഷിപ്പണികളിൽ ശ്രദ്ധേയമായ കൂട്ടായ്മ നിലനിന്നിരുന്നു. ഓരോ കൃഷിക്കാരൻേറയും നിരത്തും നടീലും ആ പാടശേഖരത്തിലെ മുഴുവൻ കൃഷിക്കാരുടേയും ഉത്സവമായാണ് നടത്തിയിരുന്നത്. കൃഷിപ്പണികൾക്ക് കർഷക കുടുംബാംഗങ്ങളുടെ അദ്ധ്വാനവും, ഉഴവു കന്നുകളേയും പരസ്പരം കൈമാറിയിരുന്നു.

പാടങ്ങളിൽ ഇന്നുള്ള തോതിൽ കീടങ്ങളുടെ ശല്യം ഉണ്ടായിരുന്നില്ല. പഴയ വിത്തിനങ്ങളുടെ അതിജീവനശേഷിയും ജൈവവള ഉപയോഗത്തിൻെറ മേൻമയും കീട നിയന്ത്രണത്തിന് സഹായകമായിത്തീർന്നു. ചൂണ്ടിക്കാണിക്കാവുന്ന മറ്റൊരുകാരണം പാടങ്ങളിൽ ധാരാളമായി ഉണ്ടായിരുന്ന തവള, നീർക്കോലി മുതലായ ജീവികളുടെ സാന്നിദ്ധ്യമാണ്. മുറംവീശലും വെണ്ണീർവീശലുമാണ് കീട നിയന്ത്രണത്തിന് അവലംബിച്ചിരുന്ന മാർഗം. ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കുന്നതിന് നാളിമുള്ളിട്ട് വലിക്കുക എന്ന രീതി അവലംബിച്ചിരുന്നു. തുടർന്ന് വെള്ളം കയറ്റിയിട്ട് കോഴിവളം ചേർക്കുന്നു. ഈ മാർഗവും കൃഷിക്കാർ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരുന്നു.

പാടങ്ങളേയും പള്ള്യാലകളേയും വേർത്തിരിക്കുന്ന തലത്തിലായി കുളങ്ങൾ നിർമ്മിച്ചിരുന്നു. തോട്ടു വരമ്പുകൾ ഉറപ്പുക്കുന്നതിനായി കൈത വെച്ചു പിടിപ്പിച്ചിരുന്നു.ഇന്ന് കൈത വരമ്പുകൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. പകരം കരിങ്കല്ലും സിമൻെറും വരമ്പുകളിൽ പ്രാമുഖ്യം നേടി. രണ്ടാം വിളക്ക് ജലസേചനം നടത്തുന്നതിനായി തോടുകളിൽ കുറ്റിയും പട്ടയും വെച്ച് താത്കാലിക ചിറകൾ നിർമ്മിച്ചിരുന്നു. ഏത്തം, കയറ്റുകൂട്ട, തേക്കുകുട്ട എന്നിവയാണ് പഴയകാല ജലസേചന ഉപാധികൾ.

പച്ചില വളവും കാലിവളവും ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. കന്നുകാലികളും തൊഴുത്തും കാർഷികഗൃഹത്തിൻെറ മുഖമുദ്രയായിരുന്നു. ഒഴിഞ്ഞകുന്നിൻ ചെരിവിലുംമറ്റും ധാരാളമായി പച്ചിലവളം ലഭിച്ചിരുന്നു. അതുകൊണ്ടുതന്നെ വിപുലമായ തോതിൽ ജൈവവളപ്രയോഗം സാധ്യമായിരുന്നു.

ഒരു പൂവൽ കൃഷിയിടങ്ങളിൽ രണ്ടാം തരം വിളയായി എള്ള്, മുതിര, ഉഴുന്ന് മുതലായവ കൃഷിചെയ്തിരുന്നു. രണ്ട് വിളകൾ എടുത്തിരുന്ന പാടങ്ങളിൽ കുളങ്ങളും കിണറുകളും പ്രയോജനപ്പെടുത്തി മൂന്നാം വിളയായി പച്ചക്കറി കൃഷി ചെയ്തിരുന്നു. പൂർണ്ണമായും ജൈവവളം ഉപയോഗിച്ച് കൃഷിചെയ്തിരുന്നതിനാൽ മത്തൻ, വെള്ളരി, കുമ്പളങ്ങ തുടങ്ങിയ പച്ചക്കറികൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുമായിരുന്നു. ഇങ്ങനെ ഒരു വർഷത്തേക്കാവശ്യമായ പച്ചക്കറികളിൽ പലതും കൃഷിക്കാർ സംഭരിച്ചു വെച്ചിരുന്നു. പച്ചക്കറി കൃഷി ചെയ്യാൻ കഴിയാതിരുന്ന പാടങ്ങളിൽ മേടമാസ

ത്തിലെ ആദ്യമഴയോടൊപ്പം ചാമ കൃഷി ചെയ്തിരുന്നു.

ആദ്യകാല കര വിളകളിൽ പ്രധാനമായത് ചേന, കാവത്ത്, മരച്ചീനി എന്നിവയാണ്. തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവ പുരയിടങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ചെറിയ തോതിൽകൃഷി ചെയ്തിരുന്നു. കൂർക്ക, ചെറുകിഴങ്ങ്, കാവുത്ത്, ചേമ്പ് മുതലായ കിഴങ്ങുവർഗ്ഗങ്ങൾ ഇട വിളയായി കൃഷിചെയ്തിരുന്നു. വീട്ടുവളപ്പുകളിൽ മുരിങ്ങ, പപ്പായ എന്നിവ മറ്റു ഫലവൃക്ഷങ്ങളോടൊപ്പം നട്ടു വളർത്തിയിരുന്നു. അക്കാലത്ത് പറമ്പുകളിൽ മഴയെ ആശ്രയിച്ച് `മോടൻ' നെല്ല് കൃഷി ചെയ്തിരുന്നു. ഒരു പറമ്പിൽ മൂന്നു വർഷത്തിലൊരിക്കൽ എന്നതാണ് വ്യാപകമായി പാലിക്കപ്പെട്ടിരുന്ന വിളക്രമം. വിത്ത് തിരഞ്ഞെടുക്കുന്നതിൽ ആദി(മാവ്,പ്ലാവ്) പാതി (തെങ്ങ്) പാറ്റ (കവുങ്ങ്) എന്ന തത്വം പാലിക്കപ്പെട്ടിരുന്നു.

1946 കാലത്താണ് കൃഷിക്കാർ രാസവളങ്ങളുമായി പരിചയപ്പെടുന്നത്. ഇക്കാലത്ത് അമോണിയം സൾഫേറ്റ് സൗജന്യമായി കൃഷികാർക്കിടയിൽ വിതരണം ചെയ്യപ്പെട്ടു. എന്നാൽ രാസവള ഉപയോഗം വ്യാപകമാവുന്നത് അറുപതുകളുടെ അവസാനത്തിലും എഴുപതുകളുടെ ആദ്യത്തിലുമായാണ്. ഏതാണ്ട് ഇതേകാലത്തുതന്നെയാണ് കൂട്ടുമുണ്ടകം രീതിയും ഇവിടേക്ക് കടന്നു വന്നത്.

കാർഷിക പരിഷ്കരണം നടപ്പിലായതിനെ തുടർന്ന് കൃഷിക്കാരൻെറ ജീവിത നിലവാരം മെച്ചപ്പെട്ടു. പിൻതലമുറക്കാർക്ക് മെച്ചപ്പെട്ട വിദ്യഭ്യാസം ലഭിച്ചു. ആധുനിക വിദ്യഭ്യാസം ലഭിച്ചവർ കൃഷിയിൽ നിന്നകന്നു. കൂടുതൽ വരുമാനമുള്ളതും മാന്യത കൽപ്പിക്കപ്പെട്ടിട്ടുള്ളതുമായ മറ്റ് തൊഴിൽ മേഖലകൾ തേടിപ്പോയി. അതോടൊപ്പം ഭൂമിയിൽ കൃഷിക്കാരൻെറ സ്വന്തമായ അധ്വാനം കുറഞ്ഞുവരികയും കൂലികൊടുക്കുന്ന അധ്വാനത്തിൻെറ അളവ് കൂടിവരികയും ചെയ്തു. കർഷക തൊഴിലാളികളും ഈ മേഖല ഉപേക്ഷിച്ച് പുതിയതായി വളർന്നുവന്ന കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറി. ഗൾഫ് പണത്തിൻെറ പിൻബലത്തോടെ വളർന്നു വന്ന ഈ മേഖലയിലുള്ള ഉയർന്ന കൂലിനിരക്കും കൂടുതൽ തൊഴിലവസരങ്ങളുമാണ് പ്രധാന ആകർഷണീയത. കൂലിനിരക്ക്,വിത്ത്, കീടനാശിനികൾ എന്നിവയുടെ വിലവർദ്ധനവ് കൃഷിയിൽനിന്നുള്ള ആദായം കുറയുന്നതിനു കാരണമായി. കൃഷിച്ചിലവിൻെറ വർദ്ധനവിന് ആനുപാതികമായി കാർഷികോല്പന്നങ്ങളുടെ വില വർദ്ധിച്ചില്ല എന്നതും കണക്കിലെടുക്കേണ്ടതാണ്. എല്ലാംചേർന്ന് കൃഷി അനാകർഷകമായി ത്തീർന്നു. കൃഷിച്ചിലവ് കുറഞ്ഞ കൂട്ടുമുണ്ടകം രീതിയിലേക്ക് കൃഷിക്കാർ ആകൃഷ്ടരായി. ഉല്പാദനം കുറഞ്ഞു. നെൽപാടങ്ങൾ തരിശിടുകയും നികത്തുകയും ചെയ്യുന്ന പ്രവണത വളർന്നു വന്നു. പള്ള്യാലകളിലും പാടങ്ങളിലും ഉണ്ടായിരുന്ന കിണറുകളും കുളങ്ങളും സംരക്ഷണമില്ലാത്തതിൻെറ ഫലമായി ഇടിഞ്ഞ് തൂർന്ന് ഉപയോഗശൂന്യമായി പലതും നികത്തപ്പെട്ടു. പച്ചക്കറി, എള്ള്, ഉഴുന്ന്,ചാമ, മരച്ചീനി പുരയിടങ്ങളിലുണ്ടായിരുന്ന നാടൻ വാഴയിനങ്ങളുടെ കൃഷിഎന്നിവ അപ്രത്യക്ഷമായി. കുറഞ്ഞ പരിചരണം മാത്രം ആവശ്യമുള്ള ദീർഘകാല വിളകൾക്ക് പ്രാമുഖ്യം കൈവന്നു. മണ്ണ് ജലസംരക്ഷണത്തിൻെറ അഭാവത്തിൽ ഒരുപൂനിലങ്ങളായും പുഞ്ച പാടങ്ങൾ രണ്ടാം വിളകൾക്കുപ്പോലും ഉണക്കം തട്ടുന്ന പാടങ്ങളായും രൂപാന്തരപ്പെട്ടു.

ഇപ്പോൾ 86 ശതമാനം കുടുംബങ്ങളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള നാമമാത്രകർഷകരാണ്. പഞ്ചായത്തിലെ ഭൂഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 1**

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 4171 |
| 2 | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 505 |
| 3 | രണ്ട് ഹെക്ടറിന് മുകളിൽ | 111 |

(അവലംബം - കൃഷിഭവൻ രേഖ)

കോളനിവാസികളേയും 10സെൻറിൽ താഴെ പുരയിടമുള്ളവരേയും കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആളോഹരി ഭൂവിസ്തൃതിയുടെ സംസ്ഥാനതോത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിലേത് 0.01ഹെക്ടർ ആണ്.

## ഭൂവിനിയോഗം

ആകെ ഭൂവിസ്തൃതിയായ 2728 ഹെക്ടറിൽ കുന്നിൻ ചെരിവുകൾ, ഉയർന്ന സമതലങ്ങൾ,കുന്നുകൾക്കിടയിലുള്ള സമതലങ്ങൾ, തൂതപ്പുഴയുടെ തീരങ്ങൾ എന്നിവ ഉൾപ്പെടുന്നു.കുന്നിൻ ചെരിവുകളിലും ഉയർന്ന സമതലങ്ങളിലും ലാറ്ററേറ്റ് മണ്ണാണ് ഉള്ളത്. വീട്ടിക്കാടൻമലയുടെ ചിലഭാഗങ്ങളിൽ വനമണ്ണും തൂതയിലെ തീരസമതലങ്ങളിൽ ചെളി മണ്ണും കാണുന്നു. പഞ്ചായത്തിലെ ഭൂവിനിയോഗം ചുവടെ ചേർക്കുന്നു.

**പട്ടിക 2 ഭൂവിനിയോഗം**

| നമ്പർ | ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1 | നിലം | 546 |
| 2 | പുരയിടം - തോട്ടങ്ങൾ | 1660 |
| 3 | പുറമ്പോക്ക് | 150.87 |
| 4 | കൃഷിയോഗ്യ തരിശ് | 265.13 |
| 5 | കൃഷിയോഗ്യമല്ലാത്ത തരിശ് | 86 |

(അവലംബം- കൃഷിഭവൻ രേഖകൾ)

ഈ അടുത്തകാലത്തായി കൃഷിയോഗ്യ തരിശ് ഏതാണ്ട് മുഴുവനായും കൃഷിക്കുപയുക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ കൃഷിയോഗ്യ തരിശ് കാര്യമായതോതിൽ ഇല്ല. കൃഷിയോഗ്യമല്ലാത്ത തരിശ് എന്നതിൽ പാറക്കെട്ടുകളും മറ്റും ഉൾപ്പെടുന്നു.

**പട്ടിക 3 വിളവിസ്തീർണ്ണം**

| നമ്പർ | ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1 | നെല്ല് | 546 |
| 2 | തെങ്ങ് | 535 |
| 3 | മിശ്ര വിളകൾ | 53 |
| 4 | വാഴ | 120 |
| 5 | കവുങ്ങ് | 40 |
| 6 | റബ്ബർ | 50 |
| 7 | മരച്ചീനി | 35 |

(അവലംബം-കൃഷിഭവൻ രേഖകൾ)

പഞ്ചായത്തിൽ ഏറ്റവും കൂടുതലായി കൃഷിചെയ്യുന്നത് നെല്ലും തെങ്ങുമാണ്. കുന്നുകൾക്കിടക്കുള്ള സമതലങ്ങളിൽ നെല്ല് കൃഷി ചെയ്യുന്നു. കുന്നിൻ ചെരിവുകളിലും ഉയർന്ന സമതലങ്ങളിലും തെങ്ങ് കൃഷി ചെയ്യുന്നു. എള്ള്, പയർ, പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ, സുഗന്ധവിളകൾ എന്നിവ എവിടേയും തനത് വിളയായി കൃഷിചെയ്യുന്നില്ല. പുരയിടങ്ങൾ കേന്ദ്രീകരിച്ചുള്ള കുരുമുളക് കൃഷിയുടെ ഭൂരിഭാഗവും രോഗങ്ങൾ മൂലം നശിച്ച് പോയിരിക്കുന്നു.

## നെല്ല്

പഞ്ചായത്തിലെ നെൽകൃഷിഭൂമിയുടെ വിസ്തീർണ്ണം 546 ഹെക്ടറിൽ ആണ്. രണ്ടും മൂന്നും വിളകൾ എടുക്കാവുന്ന പാടങ്ങൾ ഒരു വിള മാത്രം എടുത്ത് തരിശിടുന്ന പ്രവണത വളർന്നുവരുന്നുണ്ട്. പഞ്ചായത്തിലെ നെല്ലിൻെറ ഉത്പാദനക്ഷമത ചുവടെ ചേർക്കുന്നു.

**പട്ടിക 4**

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | ഉത്പാദനക്ഷമത കി. ഗ്രാം |
|---|---|---|
| ഒന്നാം വിള | 546 | 1800 |
| രണ്ടാം വിള | 453 | 3200 |
| മൂന്നാം വിള | 30 | 2400 |

ഒന്നാം വിളയുടെ ഉത്പാദനക്ഷമത സംസ്ഥാന ശരാശരിയായ ഹെക്ടറൊന്നിന് 1943 കി.ഗ്രാം എന്നതിൽനിന്നും വളരെ കുറവാണെന്നും, രണ്ടാം വിളക്കും മൂന്നാം വിളക്കും സംസ്ഥാനത്തിൻെറ ഉൽപാദനക്ഷമതയേക്കാൾ കൂടുതലാണ് എന്നു കാണാം. ഒന്നാം വിളയുടെ ഉത്പാദനക്കുറവിന് കാരണം കൂട്ടുമുണ്ടകം രീതിയാണ്. ഈ രീതിയിൽ ഒന്നാം വിളയുടെ ഉത്പാദനക്ഷമത ഏകദേശം 1440 കി. ഗ്രാം മാത്രമാണ്. ഒരുപ്പൂ നിലങ്ങളിലെ മെച്ചപ്പെട്ട ഉത്പാദനമാണ് മൊത്തത്തിലുള്ള ഒന്നാം വിളയുടെ ഉത്പാദനക്ഷമത 1800 കി.ഗ്രാം വരെ ഉയർന്നതിനുള്ള കാരണം. കൂട്ടുമുണ്ടകം ഉപേക്ഷിച്ച്കൊണ്ട് മണ്ണിൻെറ ഘടനക്ക് യോജിച്ച വിത്തിനങ്ങൾ, വിളക്രമം വളപ്രയോഗ രീതി മുതലായവ അവലംബിക്കണം.

## പാടശേഖര സമിതികൾ

പാടശേഖരസമിതികൾ നിലവിലുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. കൃഷിക്കാർക്കിടയിൽ കൂട്ടായ്മ വർദ്ധിപ്പിക്കാൻ കഴിയണം. ഉത്പാദനച്ചിലവ് കുറക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിച്ച് കൃഷി ലാഭകരമാക്കുന്നതിനും പാടശേഖരസമിതിയുടെ ശക്തമായ ഇടപെടലുകൾ ഉണ്ടാകണം. പഞ്ചായത്തിലുള്ള പാടശേഖരസമിതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 5**

| നമ്പർ | പാടശേഖരസമിതിയുടെ പേര് | പാടശേഖരത്തിലെ മണ്ണിൻെറ PH വാല്യു | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| 1 | പന്നിയംകുറുശ്ശി | 5.7 | 27.42 |
| 2 | കൊഠമ്പപാടം | 6.3 | 17.35 |
| 3 | കാവുവട്ടം | 5.6 | 18.23 |
| 4 | കാരൂക്കിൽപാടം | 6.2 | 37.48 |
| 5 | കരുമാനാംകുറുശ്ശി | 6.0 | 28.70 |
| 6 | ആനക്കുണ്ടിൽ | 6.8 | 12.42 |
| 7 | മാണ്ടക്കരി | 6.2 | 14.92 |
| 8 | ചോലക്കൽ | 5.5 | 60.00 |
| 9 | വെള്ളോട്ടുക്കുറുശ്ശി | 6.3 | 18.00 |
| 10 | പൂത്തോട് പാടം | 6.3 | 27.34 |
| 11 | പൊൻവിള പാടം | 5.5 | 30.60 |
| 12 | വടക്കുംപാടം | 5.5 | 33.12 |
| 13 | തെക്കുംപാടം | 5.6 | 47.93 |
| 14 | കൈരളി | 5.8 | 13.44 |
| 15 | പുഴക്കെട്ട് | 5.5 | 15.07 |
| 16 | കാറൽമണ്ണ | 6.4 | 40.80 |

## തെങ്ങ്

പഞ്ചായത്തിലെ മുഖ്യ നാണ്യ വിളയാണ് തെങ്ങ്. 529 ഹെക്ടർ സ്ഥലത്ത് തെങ്ങ്കൃഷിയുണ്ട്. കായ്ഫലം

ലഭിക്കുന്ന 21332 തെങ്ങുകളും കായ്ച്ചുതുടങ്ങാത്ത 22560 തൈകളും ഉണ്ട്. ആകെ 46892. ശരാശരി ഒരു ഹെക്ടറിൽ 99 തെങ്ങുകൾ. തെങ്ങ് ഉൾപ്പടെയുള്ള മിശ്രവിളകൾ ഉള്ള പുരയിടങ്ങളും തെങ്ങ്കൃഷി ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കിയതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെയുള്ള 46892 തെങ്ങുകളിൽ 181 തെങ്ങുകൾ രോഗം ബാധിച്ചവയാണ്. ബഡ്റോട്ട് ആണ് കണ്ടുവരുന്ന പ്രധാന രോഗം. തെങ്ങ്കൃഷിക്കുപയോഗിക്കുന്ന ഭൂവിസ്തൃതിയുടെ മുഴുവൻ സാധ്യതയും ഉപയോഗപ്പെടുത്തിയിട്ടില്ല. തൂതപ്പുഴയുടെ തീരത്ത് ജലസേചനമുള്ള തോട്ടങ്ങളിലാണ് ഉത്പാദനക്ഷമത കൂടുതലുള്ളത്. പഞ്ചായത്തിലെ തെങ്ങിൻെറ ഉത്പാദനക്ഷമത .45 സംസ്ഥാന ഉത്പാദനക്ഷമത 38.

ചില സ്ഥലങ്ങളിൽ പാടം നികത്തിയും തെങ്ങ്കൃഷി ചെയ്യുന്നതായി കാണുന്നു. എന്നാൽഈ പ്രവണത വ്യാപകമല്ല. ഒരേ തോട്ടത്തിൽത്തന്നെ ഉത്പാദനക്ഷമത കൂടുതലുള്ള തെങ്ങുകളും ക്ഷമത തീരെ കുറഞ്ഞ തെങ്ങുകളും കാണുന്നു. വിത്തു തേങ്ങ തിരഞ്ഞെടുക്കുന്നതിലെ അപാകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൾ ചെയ്യുന്നതായി കാണുന്നില്ല.

തെങ്ങ്കൃഷി പരിചരണം ആവശ്യമില്ലാത്ത കൃഷിയാണ് എന്നതാണ് പരക്കെയുള്ള ധാരണ. യാതൊരു പരിചരണവും ഇല്ലെങ്കിലും ചെറിയതോതിലുള്ള ഉത്പാദനം ഉണ്ട് എന്നുള്ളത്ഈ കൃഷിയോടുള്ള സമീപനത്തിന് ആക്കം വർദ്ധിപ്പിക്കുന്നു. പഞ്ചായത്ത് തലത്തിൽ ഒരു കേരകർഷക സമിതി ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. വാർഡ് തലത്തിൽ സമിതികൾ രൂപീകരിച്ചിട്ടില്ല.

## വാഴ

തെങ്ങ് കഴിഞ്ഞാൽ ഭൂവിസ്തൃതിയിലുള്ള മറ്റൊരു വിളയാണ് വാഴ. നേന്ത്രവാഴയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. വളരെയേറെ പരിചരണം ആവശ്യമുള്ള കൃഷിയാണ്എങ്കിലും നെൽകൃഷിയെക്കാൾ ലാഭകരമാണ് എന്നതുകൊണ്ട് പാടങ്ങളിൽ വാഴ കൃഷി ചെയ്യുന്നുണ്ട്. ഏക്കറിന് 4500 കിലോ ആണ് ഉല്പാദന ക്ഷമത. ജലസേചന സൗകര്യമുള്ള ഈ പുഴയുടെ തീരസമതലങ്ങളിലാണ് വാഴ കൃഷി കേന്ദ്രീകരിച്ചിട്ടുള്ളത്. പുരയിടങ്ങളിൽഅടുത്ത കാലം വരെ നാടൻ വാഴ ഇനങ്ങൾ കൃഷിചെയ്തിരുന്നു. എന്നാൽ കൃഷിയോട്അടുത്ത കാലത്തായി വളർന്നു വന്നിട്ടുള്ള മനോഭാവം വീട്ടുവള്ളപ്പിലെ വാഴയേയും സാരമായി ബാധിച്ചു. മൈസൂർ പൂവൻ, നാട്ടുവപൂവൻ തുടങ്ങിയ ഇനങ്ങളും കറിക്ക് ഉപയോഗിക്കുന്ന പൊണ്ണൻ, നെയ് വണ്ണൻ ഇനങ്ങളും അപ്രത്യക്ഷമായി. ഊണിന് ഇലമുറിക്കാനെങ്കിലും വീട്ടു വളപ്പിൽ വാഴവേണം എന്ന ചിന്താഗതിക്ക് മാറ്റം വന്നു. രോഗങ്ങളും നാടൻ വാഴ ഇനങ്ങളുടെ നാശത്തിന് കാരണമായി തീർന്നിട്ടുണ്ട്.

## റബർ

കൃഷിഭവൻ രേഖകൾ പ്രകാരം 50 ഹെക്ടർ സ്ഥലത്ത് റബർ കൃഷി ചെയ്യുന്നുണ്ട്. അടുത്ത കാലത്തായി ഏറ്റവും കൂടുതൽ അംഗീകാരം നേടിവരുന്നത് റബർ കൃഷിയാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും റബർ കൃഷിയുണ്ട്. ഇപ്പോഴും പുതിയ തോട്ടങ്ങൾ വെച്ചുപിടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭൂരിഭാഗം തോട്ടങ്ങളിലും ഉല്പാദനം ആരംഭിച്ചിട്ടില്ല. ഉൽപ്പന്നത്തിന് ഉയർന്ന വിലയുണ്ട് എന്നതാണ് റബർ കൃഷിയുടെ ആകർഷണീയത. ഈരംഗത്ത് ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട് എങ്കിലും പ്രവർത്തന ക്ഷമതയില്ല.

## മറ്റു കൃഷികൾ

ചോലക്കൽ കൊള്ളിലും തൂതയിലെ തീരസമതലങ്ങളിലും ചെറിയ തോതിൽ കവുങ്ങ് കൃഷിയുണ്ട്. അടയ്ക്കക്ക് നല്ല വില കിട്ടാൻ തുടങ്ങിയിട്ടും കൃഷിക്കാരുടെ ശ്രദ്ധ ഈ കൃഷിയിലേക്ക് തിരിഞ്ഞിട്ടില്ല. 93 മുതൽ 96 വരെയുള്ള കഴിഞ്ഞ മൂന്ന് വർഷങ്ങളിലും കൃഷിഭവനിൽനിന്ന് കവുങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടില്ല. ഈ കൃഷിയുടെ സാധ്യത ഉപയോഗപ്പെടുത്താൻ വേണ്ടത്ര ശ്രമങ്ങൾ നടന്നിട്ടില്ല. എന്ന് വ്യക്തമാവുന്നു.

അടുത്തകാലത്തായി വ്യാപകമായി രോഗങ്ങൾ വന്ന് നശിച്ചുപ്പോയ കൃഷിയാണ് കുരുമുളക്. പുരയിടങ്ങളിലെ മിശ്രവിളകളിൽ പ്രധാന സ്ഥാനം ലഭിച്ചിരുന്നത് കുരുമുളകിനാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കുരുമുളക് കൃഷി പുനരുദ്ധരിക്കുന്നതിന് 21000 നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. സാധ്യത പരിശോധിക്കുമ്പോൾ ഇത് തീരെ അപര്യാപ്തമാണ് എന്ന് കാണാൻ കഴിയും. പുതിയ തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനേക്കാൾ കൊച്ചുകൊച്ചു പുരയിടങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് ആയിരിക്കണം കുരുമുളക് കൃഷിയുടെ സാധ്യത ആരായേണ്ടത്.

എള്ള്, മുതിര, ഉഴുന്ന് തുടങ്ങിയ പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറികൾ എന്നിവ പഞ്ചായത്തിലെവിടെയും കാര്യമായ തോതിൽ കൃഷിചെയ്യുന്നില്ല. പറമ്പുകളിലും പള്ള്യാലകളിലും ചെറിയ തോതിൽ ചേന കൃഷിയുണ്ട്. സുഗന്ധവിളയായ മഞ്ഞൾ ഒരുകാലത്ത് വ്യാപകമായി ഉണ്ടായിരുന്നെങ്കിലും പാടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിലയായി ചെയ്യാവുന്ന ഈ കൃഷിയുടെ വികസന സാധ്യത കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനം നടന്നിട്ടില്ല. സംസ്കരിച്ച മഞ്ഞൾ, ഇഞ്ചി തുടങ്ങിയ മലഞ്ചരക്കുകൾക്കാണ് മാർക്കറ്റ് ലഭിക്കുന്നത്.

തൂതയിലെ തീരസമതലത്തിൽ 2 1/2 ഹെക്ടർ സ്ഥലത്ത് ഭാഗികമായി പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. വിരലി

ലെണ്ണാവുന്ന കൃഷിക്കാരാണ് പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിട്ടുള്ളത്. ദിവസവും പതിനായിരക്കണക്കിന് രൂപയുടെ പച്ചക്കറികൾ വിറ്റഴിക്കപ്പെടുന്ന പഞ്ചായത്തിൽ പച്ചക്കറി കൃഷിക്ക് വിപുലമായ സാധ്യതകൾ ഉണ്ട്. വീട്ടുവളപ്പുകളിൽ മഴയെ ആശ്രയിച്ച് ചെയ്തിരുന്ന പച്ചക്കറി കൃഷിയും കുറഞ്ഞുവരുന്നു. പച്ചക്കറി വിത്തുകൾ യഥാസമയം വിതരണം ചെയ്യാൻ കൃഷിഭവന് കഴിഞ്ഞിട്ടില്ല. വേനൽക്കാലത്ത് പാടങ്ങൾ മേച്ചിൽസ്ഥലങ്ങളായിമാറുന്നത് പച്ചക്കറികൃഷിചെയ്യുന്നതിന് തടസ്സമാണ്.

## ജലസേചനം

കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ:

ജലസമൃദ്ധമായ തൂതപ്പുഴയുടെ ജലസേചന സാധ്യത മുൻനിർത്തി ആരംഭിച്ച പദ്ധതിയാണിത്. പനങ്കയത്തിൽ നിന്നും വെള്ളം പമ്പുചെയ്ത് പൊട്ടത്തി പറമ്പിൽ എത്തിച്ച് കനാൽ വഴി ജലസേചനത്തിന് കൃഷിയിടങ്ങളിൽ എത്തിക്കുന്നു. 2 1/2 കിലോ മീറ്റർ മെയിൻ കനാലും രണ്ട് സബ് കനാലുകളും ഉണ്ട്. 1981 ൽ പണി ആരംഭിച്ച് 1994 ൽ പൂർത്തീകരിച്ചു. 498 ഹെക്ടറാണ് ജലസേചന ഭൂ വിസ്തൃതി. എന്നാൽ പദ്ധതി പൂർത്തീകരിച്ച് ഇതുവരേയും ഇതിൻെറ നാലിലൊന്ന് സ്ഥലത്തുപോലും ജലസേചനം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല. മെയിൻ കനാലിൻെറ ആയക്കെട്ട് ആയിട്ടുള്ള പാടശേഖരങ്ങളിൽ അല്പം പോലും വെള്ളമെത്തിയിട്ടില്ല. കനാലിൻെറ ഇരുവശങ്ങളിലുമുള്ള ഏതാനും തോട്ടങ്ങൾ നനക്കാൻ മാത്രമാണ് ഇത് പ്രയോജനപ്പെടുന്നത്. വെള്ളത്തിൻെറ അമിതോപയോഗം തടയണം. ഓരോ വിളകൾക്കും എത്രത്തോളം വെള്ളം നൽകണം എന്ന് കണക്കാക്കി കനാലിൽ നിന്ന് വെള്ളം തുറന്നു കൊടുക്കണം. ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയാലെ ഈ പദ്ധതി ഫലപ്രദമാക്കാൻ കഴിയൂ. വൈദ്യുതി രംഗത്തുള്ള പ്രശ്നങ്ങളും ഈ പദ്ധതിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതികളിൽ ഒന്നായ കാഞ്ഞിരപ്പുഴ പദ്ധതിയുടെ കനാലുകൾ അയൽ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു. കേവലം 1 1/2 കിലോ മീറ്റർ നീളത്തിൽ ഒരു ചെറിയ ശാഖാ കനാൽ മാത്രമാണ് ഈ പഞ്ചായത്തിലേക്കായി നിർമ്മിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനം ഇഴഞ്ഞു നീങ്ങുന്നതിനാൽ ഇതുവരേയും ഇതിൻെറ പ്രയോജനം ലഭിച്ചിട്ടില്ല. ഇപ്പോൾ നബാഡിൽ നിന്ന് കോടിക്കണക്കിനു രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഏതെങ്കിലും വിധത്തിൽ ചിലവഴിക്കുക എന്നതിനപ്പുറത്തേക്ക് കൃഷിക്കാർക്ക് ജലസേചനത്തിനാവശ്യമായ വെള്ളമെത്തിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളല്ല ലക്ഷ്യമിട്ടിരിക്കുന്നത്.

കരുമാനാം കുറുശ്ശി, ഹെൽത്ത് സെൻെറർ, തൂത എന്നിവിടങ്ങളിൽ പൊതുപമ്പ് സെറ്റ് പ്രവർത്തിക്കുന്നു. ജനകീയ സമിതികളാണ് ഇതിൻെറ മേൽ നോട്ടം നടത്തുന്നത്. സാമ്പത്തിക പ്രയാസങ്ങൾ പലപ്പോഴും പമ്പിംഗ് മുടങ്ങുന്നതിന് കാരണമാകുന്നു. വൈദ്യുതി രംഗത്തെ വോൾട്ടേജ് ക്ഷാമം, പവർകട്ട് മുതലായ പ്രശ്നങ്ങൾ ഈ ജലസേചന പദ്ധതികളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. യഥാർത്ഥത്തിൽ ഒരു ദിവസം പമ്പിംഗ് നടത്താൻ കഴിയുന്നത് അഞ്ചോ, ആറോ മണികൂറുകളാണ്.

പഞ്ചായത്തിലെ കിണറുകൾ കുളങ്ങൾ കോസ് ബാറുകൾ സംബന്ധിച്ച വിവരങ്ങൾചുവടെ ചേർക്കുന്നു.

**പട്ടിക - 6**

| വാർഡ് | പൊതുജലസേചന കിണർ | കുളങ്ങൾ എണ്ണം | ക്രോസ് എണ്ണം | ആയക്കെട്ട് ഹെക്ടർ |
|---|---|---|---|---|
| 1 | ഇല്ല | 20 | 2 | 40 |
| 2 | ഇല്ല | 15 | 2 | 30 |
| 3 | ഇല്ല | 12 | 1 | 18 |
| 4 | 1 | 25 | - | 30 |
| 5 | 1 | 18 | 1 | 25 |
| 6 | - | 25 | - | 22 |
| 7 | - | 30 | - | 40 |
| 8 | - | 16 | - | 28 |
| 9 | - | 18 | 1 | 32 |
| 10 | - | 20 | - | 45 |
| 11 | 1 | 10 | 1 | 38 |

**(അവലംബം - കൃഷിഭവൻ രേഖകൾ)**

ചെറുതും വലുതുമായ 209 കുളങ്ങൾ ഉണ്ട്. ഇവയിൽ താഴെ പറയുന്നവ 50 സെൻെറിലധികം വിസ്തീർണ്ണമുള്ള കുളങ്ങളാണ്.

1. കപ്പലക്കുളം, 2. കോട്ടയിൽ കുളം, 3. പാറക്കുളം, 4. താമരകുളം, 5. അടുക്കാം കുളം, 6. അട്ടക്കുളം, 7. എടാം കുളം, 8. ചോലകുളം, 9. കോട്ടക്കുളം, 10. തെക്കേകുളം, 11. ഓട്ടുപാറക്കുളം, 12.വെള്ളോട്ടുകുറുശ്ശിചോലകുളം(25 സെൻറ്), 13. വലിയകുളം, 14. കൊഴിഞ്ഞോടത്ത്കുളം, 15. പുതുകുളം(പന്നിയാംകുറുശ്ശി)ഇളം തിരുത്തികുളം, 17. ചാരക്കുളം, 18. വീതിക്കുളം, 19. ആല്യക്കുളം, 20. മേലേടത്ത്ക്കുളം, 21. പൊതുവാട്ടിൽകുളം, 22. തൃക്കോവിൽക്കു

ളം, 23. കൊടിയത്ത്കുളം.

ചെറുതും വലുതുമായ കുളങ്ങൾ പലതും കാലാകാലങ്ങളിൽ സംരക്ഷണമില്ലാത്തതിനാൽ ഇടിഞ്ഞ് തൂർന്ന് ജല ലഭ്യത വളരെ കുറഞ്ഞ അവസ്ഥയാണ്. ഇവ നന്നാക്കിയെടുത്ത് ജലസേചനത്തിന് ഉപയുക്തമാക്കാം. വേനൽക്കാല പച്ചക്കറി കൃഷിക്ക് ഇത്തരം കുളങ്ങൾ പ്രയോജനപ്പെടുത്താം. പംമ്പിഗ് നടത്താൻ മാത്രം ജലസമ്പത്തുള്ള കുളങ്ങളാണ് അടുക്കാംകുളം,ചോലക്കളം, എടാംകുളം, വലിയകുളം എന്നിവ. നിലവിലുള്ള ക്രോസ് ബാറുകളുടെ ചീർപ്പുകൾ നശിച്ചുപോയതിനാലും അറ്റകുറ്റ പണികൾ ഇല്ലാത്തതിനാലും ഉപയോഗ്യമല്ല.

## വളം കീടനാശിനി

പഞ്ചായത്തിൽ രാസവളം കീടനാശിനികൾ എന്നിവ വില്പന നടത്തുന്നതിന് രണ്ട് ഏജൻസികൾ ഉണ്ട്. ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണബാങ്കും, ഒരു സ്വകാര്യ ഏജൻസിയും. ഇതിൻെറ സേവനം അയൽ പഞ്ചായത്തുകൾ കൂടി പ്രയോജനപ്പെടുത്തുന്നു എന്നതിനാൽ പഞ്ചായത്തിലെ രാസവസ്തു-കീടനാശിനി ഉപയോഗത്തിൻെറ കണക്കുകൾ ലഭ്യമല്ല. ലഭ്യമായ കണക്കുകളിൽ നിന്ന് രാസവസ്തു-കീടനാശിനി ഉപയോഗം വർദ്ധിച്ചു വരുന്നതായി കാണുന്നു. കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിച്ച് വള പ്രയോഗം ശാസ്ത്രീയമാക്കാൻ കഴിഞ്ഞിട്ടില്ല. മണ്ണിൻെറ അമ്ല സ്വഭാവം വർദ്ധിച്ചുവരുന്നു. കീടനാശിനികളെ അതിജീവിക്കാൻ കഴിവുള്ള കീടങ്ങൾ പെരുകുന്നതിനാൽ കീടനാശിനികൾ അമിതമായി പ്രയോഗിക്കേണ്ടി വരുന്നു. അശാസ്ത്രീയമായ വളപ്രയോഗം വിളകളുടെ സ്വാഭാവികമായ രോഗപ്രതിരോധശേഷിയെ പ്രതികൂലമായി ബാധിക്കുന്നു.

## ബാങ്ക് വായ്പാ സൗകര്യങ്ങൾ

ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, ഒറ്റപ്പാലം കാർഷിക വികസനബാങ്ക്, എസ്.ബി.ടി എന്നീ ബാങ്കുകളിലൂടെ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബാങ്ക് ആയ സർവ്വീസ് സഹകരണബാങ്ക് കാർഷികാവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള വായ്പ 14 ലക്ഷം രൂപയാണ്. ബാങ്കിൻെറ സാധ്യതയുടെ ചെറിയൊരു ശതമാനംപോലും ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കാർഷിക വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്കായാണ് ഉപയോഗപ്പെടുത്തുന്നത്. വായ്പാനിയമങ്ങളും കാലതാമസവും സൗകര്യങ്ങൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയാത്തതിന് കാരണമാണ്.

## കൃഷിഭവൻ

ചെർപ്പുളശ്ശേരി കൃഷി ഭവൻ പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ്. ഒരു കൃഷി ഓഫീസർ മൂന്ന് കൃഷി അസിസ്റ്റൻറുമാർ, ഒരു പി.ടി.എസ് എന്നിങ്ങനെ അഞ്ച് ജീവനക്കാരുണ്ട്. ക്ലാർക്ക് ഇല്ല. ഓഫീസ് ജോലികൾ കൃഷി അസിസ്റ്റൻറുമാർ തന്നെ ചെയ്യേണ്ടതുകൊണ്ട് അവരുടെ മുഴുവൻ സേവനങ്ങളും കൃഷിയിടങ്ങളിൽ എത്തുന്നില്ല. കൃഷി ഭവനുമായി നിരന്തരബന്ധമുള്ള ഏതാനും ആളുകൾ എല്ലാ സ്കീമുകളുടെയും ഗുണഭോക്താക്കളായി മാറുന്നു. ഭൂരിഭാഗവും കൃഷിക്കാരും അതതു കാലത്ത് കൃഷിഭവൻ നടപ്പാക്കുന്ന സ്കീമുകളെക്കുറിച്ച് അറിയുന്നില്ല.

നടീൽ വസ്തുക്കളുടെയും വിത്തുകളുടെയും അപര്യാപ്തയാണ് കൃഷിഭവൻ നേരിടുന്ന ഒരു പ്രധാനപ്രശ്നം. തെങ്ങിൻതൈ, പച്ചക്കറിവിത്ത്, പയർവിത്ത് എന്നിവ കൃഷിഭവനിലൂടെ ഇപ്പോൾ വിതരണം നടത്തികൊണ്ടിരിക്കുന്നു. മിക്കപ്പോഴും നടീൽ വസ്തുക്കൾ വിതരണത്തിനായി എത്തുന്നത് സീസണ്‍ കഴിഞ്ഞതിനുശേഷമാണ്. അതുകൊണ്ടുതന്നെ ഇത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നില്ല. നടീൽ വസ്തുക്കൾ സർക്കാർ ഫാമുകൾവഴിയും സർക്കാർ അംഗീകൃത സ്വകാര്യ ഏജൻസികളിൽ നിന്നുമാണ് ലഭിക്കുന്നത്. എന്നാൽ ഗവണ്‍മെൻെറ് അംഗീകൃത ഫാമുകളൊന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

പഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ചുവരുന്ന നാളികേര കർഷക സമിതി മുഖേന തെങ്ങ് കൃഷിക്കാർക്ക് വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

### പട്ടിക 8

| നമ്പർ | ഇനം | എണ്ണം | സബ്സിഡി നിരക്ക് | വിതരണം ചെയ്ത തുക |
|---|---|---|---|---|
| 1 | കിണർ | 21 | 2500 | 52500 |
| 2 | പമ്പ് സെറ്റ് | 10 | 2500 | 2500 |
| 3 | സ്പ്രെയർ | 1 | 1000 | 1000 |
| 4 | തെങ്ങുകയറ്റ യന്ത്രം | 2 | 1000 | 2000 |
| | ആകെ | | | 79500 |

ഈ പദ്ധതി പൂർണ്ണമായും വായ്പാ പദ്ധതിയാണ്. വായ്പ വാങ്ങിയില്ലെങ്കിൽ സബ്സിഡി ലഭിക്കില്ല എന്ന സ്ഥിതി മാറണം. പമ്പുസെറ്റുകൾ അനുവദിക്കുമ്പോൾ കൃഷിയിടത്തിലെ ജലലഭ്യത കൂടി കണക്കിലെടുക്കണം.

96-97 വർഷത്തിൽ കശുമാവ് വികസന പദ്ധതിപ്രകാരം 2400 കശുമാവിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നടീൽ ചിലവിലേക്കായി തൈ ഒന്നിന് 3 രൂപ പ്രകാരം അനുവദിച്ചിട്ടുണ്ട്. കുരുമുളക് പുനരുദ്ധാരണ പദ്ധതിയനുസരിച്ച് രോഗംവന്ന വള്ളികൾ വെട്ടിമാറ്റി പുതി

യത് വെച്ചുപിടിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് ഒന്നാം വർഷം 3500രൂപരണ്ടാം വർഷം1300 രൂപ, മൂന്നാം വർഷം 1600 രൂപ എന്ന തോതിൽ സബ്സിഡി നല്കുന്നു. ഈ പദ്ധതി 96-97 വർഷത്തിൽ നടപ്പാക്കാൻ ബാക്കി നിൽക്കുന്നു. പുതിയ തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ പദ്ധതിയനുശരിച്ച് ഹെക്ടറൊന്നിന്ഒന്നാം വർഷം 5000 രൂപ രണ്ടാം വർഷം 3000 രൂപ മൂന്നാം വർഷം 2000 രൂപ തോതിൽ സബ്സിഡിയുണ്ട്. എന്നാൽ ഈ പദ്ധതികൾ പ്രയോജനപ്പെടുത്താൻ കർഷകർ തയ്യാറാവുന്നില്ല. പദ്ധതിയനുശരിച്ച് കൃഷിചെയ്യാൻ തയ്യാറുള്ള കർഷകരെ കണ്ടെത്തുന്നതിന് കൃഷിഭവനും കഴിഞ്ഞിട്ടില്ല.

## നീർത്തടങ്ങൾ

പട്ടിങ്ങാം തോടിൻെറയും കാക്കതോട് കാക്കതോടിൻെറ കൈവഴികളും വെള്ളോട്ടുകുറുശ്ശി എന്നിവയുടെയും വൃഷ്ടി പ്രദേശങ്ങൾ ഉൾപ്പെടുന്ന നാല് പ്രകൃതിദത്ത നീർമറികളിൽ ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിയിടങ്ങളും. ഇക്കാര്യത്തിലേക്കായി പ്രത്യേക സർവേ നടത്തണം. ഇതിൽ പട്ടിങ്ങാം തോട് അടിസ്ഥാനമാക്കി കാറൽമണ്ണ നീർമറി വികസന പരിപാടി നടപ്പാക്കികൊണ്ടിരിക്കുന്നു. എന്നാൽഇത് ഫലപ്രദമായിട്ടില്ല. പഞ്ചായത്തിൻെറ മുഴുവൻ ഭാഗങ്ങളും കേന്ദ്രഗവൺമെൻെറ് വികസനപരിപാടിയിൽ ഉൾപ്പെടുത്താത്തതിനാൽ അസമയമായ വികസനപ്രക്രിയക്ക് കാരണമായി തീരുന്നു. താഴെപറയുന്നവ പഞ്ചായത്തിലെ വാട്ടർഷെഡുകളാണ്.

1. കാറൽമണ്ണ വാട്ടർ ഷെഡ് 2. ചെർപ്പുളശ്ശേരി വാട്ടർഷെഡ് 3. കരുമാനാം കുറുശ്ശി വാട്ടർഷെഡ്
4. വെള്ളോട്ടു കുറുശ്ശി വാട്ടർഷെഡ്.

## മണ്ണ് –ജലസംരക്ഷണം

മുൻ കാലങ്ങളിൽ വരമ്പുകൾ സസ്യവേലികൾ എന്നിവ നിർമ്മിച്ചും പറമ്പുകൾ കൊത്തിയിളക്കിയിട്ടും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷികവൃത്തിയോട് വന്ന വിമുഖതയും മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങളെ ബാധിച്ചു. സർപ്പക്കാവുകളും, കുന്നിൻചെരുവിൽ ഉണ്ടായിരുന്ന സസ്യാവരണവും നശിപ്പിക്കപ്പെട്ടു. മണ്ണൊലിപ്പും വരൾച്ചയും വ്യാപകമായി. ഇപ്പോഴും വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ഏതാനുംചെറിയ പാമ്പിൻകാവുകൾ ഉണ്ട്.

## പ്രശ്നങ്ങൾ

- ❑ കൂട്ടുമുണ്ടകം കൃഷിരീതി ഉൽപ്പാദനക്കുറവിന് കാരണമാകുന്നു.
- ❑ ജൈവവളത്തിൻെറ അപര്യാപ്തത.
- ❑ മണ്ണുപരിശോധനാ സംവിധാനത്തിൻെറ പ്രയോജനം കൃഷിക്കാർക്ക് ലഭിക്കുന്നില്ല.
- ❑ വർദ്ധിച്ചു വരുന്ന കാർഷികച്ചിലവ്- ഇത് കുറക്കുന്നതിനാവശ്യമായ നടപടികളുടെ അപര്യാപ്തത
- ❑ കൃഷി വികസനത്തിനായി ഗവ. പ്രഖ്യാപിക്കുന്ന പദ്ധതികളെക്കുറിച്ചും സ്കീമുകളെക്കുറിച്ചും കൃഷിക്കാർക്കറിയുന്നില്ല.
- ❑ ആധുനിക കൃഷിരീതികളെക്കുറിച്ച് കാർഷിക വിദ്യാഭ്യാസത്തിൻെറ കുറവ്
- ❑ ട്രാക്ടർ, ട്രില്ലർ മുതലായവ പാടശേഖരങ്ങളിൽ പ്രയോജനപ്പെടുത്താൻ തട്ടുതട്ടായ കൃഷിഭൂമി തടസ്സമായി നിൽക്കുന്നു. പല പാടശേഖരങ്ങളിലും ട്രാക്ടർ എത്തിക്കാൻ വേണ്ടത്ര സൗകര്യങ്ങളില്ല.
- ❑ മണ്ണ്-ജല സംരക്ഷണ നടപടികളുടെ അപര്യാപ്തത
- ❑ പുതിയ വിത്തിനങ്ങളുടെ ലഭ്യതക്കുറവ് യഥാസമയം കിട്ടായ്മ
- ❑ കൃഷിക്കാരുടെ കൂട്ടായ്മ നഷ്ടപ്പെട്ടു. പാടശേഖര സമിതികൾ പ്രവർത്തനക്ഷമമല്ല.
- ❑ കൃഷിഭവൻ പ്രവർത്തനത്തിലെ അപര്യാപ്തത
- ❑ വൈദ്യുതിക്ഷാമം ജലസേചനത്തെ ബാധിക്കുന്നു
- ❑ പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്നില്ല
- ❑ പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ
- ❑ കാർഷിക വായ്പകളുടെ ഉയർന്ന പലിശ നിരക്ക്-
- ❑ വായ്പാനിയമങ്ങളുടെ സങ്കീർണതകൾ
- ❑ നടീൽ വസ്തുക്കൾ യഥാസമയം ലഭിക്കുന്നില്ല
- ❑ വിപണിസൗകര്യമില്ല. കൃഷിക്കാർ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു
- ❑ ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത
- ❑ കൃഷിയിടങ്ങളിൽ യഥാസമയം വരമ്പുകളിട്ട് സംരക്ഷിക്കാത്തതിൻെറ ഫലമായുണ്ടാകുന്ന മണ്ണൊലിപ്പ്
- ❑ അലഞ്ഞുതിരിയുന്ന കന്നുകാലികൾ വിളകൾക്ക് നാശനഷ്ടങ്ങളുണ്ടാക്കുന്നു
- ❑ കൃഷി മോശപ്പെട്ടതൊഴിലായി നോക്കിക്കാണുന്ന സാമൂഹിക മനസ്ഥിതി കൃഷിക്കാർക്ക് സാമൂഹിക അംഗീകാരം ലഭിക്കുന്നില്ല.
- ❑ ഇന്നത്തെ വിദ്യാഭ്യാസ രീതി കുട്ടികളെ മണ്ണിൽനിന്നും കൃഷിയിൽനിന്നും അകറ്റുന്നു
- ❑ മണ്ണിൻെറ ഫലപുഷ്ടിക്കുറവ്
- ❑ കാർഷികവിഭവങ്ങളുടെ സംസ്കരണ സംവിധാനങ്ങ

ളുടെ അപര്യാപ്തത

## നിർദ്ദേശങ്ങൾ

- ഗ്രൂപ്പ് ഫാമിംഗ് - നെൽകൃഷിക്ക് ഇപ്പോഴുള്ള പാടശേഖര കമ്മറ്റികൾ ഫലപ്രദമാക്കണം.ഈ കമ്മറ്റികളിൽ വാർഡ്മെമ്പർമാർ സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർക്ക് പ്രാതിനിധ്യം നൽകണം. ഇത്തരംകമ്മറ്റികളിലൂടെ ഗ്രൂപ്പ്ഫാമിംഗ് ഫലവത്താക്കണം
- ഇതേമാതൃകയിൽ തെങ്ങ്കൃഷി കമ്മറ്റികൾ വാർഡ് തലത്തിൽ സംഘടിപ്പിക്കണം
- ഓരോ പാടശേഖര തെങ്ങ്കൃഷിക്കമ്മറ്റികളുടെയും നേതൃത്വത്തിൽ കാർഷിക വാർത്താ ബോർഡുകൾ സ്ഥാപിക്കണം. കാർഷികരംഗത്തുള്ള വിവിധ സ്കീമുകളും ആനുകൂല്യങ്ങളും ഇത്തരം വാർത്താ ബോർഡുകളിൽ യഥാസമയം പ്രദർശിപ്പിക്കണം
- കാർഷികോത്പാദനച്ചിലവ് കുറക്കുന്നതിനായി കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കണം. ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് മെതി യന്ത്രങ്ങൾ മുതലായവ ഓരോ പാടശേഖരക്കമ്മറ്റികൾക്കും ഉണ്ടായിരിക്കണം
- ഇത്തരം യന്ത്രോപകരണങ്ങൾ പാടശേഖരങ്ങളിൽ എത്തിക്കാൻതക്കവണ്ണം പാടശേഖരങ്ങളെ റോഡുമായിബന്ധിപ്പിക്കണം. തട്ടുതട്ടായിക്കിടക്കുന്ന പാടശേഖരങ്ങളിൽ `റാമ്പുകൾ' നിർമ്മിക്കണം
- കൂട്ടുമുണ്ടകം കൃഷിരീതി അവസാനിപ്പിക്കണം. ഒറ്റവിളകൾക്ക് കൂടുതൽ ഉത്പാദക ബോണസ്സ്.
- വിത്തിനങ്ങൾ - കൂടുതൽഉത്പാദനശേഷിയുള്ള വിത്തിനങ്ങൾ യഥാസമയം ലഭിക്കുന്നതിനുള്ളസൗകര്യം ഉണ്ടാക്കണം. പ്രാദേശികമായി വിത്തുത്പാദിപ്പിക്കുന്നതിന് പാടശേഖരസമിതികൾ പ്രയോജനപ്പെടുത്തണം.
- **പച്ചക്കറി** - ഗുണമേന്മയുള്ളവിത്തിനങ്ങൾ സംഭരിച്ച് വേനൽക്കാലത്തെ ഒഴിഞ്ഞു കിടക്കുന്ന പാടശേഖരങ്ങളിൽ നിലവിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി കൃഷിക്കാർ, തൊഴിൽരഹിതരായ ചെറുപ്പക്കാർ, സ്ത്രീകൾ, കർഷക തൊഴിലാളികൾ, എന്നിവരെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപകമാക്കുവാൻ കഴിയും. കൂട്ടുകൃഷി സമ്പ്രദായം ഉപയോഗപ്പെടുത്താൻ കഴിയും. മഴക്കാലത്ത് അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച്കൊണ്ട് വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാവുന്നതാണ്. ചെർപ്പുളശ്ശേരി ഹൈസ്ക്കൂളിൻെറ ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം. രണ്ടര ഹെക്ടർ- സ്ക്കൂൾ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് പച്ചക്കറികൃഷിക്ക് പ്രയോജനപ്പെടുത്തണം. വീടൊന്നിന് ഒരു പപ്പായ, ഒരു മുരിങ്ങമരം എന്ന പരിപാടി നടപ്പാക്കണം.
- **സുഗന്ധവിളകൾ** - ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവിളകൾക്ക് വികസനസാദ്ധ്യതകളുണ്ട്. തെങ്ങിൻതോട്ടങ്ങളിൽ ഇടവിലയായി കൃഷി വ്യാപിപ്പിക്കാം. ഇക്കാര്യത്തിനായി തെങ്ങ് കൃഷിക്കമ്മറ്റികൾ ഉപയോഗപ്പെടുത്താൻ കഴിയും. സുഗന്ധവിളകളുടെ സംസ്കരണവും സംഭരണവും നടത്തുന്നതിന് സഹകരണ സംഘങ്ങൾ മുഖേന സംവിധാനം ഏർപ്പെടുത്തണം.
- **നഴ്സറികൾ** - പഞ്ചായത്തിലെ നടീൽ വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കണം. യഥാസമയങ്ങളിൽ കൃഷിക്കാർക്ക് ലഭ്യമാക്കാൻ കഴിയണം. ഇക്കാര്യത്തിലേക്കായി പഞ്ചായത്തിലെ തന്നെ സഹകരണാടിസ്ഥാനത്തിൽ നഴ്സറികൾ സ്ഥാപിക്കണം. സ്വകാര്യ നഴ്സറികളും പ്രോൽസാപ്പിക്കേണ്ടതാണ്.
- **കീടനാശിനി** - ശരിയായ സംരക്ഷാ സംവിധാനങ്ങളില്ലാതെ അമിതമായി കീടനാശിനി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണം. ബോധവത്കരണം നടത്തുന്നതിന് ക്ളാസുകൾ സംഘടിപ്പിക്കണം. ജൈവകീടനാശിനികൾ പ്രോതസാഹിപ്പിക്കണം
- **വളങ്ങൾ** - അറവുശാലകൾ കോഴിഫാമുകൾ എന്നിവയിലെ വെയ്സ്റ്റുകൾ, പഴം-പച്ചക്കറിക്കടകളിലെ വെയ്സ്റ്റുകൾ, മറ്റു നഗര മാലിന്യങ്ങൾ മുതലായവ സംസ്ക്കരിച്ച് ജൈവവളമാക്കിമാറ്റണം. ഈ മാലിന്യങ്ങൾ വൻതോതിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതു തടയാൻ കഴിയും. പുഴ-റോഡ് പുറമ്പോക്കുകളിൽ വൻ വൃക്ഷങ്ങൾക്കു പകരം ധാരാളം പച്ചില വളം ലഭുക്കുന്ന ചെടികൾ വെച്ചുപിടിപ്പിക്കണം.11-ാം വാർഡിലെ ഫോറസ്റ്റ് പുറമ്പോക്ക് ഇതിലേക്കായി ഉപയോഗപ്പെടുത്തണം. ഇതിൻെറ ലേലത്തിലൂടെ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാം. സസ്യവേലികൾ പ്രോത്സാഹിപ്പിക്കണം. പാടശേഖരങ്ങളിൽ ഡൈഞ്ച തുടങ്ങിയ പച്ചില വളങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കണം. രാസവസ്തുക്കളുടെ അമിതോപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് പരിപാടി തയ്യാറാക്കണം. മണ്ണിര കമ്പോസ്റ്റ്,ജീവാണു വളം മുതലായവ പരിചയപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.
- **മണ്ണ് ജലസംരക്ഷണം** - വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ മണ്ണ-ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം.
- **കൃഷി ഭവൻ പ്രവർത്തനം** - കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമാക്കണം. കൃഷി ഉദ്യോഗസ്ഥൻമാരുടെ സേവനം പാടശേഖരങ്ങളിലും കൃഷിയിടങ്ങളിലും

എത്തിക്കണം. ഉദ്യോഗസ്ഥർ കൃഷിക്കാരന്റെ വഴി കാട്ടിയായി മാറണം. ഇതിനെ പാടശേഖര കമ്മിറ്റികൾഎന്നിവ പ്രയോജനപ്പെടുത്തണം. മാസത്തിലൊരിക്കൽ കൃഷിക്കാരുടെ യോഗം വിളിച്ച് ആനുകൂല്യങ്ങളും സ്കീമുകളും വിശദീകരിക്കണം. പ്രശ്നങ്ങൾ ചർച്ച ചെയ്യണം. കൃഷിഭവനിൽ ക്ലർക്കിനെ നിയമിക്കണം. ഇതിലേക്കായി മറ്റു വകുപ്പുകളിൽ നിന്ന് ഡെപ്യൂടേഷൻ അടിസ്ഥാനത്തിൽ നിയമനം നടത്തണം.

- ❑ **മണ്ണുപരിശോധന** – കാലാകാലങ്ങളിൽ മണ്ണിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നതിനും സംവിധാനം വേണം.
- ❑ **വിള ഇൻഷൂറൻസ്** – പ്രകൃതിക്ഷോഭങ്ങളാലും മറ്റും വിളകൾ നശിപ്പിക്കുമ്പോൾ കൃഷിക്കാർക്ക് ആശ്വാസം ലഭിക്കുന്നതരത്തിൽ കാർഷിക വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് ഏർപ്പെടുത്തണം. ഇത് കൃഷിക്കാരിൽ ആത്മവിശ്വാസം വളർത്തുന്നതിന് സഹായകമാണ്.
- ❑ വിവിധ സ്കീമുകളിൽ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഉയർത്തണം.
- ❑ കാർഷിക ആവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതി (എല്ലാ വിളകൾക്കും) സൗജന്യമാക്കണം. ജലസേചനാവശ്യത്തിന് അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണം.
- ❑ **പുഷ്പ കൃഷി** – പുഷ്പകൃഷിയുടെ സാധ്യത ഉപയോഗപ്പെടുത്തണം. ഇതിലേക്കായി നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന നേഴ്സറികൾ ആരംഭിക്കണം. ഇത് ചുരുങ്ങിയ വിലക്ക് ലഭ്യമാക്കണം. തൊഴിൽ രഹിതരായ വീട്ടമ്മമാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പുഷ്പകൃഷിയുടെ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയണം. ബോധവൽക്കരണ പരിശീലനവും ആവശ്യമാണ്.
- ❑ **വിപണി** – കാർഷികോൽപ്പനങ്ങൾക്ക് പഞ്ചായത്തിൽ തന്നെ വിപണന സൗകര്യം ഉണ്ടാകണം. സഹകരണ ഫാമിങ്ങ് സൊസൈറ്റി രൂപീകരിച്ച് തേങ്ങ, റബ്ബർ, മലഞ്ചരക്കുകൾ മുതലായവയുടെ സംഭരണവും സംസ്ക്കരണവും വിപണനവും നടത്താൻ കഴിഞ്ഞാൽഈ രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാം. പച്ചക്കറി വികസനത്തോടൊപ്പംതന്നെ വിപണന സൗകര്യവും കണ്ടെത്തണം. ഇതിലേക്കായി ചെർപ്പുളശ്ശേരിയിൽ പൊതുചന്ത ആരംഭിക്കണം. സഹകരണസംഘങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ പച്ചക്കറി സംഭരണവും വിപണനവും ഏറ്റെടുത്താൽ കൃഷിക്കാരന് കൂടുതൽ ആത്മവിശ്വാസം നൽകാൻ കഴിയും. നെല്ലിന് താങ്ങുവില ഏർപ്പെടുത്തണം.
- ❑ **വായ്പകൾ** – കാർഷിക വായ്പകൾക്കുള്ള നിയമങ്ങൾ ലളിതമാക്കണം. പലിശ നിരക്ക് 10%മായി കുറക്കണം.
- ❑ നെൽപ്പാടങ്ങൾ നികത്തുന്നത് തടയാൻ നിയമം കർശനമാക്കണം.
- ❑ കൃഷി സ്ക്കൂൾ തലത്തിൽ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- ❑ അലഞ്ഞു തിരിയുന്ന കന്നുകാലികൾ വിളനാശത്തിന് കാരണമായി തീരുന്നു. കന്നുകാലികളെ കയറൂരി വിടുന്നതു തടയാൻ നിയമം ഉണ്ടാക്കണം. ഉടമസ്ഥരിൽ നിന്ന്പിഴ ഈടാക്കണം.
- ❑ **ജലസേചനം** – പഞ്ചായത്തിലുള്ള കുളങ്ങൾ ആഴം കൂട്ടി സംരക്ഷിക്കണം. പൊതുവായി ഉപയോഗിക്കപ്പെടുന്ന സ്വകാര്യ കുളങ്ങൾ നാട്ടുകാരുടെ സഹകരണത്തോടെ നന്നാക്കിയെടുക്കാൻ കഴിയും. സ്വകാര്യകുളങ്ങളുടെ സംരക്ഷണത്തിന് പ്രോൽസാഹനം നൽകണം.
- ❑ കാറൽമണ്ണ ലിഫ്റ്റ് ഇറിഗ്രേഷൻ കാര്യക്ഷമമാക്കണം. ആയക്കെട്ട് പ്രദേശത്തുള്ള പാടങ്ങളിൽമൂന്നാം വിളക്ക് വെള്ളം നൽകണം. പച്ചക്കറി കൃഷിക്കായി പ്രയോജനപ്പെടുത്തണം. തോട്ടങ്ങൾക്ക് അനുവദിക്കാവുന്ന വെള്ളത്തിന്റെ അളവ് നിജപ്പെടുത്തണം.
- ❑ കാറൽമണ്ണ ലിഫ്റ്റ് ഇറിഗ്രേഷൻ പദ്ധതി വിപുലീകരിച്ച് 2,3,4,5,6 വാർഡുകൾക്കു കൂടി പ്രയോജനപ്പെടുത്തണം. ഇതിന് പര്യാപ്തമായ വിധത്തിൽ മറ്റൊരു ലിഫ്റ്റ് ഇറിഗ്രേഷൻപദ്ധതി ആരംഭിക്കേണ്ടതാണ്.
- ❑ കാറൽമണ്ണ ലിഫ്റ്റ് ഇറിഗ്രേഷൻ കാര്യക്ഷമമാക്കുന്നതിന് വൈദ്യുതിക്ഷാമം പരിഹരിക്കപ്പെടണം. ചെർപ്പുളശ്ശേരി 110 KV സബ്സ്റ്റേഷൻ പണി പൂർത്തിയാക്കണം. പമ്പ് ഹൗസിലേക്ക് പ്രത്യേക ലൈൻ അനുവദിക്കണം.
- ❑ കുറഞ്ഞ ജലം കൊണ്ട് ജലസേചനം നടത്തുന്ന ഡ്രിപ്പ് ഇറിഗ്രേഷൻ പ്രചരിപ്പിക്കണം, പ്രോൽസാഹനം നൽകണം. കാറൽമണ്ണ ലിഫ്റ്റ് ഇറിഗ്രേഷൻ പ്രദേശങ്ങളിലെ തോട്ടങ്ങൾക്ക് ഈ രീതി ഉപയോഗപ്പെടുത്തിയാലേ ആയക്കെട്ടു പ്രദേശം മുഴുവൻ ജലസേചന സൗകര്യം എത്തിക്കാൻ കഴിയൂ.
- ❑ കരുമാനാംകുർശ്ശിയിലെ പുളിക്കുഴി ലിഫ്റ്റ് ഇറിഗ്രേഷൻ വിപുലീകരിച്ച് ആനക്കുണ്ട്പാടത്ത് ജലസേചന സൗകര്യം എത്തിക്കണം.
- ❑ ഹെൽത്ത് സെൻറർ, ലിഫ്റ്റ് ഇറിഗേഷൻ, മോട്ടോർ ശക്തി കൂട്ടി ഫലപ്രദമാക്കണം. പൂടിപ്പാടത്ത് മൂന്നാം വിളക്ക് ജലസേചനം നടത്തണം.
- ❑ തൂത ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരിച്ച് കോലോത്ത് പാടത്ത് ജലസേചനസൗകര്യം എത്തിക്കണം.
- ❑ തൂത പുഴയിൽ വീട്ടിക്കാട് ഓന്തൻപാറയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കി 8,11 വാർഡുകളിൽ

ജലസേചനം നടത്താൻ സാധ്യതയുണ്ട്. ഇത് ഉപയോഗപ്പെടുത്തണം.

- ❑ കാറൽമണ്ണ ഹെൽത്ത് സെൻറർ പദ്ധതികളിലെ അധികജലം പട്ടിങ്ങാം തോടിന് പള്ള്യാൽപാടത്ത് കെട്ടി സംരക്ഷിച്ച് ഉപ്പും മുറി പാടശേഖരങ്ങളിലേക്ക് പമ്പിങ്ങ് നടത്താൻ സാധ്യതയുണ്ട്.
- ❑ കപ്പലപാടത്ത് നീർക്കെട്ട് ഒഴിവാക്കുന്നതിനായി കപ്പലപാടം മുതൽ മുടച്ചേക്ക വരെ 350മീറ്റർ നീളത്തിൽ കനാൽ നിർമ്മിക്കണം.
- ❑ വെള്ളോട്ടുകുറുശ്ശി-ചോലക്കുളം, വലിയകുളം എന്നിവ ആഴം കൂട്ടി സംരക്ഷിച്ച് വെള്ളോട്ടുകുറുശ്ശി പാടത്തേക്ക് കനാൽ നിർമ്മിച്ചാൽ ഈ പാടശേഖരത്തിൽ രണ്ടാം വിളക്ക് ജലസേചനം നടത്താം. പച്ചക്കറി കൃഷിക്ക് പ്രയോജനപ്പെടുത്താം.

പഞ്ചായത്തിലൂടെ ഒഴുകുന്ന തോടുകളും ഈ തോടുകളിൽ നിർമ്മിക്കേണ്ട ബി.സി.ആർ, വി.സി.ബി ഷട്ടറോടു കൂടിയ വിയർ എന്നിവ സംബന്ധിച്ച് ഗ്രാമസഭാ നിർദ്ദേശങ്ങൾചുവടെ കൊടുക്കുന്നു.

| വാർഡ് | തോടിൻെറ പേർ | നിർമ്മാണപ്രവർത്തനം നടത്തേണ്ട സ്ഥലം | നടത്തേണ്ട നിർമ്മാണ പ്രവർത്തനം |
|---|---|---|---|
| 1 | കാക്കത്തോട് | ഇളംതിരുത്തിക്കടവ്,<br>വിളക്കുപാടം,<br>പാലത്തുംകുഴി | B.C.R<br>V.C.B,<br>V.C.B |
| 2 | 1,2 വാർഡുകളെ പുത്തൻ തോട്<br><br>കാക്കത്തോട് | 26 കരുമാനാംകുറുശ്ശി<br>പൂക്കോട്ടുമോഴമംഗലം<br>സ്രാമ്പിക്കൽ<br>മേനോൻപടി, കളത്തിൽപടി | V.C.B<br>V.C.B<br>വിയർ<br>വിയർ |
| 3 | കാക്കതോട് | ആലുംപാറ | വിയർ |
| 4 | പറച്ചിതോട് | കുരമ്പ<br>ചളവറ പോസ്റ്റോഫീസ് തോടിനു താഴെ<br>അരങ്ങമല്ലി | V.C.B<br>V.C.B<br>വിയർ |
| 5 | പട്ടിങ്ങാം തോട് | പള്ള്യാൽപടി<br>പാത്തിക്കൽകണ്ടം<br>ചിറേപാടം | വിയർ<br>V.C.B<br>വിയർ |

ഈ നിർദ്ദേശങ്ങളുടെ പ്രായോഗിക വശങ്ങളെ സംബന്ധിച്ച് പഠനം നടത്താൻ കഴിഞ്ഞിട്ടില്ല. വിശദമായ സർവ്വേ നടത്തേണ്ടതാണ്.

- ❑ സ്രാമ്പിക്കൽപടി V.C.Bയിൽ നിന്ന് വെള്ളം ലിഫ്റ്റ് ചെയ്ത് ആനക്കുണ്ട് പാടത്ത് ജലസേചനസൗകര്യം എത്തിക്കണം.
- ❑ പട്ടിങ്ങാംതോട്ടിലെ ആനക്കുണ്ട് ക്രോസ്സ് ബാറിൻെറ ചോർച്ച തീർക്കണം. ഷട്ടറുകൾ നശിച്ച് ഉപയോഗശൂന്യമായ ക്രോസ്സ്ബാറുകൾക്ക് ഷട്ടറുകൾ നിർമ്മിച്ച് ഉപയോഗപ്രദമാക്കണം.
- ❑ തോടുകൾക്കും കൈത്തോടുകൾക്കും ആവശ്യമായ സ്ഥലങ്ങളിൽ സൈഡ് കെട്ടണം. (ഇതിലേക്കായി സർവ്വേ നടത്തണം)
- ❑ കൃഷിക്കാരെയും കർഷകതൊഴിലാളികളെയും അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ നൽകണം. കർഷകമേളകളും കാർഷികപ്രദർശങ്ങളും സംഘടിപ്പിക്കണം.
- ❑ ജലലഭ്യതയുടെ സർവ്വേ നടത്തി പള്ള്യാലകളിലും പാടങ്ങളിലും വേനൽക്കാല പച്ചക്കറികൃഷിക്ക് ഉതകുന്ന തരത്തിൽ ജലസേചന കിണറുകൾ നിർമ്മിക്കണം.

ചെർപ്പുളശ്ശേരിയുടെ സമഗ്രമായ കാർഷിക പുരോഗതിക്കും വികസനത്തിനും ഉതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ജനകീയാസൂത്രണപദ്ധതിയുടെ പാഠങ്ങൾ ഉൾകൊള്ളാൻ ചെർപ്പുളശ്ശേരിയിലെ കർഷക ജനത തയ്യാറായി കഴിഞ്ഞു. കാർഷിക മേഖലയുടെ വികസന പരിപാടികൾക്ക് സമ്പത്തും അദ്ധ്വാനവും നൽകികൊണ്ട് നാടിൻെറ വികസനത്തിൽ പങ്കാളികളാകാനും, സ്വന്തം ജീവിത പുരോഗതിക്കായി എല്ലാ വ്യത്യാസങ്ങൾക്കും അതീതമായി കൈകോർത്തു നിൽക്കാൻ ഒരു പുത്തൻ വികസന സംസ്ക്കാരത്തിൻെറ ഉടമകളായി തീരാനും തയ്യാറായിട്ടുള്ള നമ്മുടെ കർഷക ജനതയോടൊപ്പം നമുക്ക് മുന്നേറാം.

# മൃഗസംരക്ഷണം

നമ്മുടെ നാടിൻെറ സാമ്പത്തികപുരോഗതിയിൽ മൃഗസംരക്ഷണത്തിനുള്ള പങ്ക് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ അഭിമാനാർഹമാണ്. കാർഷികമേഖലയിൽനിന്ന് ലഭിക്കുന്ന സാമ്പത്തിക വരുമാനത്തിൻെറ 40% മൃഗസംരകഷണ മേഖലയിൽ നിന്നാണ് ലഭ്യമാകുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ഈ മേഖലയുടെ വികസനപരിപാടികൾ ആസൂത്രണം ചെയ്യാൻ നാം ബാദ്ധ്യസ്ഥരാണ്.

ചെർപ്പുളശ്ശേരി പഞ്ചായത്തിൽ പണ്ടുമുതൽ തന്നെ ധാരാളം ആളുകൾ മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരുന്നു. പശു, പോത്ത്, എരുമ, ആട്, കോഴി തുടങ്ങിയ നാടൻ ഇനങ്ങളാണ് ഉണ്ടായിരുന്നത്. മുൻകാലങ്ങളിൽ ധാരാളം മേച്ചിൽ സ്ഥലങ്ങളുണ്ടായിരുന്നതിനാൽ കന്നുകാലികളെ തീറ്റിപ്പോറ്റാൻ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടിരുന്നില്ല. ഓരോ കൃഷിക്കാരൻേറയും വീട്ടിൽ ചുരുങ്ങിയത് 4 മുതൽ 10 വരെയുള്ള കന്നുകാലികൾ ഉണ്ടായിരുന്നു. ഇവക്ക് പ്രത്യേകമായി പോഷകാഹാരങ്ങളൊന്നും കൊടുത്തിരുന്നില്ല. എന്നാൽ ഉഴവുമാടുകൾക്ക് പോഷകാഹാരമുള്ള നാടൻ മരുന്നുകൾ ചേർത്ത് ഇടിച്ചു തയ്യാറാക്കിയ കോഴിമാംസം കൊടുത്തിരുന്നു. ആധുനിക കാർഷികയന്ത്രോപരണങ്ങൾ ഇല്ലാത്ത അക്കാലത്ത് കൃഷിപ്രവർത്തനത്തിന് മാത്രമാണ് കൂടുതലായും ഇവയെ ഉപയോഗിച്ചിരുന്നത്. കൂടാതെ ഗതാഗത സൗകര്യം പരിമിതമായിരുന്നതിനാൽ യാത്രക്കും, ഭാരം വലിക്കുന്നതിനും, കൃത്രിമബീജദാനസൗകര്യമില്ലാത്തതിനാൽ വിത്തുകാളകളെയും വളർത്തിയിരുന്നു. കർഷകരുടെ പ്രധാനവിനോദമായ കന്നുപൂട്ടു മത്സരത്തിനും, ഓട്ടമത്സരത്തിനും കന്നുകാലികളെ വളർത്തിയിരുന്നു. മൃഗചികിത്സാസൗകര്യങ്ങൾ അപര്യാപ്തമായി രുന്നതിനാൽ പകർച്ചവ്യാധികൾ മൂലം കന്നുകാലികൾ കൂട്ടത്തോടെ ചത്തൊടുങ്ങിയിരുന്നു. ഇത് കർഷകരെ സാമ്പത്തികമായും, മാനസീകമായും തളർത്തിയിരുന്നു. നാടൻ ചികിത്സാ സമ്പ്രദായമാണ് അന്ന് നിലവിലുണ്ടായിരുന്നത്.

കഴിഞ്ഞ 35 വർഷത്തിനുള്ളിൽ മൃഗസംരക്ഷണരംഗത്ത് ഉണ്ടായിട്ടുള്ള വളർച്ചയും വികസനവും കഴിഞ്ഞകാലഘട്ടങ്ങളിൽ കൈവന്നിട്ടുള്ള സാമ്പത്തിക പുരോഗതിയെ അവലോകനം ചെയ്താൽ മനസ്സിലാക്കാം. ഇന്ന് നാടൻ പശുക്കളുടേയും, എരുമകളുടെയും എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും, സങ്കരവർഗ്ഗം പശുക്കളുടെ എണ്ണം കൃത്രിമബീജദാനത്തിനുള്ള പങ്ക് പ്രാധാന്യമർഹിക്കുന്നു. ഇന്ന് ഒരു നാടൻ പശുവിൽനിന്ന് ഒരു കറവക്കാലത്ത് ശരാശരി 540 ലിറ്ററും സങ്കരയിനം പശുക്കളിൽനിന്ന് 1750 ലിറ്റർ പാലും ലഭിക്കുന്നു. ഇന്ന് കാലികൾക്ക് പുല്ലും വൈക്കോലലിനും പുറമേ കാലിത്തീറ്റകളും കൊടുത്തുവരുന്നു. മേച്ചിൽസ്ഥലങ്ങൾ കുറവായതിനാൽ വീട്ടുവളപ്പുകളിലാണ് കന്നുകാലികളെ വളർത്തുന്നത്. വർദ്ധിച്ചുവരുന്ന തീറ്റചിലവുകാരണം കന്നുകാലികളുടെ എണ്ണം കുറക്കുന്നതിനും, ഉല്പാദനക്ഷമത കൂടിയവയെ വളർത്തുന്നതിനും ക്ഷീരകർഷകർ പ്രേരിപ്പിക്കപ്പെടുന്നു. കൃത്രിമ ബീജദാനസൗകര്യം വർദ്ധിച്ചതോടെ വിത്തുകാളകൾ നാമമാത്രമായിരിക്കയാണ്. നമ്മുടെ പഞ്ചായത്തിൽ വംശവർദ്ധനവിന് ഉപയോഗിക്കുന്ന ഒരു നാടൻ കാളടേയും രണ്ട് സങ്കരവർഗ്ഗത്തിൽപെട്ട കാളകളെയും വളർത്തുന്നുണ്ട്.

1996 ലെ സെൻസസ് പ്രകാരം ചെർപ്പുളശ്ശേരി പഞ്ചായത്തിൽ 2618 ആടുകൾ ഉണ്ട്. വളരെ ലാഭകരമായ തൊഴിലായതിനാൽ ധാരാളം ആളുകൾ ആടുവളർത്തലിൽ താല്പര്യം കാണിക്കുന്നു. പച്ചിലകൾക്കു പുറമേ കാലിത്തീറ്റകളും ഇവക്ക് നൽകിവരുന്നു. പച്ചിലരളുടെ ലഭ്യത കുറഞ്ഞുവരുന്നതിനാൽ പ്ലാവ്, ശീമക്കൊന്ന, സുബാബുൾ, പ്ലാശ് തുടങ്ങിയ മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതാണ്.

പട്ടിക I

പഞ്ചായത്തിലെ മൃഗപക്ഷിസമ്പത്ത് (എണ്ണത്തിൽ)

| ക്രമ നമ്പർ | വിവരം | 1987 ലെ സെൻസസ് പ്രകാരം | 1996ലെ സെൻസസ് പ്രകാരം |
|---|---|---|---|
| 1 | പശു നാടൻ | 912 | 486 |
| 2 | പശു സങ്കരയിനം | 701 | 905 |
| 3 | എരുമ നാടൻ | 90 | 10 |
| 4 | ആട് | ലഭ്യമല്ല | 2618 |
| 5 | കോഴി (നാടൻ) | 20294 | 23094 |
| 6 | മറ്റുമൃഗങ്ങൾ / പക്ഷികൾ | ലഭ്യമല്ല | ലഭ്യമല്ല |
| 7 | കാള/പോത്ത് | | 255 |

അവലംബം. കന്നുകാലി സെൻസസ് 1987,1996

പണ്ടുമുതൽക്കേ മിക്ക വീടുകളിലും കോഴിവളർത്തലിന് പ്രാമുഖ്യം ഉണ്ടായിരുന്നു. പ്രത്യേകമായി യയാതൊരു കൂലിചിലവും ഇതിനു വേണ്ടിവന്നിരുന്നില്ല. ഇന്ന് ഇറച്ചിക്കോഴി വളർത്തൽ തൊഴിലാക്കിയ പലരും നമ്മുടെ പഞ്ചായത്തിലുണ്ട്. 7 ബ്രോയിലർ ഫാമുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവയിലൂടെപ്രതിമാസം ശരാശരി 4000 കോഴികൾ വീതം ഉല്പാദിപ്പിക്കപ്പെടുന്നു. അടുക്കളമുറ്റത്ത് കോഴിവളർത്തൽ മിക്കവാറും എല്ലാവരും ചെയ്യുന്നുണ്ടെങ്കിലും വിപുലമായ തോതിൽ മുട്ടക്കോഴി വളർത്തലിൽ ആരു തന്നെ ഏർപ്പെട്ടുകാണുന്നില്ല. 1987ലെ സെൻസസ് പ്രകാരം ചെർപ്പുളശ്ശേരി പഞ്ചായത്തിലെ 20294 കോഴികൾ ആദ്യമുണ്ടായിരുന്നതിൽ 1996ൽ 23094 ആയി ഉയർന്നിട്ടുണ്ട്. ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനം കൂട്ടാൻ മേൽത്തരം കോഴികളെ വളർത്തൽ വർദ്ധിപ്പിച്ചു കൊണ്ടു വരേണ്ടതുണ്ട്. കൂടാതെ കാട, ടർക്കി, ഗിനിക്കോഴി മുതലായവയെ വളരെ ചെറിയതോതിൽ വളർത്തുന്നവർ ഉണ്ടങ്കിലും ഇത് ഒരു തൊളിലാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനം പൊതുജനങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

മൃഗസംരക്ഷണമേഖലയിൽനിന്ന് കിട്ടുന്ന ഉല്പന്നങ്ങൾ വളരെയേറെയാണ്. പാലുല്പാദനത്തിനുള്ള മേഖല മാത്രമാണെന്ന തെറ്റായ ധാരണ നാം തിരുത്തേണ്ടിയിരിക്കുന്നു. പാലിനു പുറമേ മുട്ട, മാംസ്യം, വ്യവസായങ്ങൾക്കാവശ്യമായ തുകൽ, എല്ല്, ജലാറ്റിൻ,ഓസിൻ, കൊഴുപ്പ്, ഔഷധവ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ, പരീക്ഷണശാലകൾക്കാ വശ്യമായ മൃഗങ്ങൾ, **Specific Pathogen Free Eggs**

കാർഷികമേഖലക്ക് ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വഹിക്കുന്നതിനും ഉള്ള മൃഗശക്തി, ബയോഗ്യാസ്. പ്ലാൻറിനു വേണ്ട ഊർജ്ജസ്രോതസ്സ് ഇവയെല്ലാം മൃഗസംരക്ഷണമേഖയുടെ സംഭാവനകളാണ്.

പേവിഷബാധനിയന്ത്രണം, മായസപരിശോധനയിലൂടെ ശുദ്ധമായ മാംസ ഉല്പാദനം തുടങ്ങി പൊതുജനാരോഗ്യ സംബന്ധമായ സേവനങ്ങളും ഈ മേഖലയിൽ പെടുന്നു.

അത്യുല്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിച്ചതോടൊപ്പം തന്നെ ഓരോ ദിവസവും ചികിത്സ തേടി എത്തുന്നവയുടെഎണ്ണവും ഗണ്യമായി വർദ്ധിച്ചുവരുന്നു. ചെർപ്പുളശ്ശേരി മൃഗാശുപത്രി 1995-96 വർഷത്തിൽ ചികിത്സിച്ച കന്നുകാലികളുടെ വിവരങ്ങൾ പട്ടിക രണ്ടിൽ ചേർക്കുന്നു. നിലവിലുള്ള സൗകര്യങ്ങൾ വെച്ചുകൊണ്ട് ഒരു പരിധിവരെ ചികിത്സ നൽകാൻ കഴിയുന്നില്ല. ഇപ്പോൾ ഈ സ്ഥാപനത്തിൽ ഒരു സീനിയർ വെറ്ററിനറി സർജൻ, ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു എൽ.ഡി.ക്ലർക്ക്, 2 അറ്റൻൻറർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളാണ് ഉള്ളത്.

ചെർപ്പുളശ്ശേരി മൃഗാശുപത്രിയുടെ പ്രവർത്തനം 1962

പട്ടിക രണ്ട്

മൃഗങ്ങളുടെ രോഗവിവരങ്ങൾ **(1995-96)**

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | നായ | പൂച്ച | ആന | കോഴി | താറാവ് | പന്നി | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായ രോഗങ്ങൾ | 1371 | 184 | 566 | 4 | - | 2 | 242 | - | - | 4 |
| 2 | ശ്വാസകോശ സംബന്ധം | 66 | 11 | 83 | 1 | - | - | 69 | – | — | 1 |
| 3 | ഉപാപചയ സംബന്ധം | 119 | 7 | 24 | - | - | - | – | – | — | – |
| 4 | ത്വക്ക്രോഗ സംബന്ധം | 59 | 11 | 14 | 16 | 1 | - | - | - | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം | 90 | 19 | 34 | 1 | - | 24 | - | - | - | - |
| 6 | പരാദരോഗങ്ങൾ (Parasitic) | 929 | 128 | 191 | 11 | 1 | - | 142 | - | - | 2 |
| 7 | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ . | 264 | 47 | 165 | 2 | - | 2 | - | - | - | |
| 8 | വന്ധ്യത | 153 | 38 | 4 | - | - | - | - | - | - | |
| 9 | അകിടുവീക്കം | 122 | 5 | 17 | - | - | - | - | - | - | |
| 10 | മുടന്തൻപന്നി | 77 | 12 | -- | - | - | - | - | - | - | |
| 11 | പകർച്ചവ്യാധികൾ | - | – | - | - | - | - | - | - | - | |

അവലംബം. ചെർപ്പുളശ്ശേരി ഗവ. മൃഗാശുപത്രി ഔട്ട്പേഷ്യൻറ് റെജിസ്റ്റർ

നോട്ട് — 1 മൃഗാശുപത്രിയുടെ സേവനം അയൽ പഞ്ചായത്തുകൾക്കുകൂടി ലഭിക്കുന്നുണ്ട്.

2 ചന്ത മാടുകളും ചികിത്സക്കായി എത്തുന്നുണ്ട്.

ൽ ആരംഭിച്ചെങ്കിലും 1974ൽ ആണ് വാടകക്കെട്ടിടത്തിൽ നിന്നുമാറ്റി സ്വന്തമായ സ്ഥലത്ത് സ്ഥാപിക്കപ്പെട്ടത്. 1989ൽ ഒരു വെറ്റിനറി ഹോസ്പിറ്റലാക്കി ഉയർത്തി. 22 വർഷം കഴിഞ്ഞെങ്കിലും മെച്ചപ്പെട്ടരീതിയിലുള്ള ചികിത്സാസൗകര്യങ്ങളില്ല. ഓപ്പറേഷൻ തീയേറ്റർ, മൈക്രോസ്ക്കോപ്പ്, ലബോറട്ടറി സംവിധാനം, ശുദ്ധജലസൗകര്യം, വാഹനസൗകര്യം, ഫോൺ എന്നിവ അടഅയന്തിരമായി ലഭ്യമാകേണ്ടതാണ്. കൂടാതെ ഒന്നിൽകൂടിതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകത്തക്ക വിധത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു വെറ്റിനറി പോളിക്ലിനിക്കായി ഉയർത്തും.

മൃഗസംരക്ഷണമേഖലയിൽ ചെർപ്പുളശ്ശേരി പഞ്ചായത്തിലെ കർഷകർ നേരിടുന്ന പ്രധാനപ്രശ്നങ്ങൾ

❑ പാലുല്പാദനരംഗം :-

ചെർപ്പുളശ്ശേരി പഞ്ചായത്തിൽ 1996ലെ സെൻസസ് പ്രകാരം കുറവുളള 565 സങ്കരയിനം പശുക്കളും 318 നാടൻ പശുക്കളും 6 എരുമകളും ഉണ്ട്. ഇവയിൽനിന്ന് പ്രതിവർഷം ഏകദേശം 11,19,000 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഇന്ന് ചെർപ്പുളശ്ശേരി ടൗണിലും കാറൽമണ്ണയിലും ഓരോ ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടങ്കിലും ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലിലും ശരിയായ വിപണനസൗകര്യം ഇല്ല.

❑ മാംസോല്പാദനരംഗം

ചെർപ്പുളശ്ശേരി പഞ്ചായത്തിൽ ഇന്നു ലൈസൻസുള്ള ഒരു അറവുശാല മാത്രമാണ് ഉള്ളത്. എന്നാൽ ഇവിടെ അന്യസ്ഥലത്ത് അനധികൃതമായി അറവുശാലകൾ നടത്തുന്നുണ്ട്. ഇവിടെ ഏകദേശം പ്രതിദിനം 8 പശു അല്ലെങ്കിൽ കാള, ഒരു പോത്ത് അല്ലെങ്കിൽ എരുമ, ഒരു മൂരിക്കുട്ടി, 5 ആടുകൾ എന്നിവയുടെ ഇറച്ചി വില്ക്കപ്പെടുന്നു. ഇങ്ങിനെ ഒരു വർഷത്തിൽ ഏകദേശം 13,140,000 രൂപയുടെ ഇറച്ചി വില്പന നടക്കുന്നു. ഇതിൽ ഏകദേശം 32,85,000 രൂപയുടെ മാംസം പുറത്തുളള പഞ്ചായത്തുകളിൽ അറവുനടത്തി നമ്മുടെ പഞ്ചായത്തിൽ വില്ക്കപ്പെടുകയാണ്. ഇത്രമാത്രം വിപണന സാധ്യതയുള്ള മാംസത്തിനു വേണ്ടുന്ന 80-90 ശതമാനം മൃഗങ്ങളും അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. ഇതുമൂലം വളരെയധികം സാമ്പത്തികനഷ്ടംഉണ്ടാകുന്നു. ഇതൊഴിവാക്കാൻ മാംസോല്പാദനത്തിൽ നാം സ്വയംപര്യാപ്തത കൈവരിക്കേണ്ടിയിരിക്കുന്നു. പശുക്കുട്ടികളേയോ എരുമക്കുട്ടി കളേയോ വളർത്തി വലുതാക്കുന്നത്ര താല്പര്യം മൂരിക്കുട്ടികളേയോ പോത്തിൻ കുട്ടികളേയോ വളർത്താൻ നമ്മുടെ കർഷകർ കാണിക്കുന്നില്ല. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലുണ്ടാകുന്ന മൂരിക്കുട്ടികളും, പോത്തിൻകുട്ടികളും 40% ചത്തുപോകുന്നു. വീരമരുന്നും, കാലിത്തീറ്റയും വേണ്ടരീതിയിൽ പരിപാലനം ചെയ്താൽ മാസത്തിനായി ഇവയെ ഉപയോഗിക്കാവുന്നതാണ്.

ഇന്നത്തെ അറവുശാലകളുടെ നില തികച്ചും ശോചനീയമാണ്. വൃത്തിഹീനമായ ചുറ്റുപാടിൽ മൃഗീയമായരീതിയിലാണ് കന്നുകാലികളെ കശാപ്പുചെയ്യുന്നത്. അറവു നടത്തുന്നതിനു മുമ്പ് മൃഗങ്ങളെ പരിശോധിച്ച് അവയുടെ ആരോഗ്യനിലവാരം മനസ്സിലാക്കുവാനോ അവയെ അറവുനടത്തിയ ശേഷം മാംസത്തിന്റെ ഗുണനിലവാരം മനസ്സിലാക്കുവാനോ സംവിധാനം ഇല്ലാത്തതിനാൽ മാംസം ഉപയോഗിക്കുന്നവരുടെ ആരോഗ്യത്തെ ബാധിക്കുന്നു. പല അസുഖങ്ങളും മനുഷ്യരിലേക്കു പകരാൻ കാരണമാവുന്നു.

❑ കാലിത്തീറ്റ ഉല്പാദനരംഗം

ഇന്ന് കാലിവളർത്തുന്ന കർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ വിഷമം തീറ്റകൊടുക്കുന്ന കാര്യത്തിലാണ്. കാലിത്തീറ്റക്കും , വൈക്കോലിനും വില വളരെ കൂടുതലാണ്. വൈക്കോൽ മറ്റു സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നതിനാൽ ചില സമയങ്ങളിൽ വൈക്കോൽ ലഭിക്കുവാൻ തന്നെ വിഷമം അനുഭവപ്പെടാറുണ്ട്. പുല്ലിന്റെ ലഭ്യതയും വളരെ കുറവാണ്. ആവശ്യമായ അളവിൽ തീറ്റ നൽകിയാൽ മാത്രമേ ഉല്പാദനക്ഷമത കൈവരിക്കാൻ കഴിയുകയുളളൂ. കാലിത്തീറ്റയും, വൈക്കോലും സഹകരണ സംഘങ്ങൾ മുഖാന്തരം ശേഖരിച്ച് കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.

❑ ബ്രോയിലർ കോഴിവളർത്തൽ

ചെർപ്പുഴശ്ശേരി പഞ്ചായത്തിൽ ഏഴ് ബ്രായിലർ കോഴിവളർത്തൽ കേന്ദ്രങ്ങളുണ്ട്. പ്രതിമാസം 4000 കോഴികൾ വീതം ഇവിടെനിന്ന് ഉല്പാദിപ്പിക്കപ്പെടുന്നു. കൂടാതെ നാടൻ ഇനത്തിൽപെട്ട പൂവൻകോഴികളും ഏകദേശം 10% പിടക്കോഴികളെയും നാം മാംസത്തിനായി ഉപയോഗിക്കുന്നു. 59,99,000 രൂപയുടെ ഇറച്ചിക്കോഴികളെ പ്രതിവർഷം ഇവിടെ ഉല്പാദിപ്പിക്കുന്നു. കൂടാതെ മാസത്തിൽ 6000ൽ പരം കിലോ ഇറച്ചിക്കോഴികളെ തമിഴ്നാട്ടിൽനിന്നും ഇറക്കുമതി ചെയ്യുന്നു. ഇതിലൂടെ വർഷം തോറും നമുക്കുണ്ടാവുന്ന സാമ്പത്തികനഷ്ടം ഏകദേശം 39,00000 രൂപയാണ്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത, തീറ്റയുടെ വർദ്ധിച്ചവില, രോഗങ്ങൾ വിപണനരംഗത്തുള്ള അനാരോഗ്യകരമായ മത്സരം എന്നിവയാണ് പ്രശ്നങ്ങൾ. തമിഴ്നാട്ടിൽ നിന്നുളള മുട്ടയുല്പാദനം നിലലച്ച കോഴികൾ കുറഞ്ഞവിലക്ക് മാർക്കറ്റിലെത്തുന്നു എന്നതാണ് വിപണിയിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണം.

❑ മുട്ടയുല്പാദനരംഗം

1996ലെ സെൻസസ് പ്രകാരം 7611 നാടൻ പിടക്കോഴികളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പ്രതിവർഷം ഇവയിൽനിന്നും ഏകദേശം 8,70,000 രൂപയിടെ വരുമാനം ഉണ്ടാക്കാൻ കഴിയുന്നുണ്ട്. എന്നാൽ അയൽസംസ്ഥാനങ്ങളിൽ നിന്നും പ്രതിവർഷം 31,20,000രൂപയുടെ മുട്ട നാം ഇറക്കുമതി ചെയ്യുന്നുണ്ട്. കോഴിത്തീറ്റയുടെ വിലക്കയറ്റവും കോഴികളിൽ കാണുന്ന അസുഖങ്ങളും ഈ രംഗത്തെ പ്രശ്നങ്ങളാണ്. എന്നാൽ അതിലും വലിയ പ്രശ്നം മുട്ടയുടെ വിപണിയാണ്. തമിഴ്നാട്ടിൽ നിന്നും കുറഞ്ഞവിലക്ക് മുട്ട വാങ്ങി നമ്മുടെ നാട്ടിൽ വിതരണം ചെയ്യുന്നുണ്ട്. അങ്ങിനെ ഈ മേഖലയിൽ നിന്ന് നമ്മുടെ സമ്പത്ത് അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. ഇതിനെ ഫലപ്രദമായി നേരിടാൻ കഴിയുന്ന രൂപത്തിലുള്ള പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

❑ തുകൽ- അറവുശാല ഉപോല്പന്ന സംസ്ക്കരണം

ധാരാളം മൃഗങ്ങളെ ദിവസവും കശാപ്പു ചെയ്യുന്നതിനാൽ മാംസം ഒഴിച്ചുള്ള ഉല്പന്നങ്ങൾ പലതും വേണ്ട രീതിയിൽ ഉപോല്പന്നങ്ങളാക്കി മാറ്റുന്നില്ല. രക്തം, എല്ല്, കൊമ്പ്, തോൽ, ആന്തരഅവയവങ്ങൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കാൻ സംവിധാനം ആവശ്യമാണ്.

❑ മൃഗശക്തി

19996 ലെ സെൻസസ് പ്രകാരം ചെർപ്പുളശ്ശേരി പഞ്ചായത്തിൽ 3 വയസ്സിനുമേൽ പ്രായമുള്ള രണ്ടു കാളകളും 253 പോത്തുകളും ഉണ്ട്. ഇവയെ ഭാരം വലിക്കുന്നതിനും, കൃഷിസ്ഥലമൊരുക്കുന്നതിനും ഉപയോഗിക്കുന്നു. ഇതിലൂടെ പ്രതിവർഷം 11,43,000 രൂപയുടെ വരുമാനം ഉണ്ടാക്കാൻ കഴിയുന്നുണ്ട്. ഭാരിച്ച ചെഎലവു കാരണം ഇവയെ വളർത്തുന്ന കാര്യത്തിൽ വേണ്ടത്ര താല്പര്യം നാം കാണിക്കുന്നില്ല.

❑ ഊർജ്ജം

കന്നുകാലികളിൽ നിന്ന് കിട്ടുന്ന ജൈവവളം കൃഷിക്കും മറ്റും ഉപയോഗിക്കുന്നയിനു പുറമേ ബയോഗ്യസ് പ്ലാൻറുകൾ പ്രവർത്തിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ 23 ബയോഗ്യാസ് പ്ലാൻറുകൾ ഉണ്ട്. ഇന്നത്തെ ഇന്ധനക്ഷാമത്തിന് പരിഹാരം കാണാൻ ഒരു പരിധിവരെ കഴിയും പക്ഷേ ഇതിലേക്കാവശ്യമായ ചാണകം ലഭിക്കാൻ ഒന്നിൽ കൂടുൽ കാലികളെ വളർത്തേണ്ടിവരുന്നു.

❑ കർഷകപരിശീലനം

മൃഗസംരക്ഷണത്തോടനുബന്ധിച്ചുള്ള തൊഴിലിൽ ഏർപ്പെടുന്നതിനുവേണ്ട പരിശീലനം നൽകുന്നതിനാവശ്യവായ ഒരു കർഷകപരിശീലന കേന്ദ്രം നമ്മുടെ ജില്ലയിൽ പോലും പ്രവർത്തിക്കുന്നില്ല അത് നികത്തപ്പെടേണ്ടതാണ്.

❑ കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ

ഇന്ന് ബാങ്ക് കടങ്ങൾ മുഖാന്തരം വാങ്ങുന്ന കാലികൾക്ക് മാത്രമേ കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് സൗകര്യമുള്ളൂ ഈ പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഉയർന്ന ഇൻഷുറൻസ് പ്രീമിയം നൽകേണ്ടിവരുന്നതിനാൽ ആരും ഇൻഷൂർ ചെയ്യുന്നില്ല ഇതുനൂലം കന്നുകാലികൾക്ക് മരണം സംഭവിക്കുമ്പോൾ മുഴുവൻ നഷ്ടവും കർഷകർ താങ്ങേണ്ടിവരുന്നു.

❑ മൃഗസംരക്ഷണകർഷകർക്കുള്ള അംഗീകാരം.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് വേണ്ടത്ര അംഗീകാരം ഇന്ന് നമ്മുടെ നാട്ടിലില്ല. അവർക്ക് പ്രോൽസാഹനം നൽകി അർഹമായ അംഗീകാരം കൊടുത്ത് കൂടുതൽ പേരെ ഈ രംഗത്തേക്ക് കൊണ്ടുവരേണ്ടതുണ്ട്. അങ്ങിനെ കൂടുതൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

## പേവിഷബാധ നിർമ്മാർജ്ജനം

പേവിഷബാധയുള്ളനായ്ക്കളുടെ കടിയേറ്റ് ചെർപ്പുളശ്ശേരി പഞ്ചായത്തിൽ 4പശുക്കളേയും, 2 എരുമകളേയും, 42 ആടുകളേയും, ഒരുനായയെയും 1995-96 വർഷത്തിൽ മൃഗാസ്പത്രിയിൽ ചികിൽസിപ്പിച്ചിട്ടുണ്ട്. കടിയേറ്റ പല മൃഗങ്ങളും ചികിൽസ ലഭിക്കാത് മരണപ്പെട്ടു പോയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ധാരാളം ആളുകൾ പേവിഷബാധക്കെതിരായ ചികൽസക്കുവിധയമായിട്ടുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ധാരാളം നായ്ക്കൾ അലഞ്ഞു തിരിഞ്ഞുനചക്കുന്നുണ്ട് ഇവയെ നശിപ്പിക്കാനുള്ള ശക്തമായ നടപടികൾ ആവശ്യമാണ് കൂടാത് വളർത്തു നായ്ക്കൾക്ക് വാക്സിനേഷനും, ലൈസൻസും നിർബന്ധമാക്കേണ്ടതാണ്.

## അവലോകനം.

എട്ടാം പഞ്ചവത്സരപദ്ധതികാലത്ത് ചെർപ്പുളശ്ശേരി പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1992-93 വർഷത്തിൽ എലിയപ്പറ്റ കോളനിയിൽ 22 പേർക്ക് ഓരോ പെണ്ണാട്ടിൻ കുട്ടികളെ വീതം ഇൻഷൂർ ചെയ്ത് വിതരണം ചെയ്യുക.ഉണ്ടായി.

1993-94 വർഷത്തിൽ ഒലിയത്ത് കോളനിയിൽ 22 കുടുംബങ്ങൾക്ക് ഏകദേശം ഒരു വയസ്സു പ്രായമുള്ള ഒരു ജോഡി പോത്തിൻ കുട്ടികളെ വീതം വിതരണം ചെയ്തു. ഇവയെ വളർത്തി വിറ്റ് ഒരു നല്ല തുക ലഭിക്കാൻ ഗുണഭോക്താക്കൾക്ക് കഴിഞ്ഞു.

1994-95 വർഷത്തിൽ പേവിഷബാധ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി 40 നായ്ക്കളിൽ വിഷബാധക്കെതിരെ സൗജന്യകുത്തിവപ്പു നടത്തുകയുണ്ടായി. കൂടാതെ ഒരു വന്ധ്യതാ ക്യാമ്പും 2 ഗോരക്ഷാക്യാമ്പുകളും നടത്തി. ഇതിലൂടെ നല്ലരീതിയിൽ ശാസ്ത്രീയമായ കറവപശുക്കളെ വളർത്താനും, പരിപാലിക്കാനും കർഷകർക്ക് മനസ്സിലാക്കികൊടുക്കാൻ കഴിഞ്ഞു ഈ വർഷത്തിൽ തന്നെ ചെർപ്പുളശ്ശേരി മൃഗാസ്പത്രിയിൽ 852 പശുക്കളേയും,340 കിടാങ്ങളും കൃത്രിമ ബീജാദാനത്തിന് വിധയമാക്കിയിട്ടുണ്ട്.

## സാദ്ധ്യതകൾ -

❑ പാലുല്പാദനം-

a ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

b പാൽ സംഭരിച്ച് സൂക്ഷിക്കുന്നതിനും, അവയിൽനിന്ന് വിവിധതരം ഉല്പന്നങ്ങൾ ഉണ്ടാക്കനും വിപണനം ചെയ്യാനുമുള്ള സംവിധാനം ഉണ്ടാക്കുക.

c കുറഞ്ഞ നിരക്കിൽ തീറ്റ ലഭ്യമാക്കുക.

d കുറഞ്ഞ നിരക്കിൽ ബാങ്ക് കടം ലഭ്യമാക്കുക.

❑ മാംസോല്പാദനം

a ആടുവളർത്തൽ

b മൂരിക്കുട്ടികൾ, പോത്തിൻ കുട്ടികൾ, എന്നിവയെ കൂടുതൽ വളർത്തുക.

c മുയൽ, കാട, ടർക്കി വളർത്തൽ.

e കാലിതീറ്റ- കോഴിതീറ്റ ഉല്പാദനം.

❑ a വൈക്കോൽ സംഭരണം സഹകരണസംഘങ്ങൾ ഏറ്റെടുക്കുക

വർഷക്കാലത്ത് സുലഭിമായി ലഭിക്കുന്ന പുല്ല് ഗുണമേന്മ നഷ്ടപ്പെടാതെ വേനൽകാലത്തേക്ക് സംരക്ഷിച്ചു സൂക്ഷിക്കാനുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം..

b കപ്പ+പുളിങ്കുരു+തവിട് ചേർത്ത് കാലിതീറ്റ യൂണിറ്റുകൾ തുടങ്ങുക.

c തീറ്റപ്പുല്ല് ഉല്പാദനത്തിന് വയൽ വരമ്പുകൾ ഉപയോഗിക്കുക.

❑ പുതിയ ബ്രോയ്ലർ ഫാമുകള ആരംഭിക്കുക.

❑ മുട്ടയുല്പാദനരംഗം

a മുട്ടകോഴി വളർത്താൻ കുറഞ്ഞനിരക്കിൽ വായ്പ ലഭ്യമാക്കുക. നല്ലയിനം നാടൻ കോഴികളെ അടുക്കള മുറ്റത്തു വളർത്താൻ കഴിയുന്ന ചെറുയൂണിറ്റുകൾ ആരംഭിക്കുക' ഇതിന് അയൽ കൂട്ടങ്ങളെ പ്രയോജനപ്പെടുത്താം. മുട്ടകളുടെ സംഭരണവും വിതരണവും നടത്താനുള്ള സംരംഭം ആരംഭിക്കണം.

b കാട/ഗിനി/ടർക്കി കോഴി വളർത്തുക.

❑ തുകൽ സംസ്ക്കരണത്തിനും, അറവുശാല ഉല്പാദന സംസ്ക്കരണത്തിനും ഉളള സംസ്ക്കരണശാലകൾ ഉണ്ടാക്കുക.

❑ കർഷക പരിശീലന കേന്ദ്രം ജില്ലാതലത്തിൽ ആരംഭിക്കുക.

❑ സമഗ്ര പേവിഷബാധ നിർമാർജ്ജനം ഉറപ്പുവരുത്തുക.

❑ അറവുശാലകൾ

a, മാംസ പരിശോധനാ സൗകര്യം ഉണ്ടാക്കുക.

b, മേഖലാ അറവുശാലകൾ

❑ മൃഗാശുപത്രിയിൽ സൗകര്യങ്ങളും സേവനഭ്ഭങ്ങളും കൂടുതൽ വിപുലപെടുത്തുക

❑ വന്ധ്യതാ നിവാരണ ക്യാമ്പ് സംഘടിപ്പിക്കുക.

❑ ഗോരക്ഷാ ക്യാമ്പ് സംഘടിപ്പിക്കിക.

❑ മൃഗസംരക്ഷണ സെമിനാറുകൾ നടത്തുക.

❑ കന്നുകാലി പ്രദർശനങ്ങൾ നടത്തുക.

ഈ മേഖലയുടെ തൊഴിൽ സാദ്ധ്യതകൾ വളരെ വിശാലമാണ്. മൃഗപരിപാലനത്തിന്റെ 60% അധ്വാനവും സ്ത്രീകൾ നിർവഹിക്കുന്നു. എന്നുളളത് ഈ മേഖലയുടെ പ്രത്യേകതയാണ്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വിവിധ സ്കീമുകളിലൂടെ തൊഴിലവസരം കണ്ടെത്താൻ നമ്മുക്ക് കഴിയുന്ന രൂപത്തിലുള്ള സ്കീമുകൾ ഉണ്ടാക്കേണ്ടതാണ്. നമ്മുടെ കാലിസമ്പത്തിന്റെ 94% ഗ്രാമീണരുടെ കയ്യിലാണെന്നതിനാൽ ഈ മേഖലയുടെ വികാസം ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ ശക്തമാക്കും എന്ന് പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ.

## മത്സ്യ ബന്ധനം

ഭൂരിപക്ഷം വരുന്ന നമ്മുടെ നാട്ടിലെ ജനങ്ങളുടെ പ്രധാന പോഷകാഹാരമാണ് മത്സ്യം. ഇത് പ്രധാനമായി 3 മാർഗ്ഗങ്ങളിലൂടെയാണ് ലഭിക്കുന്നത്.

1. കടൽ മത്സ്യം.
2. പുഴ മത്സ്യം.
3. കിണറുകളിൽനിന്നും, കുളങ്ങളിൽനിന്നും, തോടുകളിൽനിന്നും ലഭിക്കുന്നവ.

ഇതിൽ 8കിലോമീറ്ററോളം പുഴയാണ് നമ്മുക്കുളളത് കൂടാത് ചെറുതും വലുതുമായ 80 കുളങ്ങളും 15 കി. മീറ്റർ തോടും നമ്മുക്കുണ്ട്.

കടൽ മത്സ്യം വളരെ വ്യാപകമായി ഇറക്കുമതി ചെയ്ത്വിറ്റഴിക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ഇതിൽ തന്നെ പണക്കമത്സ്യം പെടുന്നു. പ്രതിവർഷം ഒരു കോടി മുപ്പത്തഞ്ചുലക്ഷം രൂപയുടെ കച്ചവടം നടക്കുന്നുണ്ട്.

നമ്മുക്ക് ആകെയുളളത് 8 കിലോമീറ്റർ നീളമുളള തൂതപ്പുഴയാണ്. ഇവിടനിന്ന് ലഭിക്കുന്ന മത്സ്യത്തിന്റെ തോത് വളരെ കുറവാണ്. ഏതാനും മാസങ്ങൾ മാത്രമാണ് ഇവിടനിന്ന് മത്സ്യം കിട്ടുന്നത് സീസണുകളിൽ തമിഴുനാട്ടിൽനിന്നും, കർണ്ണാടകയിൽനിന്നും പുഴ മത്സ്യങ്ങൾ ഇവിടെ കൊണ്ടുവന്ന് വിൽക്കപ്പെടുന്നു.

മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്നവരുടെ എണ്ണം വളരെ കമ്മിയാണ്.എന്നാൽ നാനാതരത്തിലുളള മത്സ്യം വിറ്റ് ഉപജീവനം കഴിക്കുന്ന നൂറോളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

## പ്രാധാന പ്രശ്നങ്ങൾ–

❑ തൂതപുഴയിൽ തോട്ട പൊട്ടിച്ച് മത്സ്യം പിടിക്കുന്നതിനാൽ വൻതോതിൽ മത്സ്യസമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

❑ പോഷകമൂല്ല്യക്കൂടുതലുള്ള നാടൻ മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നു.

❑ പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും മത്സ്യകൃഷിക്ക് ഉപയോഗപ്പെടുന്നില്ല.

❑ ശുചിത്വമുളള മത്സ്യമാർക്കറ്റില്ല.

❑ അമിതമായ കീടനാശിനി പ്രയോഗം.

## സാദ്ധ്യതകളും നാർദ്ദേശങ്ങളും.

❑ തൂതപുഴയിലെ തോട്ടപൊട്ടിക്കൽ കർശ്ശനമായി നിരോധിക്കാൻ ചെർപ്പുളശ്ശേരി ആലിപ്പറമ്പ് പഞ്ചായത്തുകൾ സംയുക്ത പരിപാടികൾ ആവിഷ്കരിക്കുക.

❑ ഭക്ഷ്യയോഗ്യമല്ലാത്ത മീൻ വിൽക്കുന്നത് കർശനമായി തടയുക.

❑ മത്സ്യങ്ങൾക്കനുഭവപ്പെടുന്ന മാരക രോഗത്തെ കണ്ടെത്തി വംശനാശം തടയുനയനതിനുള്ള നടപടി ആരംഭിക്കുക.

❑ നാടൻ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് ബോധവൽക്കരണത്തിലൂടെ കീടനാശിനിപ്രയോഗം നിയന്ത്രിക്കുക.

❑ വെള്ളം വറ്റിപോകാത്ത പൊതുകുളങ്ങളും, സ്വകാര്യകുളങ്ങളും, ശാസ്ത്രീയമായി മത്സ്യം വളർത്തുന്നതിനുവേണ്ടി ഉപയോഗിക്കുക.

❑ ജലക്ഷാമം പരിഗണിച്ച് 45മുതൽ90ദിവസങ്ങൾക്കുള്ളിൽ വിളവെടുപ്പു നടത്താൻ കഴിയുന്ന മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക.

❑ മത്സ്യം വളർത്തുന്നതിന് കുറഞ്ഞപലിശക്ക് ബാങ്ക് വായ്പ ലഭ്യമാക്കുക.

❑ ഗുണനിലവാരമുളള മത്സ്യം ലഭ്യമാക്കാൻ സഹകരണ മേഖലയുടെ ഇടപെടൽ ഉറപ്പുവരുത്തുക.

❑ ശുചിത്വമുളള പൊതുമാർക്കറ്റുകൾ ഉണ്ടാക്കുക.

❑ മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നവർക്ക് ആവശ്യമായ വെള്ളം, വല തുടങ്ങിയവ സബ്സീഡിയായി നൽകുക.

❑ തോടുകളിൽ ബണ്ടു കെട്ടി മത്സ്യച്ചിറ നിർമ്മിച്ച് മത്സ്യം വളർത്താൻ ഉപയോഗിക്കുക.

❑ തൂതപുഴയിലെ അർഹമായ ജലവിഭവ സമ്പത്ത് ചെർപ്പുളശ്ശേരി പഞ്ചായത്തിന് ലഭ്യമാക്കുക.

❑ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ സമിതികൾക്ക് രൂപം നൽകുക.

ഇത്തരത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ സാദ്ധ്യതയുളള പ്രദേശങ്ങൾ ഉപയോഗിച്ച് കൂടുതൽ സാമ്പത്തിക പുരോഗതി കൈവരിക്കാൻ നമുക്ക് കഴിയുന്നതാണ്.

# വ്യവസായം

കേരളത്തിൻെറ വ്യവസായ ഭൂപടത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന പാലക്കാട് ജില്ലയുടെ വടക്കേ അതിർത്തിയിൽ ഏതാണ്ട് മധ്യഭാഗത്തു സ്ഥിതിചെയ്യുന്ന ഗ്രാമമാണ് ചെർപ്പുളശ്ശേരി. പാലക്കാട് ജില്ലയിലെ വ്യവസായ സംരംഭങ്ങളിൽ ഈ ഗ്രാമത്തിനു കാര്യമായ പങ്കൊന്നുമില്ലെന്നു പറയാം. വൻകിടവ്യവസായങ്ങൾ യാതൊന്നുമില്ലെന്നതോ പോകട്ടെ എടുത്തുപറയാവുന്ന ആധുനിക ചെറുകിട വ്യവസായങ്ങൾ പോലുമില്ല. നെല്ല്,വാഴ മുതലായവ മുഖ്യകാർഷിക വിളകളായതിനാൽ വ്യവസായങ്ങൾക്കാവശ്യ മായ അസംസക്യത സാധമങ്ങൾ ഇവിടെ ലഭ്യമല്ലാത്തതും, കേരളത്തിൽ മൊത്തത്തിലും പഴയമലബാർ പ്രദേശത്തു പ്രത്യേകിച്ചും അനുഭവപ്പെടാവുന്ന രൂക്ഷമായ വൈദ്യുതി ക്ഷാമവും, വൻകിട വ്യവസായത്തിനനുേ യാജ്യമല്ലാത്ത നിഷ്ോന്നതമായ ഭൂപ്രകൃതിയു മൊക്കെ വ്യവസായ വികസനത്തിനു തടസ്സമായി നില്ക്കുന്ന പ്രധാന ഘടകങ്ങളാണ്.

പരമ്പരാഗത വ്യവസായത്തിൽപെടുന്ന കൈത്തറി, ബീഡിതെറുപ്പ്, പായനെയ്ത്ത്, പർപ്പടകനിർമ്മാണം, കള്ളുചെത്തു എന്നിവയാണ് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട വ്യവസായസംരംഭങ്ങൾ. ഇതിൽ കൈത്തറി സഹകരണമേഖലയിലും മറ്റെല്ലാ സ്വകാര്യ സംരംഭങ്ങളുമാണ്.

രണ്ട് പ്ലാസ്റ്റിക് നിർമ്മാണയൂണിറ്റുകൾ, ഒരു എല്ലുപൊടി നിർമ്മാണയൂണിറ്റ്, ഒരു ആണിക്കമ്പനി, ഒരു ടയർ റീ ത്രെഡ്ഡിംഗ് യൂണിറ്റ്, ഒരു പഴം സംസ്ക്കരണകേന്ദ്രം, രണ്ടു വയർ കട്ട് ഇഷ്ടികനിർമ്മാണകേന്ദ്രങ്ങൾ, രണ്ട് നാടൻ ഇഷ്ടിക നിർമ്മാണയൂണിറ്റുകൾ [പ്രത്യേക സീസണിൽ മാത്രം], ഏഴ് ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ, രണ്ട് ചെറിയ റെഡിമെയ്ഡ് നിരർമ്മാണസംരംഭങ്ങൾ, ഒരു തീപ്പെട്ടിക്കമ്പനി, മൂന്നു ചെരിപ്പുനിർമ്മാണയൂണിറ്റുകൾ, അഞ്ച് മരമില്ലുകൾ, ഒരു ആധുനിക ഫർണിച്ചർ യൂണിറ്റ്, മൂന്ന് ഓയിൽമില്ലുകൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ആധുനിക ചെറുകിട വ്യവസായ സംരംഭങ്ങൾ. ഇവയെല്ലാംതന്നെ സ്വകാര്യ മേഖലയിലാണ് പ്രവർത്തിച്ചുവരുന്നത്.

ഇവയ്ക്കുപുറമെ കൃത്രിമാവയവങ്ങൾ നിർമ്മിച്ചു നൽകുന്ന ഒരു യൂണിറ്റ് (Institute of Bio Engineering) കാറൽമണ്ണയിൽ പ്രവർത്തിച്ചു വരുന്നു. കേരളത്തിനകത്തും പുറത്തുമുള്ളവർ ഇതിൻെറ സേവനം പ്രയോജനപ്പെടുത്തി ക്കൊണ്ടിരിക്കുന്നുണ്ട്.

പട്ടിക II

| സ്ഥാപനങ്ങൾ | എണ്ണം | തൊഴിലാളികൾ | | കൂലി/ശമ്പളം | |
|---|---|---|---|---|---|
| | | പുരു | സ്ത്രീ | പുരു | സ്ത്രീ |
| 1 പ്ലാസ്റ്റിക് | | | | | |
| 2 എല്ലുപൊടി | | | | | |
| 3 ആണി | | | | | |
| 4 ടയർറീത്രഡ്ഡിംഗ് | | | | | |
| 5 പഴംസംസ്ക്കരണം | | | | | |
| 6 വയർകട്ട് ഇഷ്ടിക | | | | | |
| 7 നാടൻ ഇഷ്ടിക | | | | | |
| 8 ഇറച്ചിക്കോഴി | | | | | |
| 9 റെഡിമെയ്ഡ് | | | | | |
| 10 തീപ്പെട്ടി | | | | | |
| 11 മരമില്ലുകൾ | | | | | |
| 12 ഫർണിച്ചർ | | | | | |
| 13 ഓയിൽമില്ല് | | | | | |

## പ്രശ്നങ്ങൾ

നേരത്തെ സൂചിപ്പിച്ചതുപോലെ വൈദ്യുതിക്ഷാമവും വോൾട്ടേജ്ക്ഷാമവും ഈ ഗ്രാമത്തിൽ വളരെ രൂക്ഷമാണ്. വോൾട്ടേക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 1988ൽ സർക്കാരിൽ നിന്നു ഭരണാനുമതി ലഭിച്ച ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷൻ ഇപ്പോഴും കടലാസിൽ ഒതുങ്ങി നിൽക്കുകയാണ്. എന്താണ് തടസ്സമെന്ന് വിശദമായി പരിശോധിച്ച് ജനകീയ ഇടപെടൽ നടത്തേണ്ടതാണ്. ശാസ്ത്ര സാങ്കേതികരംഗങ്ങളിലെ പരിജ്ഞാന ക്കുറവ്, പുതിയ സംരംഭങ്ങളിലേക്ക് ധൈര്യപൂർവ്വം കടക്കാനുള്ള സന്നദ്ധതയില്ലായ്മ, സ്ഥലത്തിൻെറ ലഭ്യതക്കുറവ്, ഗതാഗത സൗകര്യത്തിലെ അപര്യാപ്തത, നിലവിലുള്ള നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് പുതിയ വ്യവസായ സംരംഭകരെ തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥസമീപനം, അഴിമതി, കൈക്കൂലി എന്നിവയെല്ലാം നാം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളാണ്.

## സാധ്യതകൾ -

ജന്മിത്തത്തിൽ ആണ്ടുകിടന്ന ഒരു വള്ളുവ നാടൻഗ്രാമമായിരുന്നുവെങ്കിലും ചുരുങ്ങിയകാലംകൊണ്ട് വിദ്യാഭ്യാസരംഗത്തും സാമ്പത്തികസാംസ്ക്കാരിക രംഗങ്ങളിലും വളരെയേറെ മുന്നോട്ടുപോകാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്.

ഈ വമ്പിച്ച കുതിച്ചുചാട്ടം കൈവരുന്നതിന് ഈ പ്രദേശത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാംസ്ക്കാരിക സംഘടനകൾ, ശക്തമായ സഹകരണസ്ഥാപനങ്ങൾ മുതലായവ നിർണ്ണായ പങ്കുവ ഹിച്ചുവെന്നത് ഏവർക്കും അഭിമാനിക്കാവുന്നതാണ്.

ഈ ഗ്രാമത്തിലെ ഗണ്യമായ ഒരു വിഭാഗമാളുകൾ സംസ്ഥാനത്തിനുപുറത്തും വിദേശരാജ്യങ്ങളിലും ജോലി ചെയ്തുവരുന്നു. ഗൾഫ്മേഖലയിൽ നിന്ന് ഈ ഗ്രാമത്തിലേക്ക് സമ്പത്തിന്റെ ഒരു കുത്തൊഴുക്ക് തന്നെ ഉണ്ട്. എന്നാൽ ഈ പണമെല്ലാം തന്നെ ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടനിർമ്മാണം മോടികൂടിയ വാഹനങ്ങൾ മുതലായ ആഡംബരങ്ങൾക്കായി ചെലവഴിക്കുന്നതായാണ് കാണപ്പെടുന്നത്. ഈ സമ്പത്തു വ്യവസായ സംരംഭങ്ങളിലേക്ക് തിരിച്ചു വിടാൻ കഴിഞ്ഞാൽ പുതിയവ്യവസായങ്ങൾക്കാവശ്യമായ മൂലധനം സ്വരൂപിക്കാൻ പ്രയാസമുണ്ടാവില്ല.

ആധുനിക വ്യവസായോല്പന്നങ്ങളുടെ വർദ്ധിച്ച ഉപഭോഗവും കൂടുതൽ ആഡംബരവസ്തുക്കൾ വാങ്ങിക്കൂട്ടാനുള്ള ത്വരയും ഈ ഗ്രാമത്തിലെ ജനങ്ങളിലും വ്യാപകമായി വളർന്നു വരുന്നുണ്ട്. സമീപകാലത്തായി വാർത്താവിനിമയ സംവിധാനത്തിൽ ഗണ്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. പതിനൊന്നു ഗ്രാമസഭകളിലായി നടന്ന വിശദമായ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് നിരവധിയാളുകൾ പുതിയ വ്യവസായ സംരംഭങ്ങൾക്കായി താല്പര്യപൂർവ്വം മുന്നോട്ടു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ ഗ്രാത്തിന്റെ വ്യവസായപുരോഗതി ലക്ഷ്യമാക്കി താഴെപറയുന്ന സംരംഭങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുന്നതാണ്.

- ഒരു ക്ലസ്റ്റർ ബെയിഡ്ഡ് ഗാർമെന്റ് യൂണിറ്റ് സ്ഥാപിക്കുക. പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു മദർ യൂണിറ്റും ഈ യൂണിറ്റിൽ ഡിസൈനിംഗ്, ക്വാളിറ്റി കൺട്രോൾ, ഫിനിഷിംഗ്, ഡിസ്പ്ലേ മാർക്കറ്റിംഗ് എന്നിവയും വാർഡ് അടിസ്ഥാനത്തിൽ ഉല്പാദനയൂണിറ്റ് പ്രവർത്തിക്കണം.
- പിണ്ണാക്ക്, തവിട്, പുളിങ്കുരു, മാങ്ങയണ്ടി, നേന്ത്രക്കായ തൊലി, കേടായപഴവർഗ്ഗങ്ങൾ മുതലായ സാധനങ്ങൾ ഉപയോഗിച്ച് ഒരു കാലിത്തീറ്റ നിർമ്മാണയൂണിറ്റ്.
- തൂതപ്പുഴയുടെ തീരപ്രദേശങ്ങളിൽ നിന്നു എല്ലാക്കാലത്തും ലഭിക്കുന്ന ഗുണമേൻമയുള്ള നേന്ത്രക്കായ് ഉപയോഗിച്ച് ചിപ്സ് നിർമ്മാണയൂണിറ്റ്.
- നോട്ടുബുക്ക് നിർമ്മാണം
- സ്ക്കൂൾബാഗ് നിർമ്മാണം
- കറിപൗഡർ നിർമ്മാണ്
- പഴവർഗ്ഗസംസ്ക്കരണം
- ശീതളപാനീയം
- ഇഷ്ടികനിർമ്മാണ്
- പ്ലാസ്റ്റിക് ബട്ടൺ
- ഇറച്ചിക്കോഴി വളർത്തൽ
- മുട്ടക്കോഴി വളർത്തൽ
- ജനറൽ എഞ്ചിനീയറിങ്ങ് (കാർഷികോപകരണങ്ങൾ)
- സോപ്പ് നിർമ്മാണത്തിൽ വിദഗ്ദ്ധരായ തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. അവരെ ഉപയോഗിച്ച് സഹകരണാടി സ്ഥാനത്തിലോ, സ്വകാര്യമേഖലയിലോ വാഷിംഗ് സോപ്പ് നിർമ്മാണയൂണിറ്റ് ആരംഭിക്കണം.
- പ്രവർത്തനം നിലച്ച വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കണം.

നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന മൺപാത്ര വ്യവസായത്തിൽ ഏർപ്പെട്ട ഏതാനും കുടുംബങ്ങൾ ഈ ഗ്രാമത്തിലുണ്ട്. ഇവർക്ക് അനർട്ടിന്റെ ആഭിമുഖ്യത്തിൽ വിദഗ്ദ്ധ പരിശീലനം നല്കുകയും പുതിയസംരംഭങ്ങളിൽ ഏർപ്പെടാൻ പ്രാപ്പരാകുകയും പുതിയ സംരംഭങ്ങളിൽ ഏർപ്പെടാൻ പ്രാപ്പരാക്കുകയും ചെയ്യണം.

പരമ്പരാഗത ശൈലികളിൽ വെങ്കലപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് കുടുംബങ്ങൾ ഈ ഗ്രാമത്തിലുണ്ട്. ഇവരുടെ തൊഴിൽ അന്യം നിന്നു പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആകർഷകമായ വെങ്കലപാത്രം നിർമ്മിക്കാൻ ആവശ്യമായ പുതിയ പരിശീലനം ഇവർക്ക് നല്കേണ്ടതും തൊഴിലും വരുമാനവും പുഷ്ടിപ്പെടുത്താൻ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കേണ്ടതുമാണ്.

## ഗ്രാമസഭകളിലെ മറ്റ് നിർദ്ദേശങ്ങൾ

- ആധുനികവല്ക്കരിച്ച കൈത്തറി
- നാളികേര സംസ്ക്കരണം
- സ്റ്റീൽഫർണിച്ചർ
- സ്റ്റെബിലൈസർ നിർമ്മാണം
- കൂൺകൃഷി
- കട്ട്ലറി
- ഡയറി
- പാവനെയ്ത്ത്
- പർപ്പടകനിർമ്മാണം
- ബേക്കറി
- കൂൺകൃഷി
- ബീഡി

## പൊതുനിർദ്ദേശങ്ങൾ

- ചെർപ്പുളശ്ശേരിയിൽ സ്ഥാപിക്കാൻ തീരുമാനിച്ച 110 കെ.വി. സബ്സ്റ്റേഷൻ ഉടൻ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുക.
- ഗ്രാമപഞ്ചായത്തിൽ ഒരു മിനി വ്യവസായകേന്ദ്രം സ്ഥാപിക്കുക.
- ലൈസൻസുകളും പെർമിറ്റുകളും ലഭിക്കാനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക.
- വായ്പകൾ യഥാസമയം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക, വായ്പാവ്യവസ്ഥകൾ ഉദാരമാക്കുക.
- വൈദ്യുതി ഉപഭോഗം കുറക്കാൻ കോമ്പാറ്റ് ഫ്ലൂറസന്റ് ലാമ്പിന്റെ ഉപയോഗം വ്യാപിപ്പിക്കുക.
- പഞ്ചായത്തുതല വ്യവസായ വികസനസമിതി രൂപീകരിക്കുക. പഞ്ചായത്തിൽ നിന്നുള്ള ഗൾഫ് കുടിയേറ്റക്കാരെ പുതിയ വ്യവസായങ്ങസംരംഭങ്ങളിൽ മുതൽ മുടക്കാൻ ഈ സമിതി ഇടപെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്വയംതൊഴിൽ എക്സ്ചേഞ്ച് (കൊല്ലം മാതൃക) സ്ഥാപിക്കുക.
- വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും മറ്റും നല്കാനുതകുന്ന തരത്തിലുള്ള ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ നടപ്പാക്കിയാൽ വ്യവസായികരംഗത്തു ഗുണകരമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഒരു പദ്ധതികൊണ്ട് എല്ലാപ്രശ്നങ്ങൾക്കും പരിഹാരം കാണാനാവില്ലല്ലോ. ഒമ്പതാം പദ്ധതി നാം വിഭാവന ചെയ്യുന്ന രൂപത്തിൽ വമ്പിച്ച ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കാൻ കഴിഞ്ഞാൽ സ്വാശ്രയരംഗത്തു ചുവടുറപ്പിക്കാൻ നമുക്ക് കഴിയുമെന്ന് ന്യായമായും പ്രതീക്ഷിക്കാം.

# വിദ്യാഭ്യാസം

## വെളിച്ചം സുഖമാണുണ്ണീ, തമസ്സാണസുഖപ്രദം.

സംഘടിത സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും ചെർപ്പുളശ്ശേരിയിലെ വിദ്യാഭ്യാസ പുരോഗതിയെ സ്വാധീനിക്കുകയുണ്ടായി. സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പു തന്നെ ചെർപ്പുളശ്ശേരിയിൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തനങ്ങൾ നടന്നിരുന്നു.

അരനൂറ്റാണ്ടിനപ്പുറം പഴയ വള്ളുവനാട് താലൂക്കിൻെറ തലസ്ഥാനമായിരുന്നു ചെർപ്പുളശ്ശേരി. അന്നത്തെ മലബാർ ജില്ലയിലെ ഏറ്റവും വിസ്തീർണ്ണമുള്ള താലൂക്കായിരുന്നു വള്ളുവനാട്. ഈ നൂറ്റാണ്ടിൻെറ ആദ്യത്തെ രണ്ടു ദശകങ്ങളിൽ നാട്ടിൻപുറങ്ങളിൽ വിദ്യാഭ്യാസസൗകര്യം വിരളമായിരുന്നു. ഇന്നത്തെ ഗവ. ഹൈസ്ക്കൂൾ ഒരു മിഡിൽ സ്ക്കൂളായാണ് ആരംഭിച്ചത്. ചതുരശ്രനാഴികകളോളം വരുന്ന പ്രദേശത്തിന് ആധുനിക രീതിയിലുള്ള ഇംഗ്ലീഷ് പ്രധാനമായ വിദ്യാഭ്യാസത്തിന് ആകെ കൂടി ഉണ്ടായിരുന്ന രണ്ടു സ്ക്കൂളുകളിൽ ഒന്നായിരുന്നു ഇത്. പിന്നീടിത് ഡിസ്ട്രിക് ബോർഡിൻെറ കീഴിൽ വരുകയും ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു. ഇപ്പോഴത്തെ പഞ്ചായത്ത് ആഫീസ് കെട്ടിടത്തിൻെറ സ്ഥാനത്തായിരുന്നു പ്രസ്തുത മിഡിൽ സ്ക്കൂൾ സ്ഥിതി ചെയ്തിരുന്നത്. ഒരു ചെറിയ കെട്ടിടത്തിൽ അഞ്ചു ക്ലാസ്സുകളും ഏതാനും അദ്ധ്യാപകരും വിദ്യാർത്ഥികളും അടങ്ങിയ ഒരു സ്ഥാപനം വിദ്യാർത്ഥികളുടെ എണ്ണം കൂടി വന്ന് സ്ഥലകുറവ് ഒരു പ്രശ്നമായി മാറി. അതോടെ ഇന്നത്തെ ഗവ;ആസ്പത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് സ്ക്കൂൾ മാറ്റപ്പെട്ടു. സ്ഥലപരിമിതിയുടെ പ്രശ്നം പിന്നെയും പൊന്തിവന്നു. പ്രശ്നപരിഹാരത്തിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടക്കുകയും പ്രകൃതി രമണീയമായ അടിക്കുന്നിൻെറ അടിത്തട്ടിൽ ഇന്നത്തെ ഹൈസ്ക്കൂൾ ഉയർന്നു പൊന്തുകയും ചെയ്തു.

125 വർഷം പഴക്കമുള്ള ഒരെഴുത്ത് പള്ളിയാണ് കരുമാനാംകുർശ്ശി ജി.എൽ.പി. ആയി പരിണമിച്ചത്. ആദ്യകാലത്ത് ഒരു വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഇത് പിന്നീട്ഗ്രാൻറ് വാങ്ങി നടത്തുന്ന അംഗീകൃത വിദ്യാലയമായി മാറി. ഇതിൻെറ നടത്തിപ്പുകാർ പിന്നീട് സ്ഥാപനം താലൂക്ക് ബോർഡിലേക്ക് വിട്ടുകൊടുത്തു. താലൂക്ക് ബോർഡ്, ഡിസ്ട്രിക്റ്റ് ബോർഡായും ഡിസ്ട്രിക്റ്റ് ബോർഡ് മാറി ഗവ. സ്ക്കൂളുമായി.

സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകികൊണ്ട്, പെൺകുട്ടികൾക്കു മാത്രം പഠിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയതാണ് ഇന്ന് ജി.യു.പി സ്ക്കൂൾ എന്നറിയപ്പെടുന്ന പഴയ ഗേൾസ് സ്ക്കൂൾ. ഒരു പുരാതന തറവാട്ടു വക സ്ഥലത്തായിരുന്ന ഇത് പിന്നീട് താലൂക്ക് ബോർഡ്, ഡിസ്ട്രിക്റ്റ് ബോർഡ് എന്നിവ വഴി ഗവൺമെൻറിൽ എത്തി.

പൊതുവായി പറഞ്ഞാൽ അരനൂറ്റാണ്ടു മുതൽ ഒന്നേകാൽ നൂറ്റാണ്ടു വരെ പഴക്കമുള്ള വിദ്യാലയങ്ങളാണ് ചെർപ്പുളശ്ശേരി പഞ്ചായത്തിലുള്ളത്. മലബാറിലെ ഗ്രാമാന്തരങ്ങളിൽ വിദ്യാഭ്യാസ പ്രചരണത്തിൻെറ മുൻപന്തിയിൽ നിന്നിരുന്ന എഴുത്തച്ഛൻ സമുദായക്കാർ തന്നെയാണ് ചെർപ്പുളശ്ശേരിയിലും ഇതിന് ഹരിഃശ്രീ കുറിച്ചത്. സ്വന്തം വീടുകളിൽ വരുന്നവരെ പഠിപ്പിക്കുക, പ്രചരണത്തിൻെറ തുടക്കം ഇങ്ങനെയായിരുന്നു. വിശേഷാവസരങ്ങളിൽ രക്ഷിതാക്കൻമാർ നൽകിയിരുന്നതെന്തോ അതായിരുന്നു അവരുടെ പ്രതിഫലം. പിന്നെ വിലമതിക്കാൻ കഴിയാത്ത സ്നേഹവും ബഹുമാനവും. നിലത്ത് മണൽ വിരിച്ച്, അതിൽ വിരൽ കൊണ്ട് അക്ഷരങ്ങൾ എഴുതി പഠിപ്പിച്ച്, എഴുത്തും വായനയും, ഗണിതവും, രാമായണവും, ഭാരതവുമൊക്കെ പഠിപ്പിച്ചിരുന്നവരായിരുന്നു നാട്ടെഴുത്തച്ഛൻമാരെന്ന ആചാരവര്യർ. ഇവരിൽ ചിലരുടെ അദ്യാപനം ക്രമേണ എഴുത്തുപള്ളികൾ കെട്ടിയുണ്ടാക്കി അവിടേക്ക് മാറ്റി. ഇത്തരം എഴുത്തുപള്ളികൾ വളർന്നു വലുതായതാണ് ചെർപ്പുളശ്ശേരി പഞ്ചായത്തിലെ ഗ്രാമീണ വിദ്യാലയങ്ങളിൽ മിക്കതും.

ഇന്ന് ചെർപ്പുളശ്ശേരി പഞ്ചായത്തിൽ ഒരു ഗവ. ഹൈസ്ക്കൂളും (വൊക്കേഷണൽ ഹയർസെക്കൻററി) മൂന്നു യു.പി. സ്ക്കൂളുമടക്കം 15 സ്ക്കൂളുകളാണ് പൊതു വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നത്. ഇതിന് പുറമേ ഒരു അംഗീകൃത അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സെൻററൽ സ്ക്കൂളും അംഗീകാരമില്ലാത്ത 3 പ്രീപ്രൈമറി/പ്രൈമറി വിദ്യാലയങ്ങളും ചെർപ്പുളശ്ശേരിയിലുണ്ട്. ആകെയുള്ള സ്ക്കൂളുകളിൽ 3 എണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത്. സർക്കാർ മേഖലയിലെ അദ്ധ്യാപകരുടെ എണ്ണം 98 ആണ് (47.5%). ഗവൺമെൻറ് അദ്ധ്യാപകരുടെ വിവരം സ്ക്കൂൾ തിരിച്ച് പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ നിലവിലുള്ള 3 സർക്കാർ സ്ക്കൂളുകളിലും 12 എയ്ഡഡ് സ്ക്കുളിലുമായി 6110 കുട്ടികൾ അദ്ധ്യയനം നടത്തുന്നു. ഇതിൽ 2549 കുട്ടികൾ എൽ.പി തലത്തിലും 1481 കുട്ടികൾ യു.പി. തലത്തിലും പഠിക്കുന്നവരാണ്. ഇതിൽ 810 കുട്ടികൾ പട്ടികജാതി വിഭാഗത്തിൽ

| ക്രമ. നമ്പർ | സ്കൂളിൻെറ പേര് | HS UP LP Pre-Pri | സ്കൂളിൻെറ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | അക്കാദമിക് സൗകര്യങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്ത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | Long Leave | കാമ്പസിൻെറ വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം | വൈദ്യുതി / ഇല്ല (പ്രവർത്തിക്കുന്നു) | ലൈബ്രറി/ സയൻസ് ലാബ് | പാചകപ്പുര | ക്ലാസ്സ്മുറികൾ ആവശ്യമുള്ളത് | ക്ലാസ്സ്മുറികൾ നിലവിലുള്ളത് | ചുറ്റുമതിൽ |
| 1 | ഗവ. V.H.S.S ചെർപ്പുളശ്ശേരി | HS/UP VHSS | * | | | | 1145 | 1215 | 2360 | 79 | 79 | - | 1 | 14 ഏക്ര | 2 ഏക്ര | 5 ഏക്ര | Y/W | Y/W | ഉണ്ട് | 56 | 36 | ചുറ്റുമതിലില്ല |
| 2 | ഗവ. N.N.M.UPS കാറൽമണ്ണ | LP/UP | | * | | | 491 | 468 | 959 | 30 | 30 | - | - | 1.5 ഏക്ര | 60 സെ. | 30 സെ. | Y/W | Y/W | ഉണ്ട് | 30 | 24 | - |
| 3 | ഗവ. UPS ചെർപ്പുളശ്ശേരി | LP/UP | * | | | | 273 | 273 | 546 | 16 | 16 | - | - | 1 ഏ 37സെ | 30 സെ. | - | Y/W | Y/W | ഉണ്ട് | 17 | 10 | - |
| 4 | AUPS കരുമാനാംകുർശ്ശി | LP/UP | | * | | | 183 | 181 | 364 | 14 | 14 | - | - | | 30 സെ. | - | Y/W | Y/W | ഉണ്ട് | 14 | 10 | - |
| 5 | ALPS വടക്കുംമുറി | LP | | * | | | 59 | 50 | 109 | - | - | - | - | - | - | - | Y/W | Y/W | ഉണ്ട് | 6 | 2 | - |
| 6 | ALPS തെക്കുംമുറി | LP | | * | | | 106 | 117 | 223 | 9 | 9 | - | 1 | 50 സെ | 20 സെ. | - | No | NO | ഉണ്ട് | 8 | - | പൂർണ്ണമല്ല |
| 7 | BVALPS കാറൽമണ്ണ | LP | | * | | | 75 | 66 | 141 | 5 | 5 | - | | 1.5 ഏക്ര | 1.5 ഏക്ര | .5 ഏക്ര | Y/W | - | ഉണ്ട് | 5 | 1 | - |
| 8 | ALPS പന്നിയാംകുർശ്ശി | LP | | * | | | 76 | 60 | 136 | 5 | 5 | - | | 32 സെ | - | 6 സെ | Y/W | NO | ഇല്ല | 10 | 4 | പൂർണ്ണമല്ല |
| 9 | ALPS ചെർപ്പുളശ്ശേരി | LP | | * | | | 105 | 101 | 206 | 8 | 8 | - | | 60 സെ | 40 സെ | - | Y/W | NO | ഉണ്ട് | 7 | 7 | - |
| 10 | ALPS ചെർപ്പുളശ്ശേരി | LP | | * | | | 74 | 68 | 142 | 5 | 5 | - | | - | - | - | NO | Yes | ഉണ്ട് | 6 | 6 | പൂർണ്ണമല്ല |
| | | | | | | | | | | | | | | | | | | | | | | |
| 11 | AMLPS cpy. നോർത്ത് | LP | | * | | | 81 | 71 | 152 | 5 | 5 | - | | 90 സെ | - | - | Y/W | NO | ഉണ്ട് | 7 | 4 | ഇല്ല |
| 12 | ADLPS cpy. | LP | | * | | | 144 | 170 | 314 | 10 | 10 | - | | 1 ഏക്ര | 2000 sqft | - | Y/W | Y/W | ഉണ്ട് | 10 | 10 | പൂർണ്ണമല്ല |
| 13 | ALPSപന്നിയാംകുർശ്ശി ഈസ്റ്റ് | LP | | * | | | 68 | 80 | 148 | 5 | 5 | - | | 2 ഏക്ര | 25 സെ | 30 സെ | NO | NO | ഇല്ല | 7 | 4 | ഇല്ല |
| 14 | GLPSകരുമാനാംകുർശ്ശി | LP | * | | | | 35 | 24 | 59 | 4 | 3 | 1 | | 30 സെ | 6 സെ | | NO | Y/W | ഉണ്ട് | 8 | 4 | ഇല്ല |
| 15 | AMLPSചെർപ്പുളശ്ശേരി സൗത്ത് | LP | | * | | | 125 | 126 | 251 | 10 | 10 | - | | 1.6 ഏക്ര | 90 സെ | 35 സെ | Y/W | NO | ഉണ്ട് | 10 | 8 | ഇല്ല |
| 16 | വിവേകാനന്ദ ശിശുമന്ദിരം | Pre.Pri. | | | | * | 34 | 21 | 55 | 6 | 6 | - | | | | | Y/W | | ഉണ്ട് | | | - |
| 17 | ആൽഫ ഇംഗ്ലീഷ് മീഡിയം | Pre.Pri. | | | | * | 32 | 45 | 77 | 6 | 6 | - | | | | | Y/W | | | | | |
| 18 | സലഫി | Pre.Pri. | | | | | | | | | | | | | | | | | | | | |
| 19 | ചെർപ്പുളശ്ശേരി ഇംഗ്ലീഷ് മീഡിയം സെൻട്രൽ സ്കൂൾ | LKG-12 | | | * | | 420 | 296 | 716 | 48 | 48 | - | | | | | Y/W | Y/W | ഉണ്ട് | | | |

## പട്ടിക 1

**സർക്കാർ വിദ്യാലയത്തിലെ അദ്ധ്യാപകരുടെ വിവരം**

| വിദ്യാലയത്തിൻെറ പേര് | അദ്ധ്യാപകരുടെ എണ്ണം പുരുഷൻമാർ/സ്ത്രീകൾ | ആകെ |
|---|---|---|
| G.V.H.S Cherpulassery | | 79 |
| A.U.P.S Cherpulassery | 2 + 14 | 16 |
| G.L.P.S Karumanamkurussy | 0 + 3 | 03 |
| ആകെ | | 98 |

**സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം ശതമാനത്തിൽ - 47.5%**

(അവലംബം: സെക്കൻററി ഡാറ്റ)

പെട്ടവരാണ്. സ്കൂൾ തിരിച്ചു കൊണ്ടുള്ള കുട്ടികളുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

**<u>1995-'96 അദ്ധ്യയന വർഷത്തിൽ വിവിധ സ്ക്കൂളുകളിൽ നിന്നായി പഠനം നിറുത്തേണ്ടി വന്നവർ</u>**

| ക്രമ. നമ്പർ | വിദ്യാലയത്തിൻെറ പേര് | SC/ST | | | മറ്റുള്ളവർ | | | ആകെ |
|---|---|---|---|---|---|---|---|---|
| | | M | F | Tot | M | F | Tot | |
| 1. | G.V.H.S. Cherpulassery | 7 | 10 | 17 | 10 | 10 | 20 | 37 |
| 2. | N.N.N.M-U.P.S Karalmanna | 1 | 1 | 2 | | | | |
| 3. | A.L.P.S Pannyamkurussi | 1 | 0 | 1 | 0 | 1 | 1 | 2 |
| 4. | A.U.P.S Karumanamkurussi | | | | 0 | 2 | 2 | 2 |
| 5. | A.L.P.S Cherpulassery South | | | | 0 | 1 | 1 | 1 |
| 6. | A.M.L.P.S Cherpulassery North | | | | 1 | 3 | 4 | 4 |
| | ആകെ | 9 | 11 | 20 | | | | |

പട്ടിക 3 (അവലംബം : സെക്കൻററി ഡാറ്റ)

സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ വളരെ ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾ ഇടക്കു വെച്ച് പഠനം നിർത്തുന്നുണ്ട്. 95-96 അദ്ധ്യയന വർഷത്തിൽ വിവിധ സ്കൂളുകളിൽ പഠനം നിറുത്തിയവരുടെ കണക്ക് പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

ചെർപ്പുളശ്ശേരി ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കളിലേക്ക് തൃക്കടീരി, നെല്ലായ, കുലുക്കല്ലൂർ തുടങ്ങിയ പഞ്ചായത്തുകളിൽ നിന്ന് കുട്ടികൾ എത്തുന്നുണ്ട്. പ്ലസ് ടു എന്ന നിലയിൽ മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് ഇവിടെ നിലവിലുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ ഇതിൽ വിജയശതമാനം കുറവാണ്. കഴിഞ്ഞ നാലു വർഷത്തെ വിജയശതമാനം 20%ത്തിനും 24%ത്തിനും ഇടക്കാണ് (സെക്കൻററി ഡാറ്റ).

കെട്ടിടങ്ങളുടെ പരിമിതി മൂലം ഇവിടെ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു. 14 ഏക്ര സ്ഥലമാണ് ഈ സ്ക്കൂൾ കേമ്പസിൻെറ മൊത്തം വിസ്തീർണ്ണം. ഇതിൽ 5 ഏക്ര സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നുണ്ട്.

സർക്കാർ മേഖലയിലുള്ള മറ്റൊരു വിദ്യാലയമാണ് ഗവ.യു.പി. പി.ടി.എയുടെ ശക്തമായ ഇടപെടലുള്ള ഈ വിദ്യാലയത്തിൽ, ഭൗതിക സാഹചര്യം ഉണ്ടാക്കുന്നതിനു വേണ്ടി, പൊതു ജനങ്ങളുടെ സഹായത്തോടെ രണ്ടു ലക്ഷത്തോളം രൂപ ചിലവാക്കി ഒരു താൽകാലിക കെട്ടിടവും ചുറ്റുമതിലും നിർമ്മിച്ചു.

ഈ പഞ്ചായത്തിൽ ഭൂരിഭാഗം ആളുകളും കുട്ടികളെ പൊതുവിദ്യാലയത്തിൽ ചേർക്കാൻ തയ്യാറാണ്. വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടന്ന ബോധപൂർവ്വമായ ശ്രമങ്ങൾനാട്ടിൻ പ്രദേശത്തെ ഇടത്തരക്കാരനിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ചെർപ്പുളശ്ശേരി ഇംഗ്ലീഷ് മീഡിയം സെൻട്രൽ സ്ക്കൂളിൽ (+2 അടക്കം) 716 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. ഇവിടെയുള്ള 48 അധ്യാപകരിൽ 35 പേർ അധ്യാപികമാരാണ്. ചെറിയൊരെണ്ണം കുട്ടികൾ ഈ പഞ്ചായത്തിന് പുറത്തുള്ള കാട്ടുകുളം, വെള്ളിനേഴി, അടക്കാപുത്തൂർ, എൽ.എസ്.എൻ കോൺവെൻറ് എന്നീ ഹൈസ്ക്കളുകളിലും പോകുന്നുണ്ട്. ഏകദേശം 200-ഓളം കുട്ടികൾ വർഷവും തൊട്ടടുത്ത ജില്ലയിലെ തൂത ഹൈസ്ക്കൂളിലേക്ക് പോകുന്നു.

പ്രീ-പ്രൈമറി സ്ക്കൂൾ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം വർദ്ധിച്ചതോടെ നമ്മുടെ നാട്ടിൽ പലതരം നഴ്സറി സ്ക്കൂളുകൾ ഉയർന്നു വരാൻ തുടങ്ങി. അംഗനവാടികൾ, ബാലവാടികൾ മറ്റു നഴ്സറി വിദ്യാലയങ്ങൾ എന്നിവ പലതും ഉയർന്നു വന്നിട്ടുണ്ടെങ്കിലും അവയുടെ ഘടനയിലും പ്രവർത്തനരീതിയിലും പരക്കെ അംഗീകരിക്കാവുന്ന ഒരു നിലവാര ക്രമീകരണം ഉണ്ടായിട്ടില്ല. 29,000 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ മൊത്തം 23 അംഗനവാടികളാണ് ഉള്ളത്.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമേ മൂന്നു പാരലൽ കോളേജുകൾ, നാലു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിട്യൂട്ടുകൾ, നാലു ടെക്ക്നിക്കൽ സ്ഥാപനങ്ങൾ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഐ.ടി.ഐ, ഐ.ടി.സി, പോളിടെക്ക്നിക്ക് എന്നീ സ്ഥാപനങ്ങൾ ഇവിടെയില്ല. ഒരു കോ-ഓപ്പറേറ്റീവ് കോളേജും ഈ പഞ്ചായത്തിലുണ്ട്. ചെർപ്പുളശ്ശേരി ടൗണിനടുത്ത് സ്വന്തമായി 20 സെൻറ് സ്ഥലവും ഒരു കെട്ടിടവുമുള്ള ഈ സ്ഥാപനത്തിന് ഒരുപാടു സാധ്യതകളുണ്ട്. വിവിധ പാരലൽ കോളേജുകളിൽ വിവിധ കോഴ്സുകളിലായി 785 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നുണ്ട്. പാരലൽ കോളേജുകളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവര

ങ്ങൾ പട്ടിക 4ൽ കൊടുക്കുന്നു.

### പാരലൽ കോളേജുകളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവരങ്ങൾ

| ക്രമ. നമ്പർ | സ്ഥാപനത്തിൻെറ പേർ | വിദ്യാർത്ഥികളുടെ എണ്ണം ആൺ/പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 1 | ശ്രീ. ധർമ്മശാസ്താ കോളേജ് | 260 + 210 | 470 | 10 |
| 2 | ലിസിയം കോളേജ് | 73 + 87 | 160 | 9 |
| 3 | സ്റ്റാൾവാട്ട്സ് കോളേജ് | 87 + 68 | 155 | 6 |
| | | 420 + 365 | 785 | 25 |

**പട്ടിക - 4**

(അവലംബം-സെക്കൻററി ഡാറ്റ)

S.S.L.C വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിന്, ചെർപ്പുളശ്ശേരി പഞ്ചായത്തിൽ ഉള്ളവർക്ക് ചുരുങ്ങിയത് 17 കി.മീ ദൂരമെങ്കിലും സഞ്ചരിക്കണം. പട്ടാമ്പി S.N.G.S കോളേജ്, NSS കോളേജ്- ഒറ്റപ്പാലം, MES കോളേജ് മണ്ണാർക്കാട്, റയതുകോളേജ് ശ്രീകൃഷ്ണപുരം, PTM Govt. കോളേജ് പെരിന്തൽമണ്ണ എന്നീ സ്ഥാപനങ്ങളെയാണ് ഉപരിപഠനത്തിനായി ചെർപ്പുളശ്ശേരിക്കാർ ആശ്രയിക്കുന്നത്. നല്ലൊരു ശതമാനം കുട്ടികൾ പാരലൽ കോളേജുകളെ ആശ്രയിക്കുന്നു.

സ്വകാര്യ വ്യക്തികൾ നടത്തുന്ന 9 സാങ്കേതിക സ്ഥാപനങ്ങൾ ചെർപ്പുളശ്ശേരിയിലുണ്ട്. 149 വിദ്യാർത്ഥിനികളടക്കം 317 പേർ ഇവിടെ വിവിധ കോഴ്സുകളിൽ പഠിക്കുന്നു. സാങ്കേതിക സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവരങ്ങൾ പട്ടിക 5 ൽ കൊടുത്തിട്ടുണ്ട്.

അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ എന്ന നിലയിൽ ചെർപ്പുളശ്ശേരി പഞ്ചായത്തിൽ 6 ഗ്രന്ഥശാലകളും 2 വായനശാലകളും ഉണ്ട്. നിരക്ഷരത നിർമ്മാർജ്ജനത്തിൻെറ ഭാഗമായി 1990ൽ കേരളത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ ചെർപ്പുളശ്ശേരി പഞ്ചായത്ത് മുന്നിൽ നിന്നു. അന്നത്തെ 10 വാർഡുകളിലായി 100ൽ അധികം കേന്ദ്രങ്ങളിൽ സാക്ഷരത ക്ലാസ്സുകൾ നടന്നു. നിസ്വാർത്ഥമതികളായ ചെറുപ്പക്കാരായിരുന്നു ആ പ്രസ്ഥാനത്തിൻെറ ജീവൻ. ആ യജ്ഞത്തിൻെറ ഭാഗമായി 900ൽ അധികം പേരെ അക്ഷരത്തിൻെറ ലോകത്തിലേക്ക് കൈപിടിച്ചുയർത്തുവാനും പഞ്ചായത്തിൻെറ സമ്പൂർണ്ണ സാക്ഷരത (93%) പ്രഖ്യാപിക്കാനും കഴിഞ്ഞു. കലാസംഘങ്ങളുടെ തെരുവു നാടകങ്ങൾ കൂട്ടുപാട്ടുസംഘങ്ങളുടെ പ്രവർത്തനം, പഠനയാത്രകൾ, കലാമേളകൾ ഇത്യാദി വിവിധ രൂപത്തിലും തരത്തിലും ഉള്ള പ്രവർത്തനങ്ങൾ സാക്ഷരത യജ്ഞത്തിൻെറ ഭാഗമായി നടന്നിരുന്നു. എന്നാൽ സാക്ഷരത യജ്ഞത്തിൻെറ രണ്ടാം ഘട്ടം, തുടർവിദ്യാഭ്യാസ പരിപാടിഎന്ന നിലയിൽ നടത്താൻ കഴിഞ്ഞില്ല.

### സാങ്കേതിക സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവരങ്ങൾ

| ക്രമ. നമ്പർ | സ്ഥാപനത്തിൻെറ പേർ | വിദ്യാർത്ഥികളുടെഎണ്ണം ആൺ/പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 1 | ശ്രീധർമ്മശാസ്താ ഇൻസ്റ്റിട്യൂട്ട് ഓഫ് കൊമേഴ്സ് & കമ്പ്യൂട്ടർ സെൻറർ | 65 + 70 | 135 | 2 |
| 2 | ലിസിയം കമ്പ്യൂട്ടർ അക്കാഡമി | 20 + 15 | 35 | 5 |
| 3 | പാർത്ഥസാരഥി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് | 10 + 5 | 15 | 1 |
| 4 | ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് കൊമേഴ്സ് | 15 + 10 | 25 | 1 |
| 5 | ലക്ഷ്മി കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് | 15 + 1 | 16 | 1 |
| 6 | ബ്രൂൺ മോട്ടോർ ഡ്രൈവിങ്ങ് സ്കൂൾ | 18 + 0 | 18 | 3 |
| 7 | ഐഡിയൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | 15 + 0 | 15 | 1 |
| 8 | മാക്സ്വെൽ കോളേജ് ഓഫ് എൻജിനീയറിങ്ങ് | 10 + 0 | 10 | 1 |
| 9 | സ്കൂൾ ഓഫ് ടെക്നോളജി (ടെയ്‌ലറിങ്ങ്) | 0 + 48 | 48 | 2 |
| | | 168 + 149 | 317 | 17 |

**പട്ടിക 5 (അവലംബം സെക്കൻഡറി ഡാറ്റ)**

## പ്രശ്നങ്ങൾ

- ഒന്നാം വാർഡിലെ GLPS വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1985 നു ശേഷം വാടക നൽകിയിട്ടില്ല. അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. ആ പ്രദേശത്തെ കുട്ടികൾക്ക് ഉപരിപഠനത്തിനായി വെള്ളിനേഴിയിൽ പോകണം. ഇത് പലരും പഠനം നിറുത്തുന്നതിന് കാരണമാകുന്നു.
- പല സ്ക്കൂളുകളുടെയും അംഗനവാടികളുടെയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല. ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. പല അംഗനവാടികൾക്കും സ്വന്തമായി കെട്ടിടവും, സ്ഥലവും ഇല്ല. പഠനോപകരണങ്ങൾ ഇല്ല.
- ജി.യു.പി, ഗവ. വൊക്കേഷണൽ ഹയർസെക്കൻററി സ്ക്കൂൾ എന്നിവക്ക് അവശ്യത്തിന് കെട്ടിടങ്ങൾ ഇല്ല.
- ഉന്നത വിദ്യാഭ്യാസത്തിന് കോളേജുകളും, സാങ്കേതിക വിദ്യാഭ്യാസത്തിന് ടെക്ക്നിക്കൽ സ്ഥാപനങ്ങളും ഇല്ല.
- അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രണ പരിപാടികൾ ഒന്നും നടപ്പിലാക്കുന്നില്ല.
- പതിനൊന്നാം വാർഡിലെ ALPS തൈക്കുമുറി പ്രദേശത്തെ കുട്ടികൾക്ക് ഉപരിപഠനത്തിന് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്നു. ഇത് 30% കുട്ടികൾ പഠനം നിറുത്തുന്നതിന് കാരണമാവുന്നു.

- വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് പി.ടി.എയുടെ സജീവമായ പങ്കാളിത്തക്കുറവ്.
- യഥാസമയം പാഠപുസ്തകങ്ങൾ ലഭിക്കാത്ത അവസ്ഥ.
- കോളേജ് വിദ്യാഭ്യാസത്തിന് ചുരുങ്ങിയത് 17 കി.മീ യാത്ര ചെയ്യണം.
- പഠനനിലവാരം കുറവാണ്.
- കലാ-കായിക വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഇല്ല.
- അക്കാദമിക്ക് സൗകര്യങ്ങൾ ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസ്സ് മുറിയിൽ അമർത്തപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ബ്ലാക്ക് ബോർഡുകൾ, ഫർണീച്ചറുകൾ എന്നിവ ഒരു വിദ്യാലയത്തിൻെറ യോഗ്യതാ ചിഹ്നങ്ങളാണ്.
- ലൈബ്രറി ഇല്ലാത്ത നാലു സ്ക്കൂളുകളും ലബോറട്ടറി ഇല്ലാത്ത ഏഴ് സ്ക്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. രണ്ടു സ്ക്കൂളുകളിൽ പഠനോപകരണങ്ങൾ ഇല്ല. മാതൃസംഗമം സജീവമല്ലാത്ത മൂന്നു സ്ക്കൂളുകൾ പഞ്ചായത്തിലുണ്ട്. GVHSS ൽ റേഡിയോ, ടേപ്പ്റിക്കോർഡർ, സ്ലൈഡ് പ്രൊജക്ടർ, സിനിമാ പ്രൊജക്ടർ, ഓവർ ഹെഡ്പ്രൊജക്ടർ എന്നിവയുണ്ട്. ബാക്കി സ്ക്കൂളുകളിലൊന്നും ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ ഇല്ല.
- അക്കാദമിക്ക് സൗകര്യങ്ങൾ പട്ടിക (2)ൽ കൊടുത്തിരിക്കുന്നു. സ്ക്കൂളുകളിൽ ക്ലാസ്സ് റൂം പി.ടി.എകൾ പ്രവർത്തിക്കുന്നില്ല.
- മിടുക്കൻമാരായ വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുന്നതിൻെറ ഭാഗമായി വിവിധ സ്ക്കൂളുകളിൽ എൻഡോവ്മെൻറുകളും സ്കോളർഷിപ്പുകളും ഉണ്ട്.
- ആവശ്യത്തിന് ബ്ലാക്ക് ബോർഡുകൾ എല്ലാ സ്ക്കൂളുകളിലും ഇല്ല. (പട്ടിക-2) വിവിധ സ്ക്കുളുകളിലായി എഴുപതിലധികം ബോർഡുകൾ ആവശ്യമുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഒരു പോരായ്മ തന്നെയാണ്. G.V.H.S. ൽ 20ലധികംക്ലാസ്സു മുറികൾ ഇനിയും ആവശ്യമാണ്. അത് നിർമ്മിക്കാനാവശ്യമായ സ്ഥലവും ഇവിടെയുണ്ട്. നാലു സ്ക്കൂളുകളിൽ മൂത്രപ്പുരയില്ല. ഉപയോഗശൂന്യമായ മൂത്രപ്പുരകൾഉള്ള മൂന്ന് സ്ക്കൂളുകൾ ഉണ്ട്. വിവിധ സ്ക്കൂളുകളിലായി ഇനി 31 മൂത്രപ്പുരകൾ ആവശ്യമാണ്. 5 സ്ക്കൂളുകളിലാണ് കക്കൂസ് ഉള്ളത്. ഇതിൽ മൂന്നു കക്കൂസുകൾ ഉപയോഗശൂന്യമാണ്. മൂന്നു സ്ക്കൂളുകളിൽ കുടിവെള്ള സൗകര്യമേ ഇല്ല. 6 സ്ക്കൂളുകളിൽ കുടിവെള്ളത്തിന് കിണർ ഉണ്ട്. 5 സ്ക്കൂളുകളിൽ പൈപ്പ് സംവിധാനമാണ് നിലവിലുള്ളത്. പഞ്ചായത്തിലെ 10 സ്ക്കൂളുകൾ വൈദ്യുതീകരിച്ചിട്ടില്ല. സ്റ്റാഫ് മുറികളില്ലാത്ത 7 സ്ക്കൂളുകളും പാചകമുറിയില്ലാത്ത 5 സ്ക്കൂളുകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ 14 സ്ക്കൂളുകളിലും മതിയായ ഫർണീച്ചർ ഇല്ല. സ്ക്കൂളുകളുടെ ഭൗതികസാഹചര്യങ്ങളുടെ പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

## സാധ്യതകൾ

- വിദ്യാലയങ്ങൾക്ക് നല്ല അധ്യയന അന്തരീക്ഷം ഉണ്ടാക്കുകയാണ് വേണ്ടത്. സമൂഹം വിദ്യാലയങ്ങളെ ഏറ്റെടുത്തതു കൊണ്ടുമാത്രമേ ഇത് സാധിക്കുകയുള്ളൂ. പി.ടി.എ, മാതൃസമിതി എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുത്താനും അങ്ങിനെ അവരുടെ പങ്കാളിത്തവും ഉത്തരവാദിത്വവും ഉറപ്പാക്കാനും കഴിയണം. സ്ക്കൂളിലെ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹായം തേടാം. ബാലസഭ, സ്പോർട്ട്സ്, വിജ്ഞാനോൽസവം തുടങ്ങിയവയിലെല്ലാം ഇതാകാം. അക്ഷരമറിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേകം ക്ലാസ്സുകൾ നടത്താം. ഇതിന് സന്നദ്ധസംഘടനകളുടെ സഹായം ഉപയോഗപ്പെടുത്താം. സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം ഈ രംഗത്ത് കാര്യമായ മാറ്റത്തിന് സഹായിക്കും. ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്തിലെ സ്ക്കൂൾ കോംപ്ലക്സ് നിർമ്മിക്കാം. ഇതിൽ നിന്ന് ഒരു പ്രത്യേക സമിതി ഉണ്ടാക്കി വിദ്യാലയങ്ങളിൽ ഇടക്കിടക്ക് സന്ദർശനമേർപ്പെടുത്തണം. വിദ്യാഭ്യാസമേഖലയിൽ നിന്നും റിട്ടയർ ചെയ്തവർ, സന്നദ്ധരായ വിദ്യാസമ്പന്നർ, പഞ്ചായത്ത് മെമ്പർമാർ എന്നിവരെ ഈ സമിതിയിൽ ഉൾപ്പെടുത്താം. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും ഒരു ടേമിൽ ചുരുങ്ങിയത് ഒരു പ്രാവശ്യമെങ്കിലും സന്ദർശിച്ച് ഓരോ ക്ലാസ്സിലേയും പഠനനിലവാരം, സ്ക്കൂൾ അസംബ്ലി, ബാലസഭ, സാഹിത്യസമാജം, മാസ്ഡ്രിൽ എന്നിവയും സ്ക്കൂളിലെ ഭൗതികസാഹചര്യങ്ങളും പരിശോധിച്ച് സ്ക്കൂൾ കോംപ്ലക്സിൽ റിപ്പോർട്ട് ചെയ്യാം. ചർച്ചചെയ്ത് പരിഹാരം കണ്ടെത്തുകയുമാകാം. സ്ക്കൂൾ കോംപ്ലക്സിന് ഒരു അക്കാദമിക്ക് ഒരു അക്കാദമിക്ക് കമ്മിറ്റി രൂപീകരിച്ച് DIET ൻെറയും മറ്റും സഹായത്തോടുകൂടി അദ്ധ്യാപകർക്ക് പുനഃപരിശീലനം നൽകണം. കോംപ്ലക്സിൻെറ നേതൃത്വത്തിൽ മറ്റു പഠനാനുബന്ധപ്രവർത്തനങ്ങൾ (പഠനയാത്ര, പഠനോപകരണങ്ങളുടെ നിർമ്മാണം തുടങ്ങിയവ) സംഘടിപ്പിക്കണം. ക്ലാസ്സ് പി.ടി.എകൾ രൂപീകരിക്കുകയും ഫലപ്രദമായി ഇടപെടലുകൾ നടത്തുകയും വേണം. ഓർമ്മശക്തിയെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഇന്നത്തെ പരീക്ഷാ സമ്പ്രദായം മാറ്റി കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാൻ ആവശ്യമായ മൂല്യനിർണയരീതികൾ ആവിഷ്കരിക്കുക.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി ആവശ്യമുള്ള മുറികൾ | ഇനി കെട്ടിടം നിർമ്മിക്കാൻ ഭൂമിയുണ്ട് | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഒരേ സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം | ഇനി ആവശ്യമുള്ള ഫർണീച്ചറുകൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താൽകാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽകാലികം | | | | | | | | | | | ഡസ്ക് | ബെഞ്ച് | കസേര | മേശ | ഓഫീസ് ഫർണീച്ചർ |
| 1 | ജി.എൽ.പി.എസ്- കരുമാനാംകുർശ്ശി | 4 | 1 | - | - | 5 | - | - | - | Y | 2 | 8 | 2 | - | W | N | Y | N | | | | | |
| 2 | എ.എൽ.പി.എസ്- പന്നിയാംകുർശ്ശി ഈസ്റ്റ് | 4 | 1 | - | - | 5 | - | - | 2 | Y | 1 | 4 | 2 | Nil | N | N | N | N | 10 | 10 | 5 | 5 | |
| 3 | എ.എം.എൽ.പി.എസ്- ചെർപ്പുളശ്ശേരി സൗത്ത് | 8 | 1 | - | - | - | - | - | - | Y | - | - | 2 | - | T | N | Y | Y | 30 | 20 | 4 | 10 | |
| 4 | എ.ഡി.എൽ.പി.എസ്- ചെർപ്പുളശ്ശേരി | 8 | 2 | - | - | 8 | - | - | - | N | 1 | 2 | 1 | 1 | W | Y | N | Y | 12 | - | - | - | |
| 5 | എ.എം.എൽ.പി.എസ്- ചെർപ്പുളശ്ശേരി നോർത്ത് | 4 | 2 | - | - | - | - | 4 | 5 | Y | - | - | 3 | - | N | N | Y | N | 28 | 10 | 3 | 4 | ആവശ്യമുണ്ട് |
| 6 | എ.എൽ.പി.എസ്- ചെർപ്പുളശ്ശേരി സൗത്ത് | 4 | 2 | - | - | 7 | - | - | - | Y | 1 | 4 | 2 | - | W | Y | Y | W | 20 | 20 | 6 | 10 | |
| 7 | എ.എൽ.പി.എസ്- ചെർപ്പുളശ്ശേരി | 7 | 2 | - | - | - | - | - | - | Y | 1 | 2 | 2 | - | T | N | Y | N | 10 | 45 | 7 | 8 | |
| 8 | എ.എൽ.പി.എസ്- പന്നിയാംകുർശ്ശി വെസ്റ്റ് | 4 | 1 | - | - | - | - | - | 2 | Y | 1 | - | 2 | - | T | N | Y | N | 15 | 20 | 3 | 6 | |
| 9 | ബി.വി.എ.എൽ.പി.എസ്- കാറൽമണ്ണ | 5 | 1 | - | - | - | - | - | 3 | Y | - | - | 3 | - | W | N | N | N | 10 | 6 | 5 | 5 | |
| 10 | എ.എൽ.പി.എസ്- തെക്കുമുറി | 8 | 3 | - | - | 4 | - | 5 | - | N | - | - | 3 | - | N | N | N | Y | - | 30 | 5 | 10 | |
| 11 | എ.എൽ.പി.എസ്- വടക്കുമുറി | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | |
| 12 | എ.യു.പി.എസ്- കരുമാനാംകുർശ്ശി | 10 | 1 | - | - | 16 | - | - | 3 | Y | 2 | 8 | 2 | 1 | W | N | N | Y | 18 | 18 | 4 | 4 | |
| 13 | ജി.യു.പി.എസ്- ചെർപ്പുളശ്ശേരി | 14 | 3 | - | 1 | 11 | - | 3 | 4 | Y | 2 | 15 | 1 | 1 | W | N | Y | N | 20 | 20 | 5 | 4 | |
| 14 | എൻ.എൻ.എം.യു.പി.എസ്- കാറൽമണ്ണ | 24 | 1 | - | - | 28 | - | - | 4 | Y | 1 | - | 2 | 1 | T | Y | Y | Y | 50 | 50 | 8 | 10 | |
| 15 | ജി.വി.എച്ച്.എസ്.എസ്- ചെർപ്പുളശ്ശേരി | 56 | 6 | 1 | - | 32 | 4 | - | 20 | Y | 2 | 10 | 4 | 2 | T | Y | Y | Y | 50 | 50 | 25 | 25 | |

N- No Y- Yes W- Well T- Tap (Pipe)

- പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക, ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 11 ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചക്ക് വിധേയമായി, പൊതുവായി, അക്കാദമിക്ക് നിലവാരം ഭൗതിക സാഹചര്യങ്ങൾ എന്നിവ വിലയിരുത്തപ്പെട്ടു. അക്കാദമിക്ക് നിലവാര തകർച്ച പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, നിലവിലുള്ള പ്രൊമോഷൻ സമ്പ്രദായം, അദ്ധ്യാപകരുടെ പുനഃപരിശീലനം, മൂല്യനിർണയം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയെല്ലാം എല്ലാ ഗ്രാമസഭകളിലുംചർച്ചാ വിഷയമായി. ദൃശ്യ മാധ്യമങ്ങളുടെ സ്വാധീനവും കുട്ടികളുടെ പഠനത്തെ സ്വാധീനിക്കുന്നുണ്ടെന്ന് വിലയിരുത്തപ്പെട്ടു.
- ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 വർഷത്തേക്ക് വേണ്ട പ്രവർത്തനങ്ങളുടെ ഏകദേശ വിവരം താഴെ കൊടുക്കുന്നു.
- ചെർപ്പുളശ്ശേരി ജി.യു.പി, കരുമാനാംകുർശ്ശി ജി.എൽ.പി എന്നിവക്ക് പുതിയ കെട്ടിടങ്ങൾ പണിയുക.
- G.V.H.S.Sചെർപ്പുളശ്ശേരിക്ക് ആവശ്യത്തിന് പുതിയ ക്ലാസ്സുമുറികൾ നിർമ്മിച്ച് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുക. ഇവിടെ പുതിയ കോഴ്സുകൾ അനുവദിക്കുക. ചുറ്റുമതിൽ നിർമ്മിക്കുക.
- കോ-ഓപ്പറേറ്റീവ് കോളേജിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങാൻ സൗകര്യം ചെയ്യുക-പ്രൊഫഷണൽ, ടെക്ക്നിക്കൽ കോഴ്സുകൾ തുടങ്ങാൻ അനുമതി കൊടുക്കുക.
- 2-ാം വാർഡിലെ ഓമനാട്ടുകുന്നത്ത് 80 വർഷങ്ങളായി തരിശായികിടക്കുന്ന സ്ഥലം ഉപയോഗിച്ച് ഒരു കോളേജ് ആരംഭിക്കുക.
- 11-ാം വാർഡിലെ തെക്കുമുറി എ.എൽ.പി സ്ക്കൂൾ യു.പി. സ്ക്കൂൾ ആയി ഉയർത്തി ആ പ്രദേശങ്ങളിലെ കുട്ടികൾക്ക് ഉപരിപഠനത്തിന് സൗകര്യം ഉണ്ടാക്കുക.
- സിലബസുകൾ ലഘൂകരിക്കുക.
- 8-ാം വാർഡിലെ നരിക്കുന്ന്, താണിക്കുന്ന്, 9-ാം വാർഡിലെ ഹെൽത്ത് സെൻറർ, 1-ാം വാർഡിലെ എ.യു.പി. സ്ക്കൂൾ പരിസരം, 5-ാം വാർഡിലെ തെക്കുമുറി തുടങ്ങിയ സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.
- തുടർ സാക്ഷരതാ പ്രവർത്തനത്തിന് പരിപാടികൾ ആവിഷ്ക്കരിക്കുക.
- ചെർപ്പുളശ്ശേരിയിൽ ഒരു ജൂനിയർ ടെക്ക്നിക്കൽ സ്ക്കൂൾ സ്ഥാപിക്കുക.

# ആരോഗ്യം കുടിവെള്ളം

വിദേശീയാധിപത്യത്തിൽ നമ്മുടെ നാട് അമർന്നിരുന്ന കാലങ്ങളിലും നമ്മുടെ നാടിൻെറ ഹൃദയഭൂമികയായ ചെർപുളശ്ശേരിയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ധർമ്മാശുപത്രി എന്ന പേരിൽ നിലനിന്നിരുന്നു. പഴയ ചെർപ്പുളശ്ശേരി സ്കൂൾ പ്രവർത്തിച്ചിരുന്ന കെട്ടിടം പിൽക്കാലത്ത് ധർമ്മാശുപത്രിയായി മാറുകയായിരുന്നു. ആധുനിക ചികിത്സാ രീതി (ധർമ്മാശുപത്രി)യോടൊപ്പം പാരമ്പര്യ ആയുർവേദ ചികിത്സാ രീതിയും കഴിഞ്ഞകാലങ്ങളിൽ ശക്തി പ്രാപിച്ചിരുന്നു. അതോടൊപ്പം തന്നെ അന്ധവിശ്വാസത്തിൽ അധിഷ്ടിതമായ രോഗനിവാരണ രീതികളും ആചാരങ്ങളും നാട്ടുകൂട്ടങ്ങൾക്കിടയിൽ ശക്തമായിരുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നമ്മുടെ നാട് നേടിയെടുത്ത സാമൂഹ്യ വിദ്യാഭ്യാസ പുരോഗതികളും ആധുനിക വൈദ്യശാസ്ത്രരംഗത്തെ വികാസവും മേൽപറഞ്ഞ അന്തവിശ്വാസാധിഷ്ഠിത രോഗനിവാരണ രീതികളേയും ആചാരങ്ങളേയും ഒട്ടൊരു പരിധിവരെ സമൂഹത്തിൽ നിന്ന് അകററി നിർത്തിയിട്ടുണ്ട്. എന്നിരുന്നാലും നാട്ടുമ്പുറങ്ങളിൽ ഇപ്പോഴും അശക്തമായെങ്കിലും ഇതിൻെറ അവശിഷ്ടങ്ങൾ നിലനിൽക്കുന്നുണ്ട്.

### പൊതു ആരോഗ്യാവസ്ഥ

സാമാന്യം ഉയർന്ന ഒരു ആരോഗ്യനിലവാരം പഞ്ചായത്തിലെ ജനങ്ങളിൽ കാണപ്പെടുന്നുണ്ട്. പകർച്ചവ്യാധികളുടെ മാരകമായ കടന്നാക്രമണം 20 വർഷമായി പഞ്ചായത്തിൽ കാണപ്പെട്ടിട്ടില്ല. ഒററപ്പെട്ട സംഭവങ്ങൾ നാമമാത്രമായി ഉണ്ടായിട്ടുണ്ടെങ്കിലും വളരെ വേഗം നിയന്ത്രിക്കപ്പെടുകയുണ്ടായി. പഞ്ചായത്തിലെ പൊതു ആരോഗ്യനിലവാരം പട്ടിക ഒന്നിൽ ചേർക്കുന്നു.

## രോഗാതുരത

പ്രധാനമായും പരിസരജന്യ രോഗങ്ങളാണ് കണ്ടുവരുന്നത്. ഗ്രാമ പ്രദേശങ്ങളിൽ കക്കൂസിൻെറ ഉപയോഗം വ്യാപകമാകാത്തതിനാൽ

പട്ടിക 1

പഞ്ചായത്തിലെ പൊതു ആരോഗ്യനിലവാരം

| വിവരണം | 1994 | 1995 | 1996 |
|---|---|---|---|
| 1. ജനനനിരക്ക് (1000 ന്) | 31.01 | 34.31 | 43.89 |
| 2. മരണനിരക്ക് (1000 ന്) | 5.00 | 4.77 | 6.14 |
| 3. ശിശു മരണനിരക്ക് | | | 9.80 |
| 4. മാതൃ മരണനിരക്ക് (പ്രസവ സംബന്ധിയായ) | | | ഇല്ല |
| 5. പോഷകനിലവാരം (കുട്ടികളിൽ) | | | നോർമൽ |

കുട്ടികളിൽ വിരശല്യം കണ്ടുവരുന്നു. കൂടാതെ കുടിവെള്ള ടാപ്പുകളുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കാത്തതു കാരണത്താലും കിണറുകൾക്ക് ആൾമറ ഇല്ലാത്തതിനാലും ചെറിയതോതിൽ ജലജന്യരോഗങ്ങൾ കണ്ടുവരുന്നു. ദരിദ്ര ജന്യ രോഗങ്ങൾ ഇല്ല. പട്ടിക 2,3 കാണുക.

### ആരോഗ്യസ്ഥാപനങ്ങൾ

പഞ്ചായത്തിലെ ആരോഗ്യസ്ഥാപന ങ്ങളുടെ വിശദവിവരം പട്ടിക 4_ൽ കൊടുത്തിരിക്കുന്നു. വിദഗ്ധ ചികിത്സക്കായി ഒററപ്പാലം പെരിന്തൽമണ്ണ താലൂക്ക് ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. പാലക്കാട് ജില്ലാ ആശുപത്രി 50 കി.മി.

## പട്ടിക 2: പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | വായുജന്യരോഗങ്ങൾ | മററുള്ളവ ദാരിദ്രജന്യം |
|---|---|---|---|---|
| 1993_94 | 312 | 63 | 3 | ___ |
| 1994_95 | 295 | 91 | 4 | ___ |
| 1995_96 | 379 | 97 | 2 | ___ |

## പട്ടിക 3: മാതൃ ശിശു ആരോഗ്യ നിലവാരം

## കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം

| പ്രായം | നോർമൽ | | ലഘുവായപോഷണക്കുറവുള്ളവർ | | മിതമായ പോഷണക്കുറവുള്ളവർ | | ഗുരുതരമായ പോഷണക്കുറവുള്ളവർ | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 129 | 130 | 76 | 86 | 26 | 25 | ___ | ___ |
| 1_3 വയസ്സ് | 155 | 186 | 160 | 155 | 116 | 118 | ___ | ___ |
| 3_6 വയസ്സ് | 152 | 165 | 175 | 165 | 125 | 128 | ___ | ___ |

## പട്ടിക 4 ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി. സി. ജി | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.ററി. | | | | മിസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 330 | 146 | 124 | 86 | __ | 98 | 97 | 74 | 88 | __ | __ | __ | __ | 103 |
| 1_3വയസ്സ് | 760 | 707 | 704 | 706 | 417 | 754 | 723 | 706 | 185 | __ | __ | __ | __ | 557 |
| 3_6വയസ്സ് | 970 | 946 | 943 | 913 | 733 | 939 | 925 | 914 | 802 | 40 | 44 | __ | 55 | 892 |

ടെറ്റനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1D | 2D | 3D |
|---|---|---|---|
| | 160 | 70 | 50 |

- ☐ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 150
- ☐ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 800
- ☐ വിററാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 300
- ☐ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 200
- ☐ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 10

# ആരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (1995 -96)

| ഏതു വിഭാഗം ചികിത്സാ സമ്പ്രദായം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ | | | |
|---|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | ആകെ | |
| അലോപതി | 1 | 1 | — | 7 | 5 | — | 14 | 65 |
| ഹോമിയോപ്പതി | — | — | 1 | 3 | — | — | 4 | 9 |
| ആയുർവേദം | — | — | — | 7 | — | — | — | 12 |
| യുനാനി | — | — | — | 1 | — | — | — | 1 |
| മൃഗചികിത്സ | 1 | — | — | — | — | — | — | ജീവനക്കാരുടെ എണ്ണം |

നോട്ട്: ഇതിനു പുറമെ അഞ്ചിലധികം ആയുർവേദ മരുന്നു കടകൾ കേന്ദ്രമാക്കി ഡോക്ടർമാർ രോഗികളെ പരിശോധിച്ച് മരുന്നു നൽകുന്നു.

അകലെയാണ്. റഫറൽ ആശുപത്രികൾ കോഴിക്കോട്, തൃശൂർ മെഡിക്കൽ കോളേജുകൾ മാത്രമാണ്. തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് 60 കി..മി. ദൂരം ഉണ്ട്.പഞ്ചായത്തിൽ ആയുർവേദാശുപ ത്രികളോ ഡിസ്പെൻസറികളൊ നിലവിലില്ല.

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

ചെർപ്പുളശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കീഴിൽ 6 സബ് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ കുഷ്ടരോഗനിവാരണം മുഖ്യ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന എണക്ക പരിപാടിയുടെ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. താഴെ പറയുന്ന സ്ഥലങ്ങളിൽ സബ്സെൻററുകളും പ്രവർത്തിക്കുന്നു. കരുമാനാംകുറുശ്ശി, കച്ചേരി കുന്ന്, ഏലിയപ്പെറ്റ, ചെർപ്പുളശ്ശേരി പി.എച്ച്സി യോട് ചേർന്ന് പന്നിയാം കുറുശ്ശി, വടുക്കു മുറി. ഇതിൽ പന്നിയാം കുറുശ്ശി. വടുക്കുമുറി, കരുമാനാം കുറുശ്ശി എന്നീ സബ്സെൻററുകളുടെ കെട്ടിടങ്ങൾ ഭാഗീകമായി തകർന്നിരിക്കുന്നു. കച്ചേരികുന്ന് സബ് സെൻററിന് കെട്ടിടം ഇല്ല. സബ്സെൻററുകളുടെ ഗുണകരമായ

പ്രവർത്തികൾക്കുവേണ്ട് രൂപീകരിച്ച കമ്മിററികളിന്ന് നിർജ്ജീവമാണ്. സബ് സെൻററുകളെ കേന്ദ്രീകരിച്ചു നടക്കുന്ന ആരോഗ്യപ്രവർത്തനങ്ങളെ പററിയുള്ള വിവരങ്ങൾ ജനങ്ങൾ അറിയുന്നില്ല. ആരോഗ്യ ബോധവൽക്കരണ ക്ലാസുകളോ മററ് പരിപാടികളോ ഇന്ന് സബ്സെൻററിൽ വെച്ച് നടത്തുന്നില്ല.

ആരോഗ്യ പ്രവർത്തകരുടെ സേവനം പലേടത്തും തൃപ്തികരമല്ല. സബ്സെൻററുകളോട് ചേർന്നുള്ള ക്വാർട്ടേഴ്സിൽ ആരോഗ്യ പ്രവർത്തകർക്ക് താമസിക്കുവാനുള്ള പ്രാഥമിക സൗകര്യം പോലും ഇല്ലാത്തതിനാൽ ഗുണ നിലവാരമുള്ള സേവനം ഗ്രാമീണർക്ക് ലഭിക്കുന്നില്ല. അംഗനവാടികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സർക്കാർ നിർദ്ദേശപ്രകാരം നടത്താറുണ്ടെങ്കിലും അവ ഫലപ്രദമാകാറില്ല.

പഞ്ചായത്തിൽ SCT പ്രവർത്തന ഫലമായി കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 66 കുഷ്ഠരോഗികളെ കണ്ടെത്തുകയും ചികിത്സിച്ച് ഭേദമാക്കുകയും ചെയ്തു. നടപ്പു വർഷത്തിൽ 5 രോഗികൾക്ക് ചികിത്സ നടത്തിവരുന്നുണ്ട്.

ചെർപ്പുളശ്ശേരി ഗവ. ആശുപത്രി (പിഎച്ച്സി)

വിദേശാധിപത്യത്തിൽ ധർമ്മാശുപത്രിയായി പ്രവർത്തിച്ചിരുന്ന ചെർപ്പുളശ്ശേരി ഗവ. ആശുപത്രി സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നേടാമായിരുന്ന വികസനം നേടിയില്ല. ഇപ്പോൾ ഒ.പി. പ്രവർത്തിച്ചുവരുന്ന പ്രധാന കെട്ടിടവും സ്ത്രീകളുടെ വാർഡും കാലപഴക്കത്താൽ ജീർണ്ണിച്ചു തുടങ്ങിയിരിക്കുന്നു. പ്രധാന ബ്ലോക്ക് കഴിഞ്ഞ വർഷം പുതുക്കിപണിതെങ്കിലും പണിയുടെ ഗുണ മേൻമ കുറഞ്ഞതുമൂലം ചോരുന്ന സ്ഥിതിയിലാണ് ഇന്ത്യാ പോപ്പുലേഷൻ പദ്ധതി (I.P.P) പെടുത്തി നിർമ്മിച്ച ബ്ലോക്കും പുരുഷൻമാരുടെ വാർൻഡും ആണ് പുതിയ കെട്ടിടങ്ങളായി കണക്കാക്കാവുന്നത്. സ്ഥലകുറവാണ് പ്രധാന പ്രശ്നങ്ങളിൽ ഒന്ന്. ഋഫണ യോട് ചേർന്നുള്ള പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഉന്ന് പുരുഷ വാർഡിലെ നെഴ്സിങ്ങ് മുറിയിലാണ് നടക്കുന്നത്. ഒരു ഹെൽത്ത് ഇൻസ്പെക്ടർ ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ മൂന്നു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ മററു സബ് സെൻററുകളിലെ ജൂനിയർ പബ്ലിക് നെഴ്സുമാർ തുടങ്ങി 11 ഓളം ജീവനക്കാർ മാതൃ ശിശുപരിപാലനം മുതൽ മാസാന്ത്യ കോൺഫ്രൻസുകൾ നടത്തികൊണ്ടു പോകുവാൻ വരെ ഈ ചെറിയ മുറിയെയാണ് ആശ്രയിക്കുന്നത്. മെയിൻ ബ്ലോക്കിനു പുറകിലായി പഴകി ദ്രവിച്ച ചെറുകെട്ടിടത്തിലാണ് SCT ൻെറ ക്ലിനിക്ക് ഇപ്പോൾ പ്രവൃർത്തിച്ചുവരുന്നത്. പോസ്ററ്മാർട്ടത്തിനു സൗകര്യമുണ്ടെങ്കിലും മോർച്ചറിയോ ശവങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യമോ നിലവിലില്ല. പാതി തകർന്ന മറെറാരു കെട്ടിടത്തിലാണ് അടുക്കള പ്രവർത്തിച്ചുവരുന്നത്. ലാബ്ടെക്നീഷ്യൻെറ തസ്തിക ഒഴുവുണ്ടെങ്കിലും യാതൊരു വിധ സൗകര്യവുമില്ല. ശുചിത്വ കുറവ് അപര്യാപ്തമായ ശുദ്ധജല വിതരണ സംവിധാനം ക്ലോറിനേഷൻ ഡിസിൽ ഇൻഫെക്ഷൻ മരുന്നുകളുടെ അപര്യാപ്തത ആധുനിക ആശുപത്രി ഉപകരണങ്ങളുടെ കുറവ് ശുചിത്വ ഇല്ലായ്മ രാത്രിയിൽ ഡോക്ടർ ഇല്ലാത്തത് ഇവയാണ് പ്രധാന പ്രശ്നങ്ങൾ.

ചെർപ്പുളശ്ശേരി പഞ്ചായത്തിനു ചുററുമുള്ള ആലിപറമ്പ്, വെള്ളിനഴി, തൃക്കട്ടിരി എന്നീ മുതുവറ എന്നീ പ്രദേശത്തെ ജനങ്ങൾ ചികിത്സക്കായി ഈ ആശുപത്രിയിൽ വരുന്നു. എന്നാൽ ഇവിടെ 30 പേരേചികിത്സ്ക്കാനേ സൗകര്യമുള്ളു. ഉാത് തികച്ചും അപര്യാപ്തമാണ്. സ്പെഷലിസ്ററുകളാന്ന

ഡോക്ടർമാരുടെ തസ്തിക നിലവിലില്ല. ആശുപത്രിക്ക് മുഴുവനായി വൈദ്യുതി എത്തിക്കാനുള്ള സൗകര്യമോ ആബുലൻസ് വാഹനമോ ലഭ്യമല്ല.

പരിഹാര നിർദ്ദേശങ്ങൾ

ഏ. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

1. 9_ാം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് സെൻററുകളുടെ പുനർനിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടത്തുക. കച്ചേരികുന്ന് സബ്സെൻററിന് മാണ്ടക്കരിയിലെ (3_ാം വാർഡ്) പുറമ്പോക്കു ഭൂമിയിൽ കെട്ടിടം പണിയുക.

2. അംഗനവാടികളിലേയും ആരോഗ്യ രംഗത്തേയും ജീവനക്കാരെ ഏകോപിപ്പിച്ച് ജനകീയ കമ്മിററികൾ പുനരുജ്ജീവിപ്പിക്കുക. ജന പ്രധിനിധി കൾക്ക് ഈ കമ്മിററിയിൽ പ്രാധാന്യം ഉണ്ടായായിരി ക്കണം. ഈ സമിതികളുടെ ഉത്തരവാദിത്തതിലും സഹകരണത്തിലും സബ്സെൻററുകളുടെ പ്രവർത്തനമെന്നത് ജനങ്ങളെ ബോധ്യപ്പെടുത്തു കയും ആരോഗ്യപരിപാലന ക്ലാസ്സുകൾ നടത്തുകയും ചെയ്യുക.

പട്ടിക 5

## ചെർപുളശ്ശേരി ഗവ: ആശുപത്രിയിൽ കഴിഞ്ഞ പദ്ധതിക്കാലത്ത് നടത്തിയ ചികിത്സയുടെ വിവരങ്ങൾ:

| | OP | IP | Operationm PPS/ML | Post Mortam |
|---|---|---|---|---|
| 91 - 92 | 24261 | 4424 | 668 | 23 |
| 92 - 93 | 17855 | 3080 | 543 | 28 |
| 93 - 94 | 11908 | 2140 | 292 | 14 |
| 94 - 95 | 15963 | 2282 | 151 | 37 |
| 95 - 96 | 23063 | 2220 | 209 | 30 |

3. ആഴ്ചയിൽ ഒരിക്കൽ ഡോക്ടർമാർ ഉച്ചകഴിഞ്ഞ് സബ്സെൻററുകൾ സന്ദർശിച്ച് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.

൭. ആശുപത്രി (P.H.C)

1. പൊതുജനാരോഗ്യ പ്രവർത്തനത്തിലും SET ക്ലിനിക്കും വാർഡുകൾക്കും വേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക. 50 പേരെ കിടത്തി ചികിത്സിക്കാനുള്ള വാർഡുകൾ പുതുതായി നിർമ്മിക്കുക. ഇതിൽ 25 ബെഡ്ഡുകൾ ഒരു പേ വാർഡായി സംഘടിപ്പിക്കുക. പോസ്ററ്മാർട്ടം മുറിയോട് ചേർന്ന് ആധുനികസൗകര്യമുള്ള മോർച്ചറി പണിയുക. അടുക്കള പുതുക്കി പണിയുക.

2. സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് ഡോക്ടർമാരെ നിയമിക്കുക.

3. ആധുനിക സൗകര്യമുള്ള ഓപ്പറേഷൻ തിയ്യേററൺ നിർമ്മിക്കുക.

4. ലാബോററ്ററി എക്സറേ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

5. രോഗികൾക്ക് യാത്രചെയ്യാൻ അടിയന്തിരമായി ആംബുലൻസ് ആശുപത്രി ഉപകരണങ്ങൾ ജനറേറ്ററുകൾ എന്നിവ വാങ്ങുക.

6. ശുചീകരണ പ്രവർത്തനത്തിനും സുരക്ഷാ പ്രവർത്തനത്തിനും ആവശ്യമായ ജോലിക്കാരെ പഞ്ചായത്ത് ഭരണ സമിതി നിർമ്മിക്കുക.

7. ദിവസം മുഴുവൻ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

8. ആശുപത്രിവളപ്പിനുള്ളിൽ സഹകരണാടിസ്ഥാനത്തിൽ മരുന്നു ഷോപ്പും കാൻറീനും സ്ഥാപിക്കുക.

9. ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തുക.

10. ഈ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ആയുവേദ ആശുപത്രിയില്ല. (8 ാം വാർഡിൽ ആരോഗ്യപരിപാലന കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല.) സർക്കാർ മേഖലയിൽ ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

11. എയ്ഡ്സ് രോഗബാധക്കെതിരായി അതിശക്തമായ ബോധവൽക്കരണം നടത്തണം.

12. നിരോധിച്ച മരുന്നിനെ പററിയുള്ള സർക്കാർ അറിയിപ്പുകൾ ഇന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭിക്കുന്നില്ല. ഇത്തരം മരുന്നുകളുടെയും രാസവസ്തുക്കളുടെയും വിശദവിവരം ഉടൻതന്നെ ആരോഗ്യപ്രവർത്തകരെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

13. ഡിസ്പോസിബ്ൾ സിറിഞ്ചുപോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ചത് വീണ്ടും മാർക്കററിൽ വരുന്നുണ്ട്. ഇത് മാരകരോഗങ്ങൾ കാരണമാകും. അതുകൊണ്ട് തന്നെ പഞ്ചായത്തു ഡിസ്പോസിബ്ൾ മെഡിക്കൽ ഉപകരണങ്ങളുടെ വിപണനം തടയണം.

## പാരമ്പര്യ വൈദ്യരംഗം

ചെർപ്പുളശ്ശേരിയിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങൾക്ക് ആരോഗ്യപരിപാലനത്തിന് അനേകം സംഭാവനകൾ നൽകിയ പാരമ്പര്യ വൈദ്യസമ്പ്രദായത്തിലെ ആദരണീയർ ഇന്നലെകളിൽ ഇവിടെപ്രവർത്തിച്ചിരുന്നു. ശ്രീ. ഗോപാലൻ വൈദ്യർ (പൊരുന്നിയിൽ വൈദ്യശാല),

ശ്രീ. ബാലൻ വൈദ്യർ നെച്ചിയിൽ വൈദ്യശാല), ശ്രീ. സെയ്താലി വൈദ്യർ ശ്രീ. ഉസ്സൻ കുട്ടി വൈദ്യർ, ശ്രീ. രാമൻ നായർ വിഷവൈദ്യശാല കാറൽമണ്ണ. ശ്രീ. മാധവൻ നായർ മാധവാ ഫാർമസ്യൂട്ടിക്കൽസ്. തുടങ്ങിയവർ പ്രഗൽഭരായിരുന്നു. പാരമ്പര്യം പകർന്ന അമൂല്യമായ അറിവുമായി അവരുടെ പിൻതലമുറകാർ ഇന്നും ഈ പഞ്ചായത്തിൽ ആരോഗ്യ സേവനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. എന്നാൽ പുതിയതലമുറ മഹത്തായ ഈ വൈദ്യശാസ്ത്രത്തെ അർഹിക്കുന്ന രീതിയിൽ പരിഗണിക്കുന്നില്ല. ഔഷധ സസ്യങ്ങളേയും അവയുടെ ഗുണങ്ങളേയും തിരിച്ചറിയാനും മനസ്സിലാക്കാനും അവർക്ക് കഴിയുന്നില്ല. നാട്ടറിവുകൾ അന്യം നിന്നുപോവാതിരിക്കാനും ഔഷധ സസ്യങ്ങൾ പരിരക്ഷിക്കപ്പെടാനും വേണ്ട പദ്ധതികൾ ഉണ്ടായേ കഴിയൂ. പഞ്ചായത്തിൽ ഒരു ഔഷധ സസ്യപാർക്ക് സ്ഥാപിക്കണം.

## പരിസര ശുചിത്വം

ആരോഗ്യമുള്ള ചുററുപാടിലേ ആരോഗ്യമുള്ള മനസ്സും ശരീരവും നിലനിൽക്കുന്നുള്ളു. നമ്മുടെ ഇടപ്പെടൽ കൊണ്ടുമാത്രമാണ് നമ്മുടെ പരിസരങ്ങൾ വൃത്തിഹീനങ്ങളാവുന്നത് അതുകൊണ്ടുതന്നെ പരിസരങ്ങളെ വൃത്തിയുള്ളതാക്കി തീർക്കേണ്ടത് നമ്മുടെ കടമയാണ്.

നമ്മുടെ നാട്ടിൽ ചുരുക്കമിട്ടാണെങ്കിലും കാണപ്പെടുന്ന ജലജന്യരോഗങ്ങളും ഗ്രാമങ്ങളിലെ കുട്ടികളിൽ കണ്ടുവരാറുള്ള വിരശല്യവും പരിസര ശുചീകരണത്തിലെ അപര്യാപ്തതകൊണ്ടാണ്. വൻവ്യവസായശാലകൾ ഇല്ലാത്തതിനാൽ പഞ്ചായത്തിലെ വായു മണ്ണമലിനീകരണങ്ങൾ ഇല്ല. എന്നാൽ പ്ലാനിങ്ങിൻെറ കുറവ് മൂലം ചെർപ്പുളശ്ശേരി പട്ടണത്തിൽ പൊടിപടലം വായുമലിനീകരണത്തിന് കാരണമാവുന്നുണ്ട്.

1. ചെർപ്പുളശ്ശേരി ടൗൺ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ ചെറിയ ടൗൺ പരിസരമലിനീകരണത്തിൻെറ മുൻപന്തിയിൽ നിൽക്കുന്നു. ചപ്പുചവറുകൾ ഓടയിൽ നിക്ഷേപിക്കുന്നതു മൂലം ഓടയിലെ ഒഴുക്ക് തടയപ്പെടുകയും കെട്ടിനിൽക്കുന്ന മലിനജലം ആരോഗ്യത്തിന് ഭീക്ഷണിയയി തീരുകയും ചെയ്യുന്നുണ്ട്. മത്സ്യ മാംസ മാർക്കററുകൾ ശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ടതിനാൽ ദുർഗന്ധവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ദിനവും തള്ളപ്പെടുന്ന പാഴ്വസ്തുക്കൾ നീക്കം ചെയ്യാൻ പഞ്ചായത്തിൽ രണ്ടു പാർട്ടൈം തൂപ്പുകാർ മാത്രമാണുള്ളത്. അവ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനോ പാഴ്വസ്തുക്കളിൽ നിന്ന് ബയോഗ്യാസ്, കാമ്പോസ്ററ് വളം തുടങ്ങിയ എന്തെങ്കിലും ഉൽപ്പാദിപ്പിക്കുന്നതിനോ ആവശ്യമായ സംവിധാനം ഇന്ന് നിലവിലില്ല. പ്ലാസ്ററിക് പിക് അപ് സഞ്ചികൾ മററ് പ്ലാസ്ററിക് പാഴ് വസ്തുക്കൾ മുതലായവ അലക്ഷ്യമായി വലിച്ചെറിയുന്നതുമൂലം ഒട്ടനവധി പരിസര മലിനീകരണ പ്രശ്നങ്ങൾക്ക് ഇടയാവുന്നു. പാഴ്വസ്തുക്കൾ അശ്രദ്ധമായി ഓടകളിലും വഴിയരുകിലും നിക്ഷേപിക്കുകവഴി പട്ടണത്തിൻെറ സൗന്ദര്യവും ശുചിത്വവും ഹനിക്കുന്ന വ്യാപാരികളും ടൗണിലുണ്ട്.

## 2. ഗ്രാമങ്ങൾ:

ഗ്രാമങ്ങളിലെ പരിസര പ്രശ്നങ്ങളിൽ പ്രധാനം വിസർജ്ജനം വെളിമ്പറമ്പുകളിൽ നടത്തുന്നതുമൂലം വർഷകാലത്ത് ആൾമറയില്ലാത്ത കിണറുകൾ അശുദ്ധമാവുന്നു എന്നതാണ്.

ഗ്രാമങ്ങളിൽ 50%ത്തിലധികം ഭവനങ്ങളിൽ കക്കൂസുകൾ ഇല്ല.

### 3. പ്ലാസ്റ്റിക് ദുരുപയോഗം:

ആധുനിക മാർക്കററ് സംസ്കാരത്തിൻെറ അടിമകളായി തീർന്നുകൊണ്ടിരിക്കുന്ന നാം ഉപയോഗിച്ച് വലിച്ചെറിയുന്ന (Use and through) പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ നമ്മുടെ പരിസരശുദ്ധിക്ക് വൻഭീഷിണിയായി തീർന്നിരിക്കുന്നു. റോഡരികിലും തൊടിയിലും തോട്ടിലും പലവർണ്ണങ്ങളിൽ കാണപ്പെടുന്ന പിക് അപ് സഞ്ചികളുടെ അവശിഷ്ടങ്ങൾ വരാൻ പോകുന്ന ദുരന്തത്തിന് കാരണമാകാൻ പോവുകയാണ്. പിക് അപ് സഞ്ചികൾ ആയിരം വർഷം കഴിഞ്ഞാലും നമ്മുടെ മണ്ണിൽ അലിഞ്ഞുചേരുകയില്ല. ഇത് മണ്ണിനടിയിൽ പോവുന്നതുമൂലം മണ്ണിലെ സൂക്ഷ്മ സുഷിരങ്ങൾ അടയപ്പെടുകയും മഴവെള്ളത്തെ വലിച്ചെടുത്ത് മണ്ണിനടിയിൽ സൂക്ഷിച്ച് തെളിനീർ ഉറവയായി നമ്മുക്ക് തിരിയെ തരാനുള്ള മണ്ണിൻെറ കഴിവ് നഷ്ടപെടുകയും ചെയ്യും. വളരെ അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കൾ മണ്ണിലെ കോടാനുകോടി സൂക്ഷ്മ ജീവികൾ നിരന്തരം നടത്തികൊണ്ടിരിക്കുന്ന ജൈവ രാസപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും.

## 4. വ്യാജമദ്യം

സാമൂഹ്യ പശ്നങ്ങൾ പോലെതന്നെ ഒട്ടനവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കളമൊരുക്കുന്ന ഒരു സാമൂഹ്യ വിരുദ്ധ പ്രവർത്തനമാണ് വ്യാജമദ്യ വിതരണം. നമ്മുടെ ഏത് ഉൾനാടൻ പ്രദേശത്തും വ്യാജമദ്യം സുലഭമാണ്. ഇടത്തരം ദുർബല ജനവിഭാഗത്തിൻെറ ആരോഗ്യത്തെ ഇത് അപകടകരമാം വിധം ബാധിക്കും. ഇത് തടയേണ്ട അധികാര ശക്തികൾ ഔദ്യോഗിക ഇഛാശക്തി നാമമാത്രമായിട്ടാണ് പ്രദർശിപ്പിക്കുന്നത്. ശക്തരായ മാഫിയ ക്രിമിനൽ ലോബികളാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്. ൭ാം പദ്ധതിയുടെ സത്തയായ സമഗ്ര വികസനത്തെ ഈ ലോബിയുടെ സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ പ്രതികൂലമായി ബാധിക്കും.

## 5. ശ്മശാനം

പഞ്ചായത്തു വക പൊതു ശ്മശാനം ഒരു ഏക്കർ ഉണ്ട്. അവിടെതന്നെയാണ് അറവു മൃഗങ്ങളുടെ പാഴ്‌വസ്തുക്കളും നിക്ഷേപിക്കുന്നത്. ശാസ്ത്രീയമായി അവ നശിപ്പിക്കാത്തതുമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ജനസംഖ്യാ വർദ്ധനവും സ്ഥലദൗർല്ലഭ്യവും മൂലം ശവശരീരങ്ങൾ സ്വന്തം പറമ്പിൽ തന്നെ മറവു ചെയ്യാനുള്ള അസൗകര്യം നമ്മുടെ പഞ്ചായത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

### 6. അലഞ്ഞുതിരിയുന്ന മൃഗങ്ങൾ:

അലഞ്ഞുതിരിയുന്ന നായ്ക്കൾ സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്നുണ്ട്. പേനായ്ക്കൾ വളർത്തു മൃഗങ്ങളേയും മനുഷ്യരേയും ആക്രമിക്കുന്നു. അലഞ്ഞുതിരിയുന്ന ആടുകളും പശുക്കളും കാർഷിക വിളകൾക്ക് ഭീഷണി ഉയർത്തുന്നുണ്ട്.

## പരിഹാരങ്ങൾ:

1. ചെർപ്പുളശ്ശേരി ടൗണിൽ അശ്രദ്ധമായി പാഴ്‌വസ്തുക്കൾ ഓടകളിലും വഴിയരുകിലും നിക്ഷേപിക്കുന്ന വ്യാപാരികളിൽ നിന്നും വൻ തുക പിഴയായി ഇടാക്കണം. ശാസ്ത്രീയമായി പ്ലാൻ ചെയ്ത് മത്സ്യ മാംസ മാർക്കററുകൾ സ്ഥാപിക്കുക.

പട്ടണത്തിലെ സുചീകരണ പ്രവർത്തനങ്ങൾ

നടത്താൻ വ്യാപാരികളെയും ജനങ്ങളുടേയും സഹകരണത്തോടെ കൂടുതൽ ശുചീകരണ ജോലിക്കാരെ നിയോഗിക്കുക. (ഒററപ്പാലം മോഡൽ) പാഴ്‌വസ്തുക്കളും മററും ദൂരേ കൊണ്ടുപോയി നിക്ഷേപിക്കുന്നതിന് ജീപ്പ്ട്രൈലർ വാങ്ങുക. ചപ്പുചവറുകളിൽ നിന്ന് സന്തുഷ്ടമായ കമ്പോസ്ററ്, ബയോഗ്യാസ് തുടങ്ങിയവ ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

### 2. പ്ലാസ്ററിക് ദുരുപയോഗം

പ്ലാസ്ററിക് ദുരുപയോഗം നമ്മുടെ സമൂഹത്തിൽ വരുത്തിവയ്ക്കാവുന്ന വൻദുരന്തത്തെപററി ജനങ്ങളിൽ അവബോധം ഉണ്ടാക്കുക. പ്ലാസ്ററിക് പാഴ്‌വസ്തുക്കൾ സുരക്ഷിതമായി നശിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

### 3. വ്യാജമദ്യം

പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ജനകീയസമിതികൾ പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും രൂപീകരിച്ച് വ്യാജ വിൽപ്പന തടയുക.

### 4. ശ്മശാനം

പൊതു ശ്മശാനം ആധുനീകരിച്ച് ശവശരീരങ്ങൾ സുരക്ഷിതമായി മറവു ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. മൃഗങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്നും എല്ലുപൊടിയും കമ്പോസ്റ്റും ഉൽപാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കണം.

### 5. അലഞ്ഞു തിരിയുന്ന മൃഗങ്ങൾ

3 മാസത്തിലൊരിക്കൽ അലഞ്ഞുതിരിയുന്ന നായ്കളെ നശിപ്പിക്കാനുള്ള പരിപാടി ഉണ്ടാവണം. പഞ്ചായത്തിൽ നിന്നുതന്നെ നായ്കളെ പിടിക്കാനുള്ള വിദഗ്ദരെ പരിശീലിപ്പിക്കണം. പൗണ്ടിൽ കെട്ടുന്ന കന്നുകാലികളുടെ ഫൈൻതുക വർദ്ധിപ്പിക്കണം.

## കക്കൂസ്

പഞ്ചായത്തിൽ എത്ര സെപ്ടിക് ടാങ്കുകൾ ഉണ്ട്, എത്ര ഭവനങ്ങളിൽ പ്രാഥമികാവശ്യത്തിനായി കക്കൂസ് ഉപയോഗിക്കുന്നു എന്നു കണക്കാൻ കഴിഞ്ഞിട്ടില്ല. വിശദമായ ഒരു സോഷ്യോ ഇക്കണോമിക്ക് സർവ്വേയിലൂടെ മാത്രമേ അത് ശേഖരിക്കാൻ കഴിയൂ. 9ാം പദ്ധതിയുടെ വികസന രേഖ തയ്യാറാക്കുന്നതിനിടയിൽ വിശദ്മായ സർവ്വേ നടത്തുക അസാദ്ധ്യംതന്നെയാണ്. എന്നിരുന്നാലും പഞ്ചായത്തിൽ നടത്തിയ ഹൃദ്യമായ പഠന പര്യാടനത്തിൽ നിന്നും അറിവായ വിവരങ്ങൾ താഴെ പറയുന്നു.

1. ഗ്രാമ പ്രദേശങ്ങളിൽ 60%ത്തിലധികം ഭവനങ്ങൾ കക്കൂസുകൾ ഇല്ല. കോളനികളുടെ അവസ്ഥ ഇതിലും ദയനീയമാണ്. ഇടത്തരം_ദരിദ്ര ജന വിഭാഗങ്ങളുടെ ഇടയിൽ കക്കൂസുകൾ ഉള്ള വീടുകൾ നന്നെ ചുരുക്കമാണ്. സാമ്പത്തീക പരാധീനത, സ്ഥല പരിമിതി _ പ്രത്യേകിച്ച് കോളനികളിൽ _ആവശ്യബോധമില്ലായ്മ മുതലായവയാണ് കക്കൂസുകൾ ഇല്ലാതിരിക്കാനുള്ള പ്രധാന കാരണങ്ങൾ. ഇത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്നു.

## പരിഹാരങ്ങൾ:

1. സാമ്പത്തിക പരാധീനതയുള്ളവർക്ക് 9 ാം പദ്ധതിയിലൂടെ ചെലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.

2. സ്ഥല പരിമിതിയുള്ളവർക്ക്

(കോളനികളിൽ) വീടുകളിൽ ക്ലോസെററ് നിർമ്മിച്ച് പൊതുവായ ഒരു സെപ്ററിക് ടാങ്കിലേക്ക് യോജിപ്പിക്കാവുന്ന ഒരു "സംയോജിത സാനിട്ടേഷൻ പദ്ധതി" നിർമ്മിച്ചു കൊടുക്കുക.

3. പരിസര ശുചീകരണ ബോധവൽക്കരണ ക്ലാസുകളിലൂടെ ആവശ്യബോധമില്ലായ്മ മാററിയെടുക്കാവുന്നതാണ്.

മററു ഗ്രാമസഭാനിർദ്ദേശങ്ങൾ:

1. പഞ്ചായത്ത് ഹെൽത്ത് ഇൻസ്പക്ടെരുടെ സേവനം അറവുശാലകൾ ഹോട്ടലുകൾ എന്നീ സ്ഥലങ്ങളിൽ ഉറപ്പു വരുത്തണം

2. മൃഗാശുപത്രിക്കു സമീപമുള്ള അറവുശാല മാററി സ്ഥാപിക്കണം.

3. ചെർപ്പുളശ്ശേരിയിൽ ക്ലീൻ സിററി പദ്ധതി നടപ്പിലാക്കുക.

## കുടിവെള്ളം

ഏററവും രുചിയുള്ള പാനീയം ശുദ്ധജലം.

നമ്മുടെ മുത്തച്ഛൻമാർ സ്നേഹിച്ചിരുന്ന അവരുടെ അരുമയായിരുന്ന പ്രകൃതി സമൃദ്ധമായ ഇടമഴകളാൽ വേനൽകാലങ്ങളിൽ പോലും അവരെ മനം കുളിർക്കേ ഒട്ടൊന്നു തണുപ്പിച്ചിരുന്നു.

ഇന്ന് ലോക പരിതസ്ഥിതിയിൽ വന്നുച ചരുന്ന മാററങ്ങൾ നമ്മിൽ നിന്നും ഈ അനുഗ്രഹത്തെ കവർന്നെടുത്തിരിക്കുകയാണ്. ഇടമഴകൾ ഇന്ന് സ്വപ്നങ്ങൾ മാത്രമായിരിക്കുന്നു. വേനലിൽ വററിവരളുന്ന ചെർപ്പുളശ്ശേരി പഞ്ചായത്തിനെ കുറേയെങ്കിലും കുളിരണിയിക്കുന്നത് വടക്കേ അതിരിലെ തൂതപുഴയാണ്. 1'983 വരെ ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം വളരെ രൂക്ഷമായിരുന്നു. ഇന്നും ഉൾനാടൻ ജനതയ്ക്ക് പ്രത്യേകിച്ച് കുന്നിൻ ചരുവുകളിൽ കഴിയുന്നവർക്ക് സുലഭമായി കുടിവെള്ളമില്ല.

## കേരള വാട്ടർ അതോരിററി (KWA) പദ്ധതി

1979ൽ കേരള കേന്ദ്ര ഗവർമെൻറിൻെറ ധനസഹായത്തോടെ ആവിഷ്കരിച്ച് 1983ൽ നടപ്പിലാക്കിയ KWA ശുദ്ധജലവിതരണ പദ്ധതി പ്രവർത്തനം തുടങ്ങിയതോടെ പഞ്ചായത്തിലെ ശുദ്ധജല ക്ഷാമത്തിൻെറ രൂക്ഷതയ്ക്ക് ശമനമുണ്ടായി തൂത പുഴയിൽ കാളികടവിൽ സ്ഥാപിച്ച ഇൻഫിൽട്രേഷൻ ഗാലറി വെൽ_ക്കം _ പമ്പ് ഹൗസിൽനിന്നും വെള്ളം പമ്പുചെയ്ത് 4 കിമി. ദൂരെ ഹൈസ്കൂൾ കുന്നിൽ സ്ഥാപിച്ചിട്ടുള്ള 1,60,000 ലിററർ ശേഷിയുള്ള ടാങ്കിൽ സംഭരിക്കുന്നു. ഈ വെള്ളം ചെർപ്പുളശ്ശേരി തൃക്കടേരി, ആലിപ്പറമ്പ് എന്നീ പഞ്ചായത്തുകളിൽല കുടിനീർ ദാഹം ഒരു വലിയ പരിധി വരെ നീക്കുന്നു. 24 കി.മി. പൈപ്പു ലൈനുകളും പൊതു ടാപ്പുകളും 604 ഗാർഹിക കണക്ഷനുകളും 55 ഗാർഹികേതര കണക്ഷനുകളുമാണ് ഈ പഞ്ചായത്തിൽ ഈ പദ്ധതിക്കുള്ളത്. 18,000 ജനങ്ങൾക്ക് കുടിനീർ ലഭിക്കുന്നു.

കാളികടവിൽ തൂത പുഴയിൽ നിർമ്മിച്ച ഫിൽററേഷൻ കിണറിൽ ഉറവെടുക്കുന്ന ശുദ്ധജലം ഗാലറി പൈപ്പുകളിലൂടെ പമ്പിംങ്ങ് കിണറുകളിലെത്തിക്കുന്നു. ഈ പൈപ്പുകൾ കേടുവന്നതിനാൽ 95 ജൂലൈ മാസം മുതൽ ഫിൽട്രേഷൻ കിണറിൽ നിന്ന് നേരിട്ട് പമ്പുചെയ്താണ് പമ്പിങ്ങ് കിണറിൽ ഇപ്പോൾ വെള്ളമെത്തിക്കുന്നത്. ഫിൽട്രേഷൻ കിണറിലെ സ്ലാബ് തകർന്നതിനാൽ നദിയിൽ ജലനിരപ്പ് ഉയരുമ്പോൾ അശുദ്ധജലവും കുടിവെള്ള മായെത്താറുണ്ട്.

## ജലവിതരണത്തിലെ പ്രശ്നങ്ങൾ:

നിലവിലുള്ള പദ്ധതികൊണ്ട് ഈ പഞ്ചായത്തിലെ എല്ലാഭാഗത്തും ശുദ്ധജലമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഉദാ: വെള്ളോട്ടുകുറുശ്ശി, വീട്ടിക്കാട് പടിഞ്ഞാറുഭാഗങ്ങൾ മുതലായവ) പദ്ധതി വിഭാവനം ചെയ്ത ശേഷിയേക്കാൾ കൂടുതലാണ് ഉപഭോഗം ഇനിയും കൂടുതലായി കൊടുക്കാൻ കഴിയുന്ന ഓരോതുള്ളി വെള്ളത്തിനും ആകെയുള്ള ശേഷി ആശ്രയിക്കാൻ മാത്രമെ തരമുള്ളൂ. ഇത് ആകമൊത്തം ജലവിതരണ പദ്ധതിയെ സാരമായി ബാധിക്കും.

പ്രതിനിമിഷം 1900 പമ്പിങ്ങ് ശേഷിയാണ് ഇതിനുള്ളത് ഇത് സമീപ ഭാവിയിൽ പ്രതി നിമിഷം 1600 ലിററായി കുറയാൻ സാദ്ധ്യതയുണ്ടെന്നാണ് വിദഗ്ദാനുമാനം.

പ്രതി ദിനം 16 മണിക്കൂർ പമ്പ് പ്രവർത്തിപ്പിക്കാമനാണ് പദ്ധതി ഡിസൈൻ ചെയ്തിരിക്കുന്നത്. എന്നാൽ ഇന്ന് 20,21 മണിക്കൂറുകളോളം പമ്പ് പ്രവർത്തിക്കുന്നുണ്ട് ഈ ഓവർ ലോഡ് പമ്പിൻെറയും മോട്ടറിൻെറയും ക്ഷമതയേ സാരമായി ബാധിക്കും. ഇതുകൂടാതെ വൈദ്യുത ലൈനിലെ കുറഞ്ഞ വോൾട്ടതയും കറൻറ് കട്ടും പമ്പിങ്ങിനെ ബാധിക്കുന്നു. കാലികടവിൽ പമ്പിങ്ങിനുവേണ്ടി സ്ഥാപിച്ച ടാൻസ്ഫോർമറുകളിൽ നിന്നും വീടുകളിലേക്ക് കണക്ഷൻ നൽകിയിട്ടുണ്ട് പൊതു ടാപ്പുകളിലും ചില വീട്ടുകണക്ഷനുകളിലും ഇന്ന് വിലയേറിയ കുടിവെള്ളം ദുരുപയോഗം ചെയ്യപ്പെടുന്നു.

### ദുരുപയോഗം എങ്ങിനെയൊക്കെ

1. തോട്ടങ്ങൾ നനയ്ക്കാൻ വിലയേറിയ ശുദ്ധജലം ഉപയോഗപ്പെടുത്തുന്നു.

2. പൊതുടാപ്പുകളിൽ മോട്ടോർ വാഹനങ്ങൾ കഴുകുന്നു. പൊതു ടാപ്പുകളെ ആശ്രയിച്ചു കഴിയുന്ന ജനങ്ങൾപോലും ഈ പ്രവണതയെ പലയിടത്തും തടയുന്നില്ല. K.W.A. നേരിട്ട് ഇടപെട്ട് പൊതു ടാപ്പുകൾ പൂട്ടിയിടേണ്ടിവരുന്നു.

3. പൊതു ടാപ്പുകൾ കല്ലും മരകമ്പും ഉപയോഗിച്ച് സ്ഥിരമായി തുറന്നു വയ്ക്കുന്നു. ഇവയിൽ ഓസ്സുകൾ ഫിററ് ചെയ്ത് സ്വന്തം തൊടി നനയ്ക്കുന്ന പ്രവണത കാണപ്പെടുന്നു. സാമൂഹ്യ വിരുദ്ധ ഇടപെടലുകൾ മൂലം പൊതുടാപ്പുകൾക്ക് കേടു സംഭവിക്കുന്നു. കെട്ടിടനിർമ്മാമത്തിന് കോൺക്രീററ് നിനയ്ക്കാനും മററും വൻതോതിലാണ് കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത്.

4. വാഹനങ്ങളുടെ പരക്കം പാച്ചലിൽ ഭൂമിയിൽ അധികം ആഴത്തില്ലാതെ സ്ഥാപിച്ച പൈപ്പുകൾക്ക് കേടുവരുന്നു.

5. 1982_83 കാലങ്ങളിൽ പണിത്തീർത്ത ഈ പദ്ധതിയുടെ പമ്പ് ഹൗസ് എപ്പോൾ തകർന്നു വീഴാവുന്ന നിലയിലാണ്.

### കുടിവെള്ളത്തിൻെറ ഗുണമേൻമ

KWA യുടെ കീഴിലുള്ള ഗുണമേൻമാ നിയന്ത്രണസെൽ കാലകാലങ്ങളിൽ പൈപ്പുവെള്ളം ടെുത്ത് ലാബോറട്ടറി പരീക്ഷണങ്ങൾ നടത്തി ഫലം അറിയിക്കുന്നുണ്ട്. 16.10.96ൽ ഹെൽത്ത് സെൻററിൽ നിന്നും എടുത്ത കുടിവെള്ളത്തിൻെറ രാസപരീക്ഷണത്തിൻെറ അടിസ്ഥാനത്തിൽ അപകടകാരികളായ അണുക്കൾ കുടിവെള്ളത്തിൽ അടങ്ങിയിട്ടില്ല. മഴകാലങ്ങളിൽ കലക്കവെള്ളമാണ് പൊതുവേ ലഭിക്കാറ്. ഇൻ ഫിൽട്രേഷൻ കിണറിൽ നദീജലം കടന്നുകൂടുന്നതു കാരണം

അശുദ്ധജലമാണ് ലഭിക്കുന്നത്. എന്നിരുന്നാലും ജലജന്യരോഗങ്ങൾ ഉണ്ടായതായി കണ്ടെത്തിയിട്ടില്ല.

**KWA ശുദ്ധജലവിതരണം പ്രശ്ന പരിഹാരം**

1. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കുടിവെള്ള വിതരണ പദ്ധതിക്ക് സമാന്തരമായി കേന്ദ്ര സംസ്ഥാനതലത്തിൽ ഒരു പദ്ധതി സ്ഥാപിക്കുക. രണ്ടു പദ്ധതികളും ലിങ്ക് ചെയ്ത് ഇതിന്റെ ശേഷി ഇരട്ടിയാക്കാം. പൈപ്പുകൾ നീട്ടിയും പുതിയ കണക്ഷൻ കൊടുത്തും കൂടുതൽ സ്ഥലങ്ങളിലേക്ക് കുടിവെള്ളമെത്തിക്കാം.

2. ഇന്ന് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി ഉയർത്തിയും പുതിയ വൈദ്യുത കണക്ഷൻ കൊടുക്കാതെയും കൃത്യമായ വേൾട്ടത ഉറപ്പുവരുത്താം.

3. ദുർവിനിയോഗം തടയണം.

മാർഗ്ഗങ്ങൾ:

a) പൊതുജനസമിതികൾ രൂപപ്പെടുത്തി അവയുടെ നേതൃത്വത്തിൽ കുടിവെള്ള ദുരുപയോഗത്തിനെതിരെ ബോധ വൽക്കരണം നടത്തുക.

b) പരിധിയിലധികം ഉപയോഗിക്കുന്ന കുടിവെള്ളത്തിന് ഫൈൻ ഈടാക്കുക.

c) ഓരോ പൊതു ടാപ്പിലും അത് ഉപയോഗിക്കുന്ന കുടുംബങ്ങളെ ചേർത്ത് പൊതു ടാപ്പ് സംരക്ഷണ സമിതി രൂപീകരിക്കുക.

d) കെട്ടിട നിർമ്മാണത്തിന് കുടിവെള്ളം ഉപയോഗിക്കുന്ന ഹൗസ് കണക്ഷനുകൾ സ്ഥിരമായി വേർപെടുത്തുക. കണക്ഷനുകൾ തിരികെ നൽകാനുള്ള അധികാരം പഞ്ചായത്ത് ബോർഡിന് നൽകുക. അതിനുള്ള ഫൈൻ, ഫീസ് മുതലായവ പഞ്ചായത്തിന് വരവായി ചേർക്കാനുള്ള നിയമനിർമ്മാണം നടത്തുക.

മററു ജലസ്രോതസ്സുകൾ

(അവലംബം പഠനപര്യടനം)

കുളങ്ങളാലും കിണറുകളാലും സമൃദ്ധമാണ് നമ്മുടെ പഞ്ചായത്ത്. എന്നിരുന്നാലും അവയിൽ ഒട്ടുമുക്കാലും കടുത്ത വേനലിൽ വററി വരളുന്നവയാണ്. താഴ്ന്ന തടങ്ങളിൽ ലാററേറ്റ് മണ്ണിൽ നിർമ്മിക്കുന്ന കിണറുകളിൽ മിക്കവാറും എല്ലാകാലത്തും കുടിവെള്ളം ലഭ്യമാണ്.

കുന്നിൻചെരുവുകളിൽ മിക്കയിടത്തും 5_6 മി. ആഴത്തിൽ പാറ കാണപ്പെടുന്നുണ്ട്. പാറയുടെയും മണ്ണിന്റെയും ഇടയിലൂടെ കിനിഞ്ഞിറങ്ങുന്ന മഴവെള്ളം സ്ഥിരം സ്രോതസായി വർത്തിക്കുന്നില്ല. കുന്നിൻ മണ്ടകളിൽ ചെറുകാടുകളിൽ നൂററാണ്ടുകളായി രൂപപ്പെട്ട ജഡജൈവാവരണം മനുഷ്യ ഇടപ്പെടൽ മൂലം നഷ്ടമായതിനാൽ കുന്നിൻചെരുവുകളിൽ വർഷങ്ങൾക്കു മുമ്പ് കാണപ്പെട്ടിരുന്ന ജലസമൃദ്ധമായ ബേലാകൾ പലതും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഉദാ: വീട്ടികാടൻ മലയുടെ രണ്ടു പള്ളകളിലുമുള്ള ചോലകൾ ഇന്ന് നിർജ്ജീവവും ശുഷ്കവുമാണ്.

ചെരുവുകളിൽ കാണപ്പെടുന്ന ലാററേറ്റ്

മണ്ണിൽ ജലലഭ്യത ദരിദ്രമായും മിതമായും ആണ് കാണപ്പെടുന്നത്. എന്നാൽ പാറമണ്ണുകളുള്ള പ്രദേശങ്ങളിൽ ജലലഭ്യത തികച്ചും ദരിദ്രമാണ്. ഉദാ: കറുവുത്തൻപാറ ഉൾനാടൻ ഗ്രാമങ്ങളിൽ കുന്നിൻ ചെരുവുകളിൽ താമസിക്കുന്ന കുടുംബ ങ്ങൾ (വീട്ടിക്കാട്. വെള്ളോട്ടുകുറുശ്ശി) വേനൽ കാലത്ത് പാടങ്ങളിലെ കിണറുകളെ ആശ്രയി ക്കുന്നു.

കുളങ്ങളിൽ നിന്നും കുടിവെള്ളം എടുക്കുന്നതിനുള്ള പ്രവണത പഞ്ചായത്തിന് ഇല്ല.

ഭൂഗർഭ ജലസ്രോതസ്സുകൾ:

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്താൽ ഭൂഗർഭ ജലം ചൂഷണം ചെയതു കൊണ്ടിരിക്കുകയാണ്, കുടിവെള്ളത്തിൻെറ ആവശ്യകതയാണ് കാരണമെങ്കിലും എല്ലാ നിയ ന്ത്രണങ്ങളും വിടുന്ന നമ്മുടെയും ഭാവി തലനുറയുടെയും ബാധിക്കുമെന്നത് ശാസ്ത്ര സത്യംമാത്രമാണ്. ഭൂഗർഭ ജല സ്രോതസ്സുകൾ ഈ പഞ്ചായത്തിൽ 50 മി. മുതൽ 150 മി. വരെ ആഴത്തിൽ കാണപ്പെടുന്നു.

പ്രശ്നങ്ങൾ

1. പൈപ്പു ലൈൻ ചെന്നെത്താത്ത സ്ഥലങ്ങളിൽ വിശിഷ്യ കുന്നിൻ ചെരുവുകളിൽ വേനൽ കാലത്ത് ജനജീവിതം എരിപൊരി കൊള്ളുകയാണ്.

2. ഗ്രാമീണ സ്ത്രീകൾ വേനൽ കാലത്ത് 500 മി. അധികം ദൂരം കു ടിവെള്ളം കൊണ്ടുവരാ നായി പോകുന്നുണ്ട്.

3. ചോലകൾ വേനൽകാലത്ത് മുമ്പുതന്നെ വററിവരളുന്നു.

പരിഹാരങ്ങൾ:

1. ഉൾഗ്രാമങ്ങളിൽ താഴ്ന്നപ്രദേശത്ത് സുലഭമായ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തി കുന്നിൻ ചെരുവുകളിലെ ടാങ്കുകളിൽ പമ്പുചെയ്ത് നിറച്ച് ആവശ്യാനുസരണം വീടുകളിൽ എത്തിക്കാവുന്ന മിനി വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കുക. 30 _50 വീടുകൾ എന്ന നിലയിൽ ആവശ്യാനുസരണം പമ്പുസെററുകളും മററു വിതരണസംവിധാനങ്ങളും നടപ്പിലാക്കുക. ഗ്രാമസഭകളിൽ ഉയർന്നുവന്ന കുടിവെള്ളക്ഷാമം ഇപ്രകാരം മിനി വാട്ടർ സപ്ലൈസ്കീം പ്രകാരം ഇല്ലാതാക്കാം ഇതുമൂലം സ്ഥലപരിമിതിയുള്ളവർക്ക് കക്കൂസ് സാനിറേറഷൻ സൗകര്യങ്ങൾ ആരോഗ്യപരമായി ഏർപ്പെടുത്തികൊടുക്കാനും കഴിയും.

ഭൂമിയുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കു ന്നതിന് ചെറുതോടുകളിൽ അടിയണ, തടയണ, മുതലായവ നിർമ്മിച്ച് താഴ്ന്ന പ്രദേശങ്ങളിലെ കിമറുകളിലെ ജലലഭ്യത ഉറപ്പുവരുത്താം. പറമ്പുകളിൽ വർഷകാലാരംഭത്തോടെ പലഭാഗത്തായി കുഴികൾ (3X1.5X1) കുഴിച്ച് മഴവെള്ളം ശേഖരിക്കാം.

ഇപ്പോൾ നാമാവിശേഷമായതും ഉപയോഗ ശൂന്യമായതുമായ കിണറുകളും കുളങ്ങളും നന്നാക്കിയെടുക്കുകയും ശുചിയായി സൂക്ഷിക്കുകയും ചെയ്യാം.

പൊതുടാപ്പുകളുടെ എണ്ണം ആവശ്യ മനുസരിച്ച് കൂട്ടണം. നടുവെട്ടം ഹരിജൻ കോളനി യിൽ സുലഭമായി വെള്ളം കിട്ടുന്ന കുഴൽകിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് തെക്കുംമുറി, ചങ്ങമ്പുഴ വായശാല വരെയുള്ള സ്ഥലങ്ങളിൽ മിനി വാട്ടർ സപ്ലൈ സ്കീം സംവിധാനം ചെയ്യുക.

ഉയർന്ന ആരോഗ്യ സംസ്കാരം നമ്മുക്കുണ്ട്. എന്നാലും ഒട്ടനവധി ആരോഗ്യ പ്രവർത്തനങ്ങളും പരിസര ശുചീകരണ പ്രവർത്തനങ്ങളും നടത്തിയാലേ നാം വിഭാവനം ചെയ്യുന്ന ആരോഗ്യ അവസ്ഥയിലേക്ക് എത്തിചേരുകയുള്ളൂ. അതോടൊപ്പം തന്നെ ഇന്ന് ആരോഗ്യമേഖലയിൽ നിലനിൽക്കുന്ന പ്രവണതകളെ നാം കണ്ടറിയുകയും അവയ്ക്കെതിരെ നിതാന്ത ജാഗ്രത പുലർത്തുകയും വേണം.

# ഗതാഗതം

അധികാരവർഗ്ഗത്തിൻെറ പടയോട്ടങ്ങൾക്കു വേണ്ടി നൂററാണ്ടുകൾക്ക് മുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ റോഡുകൾ രൂപപ്പെട്ടിരുന്നു. ടിപ്പുവിൻെറ പടയോട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച വീരസ്മരണകൾ ഉറങ്ങുന്ന പാലക്കാടിന് വള്ളുവനാടിൻെറ തലസ്ഥാനമായ പെരിന്തൽമണ്ണയുമായി ബന്ധിപ്പിക്കുന്ന റോഡുകളിൽ ഒന്ന് ചെർപ്പുളശ്ശേരി പഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നത്. നമ്മുടെ പഞ്ചായത്ത് അതിർത്തിയായ 26 മൈൽ നിന്നും തൂത പാലത്തേക്ക് ഏകദേശം 7 കി.മി. നീളത്തിൽ ഈ റോഡ് ഉണ്ട്. ഈ റോഡിൽ നിന്ന് താലൂക്കാസ്ഥാനമായ ഒററപ്പാലത്തേക്ക് പോകുന്ന റോഡ് 4 കി.മി നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. ചെർപ്പുളശ്ശേരിയുടെ ഏതാണ്ട് മദ്ധ്യഭാഗത്താണ് പ്രധാന വ്യാപാര കേന്ദ്രം ഇവിടെ നിന്നാണ് പട്ടാമ്പി റോഡ് തുടങ്ങുന്നത്. ഇവയാണ് പ്രധാന പി.ഡബ്ലിയു.ഡി റോഡുകൾ പഴയ ചെർപ്പുളശ്ശേരിയുടെ വ്യാപാര കേന്ദ്രം (ചന്ത), തുക്കിടി സായിമ്പിൻേറ കോടതി, മുസഹാരി ബംഗ്ലാവ്, എന്നിവ കച്ചേരികുന്നിൽ ആയിരുന്നു. ബ്രിട്ടീഷ് ഭരണത്തിൻെറ സ്മാരകമായി കാക്കാതോട് പാലവും തൂതപാലവും ഇന്നും നിലനിൽക്കുന്നു. വള്ളുവനാട്ടിലെ പ്രധാനപ്പെട്ട പട്ടണങ്ങളായ പെരിന്തൽമണ്ണ പട്ടാമ്പി ഒററപാലം എന്നീ സ്ഥലങ്ങളിലേക്ക് ചെർപ്പുളശ്ശേരിയിൽ നിന്നുള്ള ദൂരം തുല്യമാണ് (17കി.മി.). ഈ റോഡുകളിലെല്ലാം പഴയ കാലത്തിൻെറ പ്രതീകങ്ങളായി കല്ലത്താണികൾ നിലനിൽക്കുന്നു. മേൽപറഞ്ഞ P.W.D റോഡുകൾക്കുപുറമെ പ്രധാനറോഡുകൾ താഴെ പറയുന്നു.

## 1. ഹൈസ്കൂൾ റോഡ്

പാലക്കാട് _ പെരിന്തൽമണ്ണ റോഡിനേയും ചെർപ്പുളശ്ശേരി _ പട്ടാമ്പി റോഡിനേയും ബന്ധിപ്പിക്കുന്ന ടാർ ചെയ്ത P.W.D. റോഡാണിത്.

## 2. പന്നിയാം കുറുശ്ശി _ തൂത റോഡ്

ഇത് പട്ടാമ്പിറോഡിൽ പഞ്ചായത്താഫീ സിനു മുൻവശത്തു നിന്നു തുടങ്ങി വീട്ടിക്കാടുവഴി തൂതയിലെത്തുന്നു. ടാർ ചെയ്ത പഞ്ചായത്ത് റോഡുകളിൽ പ്രധാനപ്പെട്ട ഒന്നാണിത്.

## 3. കരുമാനാം കുറുശ്ശി _ കാറൽമണ്ണ റോഡ്

ഈ റോഡ് കാറൽമണ്ണയിൽ നിന്ന് ആരംഭിച്ച് കരുമാനാംകുറുശ്ശിയിലൂടെ വെള്ളിനേഴിയിൽ എത്തുന്നു. ഏകദേശം 4 1/2 കി.മി. ദൂരം ഉണ്ട്. കാറൽമണ്ണമ മുതൽ കരുമാനാം കുറുശ്ശി വരെ 2 കി.മി. ദൂരം ഉണ്ട്. ഇതിൽ 600മി. ടാർ ചെയ്തതാണ്. ബാക്കി ഭാഗം മെററൽ ചെയ്തിട്ടുണ്ട്. ഈ റോഡമിൽ ലക്ഷകണക്കിനു രൂപ ചിവഴിച്ച് കാക്കാതോടിന് ഒരു പാലം നിർമ്മിച്ചിട്ടുണ്ട്. പാലം പണിത് ഒന്നര വർഷമായി എങ്കിലും അപ്രോച്ച് റോഡിൻെറ പണി ഇതുവരെ തുടങ്ങിയിട്ടില്ല.

## 4. പോസ്ററോഫീസ് _ ചളവറ റോഡ്

ഇത് ചെർപ്പുളശ്ശേരി പട്ടാമ്പി റോഡിൽ ചെർപ്പുളശ്ശേരി പോസ്ററോഫീസിന് പരിസരത്തിൽ നിന്ന് ആരംഭിച്ച് ചളവറ പഞ്ചായത്തിൽ

ചെന്നുചേരുന്നു. ഏകദേശം 1 കി.മി. ടാർ ചെയ്തതാണ്. മൊത്തം 2 1/2 കി.മി. വരും. ചെർപ്പുളശ്ശേരിയിൽ നിന്നും ഷൊർണ്ണൂരിൽ എത്താനുള്ള എളുപ്പമാർഗ്ഗമാണ് ഇത്.

## 5. തൂത _ കുളപ്പടറോഡ്

ഇത് പണിയം കുറുശ്ശി തൂത റോഡിൽ നിന്ന് ആരംഭിച്ച് നെല്ലായ പഞ്ചായത്തിലെ കുളപടയിൽ ചെന്ന് ചേരുന്നു. ഏകദേശം 1 കി.മി. ഈ റോഡ് നീട്ടേണ്ടതുണ്ട്. 1കി.മി. ട്രാവൽ റോഡാണ്. ഏതാണ്ട് 300 ഓളം ടാർചെയ്തിട്ടുണ്ട്.

## 6. അത്താണിക്കൽ (26) കരുമാനാം കുറുശ്ശി റോഡ്

26ാം മൈലിൽ നിന്ന് ആരംഭിച്ച് കരുമാനാം കുറുശ്ശി തെരുവിൽ ചെന്നുചേരുന്നു. 1കി.മി. പുതിയതായി നിർമ്മിക്കാനുണ്ട്.

## 7. പുത്തനാൽക്കാവ് _ ആലും കുന്ന് റോഡ്

ഇത് ചെർപ്പുളശ്ശേരി പുത്തനാൽക്കൽ കാവ് പരിസരത്തുള്ള കാഞ്ഞിരപ്പുഴ റോഡിൽ നിന്ന് ആരംഭിച്ച് തൃക്കടിരി പഞ്ചായത്തിലെ വീരമംഗലത്ത് എത്തുന്നു ഇത് പൂർണ്ണമായും മൺറോഡാണ്.

## 8. വെള്ളോട്ടുകുറുശ്ശി റോഡ്

ഈ റോഡ് ചെർപ്പുളശ്ശേരി പട്ടാമ്പി റോഡിൽ ജിയു.പി സ്കൂളിൻെറ സമീപത്ത് നിന്ന് ആരംഭങ്ങിച്ച് പന്നിയാം കുറുശ്ശി ഝഫണ ക്ക് സമീപമെത്തുന്നു.

## 9. കച്ചേരി കുന്ന് _ മാണ്ടക്കരിറോഡ്

ഇത് കച്ചേരി കുന്നിൽ നിന്നാരംഭിച്ച് പോലീസ് ക്വാർട്ടേഴ്സ് പരിസരത്തുകൂടെ വലിയപറമ്പ് പടിവരെ പോയി പാടത്ത് എത്തുന്നു.

## 10. കാക്കത്തോട് _ മാണ്ടക്കരിറോഡ്

ഇത് പാലക്കാട് റോഡിൽ കീക്കത്തോടിന് സമീപത്തു നിന്ന് ആരംഭിച്ച് മഞ്ഞളങ്ങാടൻ മുക്കു വഴി മാണ്ടക്കരിയിൽ എത്തുന്നു.

## 11. ആലും പാറ റോഡ്

കാറൽമണ്ണയിൽ നിന്ന് തുടങ്ങി അമ്പലം വഴി ആലും പാറയിൽ എത്തുന്നു.

## 12. കാറൽമണ്ണ നടുവട്ടം ഹരിജൻ കോളനി റോഡ്

കാറൽമണ്ണയിലെ നടുവട്ടത്തു നിന്നും തുടങ്ങി പന്നിയാം കുറുശ്ശി തൂത റോഡിൽ എത്തിചേയ്യരുന്നു. ഇത് 1കി.മി. മെററൽ ചെയ്ത റോഡാണ്.

## 13. ബ്രഹ്മദത്തൻ നമ്പൂതിരി റോഡ്

ഹൈസ്കൂൾ റോഡിൽ നിന്നും ആരംഭിച്ച് പുത്തനാൽകാവ് പരിസരത്ത് സമാപിക്കുന്നു. പുനരർപ്പണദിനത്തിൻെറ ഭാഗമായി ടാർചെയ്യുന്നതിനായി ജനകീയ സമിതി ഏറെറടുത്തിട്ടുള്ള റോഡാണിത്.

## 14. എലിയംപാററ _ വീരമംഗലം റോഡ്

എലിയംപററയിൽ നിന്നും ആരംഭിച്ച് ഉങ്ങിൻ തറയിൽ എത്തുന്നു.

15. കാഞ്ഞിരപുഴ റോഡ്

ഒററപാലം റോഡിൽ KP.IP ഓഫീസിനു

സമീപത്തുനിന്ന് ആരംഭിച്ച് പാലക്കാട് റോഡിൽ പുത്തനാൽകാവിനു സമീപം എത്തിചേരുന്നു. 500മി. ഓളം വരുന്ന മെററൽ ചെയ്ത റോഡാണിത്. ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സഹായ കമായ റോഡാണിത്.

ഈ പഞ്ചായത്തിലെ മിക്ക റോഡുകളും ഗ്രാമീണ റോഡുകളാണ്. P.W.D. റോഡുകൾക്കു പുറമെ 150 കി.മി. നീളത്തിൽ പഞ്ചായത്ത് റോഡുകളുണ്ട്. ഇതിൽ 7.220 കിമി. ടാർ ചെയ്തതും 2.5. കി.മി. മെററൽ ചെയ്തതുമായ റോഡുകളാണ്. ബാക്കി വരുന്ന 137.18 കിമി. റോഡുകൾ മൺറോഡു കളാണ്.

## പ്രശ്നങ്ങൾ:

1. റോഡിന്റെ വീതി കുറവ്.

2. ഗ്രാമീണ റോഡുകൾ പലതും നടവഴികളായി രൂപാന്തരപ്പെടുന്നു. വേലി ഇറക്കികെട്ടുന്നതു മൂലം റോഡിന്റെ വീതി കുറഞ്ഞു വരുന്നു.

3. പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് കയററങ്ങളും ഇറക്കങ്ങളും തിരുവുകളും നിറഞ്ഞതാണ് നമ്മുടെ റോഡുകൾ

4. സ്വാഭാവികമായി നീരൊഴുക്കം തടയുന്ന വിധത്തിൽ റോഡരികിൽ മതിലുകൾ നിർമ്മിക്കുന്നത് റോഡമിൽ വെള്ളം കെട്ടി നിൽക്കാൻ കാരണമാവുന്നു.

5. ഡ്രൈനേജുകൾ വേണ്ടവിധ് ഇല്ലാത്തതിനാൽ മഴക്കാലങ്ങളിൽ ചളികുളമായി മാറുന്നു.

6. മണ്ണൊലിപ്പ് അതിരൂക്ഷമായി നമ്മുടെ റോഡുകളെ ബാധിക്കുന്നു.

7. റോഡിനാവശ്യമായ സ്ഥലം വിടാതെ മതില് കെട്ടുന്നത് റോഡിന്റെ വികസനത്തിന് തടസ്സമാണ്.

8. പുതുതായി വീതി കൂട്ടിയ പലറോഡുകളിലും ടെലിഫോൺ ഇലക്ട്രിക് പോസ്ററുകൾ റോഡിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നു.

9. ആധുനിക ഗതാഗത സൗകര്യങ്ങൾ ഉൾകൊള്ളാനുള്ള കരുത്ത് നമ്മുടെ PWD റോഡുകൾക്കില്ല.

10. റോഡുനിർമ്മാണത്തിലെ അഴിമതി.

11. ജനകീയ ഇടപെടൽ ഇല്ലായ്മ

12. റോഡിന്റെ നിർമ്മാണ രീതിയിലുള്ള അശാസ്ത്രീയത. വളവുകളോട കൂടിയ ഇറക്കവും വാഹനങ്ങളുടെ അമിത വേഗതയും റോഡപകടങ്ങൾക്ക് കാരണമായിത്തീരുന്നു.

13. PWD റോഡുകളിൽ ഡ്രൈനേജ് ഇല്ലാത്തതിനാൽ റോഡരികിലുള്ള മണ്ണൊലിച്ച് പോയി വലിയ കുണ്ടുകൾ ഉണ്ടായിരിക്കുന്നു.

14. കാലാകാലങ്ങളിൽ നടത്തുന്ന അററകുററ പണിയുടെ ഗുണ നിലവാരം ഇല്ലായ്മ.

15. വാട്ടർ അതോരിട്ടി, പൊതുമരാമത്ത്, ടെലിഫോൺ എന്നി വകുപ്പുകളുടെ പരസമപര ധാരണയില്ലായ്മ.

## പരിഹാര നിർദ്ദേശങ്ങൾ

1. ബോധവൽക്കരണത്തിലൂടെയും ജനകീയ ഇടപ്പെടലിലൂടെയും റോഡിന്റെ വീതികുറവ്

പരിഹരിക്കാൻ കഴിയും

2. കൃത്യമായ ആസൂത്രണം ചെയ്ത ഡ്രൈനേജ് പദ്ധതി ഉണ്ടാവണം.

3. റോഡരികിൽ ചെറുമരങ്ങളും കുററിച്ചെടികളും വളർത്തണം.

4. ഗതാഗത കുരുക്ക് ഉണ്ടാകും വിധം കന്നുകാലികളെ കൂട്ടത്തോടെ നടത്തികൊണ്ടു പോകുന്നത് നിയമം മൂലം തടയണം.

5. റോഡരുകിൽ മതിൽ കെട്ടുന്നതിന് അനുമതി എടുക്കണം.

6. ടൗൺ പ്രദേശത്ത് റോഡിന് വീതികൂട്ടണം.

7. ടൗൾ പ്രദേശത്ത് ഓവു ചാലുകളിൽ കച്ചവട സ്ഥാപനങ്ങളിൽ നിന്ന് ചപ്പു ചവറുകൾ നിക്ഷേപിക്കുന്നത് നിയമം മൂലം തടയണം.

8. റോഡരികിൽ കെട്ടിട നിർമ്മാണ വസ്തുക്കൾ കൂട്ടിയിടുയണം. കെട്ടിടം നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന അവശിഷ്ട ങ്ങൾ റോഡരുകിൽ നിർക്ഷപിക്കുന്നത് തടയണം.

9. ബസ് സ്ററാൻററിൽ ഇരിപ്പിട സൗകരം ഉണ്ടാക്കണം. സ്ററാൻറ് കോൺക്രീററ് ചെയ്ത് മതിൽ കെട്ടണം.

10. ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് ഇന്നുള്ള ഗതാഗതത്തെ താങ്ങാൻ കഴിയും വിധം റോഡുകൾ ശക്തമാക്കുക.

11. ശക്തമായ ജനകീയ ഇടപെടൽ ഗുണ നിലവാരം ഉയർത്താൻ ആവശ്യമാണ്.

12. ഡിപ്പാർട്ട് മെൻറുകളുടെ നിലവിലുള്ള നിയമങ്ങൾ അഴിച്ചു പണിയണം.

13. തൊഴിൽ രഹിതരായ ഡിപ്ലോമക്കാർ ഉൾപ്പെടുന്ന കൊച്ചു യൂണിററുകളെ സൊസൈററികളാക്കി മാററി അവരുടെ മേൽനോട്ടത്തിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം.

14. സാമ്പത്തികാധികാരം ഇതിന് അനുസരിച്ച് മാറേറണ്ടതാണ്.

15. ചെർപ്പുളശ്ശേരി ടൗണിലെ റോഡുകൾ ബിററ്മിൻ കോൺക്രീററ് ചെയ്യണം.

16. മെററലിങ്ങിനും ടാറിങ്ങിനും ഇടയ്ക്കുള്ള കാലതാമസം ഒഴിവാക്കണം.

17. ടൗണിൽ ട്രാഫിക് ഐലൻറ് സ്ഥാപിക്കണം.

18. PWD റോഡിൽ എഡ്ജുകൾ നികത്തണം.

19. വാട്ടർ അതോരിട്ടി, ടെലിഫോൺ ഡിപ്പാർട്ട്മെൻറുകളുടെ നിരന്തരമായ ഡ്രിച്ചിങ്ങ് മൂലം റോഡിലുണ്ടാകുന്ന നാശം യഥാസമയം പരിഹരിക്കണം.

20 ടൗണിലെ ഗതാഗത തിരക്ക് സഹായിക്കുന്ന ബൈപ്പാസ് റോഡുകൾ

a) ശാല്യകുന്ന് റോഡ്

b) ഹൈസ്കൂൾ റോഡ്

c) കാഞ്ഞിരപുഴ റോഡ്

d) ബ്രഹ്മദത്തൻ റോഡ്

e) എ.കെ.ജി. മന്ദിരം റോഡ്

ഗ്രാമ സഭാ റിപ്പോർട്ടുകളുടെ അടിസ്ഥാന ത്തിൽ റോഡു നിർമ്മാണത്തെ കുറിച്ചും പരിഷ്കാര ത്തെ കുറിച്ചു നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ:

1. 260ം മൈലിൽ നിന്ന് തുടങ്ങി കരിമാനാം കുറുശ്ശി വള്ളിനേഴി റോഡുമായി ബന്ധിക്കുന്ന റോഡ്.

2, കാക്കാത്തോട് പാലത്തിനു സമീപത്ത് നിന്ന് ആരംഭിച്ച് കുന്നുംപുറം വഴി മാണ്ടക്കരയിൽ എത്തുന്ന റോഡ്.

3. ബസ്റ്റാൻഡിന് മുൻവശം മുതൽ A.K.G. മന്ദിരം വഴി പെരിന്തൽമണ്ണ ചെർപ്പുളശ്ശേരി റോഡിലെ ഏലിയകുളത്തിന് സമീപം എത്തുന്ന റോഡ്.

4, കാഞ്ഞിരപുഴ റോഡ്

5. ധർമ്മശാസ്താ കോളേജ് _ തെക്കുമുറിറോഡ് , ചളമറ റോഡ് എന്നിവയുമായി ബന്ധിപ്പിക്കുക.

6. ഗവ.. U.P. സ്കൂൾ മുതൽ പന്നിയാം കുറുശ്ശി ഹെൽത്ത് സെൻറർവരെയുള്ള റോഡ്.

7. പന്നിയാംകുറുശ്ശി ലക്ഷം വീട് കോളനിയിൽ നിന്ന് പ്ലാശ്ശേരി കളംമ്പാടം വഴി അബയാ റോഡിൽ എത്തിച്ച് പന്നിയാം കുറുശ്ശിയിൽ എത്തിക്കണം.

8. മുതയില പ്പടിയിൽ നിന്ന് പന്നികുഴി പള്ളിയാൽ വഴി I.H.D.P. കോളനി വഴി ഒലിയഭാഗത്തേക്കുള്ള റോഡ്.

9. ഹെൽത്ത് സെൽറർ മുച്ചിത്തോട്ടം റോഡ്.

10. കാളിക്കടവ് റോഡ് ടാർചെയ്യണം

11. തൂത _ കുളപ്പട റോഡ് ടാർ ചെയ്യണം

12. കരുമാനാം കുറുശ്ശി U.P. School പരിസരത്ത് നിന്ന് തൃക്കടിരി പഞ്ചായത്തി ലേക്കുള്ള റോഡ്.

13. പുത്തനാൽക്കൽ നരപറമ്പ് റോഡ്

14. കച്ചേരി കുന്ന് മാണ്ടക്കരി റോഡ്

15. പത്താം മൈൽസിൽ നിന്ന് ആരംഭിച്ച് കാരംതൊടി ഭാഗത്തുകൂടി വരുന്ന റോഡ് പോസ്ററ് ഓഫീസ് റോഡിൽ ബന്ധിപ്പിക്കണം.

16. മഞ്ഞക്കൽ വീണാത്തുപറമ്പു വഴി കള്ളികുന്ന് റോഡ്

17. പന്നിയാം കുറുശ്ശി റോഡിൽ നിന്ന് സാമിയാർ കുന്ന് സമീപത്തുനിന്ന് ആരംഭിച്ച് ഇരുമ്പാലശ്ശേരി പള്ളി റോഡുമായി ബന്ധിപ്പിക്കുക.

18. ചങ്ങമ്പുഴ വായനശാല പരിസരത്തുനിന്നും കൈതക്കിലേക്കുള്ള റോഡ്.

19. തെക്കുമുറി _ അറേക്കാവ് റോഡ് ഗതാഗത യോഗ്യമാക്കി ടാർ ചെയ്യണം,.

20. വടക്കുംപാടം റോഡിൽ ആലിക്കൽ നിന്ന് നെല്ലിക്കുന്നുവരെ പുതുതായി റോഡ് നിർമ്മിക്കണം.

21. പൊക്കാളത്തുപടിയിൽ നിന്ന് പാറയംകടവ് കൈത്തോടുവഴി രണ്ടാം വാർഡിലെ കരോത്തും പാറയുമായി ബന്ധിക്കണം.

22. വാരിയംപള്ളറോഡ് ഗതാഗത യോഗ്യമാക്കണം.

23. ആലിയംകുളം വഴി കാറൽമണ്ണ ഭാഗത്തേക്കുള്ള റോഡ് വീതികൂട്ടി ടാർ ചെയ്യണം.

24. കപ്പലപാടം റോഡ് ഉയർത്തി ടാർ ചെയ്യണം.

25. ചോക്കൽ രാമൻകുട്ടിയുടെ പടിക്കൽ നിന്ന് മാധവാ ഫാർമസിവരെയുള്ള റോഡ്.

26. ഷാരത്തുപടി റോഡ് ആരേക്കാവിൽ ബന്ധിപ്പിക്കണം.

27. ചെന്ത്രപറമ്പ് _ ചെമ്മനൂർ വഴി റോഡ് ഗതാഗതയോഗ്യമാക്കണം.

28. പന്നംകുഴി കാച്ചാൽ പടി റോഡ്

29. മൂച്ചിത്തോട്ടം റോഡ് ടാർ ചെയ്യണം>

30. കാററൽമണ്ണ വായന ശാല പരിസരത്ത് നിന്ന് വടക്കെകുണ്ടിലേക്കുള്ള റോഡ്

31. തൂതകുളപറമ്പിൽ റോഡിൽ നിന്ന് കല്ലാം പറമ്പുവഴി പോകുന്ന റോഡ് മുട്ടിപാലം വരെ നീട്ടണം.

32. ആലും പാറയിൽ നിന്ന് തെക്കോട്ട് പോകുന്ന റോഡ്. കാറൽമണ്ണ ആമ്പല പരിസരത്ത് എത്തിക്കണം. വീതികൂട്ടണ്.

33. മുണ്ടേക്കാട് നരപ്പറമ്പിൽ റോഡിൽ തേടന് പാലം നിർമ്മിക്കുക.

34. 260ം മൈൽ നിന്ന് തെക്കു ഭാഗത്ത് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കണം.

35. സലഫി സ്കൂൾ റോഡ് ടാർ ചെയ്യണം.

36. വെററിലകുന്ന് കച്ചേരി കുന്ന് റോഡ്.

37. പുലാശ്ശേരി പാടം റോഡ് ടാർ ചെയ്യണം.

38. ഏരിമകുഴി പറമ്പ് റോഡ് കോട്ടയിൽപടി റോഡിലേക്ക് മുട്ടിച്ച് ടാർ ചെയ്യണം

39. കാവുവട്ടം തെക്കുമുറി കാവു മണ്ഡലം റോഡ് പണി പൂർത്തിയാക്കണം.

40. സെക്രട്ടറി പടി ആറംകുന്നത്ത് റോഡ് ടാർ ചെയ്യുക.

41. പെള്ളോട്ടു കുറുശ്ശി ഒടേമുക്കിൽ വടക്കേക്കര റോഡ്

42. മഠത്തിപറമ്പ് പള്ളി പിരസരത്ത് നിന്ന് മൽമൽകുന്ന് ഭാഗത്തേക്കുള്ള റോഡ്.

43. വാക്കേക്കുണ്ട് വഴി പന്നിയം കുറുശ്ശി എത്തുന്ന റോഡ് ടാർ ചെയ്യണം.

44. പറച്ചേരി കോളനിയിലെ നിലവിലുള്ള റോഡ് വീതിക്കുട്ടണം.

45. ഹെൽത്ത് സെൻററിനു സമീപത്തുനിന്ന് ചാലിയാട്ടു പുഴയിലേക്കുള്ള റോഡ്.

46. ഹെൽത്ത്സെൻററിനു സമീപത്തുനിന്ന് ചാലിയോട്ടു ഭാഗത്തേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

47. ആലും പാറയിൽ നിന്ന് തെക്കോട്ടുള്ള 11/2 കി.മി. നീളമുള്ള റോഡ് മെററൾ ചെയ്യണം.

48. കച്ചേരികുന്ന് പോലീസ് ക്വാർട്ടേഴ്സ് സമീപത്തുകൂടെ വരുന്ന റോഡ് വലിയപറമ്പു കാരുടെ പടിക്കൽ വന്നു നിൽക്കുന്നത് തെരുവു മായി ബന്ധിപ്പിക്കണം.

49. വെററിലപാറ വലിയപറമ്പ് റോഡ് വീതികൂട്ടണം.

50. പോലീസ് സ്റേറഷനിൽ കാക്കത്തോ# റോഡ് ടാർ ചെയ്യണം.

51. മാണ്ടക്കരി നാല് സെൻററ് കോളനി

റോഡ് ടാർ ചെയ്യണം.

52. പുത്തൻവീട് പടി റോഡ് വീതിക്കൂട്ടി ടാർചെയ്ത് കോട്ടയിൽ പടി റോഡിലേക്ക് മുട്ടിക്കണം.

53. എലിയപ്പറ്റ പുളക്കുന്ന് റോഡ് പണി പൂർത്തീകരിക്കണം.

54. മാമ്പ്രകുന്ന് റോഡ് നീട്ടി ആറംകുന്നത്ത് കാവിനടുത്തുള്ള ചളവററോഡിലേക്ക് മുട്ടിക്കണം.

55. എലിയപ്പറ്റ മദ്രസ്സ വഴി കപ്പലപാടത്തേക്കുള്ള വഴി വീതിക്കുട്ടി നിർമ്മിക്കണം.

56. കിഴേപ്പാട് പടിയിൽ നിന്നും കേലം കുമരത്തുപടിറോഡ് ആശാരികോളനി പടിഞ്ഞാറേ തീൻ വഴി ഇരുമ്പാലശ്ശേരി റോഡിൽ ബന്ധിപ്പിക്കണം.

57. കിഴംപ്പാട്ട് പടിയിൽ നിന്ന് ചോലക്കുളത്ത് നിന്ന് മീതെ വടക്കേക്കര ഉപ്പുകുഴി റോഡ് ഇരുമ്പാലശ്ശേരി പള്ളിറോഡിൽ ബന്ധിപ്പിക്കുക. 1.കി.മി. പുതുതായി നിർമ്മിക്കുക.

58. കള്ളികുന്ന് നീരവിൽ നിന്ന് തച്ചങ്ങാട് റോഡിലേക്ക് നീട്ടുക. 1/2 കി.മി.

59. വെള്ളോട്ടുകുറുശ്ശി കീഴോപട്ടു റോഡിൽ നിന്ന് വെള്ളോട്ടു കുറുശ്ശി ആമ്പല റോഡ്.

60. തൂത കുളപ്പാററോഡിൽ നിന്ന് തൃക്കോവിൽ വഴി ദലിയാത്ത് എത്തുന്ന റോഡ് ടാർ ചെയ്യണം.

61. നടുവട്ടം കൈതതക്കൽ റോഡ്.

62. കരുമാനാം കുറുശ്ശി പനങ്കയം റോഡ്

63. കിഴക്കും മുറി കോളനി റോഡ്

64. തൂത കുളപ്പട റോഡിൽ തൂതകുളം മുതൽ മുട്ടിപ്പാലം വരെ പുതിയ റോഡ് നിർമ്മിക്കണം.

# ഊർജ്ജം

• അനന്തമായി ചലിച്ചുകൊണ്ടിരിക്കുന്ന ഈ മഹാപ്രപഞ്ചം തന്നെയാണ് ഊർജ്ജം.

ആധുനിക യുഗത്തിൽ ഊർജ്ജം സ്രോതസ്സുകളുടെ ചൂഷണത്തിന്റെ സാധ്യത വളരേയേറേയാണ്. പുത്തൻ ഊർജ്ജ സ്രോതസ്സുകളെ കണ്ടെത്തി അവയെ ഗുണപരമായി ഉപയോഗിക്കുന്നതിന് നമ്മുക്ക് ശാസ്ത്ര സാങ്കേതിക സഹായം കൂട്ടായുണ്ട്.

ചെർപ്പുളശ്ശേരി പഞ്ചായത്തിന്റെ എല്ലാ ആവശ്യങ്ങളും വിശദമായി പരിശോധിക്കു വാനും സമഗ്രമായ ഒരു ഊർജ്ജപദ്ധതി ആവിഷ്ക്കരിക്കുവാനും സമയപരിധി മൂലം കഴിഞ്ഞിട്ടില്ല. എങ്കിലും ഈ പഞ്ചായത്തിൽ ലഭ്യമായ ഊർജ്ജ രൂപങ്ങളുടെ ചൂഷ്ണവും ഉപയോഗവും എങ്ങനെ നടത്താം എന്ന് പ്രാഥമിക ദ്വിതീയ സ്ഥിതി വിവരക്കണക്ക ശേഖരണ സമിതികൾ കുറെയെങ്കിലും കണ്ടെത്തിയിട്ടുണ്ട്.

## വൈദ്യുതി

വൈദ്യുതി എത്താത്ത പ്രദേശങ്ങൾ പഞ്ചായത്തിൽ ഇല്ല എങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളും കോളനി കളും ഉണ്ട്. വ്യവാസായിക കാർഷിക വികസനത്തിന് തടസ്സം നിൽക്കുന്ന ഒരു പ്രധാന ഘടകമാണല്ലോ വൈദ്യുതിയുടെ കുറവ് കോരളത്തിന്റെ രൂക്ഷമായ വൈദ്യുത പ്രതി സന്ധി അതിന്റെ എല്ലാ തലത്തിലും ചെർപ്പുളശ്ശേരി പഞ്ചായത്തിലും അനുഭവ പ്പെടുന്നുണ്ട്. ഷൊർണ്ണൂർരിലുള്ള 110K.V. സബ്സ്റേഷനിൽ നിന്നും നാല് 11KV ഹൈടെൻഷൻ ലൈനുകളിലൂടെയാണ് ഇവിടെ വൈദ്യുതി എത്തുന്നത്. 28 ട്രാൻസ്ഫോമറുകളിലൂടെ ഇത് വിതരണം മെച്ചപ്പെടുന്നു. ഇതിൽ നിന്നുള്ള കണക്ഷനുകളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക.1

### വൈദ്യുത കണക്ഷനുകളുടെ വിവരങ്ങൾ

| ആവശ്യം | ഉപഭോഗം (എണ്ണം) |
|---|---|
| കാർഷികം | 348 |
| വ്യവസായികം | 42 |
| വ്യാപാരം | 502 |
| വീട്ടാവശ്യത്തിന് | 3008 |
| ആകെ | 3900 |

പട്ടിക 1 A

## കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ വിവരങ്ങൾ

| മേഖല | അവസാന അപോക്ഷ യുടെ തിയ്യതി | പോസ്ററ് വേണ്ടത് | പോസ്ററ് വേണ്ടാത്താത് | ആകെ |
|---|---|---|---|---|
| 1. കാർഷികം | 7/93 | | 23 | 23 |
| 2. മററുള്ളവ | 10/93, 8/91 | 22 | 14 | 36 |
| 3. മററുള്ളവ OYEC | 6/96, 8/95 | 4 | 14 | 18 |
| 4. ഹരി_ ജനങ്ങൾ | 9/94, 6/96 | 18 | 6 | 24 |
| ആകെ | | 44 | 57 | 101 |

അവലംബം : K.S.E.B. മേജർ സെക്ഷൻ, ചെർപ്പുളശ്ശേരി.

പട്ടിക: 1 B

## വഴിവിളക്കുകളുടെ വിവരങ്ങൾ:

| | എണ്ണം | വൈദ്യുതി ചെലവ് |
|---|---|---|
| ബൾബുകൾ | 241 | 4327 രൂപ |
| ട്യൂബുകൾ | 56 | |
| മെർക്കുറി വേപ്പർ | ഇല്ല | |
| സോഡിയം വേപ്പർ | 25 | 786 രൂപ |
| ആകെ | 332 | 5113 |

## പ്രശ്നങ്ങൾ:

താഴ്ന്ന വോൾട്ടത. പീക്ക് അവറിൽ 110 വോൾട്ടതയിലും താഴെയാണ്. വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും സ്റ്റെപ്പ് അപ് ട്രാൻസ്ഫോമറുകൾ വ്യാപകമായി ഉപയോഗിക്കുന്നതു മൂലം പ്രധാന ലൈൻ വോൾട്ടത വീണ്ടും കുറയുന്നു. പരിമിതമായി ലഭിക്കുന്ന വൈദ്യുതിയുടെ മൂല്യം കണക്കിലെടുക്കാതെ ഉപയോഗിക്കുന്നതു കൊണ്ട് മുൻഗണന അർഹിക്കുന്ന പ്രവർത്തനങ്ങൾക്കുപോലും വൈദ്യുതി എത്തി ക്കാൻ കഴിയാത്ത അവസ്ഥ ഇന്നു നില നിൽക്കുന്നു. കൃത്യസമയത്ത് വൈദ്യുതോപക രണങ്ങൾ ഓഫ് ചെയ്യാത്തതു മൂലം ഊർജ്ജ നഷ്ടം സംഭവിക്കാറുണ്ട്. പഴയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിക്ക പ്പെട്ടവയും കാലാഹരണം സംഭവിച്ച തുമായ വൈദ്യുതോ പകരണങ്ങൾ ഉപയോഗിക്കുന്നതു മൂലവും വൈദ്യുത നഷ്ടം സംഭവിക്കുന്നു. വൈദ്യുത ലൈനിലെ ജമ്പറുകളിലെ തുരിമ്പ് ലൈനിൽ തൊട്ടുകിടക്കുന്ന മരച്ചില്ലകൾ മുതലായവ യിലൂടെ പ്രസരണ നഷ്ടം സംഭവിക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ:

വൈദ്യുതിയുടെ വോൾട്ടതയും ലഭ്യതയും ഉയർത്താൻ കഴിയുന്ന പദ്ധതിയാണ് ചെർപ്പുളശ്ശേരി 10കെവി സബ്സ്റ്റേഷൻ 1983 ഭരണാനുമതി കിട്ടുകയും 1990_91 കാലയിള വിൽ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിവച്ച ഈ സബ്സ്റ്റേഷൻ കാലമിത്രയായിട്ടും പൂർത്തീകരിച്ചിട്ടില്ല. ഇത് പ്രവർത്തനം തുടങ്ങിയാൽ ചെർപ്പുളശ്ശേരി യിലും അയൽപഞ്ചായത്തുകളിലും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതക്ഷാമം ഇല്ലാതാകും.

വൈദ്യുതിയുടെ മൂല്യത്തെക്കുറിച്ച് ഉപഭോക്താവിൽ അവബോധമുണ്ടാക്കിയാലെ ദുരുപയോഗം തടയാനാവൂ.

പുതിയ സാങ്കേതിക വിദ്യ ഉപയോഗ പ്പെടുത്തുന്ന ദക്ഷത കൂടിയ വൈദ്യുത ഉപകരണങ്ങളിലേക്ക് നാം മാറണം. മഹാനായ തോമസ് അൽവ എഡിസൺ കണ്ടുപിടിച്ച വൈദ്യുത ബൾബിന്റെ ശാസ്ത്ര വിദ്യതന്നെയാണ് ഇന്നും നാം ഉപയോഗിക്കുന്ന ബൾബിലുള്ളത്. വിലകുറവാണെങ്കിലും ഇവയ്ക്ക് ദക്ഷത കുറവായതിനാൽ വൈദ്യുത ഉപയോഗം കൂടുതലാണ്. ഇതിനു പരിഹാര മായി ഊർജ്ജ ക്ഷമത വളരെ കൂടിയതും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഉപ യോഗിച്ച് നിർമ്മിക്കപ്പെട്ടതുമായ "Compact Fluracent Lamp" (C.F.L.) കേരളത്തിൽ വ്യാപ കമായി ഉപയോഗിക്കപ്പെട്ടാൽ ഏകദേശം 300 മെഗാവാട്ട് വൈദ്യുതി ലാഭിക്കാം. സമീപഭാ വിയിൽ കമ്മീഷൻ ചെയ്യാൻ പോവുന്ന ലോ വർ പെരിയാർ പദ്ധതിയുടെ പൂർണ്ണശേഷി 180 മെഗാ വാട്ട് മാത്രമാണ്. 300 മെഗാവാട്ട് ശേഷിയുള്ള ഒരു വൈദ്യുതനിലയം സ്ഥാപി ക്കാൻ ഇന്ന് ആയിരം കോടിരൂപ മൂലധനവും 8 വർഷത്തെ അധ്വാനവും വേണം എന്നറയു മ്പോഴാണ് CFL ട്യൂബുകൾ വ്യാപകമാക്കേ ണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുക 60 വാട്ട് ശക്തിയുള്ള ബൾബിനേക്കാൾ വെളിച്ചം നൽകുന്നതാണ് കേവലം 9 വാട്ട് ണഇഥ കൾഇവ തമ്മിലുള്ള ഒരു താരതമ്യ പഠനം പട്ടിക 2ൽ കൊടുക്കുന്നു.

C.F.L. കളുടെ ഒരേയൊരു പ്രതികൂല ഘടകം അതിന്റെ ഇന്നുള്ള വിലയും ലഭ്യതയുമാണ് കേരളം ഇന്നു നേരിടുന്ന വൈദ്യുത ക്ഷാമത്തിന്റെ

പട്ടിക 2

## സാധാരണ ബൾബും ട്യൂബുകളും തമ്മിലുള്ള താരതമ്യ പഠനം

| ഘടകങ്ങൾ | സാധാരം ബൽബ് | CFL |
|---|---|---|
| 1. ശക്തി (വാട്ട്) | 60ൾ | 9ൾ |
| 2. ആ ുസ് (ശരാശരി) | 1000 മണിക്കൂർ | 8000 മണിക്കൂർ |
| 3. 100 മണിക്കൂർ കത്തുമ്പോൾ ഊർജ്ജം യൂണിററ് | 6 യൂണിററ് | 0.9 യൂണിററ് |
| 4. വൈദ്യുതി ചാർജ് യൂണിററിന് 80 പൈസ നിരക്കിൽ | 4.80 രൂപ | 0.72 രൂപ |
| 5. വില | 10 രൂപ | 350 രൂപ |
| 6. സഫലോർജ്ജം (പ്രകാശം) | 5.4 % | 100% |
| | CFL മായി താരതമ്യം ചെയ്യാൻ | |

തീവ്രതയുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് അഞ്ചത കൂടുതലല്ലന്ന് കാണാം. അനർട്ട് തുടങ്ങിയ ശാസ്ത്ര ഏജൻസികളിലൂടെ സബ്സീഡി നിരക്കിൽ C.F.L. കൾ വിതരണം ചെയ്യാനുള്ള പരിപാടി ഇലക്ട്രിസ്ററി ബോർഡും സർക്കാരും ചേർന്ന് നടപ്പാക്കണം.

ജമ്പറുകൾ ബലപ്പെടുത്തിയും കാലകാലങ്ങളിൽ മരച്ചില്ലകൾ വെട്ടിമാററിയും പ്രസരണ നഷ്ടം കുറെയൊക്കെ തടയാം വൈദ്യുതി വിതരണത്തിനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുക്കണം. കാർഷിക വ്യവസായി മേഖലയിലെ മുൻഗണനാ ക്രമം നിശ്ചയിക്കാനും ചോർച്ചയും അഴിമതിയും തടയാനും ഇതുമൂലം കഴിയും. ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം നൽകുന്ന ഇന്നത്തെ രീതി മാററി സ്പോട്ട് ബില്ലിങ്ങ് സിസ്ററം നടപ്പാക്കണം.

### മററ് ഊർജ്ജ സ്രോതസ്സുകൾ

ഊർജ്ജ സ്രോതസ്സുകൾ നാം കൂടുതലായി ഉപയോഗിക്കുന്നത് പാചകാവശ്യത്തിനാണ്. മററു രാജ്യങ്ങളുടെ ഊർജോപഭോഗവുമായി തട്ടിച്ചു നോക്കുമ്പോൾ അടിയന്തിരമായി ഊർജ്ജ ഉപഭോഗം പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാവും.

പഞ്ചായത്തിലെ 70 ശതമാനം കുടുംബങ്ങളും പാചകാവശ്യത്തിന് വിറകു ഉപയോഗിക്കുന്നു. വിറകിന്റെ ലഭ്യതയും വിലയുമാണ് ഈ രംഗത്തെ പ്രശ്നങ്ങൾ. ദക്ഷത വളരെ കുറഞ്ഞ നാടൻ അടുപ്പുകളാ യിട്ടാണ് പ്രമാണങ്ങളിൽ കൂടുതലും ഇതുമൂലം ഉപയോഗിക്കപ്പെടുന്ന വിറകിന്റെ 18 ശതമാനവും മാത്രമാണ്

## ഊർജ്ജ ഉപഭോഗം ഒരു താരതമ്യ പഠനം

## ആളോഹരി ഊർജ്ജ ഉപഭോഗം (യൂണിററ്)

| | ഇന്ത്യ | ചൈന | യു. എസ്സ്. എ. |
|---|---|---|---|
| ആകെ ഉപഭോഗം | 3601 യൂണിററ് | 7661 യൂണിററ് | 42,197 യൂണിററ് |
| പാചകാവശ്യത്തിന് | 3274 യൂണിററം | 5566 യൂണിററ് | 2252 യൂണിററ് |
| മററാവശ്യത്തിന് | 327 യൂണിററ് | 2095 യൂണിററ് | 40205 യൂണിററ് |
| പാചകാവശ്യത്തിനുള്ള | | | |
| സഫലോർജ്ജം | 322 യൂണിററ് | 1113 യൂണിററ് | 1554 യൂണിററ് |

സഫലോർജ്ജമാക്കപ്പെടുന്നത്. കൂടാതെ പുതയും മററും വിതകളും വീട്ടമ്മയുടെ ആരോഗ്യത്തെ ബാധിക്കുന്നു.

മണ്ണെണ്ണയിലൂടെയും പാചക ഗ്യാസിൻെറയും ലഭ്യത പരിമിതവും പ്രശ്ന സങ്കീർണ്ണവുമാണ്. ബയോഗ്യാസ് വ്യാപകമാക്കാനുള്ള പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. പാചകത്തിനായി വളരെ കുറവ് വൈദ്യുതി മാത്രമാണ് ഇന്ന് ഉപയോഗിക്കുന്നത്.

### പരിഹാരങ്ങൾ

ദക്ഷത കൂടിയ വിറകടുപ്പുകൾ വ്യാപകമാക്കുക. (അനർട്ട് കേരള ശാസ്ത്ര പരിക്ഷത്ത് തുടങ്ങിയ ഏജൻസികളിലൂടെ സബ്സീഡി റേററഇൽ ലഭ്യമാണ്. മണ്ണെണ്ണ ഗ്യാസ് എന്നിവ ആവശ്യാനുസരണം പഞ്ചായത്തിലെ ത്തിക്കുക. ഏതു അടുപ്പു കളിലും ഉപയോഗിക്കുന്ന അനർട്ടിൻെറ പ്രഷർകുക്കറുകൾ വൈക്കോർ പെട്ടികൾ ഇവ വ്യാപകമാക്കുക, വിറകുൽപാദനം വർദ്ധിപ്പിക്കാൻ സാമൂഹ്യ വന വൽക്കരണ പരിപാടി തയ്യാറാക്കുക.

സമഗ്രമായ ഒരു ഊർജ്ജ സംരക്ഷണ പരിപാടി തയ്യാറാക്കി നടപ്പാക്കണം. കാർഷിക വ്യവസായ മേഖലയിൽ ഊർജ്ജോപഭോഗം ഉയർത്തുന്നതോടൊപ്പം ലഭ്യമാണ് ഊർജ്ജം പാഴായിപോകാതെ നോക്കുകയും വേണം. ജലസേചന പമ്പുകളിൽ ഫ്രിക്ഷൻറയ്, ഫൂട്ട് വാൾവലുകൾ ഉപയോഗിക്കുക.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ:

പഞ്ചായത്തിലെ വൈദ്യുതി എത്താത്ത വീടുകളിലും കോളനികളിലും വൈദ്യുതി എത്തിക്കണം.

കാർഷിക മേഖലയിൽ വൈദ്യുതി കണക്ഷൻ നൽകാനുള്ള കാലതാമസം ഒഴുവാക്കണം. എണ്ണ

ലഭ്യത ഉറപ്പുവരുത്തണം.

LPG ഗ്യാസിന്റെ ഏജൻസി ആരംഭിക്കുകയും ലഭ്യത ഉറപ്പുവരുത്തുകയും വേണം.

പ്രഷർകുക്കറുകൾ, സൗരോർജ്ജ ഉപകരണങ്ങൾ ഇവ ചുരുങ്ങിയ ചിലവിൽ ലഭ്യമാക്കണം.

തെരുവുവുളക്കുകളുടെ സമ്പൂർണ്ണ അധികാരം പഞ്ചായത്തിന് വിടുക. തെരുവുവിളക്കുകളിൽ ഇരുമ്പുവലകൾ ഘടിപ്പിക്കുകയും ബൾബുകൾ മാററിയിടാനും കൃത്യസമയത്ത് പ്രവർത്തിപ്പിക്കാനും വാർഡ് അടിസ്ഥാനത്തിൽ ബഹുജന സമിതികൾ രൂപീകരിക്കുക.

# ഭവനനിർമ്മാണം

മനുഷ്യന്റെ സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണല്ലോ പാർപ്പിടം. വള്ളുവനാടൻ ഗ്രഹനിർമ്മാണം മാതൃക ശാസ്ത്രീയവും സുഖകരമായ ജീവിതത്തിനുതകുന്നതുമാണ്. ഇന്നലെകളിൽ നിർമ്മിക്കപ്പെട്ട വീടുകൾ എല്ലാം തന്നെ പാർപ്പിടം എന്ന സാമാന്യസങ്കൽപ്പങ്ങളുടെ എല്ലാ അർത്ഥതലങ്ങളേയും സംതൃപ്തമാക്കുന്ന മുൻ പറഞ്ഞ മാതൃകയിലായിരുന്നു. മൺഭിത്തിയും തടിയും ഓടും കൊണ്ട് കെട്ടിയുയർത്തിയ വീടുകൾ ദുർലഭ മായിട്ടാണെങ്കിലും ഇന്നും കാണപ്പെടുന്നുണ്ട്. ജീവിതരീതികളിൽ വന്ന മാറ്റങ്ങളും സംരക്ഷണച്ചെലവിന്റെ ആധികൃവും കാരണം പഴയ മാതൃകയിലുള്ള വീടുകളും എടുപ്പുകളും ഇന്ന് അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം ആധുനിക ഭവന നിർമയമാണത്തിന്റെ വേഗതക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളും നിർമ്മാണവസ്തുക്കളും ഇവയിൽ ഉപയോഗപ്പെടുന്നുണ്ടങ്കിലും ഉഷ്ണമേഖല കാലാവസ്ഥയിൽ സുഖം നൽകുന്നതല്ല ഇവയിൽ ഏറിയപങ്കും. ഗൾഫിൽനിന്നും ഒഴുകിയെത്തുന്ന പണം ഈ രംഗത്ത് അധികമായി മുതലിറക്കപ്പെടുന്ന പ്രവണത നിലനിൽക്കുന്നു. ഒരു നല്ല വീട് എന്നതിലുപരി മോടി കാണിക്കാനാണ് ഇന്ന് ഈ പണം മുതലിറക്കപ്പെടുന്നത്. ..................

ഉൾനാടൻ ഗ്രമങ്ങളിൽ വെട്ടുകല്ലും മരവും ഉപയോഗിച്ച് നിർമ്മിക്കുന്ന ഭവനങ്ങൾ ഇന്നും ഉയർന്നു വരുന്നുണ്ട്. നിർമ്മാണച്ചെലവിൽ ഇവതമ്മിൽ വലിയ വ്യത്യാസമില്ലെങ്കിലും പാരമ്പര്യത്തിന്റേയും പ്രകൃതിബന്ധത്തിന്റേയും പ്രതീകമായി ഇതു കാണാവുന്നതാണ്.

പഞ്ചായത്തിൽ മൊത്തം 7978 വീടുകൾ ഉണ്ട്. ഇവ തമ്മിൽ തരംതിരിച്ച് താഴെ കൊടുക്കുന്നു.

| ഓലപ്പുര | ഓടുമേഞ്ഞത് | വാർപ്പ് | ആകെ | ഇതിൽ വൈദ്യുതീകരിച്ചത് |
|---|---|---|---|---|
| 1034 | 6292 | 652 | 79788 | 4164 |

പഞ്ചായത്തിൽ 13 കോളനികൾ ഉണ്ട്. ഇവയിൽ 4 എണ്ണം മാത്രമേ അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. 1992-97 കണക്കനുസരിച്ച് IRDP ലിസ്റ്റു പ്രകാരം 2230 കുടുംബങ്ങൾ പിന്നോക്ക സമുദായത്തിൽ പെട്ടവരും 342 കുടുബങ്ങൾ പട്ടിക ജാതിയിൽ പെട്ടവരുമായിട്ടുള്ളതിൽ പട്ടികജാതിക്കാർക്ക് 121 വീടുകളും 41 കക്കൂസുകളും നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. 146 കുടുംബങ്ങൾ ഭവനനിർമ്മാണപദ്ധതിയനുസരിച്ച് ധനസഹായം ചെയ്തിട്ടുണ്ട്.

വിശദമായി സോഷ്യോഇക്കണോമിക്ക് സർവ്വേ നടന്നിട്ടില്ല. എങ്കിലും ഏകദേശം 600 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. ഇതിൽ ഒട്ടുമിക്ക കുടുംബങ്ങളും ദുർബലവിഭാഗത്തിൽപെട്ടവരാണ്. 2200 വീടുകൾ അടിയന്തിരമായി പുനരുദ്ധരിക്കപ്പെടണം. ഭവനനിർമ്മാണരംഗത്ത് വിദഗ്ദ്ധതൊഴിലാളികളെ ഇവിടെ ലഭ്യമാണ്. അവർക്ക് ഭേദപ്പെട്ട വേതനവും ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1 നിർമ്മാണസാമഗ്രികളും വിലനിയന്ത്രണമില്ലായ്മയും അമിതവിലയും.
2 സ്ഥലദൗർലഭ്യം-ഭൂമിയുടെ അമിതവില
3 സാമ്പത്തിക /വായ്പാപ്രശ്നങ്ങൾ

ഹൗസിങ്ങ്സൊസൈറ്റി, വായ്പകൾ, മറ്റു ബാങ്ക് വായ്പകൾ എന്നിവ നിലവിൽ ഉണ്ടങ്കിലും ഭവനനിർമ്മാണത്തിന് പലകാരണങ്ങളാലും ഇവയുടെ സേവനം തൃപ്തികരമായി ലഭ്യമല്ല. ഈ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന സങ്കീർണ്ണമായ വായ്പാനിയമങ്ങളും അമിതപലിശനിരക്കും ഭവനനിർമ്മാണത്തിന്റെ സാമ്പത്തികവശത്തെ സാരമായി ബാധിക്കുന്നുണ്ട്.

## പരിഹാരമാർഗ്ഗങ്ങൾ

1. ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണരീതി പ്രോത്സാഹിപ്പിക്കണം. ഇതിനാവശ്യമായ വൈദഗ്ധ്യം നേടിയെടുക്കുന്നതിന് ഇന്നത്തെ തൊഴിലാളികളേയും എൻജിനീയർമാരേയും സജ്ജമാക്കണം. ദുർവ്യയ ഭവനനിർമ്മാണരീതി നിരുത്സാഹപ്പെടുത്താൻ പഞ്ചായത്തുതലത്തിൽ അതുപോലുള്ള കെട്ടിടങ്ങളുടെ നികുതി ഉയർത്തണം. പ്ലിന്ത് ഏരിയായുടെ അടിസ്ഥാനത്തിൽ കെട്ടിടനികുതി കണക്കാക്കുന്നരീതി നടപ്പിൽവരണം. ചെറിയ ഭവനം സന്തുഷ്ടഭവനം എന്ന ആശയം പ്രചരിപ്പിച്ച് ആവശ്യത്തിനനുസരിച്ച് വീട് നിർമ്മിക്കുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കാനുള്ള ബോധവൽക്കരണം നടത്തണം. വിലകൂടിയ സാധനങ്ങൾ എന്നതിനേക്കാൾ ബലമേറിയ വസ്തുക്കൾ എന്ന ചിന്ത പ്രചരിപ്പിക്കണം.

2 ഭവനസമൂഹങ്ങൾ (കോളനികൾ) നിർമ്മിച്ചുകൊണ്ട് സ്ഥലദൗർലഭ്യത്തിന് പരിഹാരം കാണാം. ഭവനനിർമ്മാണത്തിനും പറ്റിയസ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് ശസ്ത്രീയവും സുഖകരവുമായ വീടുകൾ നിർമ്മിച്ച് വ്യവസ്ഥകളോടുകൂടി ആവശ്യക്കാർക്ക് കൈമാറ്റം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കണം. ഭൂമിയുടെ വിലക്കയറ്റം ഒരു പരിധിവരെ ഇങ്ങനെ തടയാം. അതോടൊപ്പം വീടുകൾ നിർമ്മിക്കാൻ വയലുകൾ നികത്തുന്ന പ്രവണത പഞ്ചായത്ത്തല ഇടപെടൽ മൂലം പരിപൂർണ്ണമായും നിരോധിക്കണം.

3 വായ്പാപദ്ധതിയിലെ സങ്കീർണ്ണതയും പലിശനിരക്കും കുറക്കണം. വായ്പകളും ധനസഹായവും ലഭിക്കുന്നതിനുള്ള കാലതാമസം ലഘൂകരിക്കണം.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

- തരിശായി കിടക്കുന്ന സ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് വീടുണ്ടാക്കികൊടുക്കണം. പതിച്ചുനൽകിയ മിച്ചഭൂമിയിൽ വീട് നിർമ്മിച്ചുകൊടുക്കണം.
- ഓലമേഞ്ഞപുരകൾ ഓടുമേയാനും കക്കൂസുകൾ നിർമ്മിക്കാനും ജീർണ്ണിച്ച കോളനികൾ നന്നാക്കിയെടുക്കാനും വേണ്ട സംവിധാനങ്ങൾ ചെയ്യണം.
- കെട്ടിടനിർമ്മാണസാമഗ്രികൾ പഞ്ചായത്തിൽ ഉണ്ടാക്കാൻ ധനസഹായവും പഞ്ചായത്തിൽതന്നെ കുറഞ്ഞവിലക്ക് വില്ക്കാനുള്ള സംവിധാനവും സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കിയെടുക്കണം.
- ചെലവുകുറഞ്ഞ ഭവനനിർമ്മാണരീതി പ്രചചരിപ്പിക്കണം.
- കൈയ്യേറിസ്വന്തമാക്കിയ പുറംപോക്ക് ഭൂമികൾ നിയമനടപടികൾ മൂലംതിരിച്ചെടുത്ത് അവയിൽ കോളനികൾ സ്ഥാപിച്ചെടുക്കണം.
- ലക്ഷംവീട് കോളനികൾ പ്രത്യേകം വീടുകളായി പുതുക്കിപണിയണം. കോളനിയിൽ നല്കപ്പെട്ട സ്ഥലം അളന്ന് തിട്ടപ്പെടുത്തികൊടുക്കണം.
- വിദഗ്ധരായ തൊഴിലില്ലാത്തവർ രൂപീകരിക്കുന്ന സഹകരണ സംഘങ്ങളിൽകൂടി സ്ഥലമെടുത്ത് കുറഞ്ഞചെലവിൽ വീടുനിർമ്മിച്ചുവിൽക്കുന്ന സംവിധാനം ഉണ്ടാക്കണം.
- ജനറൽ സെക്ടറിലും പാവപ്പെട്ടവരെ കണ്ടെത്തി വീടുകൾ നിർമ്മിച്ചു കൊടുക്കണം. 9-ാം പദ്ധതിയിൽ തന്നെ പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും വീട് നിർമ്മിച്ചുനല്കാനുള്ള സമഗ്രപദ്ധതി തയ്യാറാക്കണം.

# സാമൂഹ്യക്ഷേമം

ഒരു സമൂഹത്തിൻെറ ആരോഗ്യകരമായ സാമ്പത്തിക-സാംസ്ക്കാരിക വികസനത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രവർത്തികമാക്കുന്നിടത്താണ് സാമൂഹ്യക്ഷേമത്തിൻെറ സമ്പൂർണത നിലകൊള്ളുന്നത്.

ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളിലൂടെ പദ്ധതികളും ക്ഷേമനിധികളും അവർക്ക് വേണ്ട വിധത്തിൽ ഉപയോഗപ്രദമാകുമ്പോൾ മാത്രമേ സാമൂഹ്യക്ഷേമത്തിൻെറ പ്രവർത്തനമേഖല വിജയിച്ചു എന്നു പറയാനാവൂ.

പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ അർഹതപ്പെട്ട വർക്കുലഭിക്കാതെ വരിന്ന അവസ്ഥ, സമയത്ത് കിട്ടാതെ വരിക ഉദ്യോഗസ്ഥദുഷ്പ്രഭുത്വം എന്നീ ഘടകങ്ങൾ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് എതിരായി വർത്തിക്കുന്നു.

പഞ്ചായത്തിലെ പൊതുസാമൂഹ്യവ്യവസ്ഥ. (RDPസർവ്വേ പ്രകാരമുള്ളത് പട്ടിക 1- ൽ കൊടുക്കുന്നു.

1992-96 കാലത്ത് ഈ പഞ്ചായത്തിനു ലഭിച്ച സാമ്പത്തികാനുകുല്ല്യങ്ങൾ താഴെ പറയുന്നു.

IRDP92-96 വരെ 141 കുടുംബങ്ങളെ ബാങ്ക് ലോണും ഗവ:സബ്സീഡിയും ബാക്കി സ്വയം തൊഴിൽ കണ്ടെത്താൻ സഹായിച്ചു. ഇതിൽ 63 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്. വീടുകൾ. 92-96 വർഷങ്ങളിൽ 130 കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചു. ഇതിൽ 116 കുടുംബങ്ങളും പട്ടികജാതിയിൽ പെടുന്നു. അതുപോലെ ദശലക്ഷക്കിണർ പദ്ധതി പ്രകാരം പഞ്ചായത്തിൽ 4 കിണർ നിർമ്മിച്ചു. ഇത് നാലും പട്ടികജാതിയിൽ പെട്ടവർക്കായിരുന്നു.

89-ൽ തുതയിൽ ആരംഭിച്ച DWCRRഗാർമെൻെറ് യൂണിറ്റ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ തുണിത്തരങ്ങളുടെ വിലവർദ്ധനവും വിപണിയിലുള്ള മത്സരവും ഈ യൂണിറ്റ് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. യൂണിറ്റ് ആരംഭിക്കുന്നഘട്ടത്തിൽ സംഘത്തിൽ അംഗമായിരുന്ന പലരും ഇപ്പോൾ പ്രവർത്തന രംഗത്തില്ല എന്നാൽ ഇത്തരക്കാരെ മാറ്റിനിർത്തി പകരം അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് നിയമപരമായി സംവിധാനമില്ല. ഇതേകാലത്ത് കാറൽമണ്ണയിൽ ആരംഭിച്ച DWCRAകറിപൗഡർ നിർമ്മാണയൂണിറ്റ് ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. കരുമാനാംകുർശ്ശി ബ്രഷ് നിർമ്മാണയൂണിറ്റ് പ്രവർത്തനം നിലച്ചു.

DWCRA - സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി ചെയ്യുന്ന തൊഴിൽസംരംഭമാണ് DWRCAഈ പഞ്ചായത്തിൽ ഒന്നാം വാർഡിൽ 10 സ്ത്രീകളെ ഉൾപ്പെടുത്തി ഒരു ഡയറി യൂണിറ്റ് രൂപീകരിച്ചു. തെക്കുംമുറി വീട്ടിക്കാട് ഭാഗത്ത് 12 സ്ത്രീകളെഉൾപ്പെടുത്തി മറ്റൊരു ഡയറി യൂണിറ്റും രൂപീകരിച്ചിട്ടുണ്ട്. ഇവരിൽ 5 പേർ പട്ടികജാതിയിൽ പെട്ടവരാണ്.

ട്രൈസം - 18 മുതൽ 35 വയസുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം ഇതിൻെറ ഭാഗമായി സ്വയം തൊഴിൽ പരിശീലനത്തിന് 8ാം പദ്ധതിക്കാലത്ത് 16 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു. ഇതിൽ 11 പേർ പട്ടികജാതിയിൽപെടുന്നു.3 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയില്ല. 3പേർ മാത്രമാണ് പഠനം പൂർത്തിയാക്കി IRDPസഹായം വാങ്ങി തൊഴിൽ സ്ഥിരമാക്കിയിട്ടുള്ളത്.

ടൂൾകിറ്റ് - ഗ്രാമീണ കരകൗശലപണിക്കാർക്ക് നവീന രീതിയിലുള്ള പണിയായുധങ്ങൾ നൽകുന്നതിന് 20 കുടുംബങ്ങളെ തെരഞ്ഞെടുത്ത് പണി ആയുധങ്ങൾ നൽകി ഇതിൽ ഒരു കുടുംബം പട്ടികജാതിയിൽ പെടുന്നു.

CRDP (കക്കൂസ്)- ഈ പദ്ധതി പ്രകാരം 29 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാനുള്ള സാമ്പത്തികസഹായം നൽകി. ഇതിൽ3 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നു.

CDസ്കീം പ്രകാരമുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ -
ഈ സ്കീം അനുസരിച്ച് 11 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം നൽകി ഇതിൽ 7 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നവരാണ്.

വിദ്യാർത്ഥികളുടെ പഠനത്തെ പ്രോൽസാഹിപ്പിക്കുന്ന തിനുവേണ്ടി പട്ടികജാതിയിൽപ്പെട്ട 20 വിദ്യാർത്ഥികൾക്ക് ഓരോ മേശയും കസേരയും വിതരണം ചെയ്തു.

1992-ൽ ഏലിയാപറ്റ കോളനി IHDPകോളനിയായി പ്രഖ്യാപിക്കുകയും അവിടെ 2 വീടുകൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്തു. 4 വീടുകൾ വയറിങ്ങ് ചെയ്തു. 6 കുടുംബങ്ങൾക്ക് IRDPധനസഹായം നൽകി ഈ കോളനിയിലെ 6 വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകി. കോളനിയിൽ പഞ്ചായത്തിൻെറ സ്വന്തം ഫണ്ടുപയോഗിച്ച് ഒരു T.Vസ്ഥാപിച്ചിട്ടുണ്ട്.

മേൽ നടപ്പിലാക്കിയ പദ്ധതികളിൽ 80 ശതമാനവും പൂർത്തീകരിച്ചതാണ് ഇവയിൽ പൂർത്തീകരിക്കാത്തത് വീടുകളുടെ പണികളാണ്. വീടിനോടനുബന്ധിച്ച് കക്കൂസ്, പുകയില്ലാത്ത അടുപ്പ്, വയറിങ്ങ് എന്നിവയും ചെയ്യേണ്ടതുണ്ട് വീട് ഓടിട്ടു കഴിഞ്ഞാൽ ബാക്കി പണികൾ ചെയ്തു കാണുന്നില്ല.

## പ്രശ്നങ്ങൾ

നിശ്ചിത ഭൂപരിധിയുള്ള ദാരിദ്രജനങ്ങൾക്കു മാത്രം വീട് അനുവധിക്കുന്നതുകൊണ്ട് കുറഞ്ഞ ഭൂമിയുള്ളവർക്ക് വീട് ലഭിക്കാനുള്ള സാധ്യത ഇല്ലാതാകുന്നു.

സാമ്പത്തിക സഹായത്തിൻെറ അപര്യാപ്തതയും ലഭിക്കാനുള്ള കാലതാമസവും കുറഞ്ഞ ധനസഹായവും പദ്ധതിയുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

സ്വയം തൊഴിൽ പദ്ധതികളിലൂടെ ഉണ്ടാക്കുന്ന ഉൽപ്പന്നത്തിൻെറ വിപണനരംഗത്ത് പ്രശ്നങ്ങൾ നേരിടുന്നു. സ്ഥലലഭ്യതയും സാമ്പത്തിക ബുദ്ധിമുട്ടും മൂലം പല പദ്ധതികളും തുടങ്ങാൻ പോലും കഴിയുന്നില്ല.

വീടിനും കക്കൂസിനുമായി അനുവദിക്കുന്ന സംഖ്യയുടെ അപര്യാപ്തത വീടും കക്കൂസും പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നു.

## നിർദ്ദേശങ്ങൾ

- വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ ശാസ്ത്രീയമായി പുന സംഘടിപ്പിക്കണം.
  അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള നടപടി എടുക്കണം.
- DWCRAയൂണിറ്റ് 18 എണ്ണം ആരംഭിക്കണം.
- ജനകീയസംവിധാനം ശക്തിപ്പെടുത്തണം(ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്)
- ധനസഹായ തുക വർദ്ധിപ്പിക്കണം.
- സഹകരണസംഘങ്ങൾ വഴി വനിതകൾക്കായുള്ള സ്വയം തൊഴിൽ സംരഭങ്ങൾ നടപ്പാക്കണം.

## മറ്റുക്ഷേമ പദ്ധതികൾ

നമ്മുടെ പഞ്ചായത്തിൽ ചെത്ത്, നെയ്ത്ത്, തുന്നൽ, കാർഷികം, കെട്ടിടനിർമ്മാണം, മുതലായ മേഖലകളിലെ തൊഴിലാളികൾ പണിയെടുക്കുന്നു. എന്നാൽ എല്ലാ തൊഴിലാളികളും അവരുടെ ക്ഷേമ പദ്ധതികളിൽ അംഗങ്ങളല്ല.

## വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് സർക്കാർ കൊടുക്കുന്ന വിവിധ പെൻഷനുകളും, സഹായങ്ങളുംമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം കിട്ടുന്നില്ല എന്നത് ഒരു വലിയ പോരായ്മയാണ്.

ഈ പദ്ധതികൾ അനുസരിച്ച് ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നില്ല എന്നത് ഗൗരവമായ പ്രശ്നമായി ഗ്രാമസഭകളിൽ ഉയർന്നുവന്നു.

വിധവാപെൻഷൻ. - അർഹരായ മുഴുവൻ ആളുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കണം ഇപ്പോൾ 230 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

വികലാംഗ പെൻഷൻ - വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഇന്ന് 45K Mഅകലെയുള്ള ജില്ലാ മെഡിക്കൽ ആഫീസിൽ പോകേണ്ട അവസ്ഥയാണ് ഈ അവസ്ഥ മാറ്റി PHCയിലെ ഡോക്ടർമാർക്ക് ഈ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം നൽകണം. നമ്മുടെ പഞ്ചായത്തിൽ 129 പേർക്ക് വികലാംഗപെൻഷൻ കിട്ടുന്നുണ്ട്.

വാർദ്ധക്യകാല പെൻഷൻ - ഇതിൻെറ നടപടി ക്രമങ്ങൾ ലഘൂകരിക്കണം ഈ പഞ്ചായത്തിൽ 210 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്.

കർഷകതൊഴിലാളി പെൻഷൻ - അടിസ്ഥാന വർഗ്ഗത്തിൽ പെടുന്ന ഈ തൊഴിലാളികളിൽ അർഹതപ്പെട്ടവർക്ക് ഇന്ന് ഈ പെൻഷൻ ലഭിക്കുന്നില്ല എന്നത് ദുഃഖകരമാണ്. കേവലം 220 പേർക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

തൊഴിലില്ലായ്മ വേതനം - തൊഴിലില്ലായ്മ വേതനം കൈപറ്റുന്നവരും ഈ പഞ്ചായത്തിലുണ്ട്. കൃത്യമായ കണക്കുകൾ ലഭിച്ചിട്ടില്ല.

സാമൂഹ്യക്ഷേമ രംഗത്തുള്ള ഈ പെൻഷൻ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്താനും, വിതരണം നടത്തുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കണം.

ക്ഷേമനിധികളുടെ ഗഡു സംഖ്യ അടക്കുന്നതിന് പഞ്ചായത്തിലെ പ്രാഥമികസഹകരണ സംഘങ്ങളിലൂടെ സംവിധാനം ഏർപ്പെടുത്തണം. നിലവിലുള്ള സ്ഥിതിയിൽ പെൻഷൻ തുക വർദ്ധിപ്പിക്കേണ്ടതാണ്.

# സാംസ്കാരിക രംഗം.

## മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലും ഉള്ള പരസ്പര ബന്ധത്തിൻെറ മൂല്യം നിർണ്ണയിക്കുന്ന സാമൂഹ്യ അവബോധമാണ് സംസ്കാരം.

ഭക്ഷ്യ സമ്പാദനത്തിനും, പിന്നീട് കാർഷിക വൃത്തിക്കും വേണ്ടി സംഘം ചേരാൻ നിർബന്ധിതനായ മനുഷ്യനിൽ നിന്ന് സമൂഹം ഉടലെടുത്തു . തൻെറയും സമൂഹത്തിൻേറയും നിലനിൽപ്പിനും ഉന്നമനത്തിനും വേണ്ടി മനുഷ്യൻ ഒറ്റക്കും കൂട്ടായും പാലിക്കപ്പെടേണ്ട നിയമങ്ങളും ആചാര അനുഷ്ഠാനങ്ങളും രൂപം കൊള്ളുകയും അവ എല്ലാം മനുഷ്യസംസ്കാരത്തിൻെറ ആണിക്കല്ലുകളാവുകയും ചെയ്തു. ചരിത്ര ദശാസന്ധികളുടെ പുനർജ്ജനികൾ നൂണ്ട്, സാമൂഹ്യബന്ധങ്ങളുടെ മാറ്റിമറിക്കലുകളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് സംസ്കാരം ഇന്ന് അത്യന്താധുനികതയുടെ പടിവാതിലിൽ എത്തി നിൽക്കുന്നു.

ഭക്ഷ്യസമ്പാദനത്തിനും കാർഷിക വൃത്തിക്കും വേണ്ടിയുള്ള സംഘം ചേരലിൽ നിന്നാണ് സംസ്കാരം രൂപം കൊണ്ടത് എന്നതുകൊണ്ടുതന്നെ കാടുകളും നദീതടങ്ങളും സംസ്കാരിക ഉറവിടങ്ങളായി തീർന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള എല്ലാ പ്രധാന സംസ്കാരങ്ങളും നദീതട സംസ്കാരങ്ങളാണ്. കാടിൻെറ സാംസ്കാരിക പൈതൃകം എപ്പോഴോ വിസ്മൃതിയിലേക്ക് തള്ളിവിടപ്പെട്ടു. സഹ്യൻെറ ചരിവുകളിൽ നിന്ന് തുടങ്ങി ഒരു കാലത്ത് കേരളത്തിൻെറ മുക്കാൽ ഭാഗത്തോളം വ്യാപിച്ചു കിടന്നിരുന്ന കൊടും കാടുകളും, സമതലങ്ങളിൽ ഫലഭൂയിഷ്ഠമായ നദീതടങ്ങൾ സൃഷ്ടിച്ചു കൊണ്ട് പടിഞ്ഞാറോട്ടൊഴുകുന്ന നിരവധിയായ പുഴകളും തോടുകളും ആണ് കേരളീയ സംസ്കാരത്തിൻെറ ഉറവിടങ്ങൾ. ഈ സമതലങ്ങളിൽ അദ്ധ്വാനം കൊണ്ട് പൊന്നു വിളയിച്ച മനുഷ്യരുടെ ചരിത്രം തന്നെയാണ് കേരളീയ സാംസ്കാരിക ചരിത്രം

ഒരു കാലത്ത് വള്ളുവനാടിന്റെ തലസ്ഥാനമായിരുന്ന ചെർപ്പുളശ്ശേരിയുടെ സാംസ്കാരിക ഉറവിടം ഈ ഗ്രാമത്തെ അതിരിടുന്ന തൂതപ്പുഴ തന്നെ. കലാ, സാംസ്കാരിക, സാഹിത്യ രംഗങ്ങളിൽ നിരവധി പ്രതിഭകളെ കൈരളിക്ക് സംഭാവന ചെയ്യാൻ നുമ്മുടെ കൊച്ചുഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. ശ്രേഷ്ഠമായ ഒരു സാംസ്കാരിക പൈതൃകത്തിന് ഉടമകളായ നമുക്ക് വരും കാലങ്ങളിൽ നമ്മുടെ പാരമ്പര്യത്തിന്റെ നൻമകൾ മുഴുവൻ ഉൾകൊള്ളുന്ന ആരോഗ്യപൂർണ്ണവും, ശക്തപരവും, നവീനവുമായ ഒരു സാംസ്കാരിക മണ്ഡലം കെട്ടിപ്പടുക്കാൻ കഴിയണം. അതിനുള്ള പ്രവർത്തനങ്ങൾക്ക് വേണ്ട രൂപരേഖ തയ്യാറാക്കുക മാത്രമാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

## സാംസ്കാരിക സ്ഥാപനങ്ങൾ:

തൂത, പുത്തനാലിക്കൽ, പന്നിയംകുറുശ്ശി കാവുകൾ, ആറംകുന്നത്ത്കാവ്, അറേക്കാവ് എന്നിവയാണ് പ്രധാന ദേവീ ക്ഷേത്രങ്ങൾ. ഈ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളാണ് ഈ പ്രദേശത്തെ ഏറ്റവും വലിയ ജനകീയ ഉൽസവങ്ങൾ. മത, ജാതി ഭേദമന്യേ ഈ പ്രദേശത്തുകാരുടെ മുഴുവൻ ആഘോഷമായി ഈ ഉൽസവങ്ങൾ മാറുന്നു. പൂതൻ, തിറ മുതലായ വള്ളുവനാടിന്റെ നാടൻകലകൾ ഈ ഉൽസവങ്ങളോട് ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. വള്ളുവനാടിന്റെ മാത്രം പ്രത്യേകതയായ കാളവേല ഈ ദേവീക്ഷേത്രങ്ങളുടെ ഉൽസവങ്ങളുടെ പ്രത്യേകതയാണ്. കതിർവേല, കാള വേല തുടങ്ങിയ ഉൽസവരൂപങ്ങൾ ജനങ്ങളുടെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. വള്ളുവനാട്ടിലെ കാവുത്സവങ്ങൾ ആരംഭിക്കുന്നത് പുത്തനാൽ കാവിലെ ഉച്ചാറൽവേലയോട് കൂടിയാണ് തോൽപാവക്കൂത്ത് ഈ ഉൽസവകാലത്തെ പ്രധാന ഇനമാണ്. ദേവീക്ഷേത്രങ്ങളിലെ ഉൽസവങ്ങൾ എല്ലാം വിളവെടുപ്പ് കഴിയുന്ന തോടെ ആണ് ആരംഭിക്കുന്നത്. ചെർപ്പുള്ളശ്ശേരി അയ്യപ്പൻകാവ്,

കാറൽമണ്ണ ശിവക്ഷേത്രം എന്നിവയാണ് പ്രധാനപ്പെട്ട മറ്റു അമ്പലങ്ങൾ. കഥകളി, കൂടിയാട്ടം, ചാക്യാർകൂത്ത് എന്നിങ്ങനെയുള്ള ക്ഷേത്രകല കൾക്കാണ് ഇവിടുത്തെ ഉൽസവങ്ങളിൽ പ്രാമുഖ്യം. ഇതു കൂടാതെ നിരവധി ചെറിയ ക്ഷേത്രങ്ങളും കോവിലുകളും ഈ പഞ്ചായത്തിലുണ്ട്. കരുമാനാംകുറുശ്ശി മുതലിയാർതെരുവിലെ മാരിയമ്മൻകോവിലും പന്നിയംകുറുശ്ശി മുരുകൻകോവിലും ഇവയിൽ പ്രാധാന്യമുള്ളവയാണ്. മുരുകൻകോവിലുകളിലെ തൈയ്പൂയതേര് മഹോത്സവവും, മാരിയമ്മൻ കോവിലിലെ മാരിയമ്മൻ പൂജയും ജനപങ്കാളിത്തത്തോടു കൂടിയുള്ള ഉത്സവങ്ങളാണ്. ചെർപ്പുള്ളശ്ശേരി കച്ചേരികുന്ന് പള്ളി, കാറൽമണ്ണ ജുമാമസ്ജിദ്, എലിയപ്പറ്റ മയ്യത്തുംകര പള്ളി, മഠത്തിപറമ്പ് പള്ളി, ചെർപ്പുള്ളശ്ശേരി ടൗണിലെ പുതിയ പള്ളി എന്നിവയാണ് പ്രധാന മുസ്ലിം ആരാധനാല യങ്ങൾ. ഇവ കൂടാതെ ധാരാളം ചെറിയ പള്ളികളും പഞ്ചായത്തിലുണ്ട്. കച്ചേരിക്കുന്ന് പള്ളിയിലെ അറബിത്തങ്ങൾ ഉപ്പാപ്പയുടെ ആണ്ടുനേർച്ചയും, മയ്യത്തുംകര ആണ്ടു നേർച്ചയും ആണ് ഈ ആരാധനാലയങ്ങളോട് ബന്ധപ്പെട്ട ഉത്സവങ്ങൾ

ആറ് ഗ്രന്ഥശാലകളും രണ്ട് വായനശാല കളും ആണ് പഞ്ചായത്തിൽ ആകെയുള്ളത്. കരുമാനാംകുറുശ്ശി യുവജനവായനശാല, ചെർപ്പു ള്ളശ്ശേരി കസ്തൂർബ സ്മാരക വായനശാല, തെക്കുമുറി ചങ്ങമ്പുഴ സ്മാരക വായനശാല, കാറൽമണ്ണ പൊതുജന വായനശാല, കാവുവട്ടം തെക്കുമുറി വായനശാല, പഞ്ചായത്ത് വക സാംസ്കാരികനിലയം എന്നിവയാണ് പഞ്ചായത്തിലെ ഗ്രന്ഥശാലകൾ. ഇതിനുപുറമെ കരുമാനാംകുറുശ്ശിയിൽ ഒരു റീഡിങ്ങ് റൂമും, തൂതയിൽ കുട്ടേട്ടൻ സ്മാരക വായനശാലയും ഉണ്ട്. വരമൊഴി ഉപയോഗപ്പെടുത്തിയുള്ള സാംസ്കാരിക പ്രവർത്തനങ്ങൾ ആരംഭിച്ച കാലം നിർണ്ണയാതീതമാണ്. പഞ്ചായത്തിൽ ഇന്നുള്ള വായനശാലകളിൽ പലതും പ്രവർത്തനമാരംഭിച്ചത് സ്വാതന്ത്ര്യസമര സേനാനികളുടെ ശ്രമഫലമായാണ്. ചെർപ്പുള്ളശ്ശേരി കസ്തൂർബ സ്മാരക വായനശാല, കാറൽമണ്ണ പൊതുജന വായനശാല എന്നിവ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും പ്രവർത്തനകേന്ദ്രങ്ങളായിരുന്നു. ചെർപ്പുള്ളശ്ശേരി, കാറൽമണ്ണ ക്ഷേത്ര കുളങ്ങളിൽ അയിത്താചരണ ത്തിനെതിരെ ഹരിജനങ്ങളെ പിടിച്ചുകൊണ്ടുപോയി കുളിപ്പിച്ചതുമുതൽ ജൻമിത്വത്തിനും, അനാചാരങ്ങൾക്കും സാമ്രാജ്യാധിപത്യത്തിനും എതിരേ നടന്നിട്ടുള്ള എല്ലാ സമരങ്ങൾക്കും ഊർജ്ജം പകർന്ന സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു ഈ ഗ്രന്ഥശാലകൾ. ഈ ഗ്രന്ഥശാലകളിൽ വെച്ച് അന്നത്തെ കോൺഗ്രസ്സ് പ്രവർത്തകർ സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു.

കാറൽമണ്ണയിലെ നവകേരള കലാസമിതി, വാഴേങ്കട കുഞ്ചുനായർ സ്മാരക ട്രസ്റ്റ്, എ.എസ് സ്മാരക കലാവേദി, റീഡേഴ്സ് ഫോറം, വീട്ടിക്കാട് ചങ്ങംമ്പുഴ വായനശാലയോടനുബന്ധിച്ചുള്ള ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തെക്കുംമുറി ആർട്സ് & സ്പോർട്സ് ക്ലബ്, ചെർപ്പുള്ളശ്ശേരിയിലെ യൂണിവേഴ്സൽ ക്ലബ്, ടൗൺ ക്ലബ്, സൂര്യചിത്ര, യവസാഗര, കച്ചേരിക്കുന്ന് യോണക്സ്, ശാലിയംകുന്ന് Y.M.C പന്നിയംകുറുശ്ശി റെഡ് സ്റ്റാർ, പാണ്ടമംഗലം രൂപകല എന്നിവയാണ്. പഞ്ചായത്തിൽ ഇന്ന് പ്രവർത്തന രംഗത്തുള്ള മറ്റു സാംസ്കാരിക സംഘങ്ങൾ. ഇതിൽ കാറൽമണ്ണ നവകേരള കലാസമിതി വളരെ പഴക്കംചെന്ന, പ്രവർത്തന പാരമ്പര്യമുള്ള കലാസമിതിയാണ്. സംസ്ഥാനടി സ്ഥാനത്തിൽ നടന്ന പല നാടക, നൃത്ത മത്സര ങ്ങളിലും സമ്മാനങ്ങൾ നേടിയിട്ടുള്ള ചരിത്രം കലാസമിതിക്കുണ്ട്. നൃത്ത, സംഗീത കലാരംഗ ങ്ങളിൽ കലാസമിതി ഈ ഗ്രാമത്തിന് ചെറുത ല്ലാത്ത സംഭാവന നൽകിയിട്ടുണ്ട്. ഇന്ന് കലാസമിതിയുടെ കീഴിൽ ഒരു ശാ സ്ത്രീയ സംഗീത ക്ലാസും നൃത്തപഠനക്ലാസും നടക്കുന്നുണ്ട്.

പ്രശസ്ത കഥകളി ആചാര്യനായിരുന്ന പത്മശ്രീ വാഴേങ്കട കഞ്ചുനായരുടെ നാമധേയത്തിൽ കാറൽമണ്ണ ആസ്ഥാനമായി വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റ് പ്രവർത്തിക്കുന്നു. ഇന്ന് കേരളത്തിൽ കഥകളിരംഗത്ത് ഏറ്റവും അർത്ഥ പൂർണ്ണമായ പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനമാണിത്. എല്ലാ വർഷവും ഏഴു ദിവസത്തിലധികം നീണ്ടു

നിൽക്കുന്ന കഥകളി ശിൽപ്പശാല ട്രസ്റ്റിന്റെ പ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ടതാണ്. വിദേശങ്ങളിൽനിന്നടക്കം നിരവധി പ്രമുഖർ ഈ ശിൽപ്പശാലയിൽ പങ്കെടുക്കാൻ എത്താറുണ്ട്. ട്രസ്റ്റിനു വേണ്ടി ഒരു നല്ല ഓഡിറ്റോറിയം അടക്കമുള്ള കെട്ടിടത്തിന്റെ പണി നടക്കുന്നുണ്ട്.

പ്രശസ്ത ചിത്രകാരനും, നാടകകാരനും മാതൃഭൂമിയുടെ ചീഫ് ആർട്ടിസ്റ്റും ആയിരുന്ന ശ്രീ ഏ.എസ് നായർക്ക് ജന്മനാട്ടിലുള്ള സ്മാരകമാണ് ഏ.എസ് സ്മാരക കലാവേദി. ചിത്രകലയുടെയും നാടകത്തിന്റെയും സർവ്വോൻമുഖമായ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് ഈ കലാസമിതി പ്രവർത്തിക്കുന്നു. ചുരുങ്ങിയ കാലത്തെ പ്രവർത്തനം കൊണ്ടു തന്നെ സംസ്ഥാനത്തിനകത്തുംശ്രദ്ധയാകർഷിക്കാൻ ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. കലാസമിതിയുടെ കീഴിൽ ഇരുപത്തഞ്ചോളം കുട്ടികൾ പഠിക്കുന്ന ചിത്രരചന പഠനക്ലാസ് നടക്കുന്നു.

കാറൽമണ്ണ വായനശാല കേന്ദ്രമായി വായനയെ അടിസ്ഥാനമാക്കി വിവിധ വിഷയങ്ങളിൽ ചർച്ചകളും സെമിനാറുകളും റീഡേഴ്സ് ഫോറം സംഘടിപ്പിക്കുന്നു. തികച്ചും അനൗപചാരികമായി പ്രവർത്തിക്കുന്ന ഈ സംഘം മാസത്തിൽ ഒരു ചർച്ചാക്യാമ്പെങ്കിലും സംഘടിപ്പിക്കാറുണ്ട്.

രണ്ടു സിനിമാതീയ്യറ്ററുകൾ പഞ്ചായത്തിലുണ്ട്. ഇവയിൽ നിന്ന് നല്ലൊരു സംഖ്യ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നു. ചെർപ്പുളശ്ശേരി കേന്ദ്രമായും കച്ചേരികുന്ന് കേന്ദ്രമായും ഓരോ കേബിൾ ടി.വി നെറ്റ്‌വർക്കുകൾ പഞ്ചായത്തിനുണ്ട്. സമ്പത്തികമായി മെച്ചപ്പെട്ടവരുടെയും ഇടത്തരക്കാരുടെയം ഇടയിൽ ടി.വി സാധാരണമായികഴിഞ്ഞു. സ്വന്തമായി ടി.വി ഇല്ലാത്തവരെല്ലാം അയൽപക്കങ്ങളിൽ ടി.വി കാണാനെത്തുന്നതു കൊണ്ട് ഭൂരിഭാഗം ആളുകളും ടി.വി പ്രേക്ഷകരാണെന്ന് പറയാം.

പത്രമാസികകൾക്ക് നല്ല പ്രചാരമുള്ള സ്ഥലമാണ് ചെർപ്പുളശ്ശേരി. മലയാളത്തിലിറങ്ങുന്ന എല്ലാ പത്രമാസികകൾക്കും ഇവിടെ സ്ഥിരം വരിക്കാരുണ്ട്. ഇതിനു പുറമെ ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് തുടങ്ങിയ ഇഗ്ലീഷ് ദിനപത്ര ങ്ങൾക്കും സ്ഥിരം വരിക്കാരുണ്ട്. 56% ആളുകൾ ദിനപത്രങ്ങൾ സ്ഥിരമായി വായിക്കുന്നവരാണ്. ദിനപത്രങ്ങൾ വായിക്കുന്നതിൽ സ്ത്രീകളും പുതിയ തലമുറയിലെ ചെറുപ്പക്കാരും വളരെ പിന്നിൽ നിൽക്കുന്നു.

## നാടൻകലകളും അനുഷ്ഠാനകലകളും:

നാടൻകലകളാൽ സമൃദ്ധമാണ് വള്ളുവനാടൻ പ്രദേശം ഇവിടെ ഇടകലർന്നു ജീവിക്കുന്ന വിവിധ സമുദായങ്ങൾക്ക് അവരുടെതായ കലാരൂപങ്ങൾ ഉണ്ട്. പുള്ളുവൻപാട്ട്, പാമ്പിൻ തുള്ളൽ എന്നിവ പുള്ളുവ സമുദായത്തിന്റെ കലാരൂപങ്ങളാണ്. കാറൽമണ്ണ വടക്കുമുറി പ്രദേശത്ത് താമസിക്കുന്ന പുള്ളുവൻമാർ കേരളത്തിന്റെ വിവിധ ഭാഗത്ത് ഈ പരിപാടി അവതരിപ്പിച്ചു വരുന്നു. തൃശൂർ റേഡിയോ നിലയത്തിൽ സ്ഥിരം പരിപാടി അവതരിപ്പിക്കുന്നവരും ഇവരുടെ കൂട്ടത്തിലുണ്ട്. തിറ, പൂതൻ എന്നിവ നമ്മുടെ ഗ്രാമീണകലയാണ്. ഇത് അവതരിപ്പിക്കുന്നത് മണ്ണാൻ സമുദായത്തിലെ കലാകാരൻമാരാണ്. ഓണക്കാലത്ത് തുയിലുണർത്തുപാട്ട് അവതരിപ്പിക്കുന്നത് പാണൻ സമുദായക്കാരാണ്. നന്തുർണി എന്ന വാദ്യോപകരണം ഉപയോഗിച്ചു കൊണ്ടുള്ള ഭഗവതി പാട്ട് ഇപ്പോൾ നാശോൻമുഖമായി കൊണ്ടിരിക്കുകയാണ്. ഇത് അറിയാവുന്ന ഒരാൾ ഇന്ന് കാറൽമണ്ണയിൽ ജീവിച്ചിരുപ്പുണ്ട്. മുൻപ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിചമുട്ടുംകളി സംഘങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ ഈ ആയോധനകല അവതരിപ്പി ക്കുന്ന കലാസംഘങ്ങൾ തീരെ ഇല്ല. കോൽകളി, ദഫ്മുട്ട് എന്നീ കലാരൂപങ്ങൾ ഇടക്കാലത്ത് കുറഞ്ഞു പോയിരുന്നു എങ്കിലും ഇപ്പോൾ വീണ്ടും ശ്രദ്ധിക്കപെടാൻ തുടങ്ങിയിട്ടുണ്ട് പണ്ട് മുസ്ലീം കല്യാണങ്ങളോടനുബന്ധിച്ച് അവതരിപ്പിച്ചിരുന്ന ഒപ്പന ഇന്ന് കലാമത്സരവേദികളിലെ പ്രധാന ഇനമായിട്ടുണ്ട്. പേരും പ്രശസ്തിയുമുള്ള ഉടുക്കുപാട്ടു സംഘങ്ങൾ ഇപ്പോഴും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. കാവുകളിലെ ഉത്സവങ്ങളുടെ ഭാഗമായി ചെറുമക്കളി അവതരിപ്പിക്കപെടുന്നു.

ഭഗവതിക്കാവുകളിൽ ഉത്സവത്തോടനുബന്ധിച്ച് കളമെഴുത്ത് നടക്കാറുണ്ടെങ്കിലും ഇതിൽ പ്രാവീണ്യമുള്ള കലാകാരൻമാർ പഞ്ചായത്തിൽ ഇപ്പോൾ ഇല്ല. തീയ്യാട്ട്, പാന മുതലായ അനുഷ്ഠാന കലകളും കാവുകളിൽ അവതരിപ്പിക്കപ്പെടുന്നു. ആണ്ടിനായടി, ചപ്പില പൂതം, കരിവേല, കുറവനും കുറത്തിയും എന്നിവ പൂരങ്ങളോടനുബന്ധിച്ച വേലകളിലെ പ്രധന ഇനങ്ങളാണ്.

തായമ്പക, പഞ്ചവാദ്യ വിദഗ്ദൻമാരുടെ ഒരു നല്ല സംഘം തന്നെ ചെർപ്പുളശ്ശേരിയിൽ ഉണ്ട്. ഇന്ത്യയിൽ പല ഭാഗങ്ങളിലേക്കും ഇവിടെനിന്ന് തായമ്പക, പഞ്ചവാദ്യ സംഘങ്ങൾ പരിരാടാകൾ അവതരിപ്പിക്കാൻ പോകാറുണ്ട്. ചെർപ്പുളശ്ശേരി കാവുവട്ടത്തും, തൂതയിലും ചെറിയ തോതിൽ ചെണ്ടവാദന ക്ലാസുകൾ നടക്കുന്നുണ്ട്. ചെണ്ടവാദ്യരംഗത്ത് പ്രാവീണ്യ മുള്ള കലാകാരൻമാർ പാണസമുദായത്തിലുമുണ്ട്.

കലാ, സാസ്കാരിക, കായിക രംഗത്ത് ചെറുതല്ലാത്ത സ്ഥാനം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ട്. സ്കൂളുകളുടെ വാർഷികങ്ങൾ, കലോത്സവങ്ങൾ, കായിക മത്സരങ്ങൾ എന്നിവയിലൂടെ ഈ രംഗത്ത് കഴിവുള്ളവരെ കണ്ടെത്താൻ കഴിയുന്നു. ഈ അടുത്ത കാലത്ത് ആരംഭിച്ചിട്ടുള്ള കേരളോത്സവം പഞ്ചായത്ത് തലത്തിൽ ചെർപ്പുള്ളശ്ശേരിയിൽ നടക്കാറുണ്ട്. ഗ്രാമങ്ങളിലെ കലാകാരൻമാരെയും കായിക താരങ്ങളെയും കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും നല്ലൊരവസരമാണ് ഇതിലൂടെ ലഭ്യമാകുന്നത്.

കായികരംഗം:

വളരെ ശക്തമായ ഒരു കായികരംഗം മുൻപ് ചെർപ്പുള്ളശ്ശേരിക്ക് ഉണ്ടായിരുന്നു. എന്നാൽ കളിസ്ഥലങ്ങളുടെ അഭാവവും ജീവിത രീതിയിൽ വന്ന വ്യതിയാനവും കായികരംഗത്തെ മാന്ദ്യത്തിന് കാരണമായിരിക്കുന്നു. മലബാർ പ്രദേശത്തെ പുളകം കൊള്ളിച്ച ഫൂട്ബാൾ സംഘങ്ങൾ ചെർപ്പുള്ളശ്ശേരിയുടെ വിവിധ ഭാഗ ങ്ങളിൽ ഉണ്ടായിരുന്നു. ഇന്ന് ഫൂടബാളിൻെറ സ്ഥാനം ക്രിക്കറ്റ് കീഴടക്കി വരുന്നു എങ്കിലും ചെർപ്പുള്ളശ്ശേരിക്ക് പ്രിയപ്പെട്ട കളി ഫൂടബാൾ തന്നെയാണ്. മറ്റൊരു പ്രധാന കായികവിനോദം കാളപൂട്ട് മത്സരങ്ങൾ ആണ്. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കാളപൂട്ട് മത്സരങ്ങൾ നടക്കുന്നു. ഗ്രാമീണ ജനത അത്യുത്സഹത്തോടെ ഈ മത്സരങ്ങൾ കാണാൻ തടിച്ചുകൂടുന്നു.

ഷട്ടിൽ, ബാറ്റ്മിൻറൺ, വോളിബോൾ, ക്രിക്കറ്റ് എന്നിവയുടേ ടീമുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. കേരളോത്സവത്തോടനുബന്ധിച്ചുള്ള കായികമത്സരങ്ങൾ ആണ് പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പങ്കെടക്കാൻ കഴയുന്ന കായികോത്സവം.

പ്രശ്നങ്ങൾ:

നവ കോളനിവൽക്കരണം ലക്ഷ്യമിട്ടു കൊണ്ട് സാമ്പത്തിക വൻശക്തികൾ മുന്നോട്ടു വച്ച ആഗോളവൽക്കരണം പ്രാവർത്തികമാകു മ്പോൾ ഇന്ത്യയെ പോലുള്ള മൂന്നാം ലോക രാജ്യങ്ങളിലേക്ക് അധിനിവേശം ചെയ്യപ്പെടുന്നത് അമേരിക്കയിലേയും, യൂറോപ്പിലേയും ന്യൂനപക്ഷം താലോലിക്കുന്ന സംസ്കാരത്തിൻെറ ദുഷിച്ച വശം മാത്രമാണ്. സാംസ്കാരികമായി അധ:പതിച്ച ഒരു ജനതയെ കീഴ്പെടുത്താൻ എളുപ്പമാണ് എന്ന അറിവു തന്നെയാണ് വൻശക്തികളെ ഇത്തരം ബോധ പൂർവ്വമായ പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നത് സംഘബോധമാണ് സംസ്കാരത്തിൻെറ കോട്ട എന്ന് തിരിച്ചറിഞ്ഞ്, മനുഷ്യൻെറ സംഘബോധം തകർക്കുന്ന വിധത്തിൽ ഓരോ വ്യക്തിയേയും അവനവനിലേക്ക് തന്നെ ചുരുങ്ങാൻ പ്രേരിപ്പിക്കുന്ന സാമൂഹ്യ സാമ്പത്തിക അവസ്ഥ സൃഷ്ടി ച്ചെടുക്കാനുള്ള ത്വര ഇത്തരം പ്രവർത്തനങ്ങളി ലെല്ലാം കാണാം. മനുഷ്യൻെറ തലച്ചോറിനെ ഏറ്റവും കൂടതൽ സ്വാധീനിക്കുന്ന ഇന്നത്തെ പ്രചരണ ശൃംഖലകൾ കോടികൾ മുതൽ മുടക്കുള്ള വൻ

വ്യവസായമായതിനാൽ ഇതിന്റെ നിയന്ത്രണം സ്വാഭാവികമായും ബഹുരാഷ്ട്ര കുത്തകകളുടെ കയ്യിൽ വന്നു ചേരുന്നു. ഈ മാധ്യമങ്ങളിലൂടെ അവരുടെ ഉദ്ദേശം നിഷ്പ്രയാസം നടപ്പാക്കുന്നതിന് അവർക്ക് സാധിക്കുകയും ചെയ്യുന്നു. നമ്മുടെ ഗ്രാമത്തേയും ക്രമേണ ഈ രോഗം ബാധിച്ചുകൊണ്ടിരിക്കുകയാണ്.

സാംസ്കാരിക രംഗത്തെ മറ്റൊരു പ്രശ്നം വായനാശീലം കുറഞ്ഞു വരുന്നതാണ്. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നുകയറ്റം വായന യുടെ ആവശ്യകത കുറച്ചിട്ടുണ്ട്. കാഴ്ചകളുടെ മിന്നിമറിച്ചിലുകളിലൂടെ ആശയങ്ങളുടെ ഒരു മഹാപ്രവാഹം തന്നെ മസ്തിഷ്കത്തിലേക്ക് വളരെ കുറച്ചുസമയത്തിനുള്ളിൽ തള്ളിക്കയറ്റ പെടുന്നു. അതിനാൽ ആശയങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് നടക്കേണ്ട ചിന്തന പ്രക്രിയക്കുള്ള അവസരം നഷ്ടപ്പെടുന്നു. ജനസമ്മിതിയുള്ള ഈ മാധ്യമത്തെ ഏറ്റവും നല്ലരീതിയൽ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

പുസ്തകങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം പുസ്തകം വാങ്ങി വായിക്കുന്നത് അസാദ്ധ്യമാക്കിയിരിക്കുന്നു. വായനാശീലമുള്ള സാധാരണക്കാരന് ഏക ആശ്രയം ഗ്രന്ഥശാലകളാണ്. ജനങ്ങളുടെ വായനാശീലം കുറഞ്ഞതുകൊണ്ട് ഗ്രന്ഥശാലകളിലെ പുസ്തക വിതരണം കമ്മിയായിട്ടുണ്ട്. വിതരണം ചെയ്യുന്ന പുസ്തകങ്ങൾ പലതും തിരിച്ചുകിട്ടാത്ത അവസ്ഥയുണ്ട്. ഗ്രന്ഥശാലകളിലെ തുഛമായ വരിസംഖ്യയും എപ്പോഴെങ്കിലും കിട്ടുന്ന ഗ്രാന്റും കൊണ്ട് അവയുടെ പ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ സാധ്യമല്ല. വളരെ അപര്യാപ്തമായ തോതിലാണെങ്കിലും പത്രമാസികകൾ വാങ്ങാൻ വായനശാലകളെ പഞ്ചാ യത്ത് സഹായിക്കുന്നുണ്ട്. സാമ്പത്തിക പരാധീനത കാരണം ജീവനക്കാരുടെ ശമ്പളം കൃത്യമായി കൊടുക്കാൻ പോലും ഒരു ഗ്രന്ഥശാലക്കും കഴിയുന്നില്ല. വിലകൂടിയ പുതിയ പുസ്തകങ്ങൾ വാങ്ങിച്ച് വായനക്കാർക്ക് എത്തിക്കുന്നത് ഈ അവസ്ഥയിൽ ചിന്തിക്കാൻ കൂടി കഴിയില്ല. വീടുകൾ തോറും കയറിയിറങ്ങി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന പരിപാടി ചില ഗ്രന്ഥശാലകളിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ പ്രവർത്തനം നടക്കുന്നില്ല. ഇതിന്റെ എല്ലാം അടിസ്ഥാന കാരണം സാമ്പത്തിക പരാധീനതയാണ്. നമ്മുടെ പഞ്ചായത്തിന്റെ കഴിഞ്ഞവർഷത്തെ ആകെ ചിലവിന്റെ 0.93 ശതമാനം മാത്രമാണ് (28744രൂപ) സാംസ്കാരിക രംഗത്തെ ആവശ്യത്തിന് ചിലവഴിച്ചത്. എന്നാൽ പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് 2,13,458 രൂപയാണ്. ഇത് മൊത്തം വരുമാനത്തിന്റെ 4.73 ശതമാനം വരും. ഇതിൽ തന്നെ സിനിമ തീയ്യേറ്ററുകളിൽ നിന്നുള്ള പ്രദർശന നികുതി കൃത്രിമമില്ലാതെ പിരിഞ്ഞു കിട്ടുകയാണെങ്കിൽ ഇപ്പോൾ ഉള്ളതിന്റെ നാലിരട്ടിയെങ്കിലും വരുമാനം വർദ്ധിക്കും. ഈ കാര്യം വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്.

കലാസമിതികൾ പലതും വാർഷികം നടത്താറില്ല. സ്ഥിരമായി വാർഷികം നടത്തിയിരുന്നവയായിരുന്നു നമ്മുടെ കലാസമിതികൾ. വാർഷിക പരിപാടികളുടെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തി അവരിൽ നിന്ന് അതിന്വേണ്ട പണം സ്വരൂപിച്ച് പരിപാടികൾ നടത്താൻ തയ്യാറുള്ള ചെറുപ്പക്കാരുടെ അഭാവം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അവനവനിലേക്ക് തന്നെ ചുരുങ്ങി നിഷ്ക്രിയരാവുന്ന പ്രവണത സമൂഹത്തിൽ വളരുന്നതിന്റെ ദൃഷ്ടാന്തമാണിത്. എന്നാൽ ഇത് നമ്മുടെ ഗ്രാമത്തിൽ വ്യാപകമാണെന്ന് പറഞ്ഞുകൂടാ. പലഭാഗത്തും ചെറുപ്പക്കാരുടെ സംഘങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ ആവേശത്തോടുകൂടി നടത്തുന്നു.

ഏകതാനതയിലേക്ക് ഉടച്ചുവാർക്കപ്പെട്ടു കൊണ്ടിരിക്കുന്ന നമ്മുടെ സൗന്ദര്യബോധം വൈവിദ്ധ്യമാർന്ന പാരമ്പര്യ കലകളെ തിസ്കരിക്കാൻ തയ്യാറെടുക്കുകയാണ്. തലമുറകളായി കൈമാറി വന്ന കലാരൂപങ്ങൾ തുടർന്നേറ്റെടുക്കാൻ പുതിയ തലമുറ തയ്യാറല്ല. അഥവാ ആരെങ്കിലും തയ്യാറായാൽ തന്നെ അവനെ ആധുനിക സമൂഹം അംഗീകരിക്കുകയില്ല. ഇത്തരം കലകളെ സംരക്ഷിക്കേണ്ടത് നമ്മുടെ ബാദ്ധ്യതയാണ്. പല നാടൻ കലകളും ഇപ്പോൾ തന്നെ വേരറ്റു പോയ്കഴിഞ്ഞു. ചിലതിന്റെ അവസാന കണ്ണികൾ ഇപ്പോഴും നിലനിൽക്കുന്നു. അവയെ എല്ലാം കണ്ടെത്തുകയും അവയുടെ വിശദാംശങ്ങൾ വരും

തലമുറക്കുവേണ്ടി രേഖപ്പെടുത്തി സൂക്ഷിക്കുകയും വേണം. കഴിയുമെങ്കിൽ തയ്യാറുള്ള ചെറുപ്പക്കാരെ കണ്ടെത്തി ഇത്തരം കലകളിൽ പരിശീലനം നൽകണം.

സാംസ്കാരിക ബോധം ചെറുപ്രായത്തിൽ തന്നെ വളർത്തി എടുക്കാൻ സാധ്യമായ സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. എന്നാൽ അവയിലെ സാംസ്കാരിക പ്രവർത്തനം ഇന്ന് കലാമത്സരങ്ങളിൽ മാത്രം ഒതുങ്ങുന്നു. ഇത് മാറ്റിയെടുക്കേണ്ടതാണ്. സാംസ്കാരിക പ്രവർത്തനങ്ങൾ, സാംസ്കാരിക ബോധന പ്രക്രിയ എന്നിവ വിദ്യാലയങ്ങളിലെ ദിനചര്യയായി മാറേണ്ടതാണ്.

ഗ്രമീണ ജനതക്ക് മുഴുവൻ പങ്കെടുക്കാവുന്ന കലാകായിക മത്സരമായാണ് കേരളോത്സവം കണക്കാക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ഉത്സവമാക്കി മാറ്റാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

കളിക്കളങ്ങൾ ക്രമേണ കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ സ്ഥിരമായ കായിക വിനോദങ്ങൾക്ക് സൗകര്യം ഇല്ലാതാകുന്നു. ഇതുമൂലം പല സ്പോർട്സ് ക്ലബ്ബുകളും മുറുക്കളിൽ ഒതുങ്ങുന്ന വിനോദങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. സ്പോർട്സ് ഉപകരണങ്ങളുടെ വിലക്കൂടുതലും ഇതിനൊരു കാരണമണ്.

ഈ അടുത്ത കാലത്ത് നടന്ന ഏറ്റവും വലിയ സാംസ്കാരിക പ്രവർത്തനമായിരുന്നു, സാക്ഷരതാ പ്രവർത്തനം. എന്നാൽ അത് ലക്ഷ്യ പ്രാപ്തിയിൽ എത്തുന്നതിന് മുമ്പ് നിന്നുപോയി. വെറും അക്ഷരം പഠിപ്പിക്കുക എന്നതിലുപരി ത്യാഗ സന്നദ്ധരായ ഒരു യുവ തലമുറയെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും കഴിഞ്ഞ ഒരി സംരംഭമായിരുന്നു ഇത്. ഇത് നിലച്ചുപോയത് സാംസ്കാരിക പ്രവർത്തനത്തിനേറ്റ കനത്ത തിരിച്ചടിയാണ്.

## നിർദ്ദേശങ്ങൾ:

1. നിലവിൽ പഞ്ചായത്ത് മുഖേന സാംസ്കാരിക രംഗത്ത് ചിലവഴിക്കുന്ന സംഖ്യ വളരെ തുഛമാണ്. ആകെ വരുമാനത്തിന്റെ 5 ശതമാനം തുക എങ്കിലും സാംസ്കാരിക പ്രവർത്തനങ്ങൾ ക്കായി നീക്കി വെക്കണം.

2. കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് ഒരു വൻതുക വർഷം തോറും കലാ സാംസ്കാരിക രംഗത്ത് ചിലവിടുന്നു. എന്നാൽ വൻകിട സ്ഥാപനങ്ങളും ചില സ്വാധീനമുള്ള വ്യക്തികളും ഈ സംഖ്യ പങ്കുവെക്കുന്നു. ഈ രംഗത്ത് വികേന്ദ്രീകരണം ആവശ്യപ്പെടണം. ഇതിലൂടെ ഗ്രാമീണ കലാ സമിതികൾക്ക് ഈ വകുപ്പിന്റെ സഹായം ലഭിക്കാനുള്ള ശ്രമം നടത്തണം.

3. കേബിൾ ടി.വി. നെറ്റുവർക്കുകൾക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുകയും, അവയുടെ കണക്ഷനുകളുടെ എണ്ണമനുസരിച്ച് വിനോദ, പ്രദർശന നികുതികൾ ഏർപ്പെടുത്തുകയും വേണം.

4. സാംസ്കാരിക നിലയം വായനശാലകളിൽ പൊതു വീഡിയോ, ടി.വി സെന്ററുകൾ സ്ഥാപിക്കുക.

5. ഈടാക്കുന്ന ടിക്കറ്റ് നിരക്കിനനുസരിച്ചുള്ള സൗകര്യങ്ങൾ തിയ്യേറ്ററുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം.

6. മൺമറഞ്ഞ സാംസ്കാരിക പ്രതിഭകളുടെ സംഭാവനകൾ, പാരമ്പര്യകലകൾ, ചരിത്രം, നാടൻ പാട്ടുകൾ, ആചാരങ്ങൾ, വിവിധ ജീവിത രീതികൾ എന്നീ കാര്യങ്ങളിൽ ആഴത്തിൽ ഗവേഷണം നടത്തുന്നതിനും, തെളിവുകൾ കണ്ടെത്തുന്നതിനും, വസ്തുതകളും വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തണം.

7. സാംസ്കാരിക രംഗത്തെ ബോധന പ്രക്രിയ ഏറ്റെടുത്ത് നടത്താൻ തയ്യാറുള്ള സന്നദ്ധ സംഘത്തെ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കണം. ലഘുലേഖകൾ, പുസ്തകങ്ങൾ, ഓഡിയോ പ്രക്ഷേപണങ്ങൾ, വീഡിയോ, ചലച്ചിത്ര പ്രദർശനങ്ങൾ, രംഗാവതരണങ്ങൾ എന്നിവക്ക് ഈ സംഘത്തെ ചുമതലപ്പെടുത്തണം.

8. മുൻ പറഞ്ഞ ഗവേഷണ സംഘം തയ്യാറാക്കു ന്ന ഡോക്യുമെന്ററികളും വീഡിയോ ഫിലിമുകളും മറ്റും നിർബന്ധപൂർവ്വം കേബിൾ ടി.വി. നെറ്റ്വർക്കിലൂടെ പ്രക്ഷേപണം ചെയ്യിക്കാൻ പഞ്ചായത്ത് ഭരണസമിതി സംവിധാന മുണ്ടാക്കണം.

9. നാശോൻമുഖമായ കലകൾ പുതിയ തലമുറക്ക്

പകർന്നുകൊടുക്കാൻ തയ്യാറുള്ള ആശാൻമാർക്കും ഇത് പഠിക്കാനും ഏറ്റെടുക്കാനും തയ്യാറുള്ള പുതിയതലമുറക്കും പരസ്പരം കണ്ടെത്തുന്നതിനുള്ള ഒരു പൊതു വേദി പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം.

10. സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി എന്നിവയുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾലളിതമാക്കണം.

11. പഞ്ചായത്തിലെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥാലയത്തെ ലീഡിംഗ് ലൈബ്രറിയായി അംഗീകരിക്കുകയും പൊതു ആവശ്യത്തിന് ലഭിക്കത്തക്ക വിധത്തിൽ മുമ്പ് പറഞ്ഞ ഗവേഷണ രേഖകൾ അവിടെ സൂക്ഷിക്കുകയും വേണം.

12. പൊതുജന വായനശാലകളിലെല്ലാം മുഴുവൻ സമയ ലൈബ്രേറിയനെ വെക്കുകയും ഈ ലൈബ്രേറിയൻ വീടുകൾ കയറിയിറങ്ങി പുസ്തകം വിതരണം ചെയ്യുകയും വേണം. ഇതിനു വേണ്ടി പഞ്ചായത്തിൽ നിന്ന് ഗ്രന്ഥശാലകൾക്ക് ധനസഹായം നല്കണം.

13. കെട്ടിടമില്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, പുസ്തകങ്ങൾ ഇല്ലാത്തവക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനും പഞ്ചായത്ത് ധനസഹായം നൽകണം.

14. സാക്ഷരതാ യജ്ഞം പഞ്ചായത്ത് ഏറ്റെടുക്കുകയും തുടർ സാക്ഷരതാ പ്രവർത്തന ങ്ങളുടെ കേന്ദ്രമാക്കി വായനശാലകളെ മാറ്റുകയും വേണം.

15. വായനശാലകളും,കലാസമിതികളും കേന്ദ്രമാക്കി മദ്യത്തിനും മയക്കുമരുന്നിനും എതിരെ ബഹുജന പ്രസ്ഥാനങ്ങൾ വളർത്തി എടുക്കണം.

16. സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കണം. പുസ്തകങ്ങൾ ഇല്ലാത്ത സ്കൂൾ ലൈബ്രറിക ളിൽ പുസ്തകം വാങ്ങുന്നതിനുള്ള ധനസഹായം നൽകണം. ലൈബ്രറികളിൽ നിന്ന് കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

17. കായിക വിനോദം സ്കൂൾ പഠനപദ്ധതിയിൽ നിർബന്ധമാക്കണം. എല്ലാ സ്കൂളുകളിലും അതിനുവേണ്ട അധ്യാപകരുണ്ടെന്നും, അവർ അവരുടെ ഉത്തരവാദിത്തം നിറവേറ്റുന്നു എന്നും ഉറപ്പു വരുത്തണം.

18. എല്ലാ വാർഡിലും കളിസ്ഥലങ്ങൾ ഉണ്ടാവണം.

19. നിലവിലുള്ള കളിസ്ഥലങ്ങൾ സംരക്ഷിക്കുവാൻ വേണ്ട പദ്ധതിതയ്യാറാക്കണം. ചെർപ്പുളശ്ശേരി ഗവ: ഹൈസ്കൂളിന്റെ ഗ്രൗണ്ട് മിനി സ്റ്റേഡിയം ആക്കി മാറ്റാനുള്ള പദ്ധതി തയ്യാറാക്കണം.

20. കേരളോത്സവത്തോടനുബന്ധിച്ച് നാടൻ കലാമേളയും, നാടൻ കായികമേളയും സംഘടിപ്പിക്കണം.

22. കരാട്ടെ, കളരി, യോഗാ ക്ലാസുകൾ നടത്താൻ തയ്യാറുള്ളവരുണ്ടെങ്കിൽ അതിനുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

23. സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകണം.

24. വർഷത്തിലൊരിക്കലെങ്കിലും പഞ്ചായത്തടി
സ്ഥാനത്തിൽ പുസ്തകമേള സംഘടിപ്പിക്കണം.

25. ഫിലിം സൊസൈറ്റി രൂപീകരിച്ച് എല്ലാ ഭാഷകളിലേയും ജനകീയ ചിത്രങ്ങൾ മാസത്തിലൊരിക്കൽ പഞ്ചായത്തിലെ തിയ്യേറ്ററുകളിൽ പ്രദർശിപ്പിക്കാനുള്ള പരിപാടി നടപ്പിലാക്കണം.

26. ഗ്രന്ഥശാലകളും വായനശാലകളും സമ്പത്തുല്പാദനത്തെ സഹായിക്കുന്ന വിധത്തിൽ ഇൻഫർമേഷൻ സെന്ററുകളായി വർത്തിക്കണം. കൃഷിക്കാർക്കവശ്യമായ ലഘുലേഖകളും പുസ്തകങ്ങളും, ഗ്രാമീണ ജനതക്ക് സർക്കാർ നൽകുന്ന സഹായത്തെക്കുറിച്ചുള്ള വിവരങ്ങളും അറിയിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണം ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം വിഭാവനം ചെയ്യേണ്ടത്.

വളരെ ഉയർന്ന ഒരു സാംസ്കാരിക പൈതൃകത്തിന്റെ ഉടമകളാണ് നാം. സമഗ്രമായ ഗ്രാമവികസനത്തിന്റെ ആണിക്കല്ലായി വർത്തിക്കാൻ ഈ ഉയർന്ന സാംസ്കാരികാവബോധം നമ്മെ സഹായിക്കും.

# വനിതാ ക്ഷേമം

പൊതുരംഗത്ത് സ്ത്രീ പങ്കാളിത്തത്തിൻെറ കുറവ് മറ്റെല്ലായിടത്തും എന്ന പോലെ നമ്മുടെ പഞ്ചായത്തിലും ഉണ്ട്. സാമൂഹികമായ വിലക്കുകളും സ്ത്രീ സ്വയം സ്വന്തം വീടുകളിൽഒതുങ്ങി കൂടുന്നതും ഇതിനു കാരണമാണ്. സ്ത്രീ അബലയാണ് എന്ന, സമൂഹത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ധാരണ ഇതിന് ആക്കം കൂട്ടുന്നു. ഈ സ്ഥിതി മാറ്റി സ്ത്രീകളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 50.46% സ്ത്രീകളാണ്. സ്ക്കൂൾതല വിദ്യാഭ്യാസരംഗത്ത് ആൺപെൺ അനുപാതം ജനസംഖ്യയുടെ ആൺ-പെൺ അനുപാതത്തെക്കാൾ ഉയർന്നു നിൽക്കുന്നു. ആകെ 6001 സ്ക്കൂൾ വിദ്യാർത്ഥികൾ ഉള്ളതിൽ 3020 പേർ പെൺകുട്ടികളാണ്. ഇത് ആകെ വിദ്യാർത്ഥികളുടെ 53.32% ആണ്. എന്നാൽ ഉപരി വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥിനികളുടെ എണ്ണം ഗണ്യമായി കുറയുന്നു. സാങ്കേതിക പഠനരംഗത്താണ് ഈ കുറവ് ഏറ്റവും ശക്തമാകുന്നത്. ചില വിഭാഗം ജനസമൂഹങ്ങളിൽ പ്രാഥമികതലം കഴിഞ്ഞാൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം തടയപ്പെടുന്നുണ്ട്. എന്നിരുന്നാലും മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീ വിദ്യാഭ്യാസരംഗത്ത് വൻമുന്നേറ്റമാണ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്.

സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. കാർഷിക മേഖലയുടെ തകർച്ച സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ വർദ്ധിപ്പിച്ചു. സ്വന്തമായി വരുമാനമാർഗ്ഗം ഇല്ലാത്ത സ്ത്രീകൾക്ക് എല്ലാ കാര്യങ്ങൾക്കും പുരുഷനെ ആശ്രയിക്കേണ്ടിവരുന്നു. സ്വയം തൊഴിൽ പദ്ധതിയിലൂടെ തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ള സ്ത്രീകൾ വളരെ കുറവാണ്. സ്ത്രീകൾ നടത്തുന്ന വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലെ ചിലഭാഗങ്ങളിലുണ്ടെങ്കിലും അവനല്ല നിലയിലല്ല പ്രവർത്തിക്കുന്നത്. 1-ാം വാർഡിലുണ്ടായിരുന്ന ഒരു ബ്രഷ് നിർമ്മാണയൂണിറ്റും 9-ാം വാർഡിലുണ്ടായിരുന്ന മുളകുപൊടി നിർമ്മാണയൂണിറ്റും നഷ്ടത്തിലായതു കാരണം നിർത്തലാക്കി. വനിതസഹകരണ സംഘങ്ങൾ പഞ്ചായത്തിലില്ല. കൂറേയേറെ സ്ത്രീകൾ കെട്ടിടനിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നു. പക്ഷേ ഇവരെല്ലാം അവിദഗ്ധ തൊഴിലാളികളാണ്. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല. സ്ത്രീക്ക് പുരുഷനേക്കാൾ കൂലി നിരക്ക് ഗവൺമെൻറ്/സഹകരണ മേഖലയിലൊഴികെ എല്ലാരംഗത്തും കുറവാണ്.

പഞ്ചായത്തിൽ 8 മഹിളാസമാജങ്ങളും വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഭാഗമായ മഹിളാ സംഘടനകളും പ്രവർത്തിക്കുന്നു. ആകെ 23 അംഗനവാടികൾ പഞ്ചായത്തിലുണ്ട്. തങ്ങളുടെ മേഖലയിലെ മുഴുവൻ സ്ത്രീകളുടേയും പ്രവർത്തനകേന്ദ്രമാകാൻ ഈ അംഗൻവാടികൾക്ക് കഴിയണം. സ്ക്കൂളുകളിൽ മാതൃസംഗമത്തിൻെറ പ്രവർത്തനം നാമമാത്രമാണ്.

താഴ്ന്ന വരുമാനക്കാരുടെ ഇടയിൽ നിന്നാണ് സ്ത്രീകൾ കൂടുതൽ പൊതുരംഗത്ത് പ്രവർത്തിക്കാൻ എത്തുന്നത്. സാമ്പത്തികമായി ഉയർന്ന സ്ഥിതിയിലുള്ളവർ പൊതുരംഗത്തിറങ്ങാൻ വിമുഖരാണ്. സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ട ബോധനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ വേണ്ട കഴിവും അതിനുള്ള ബാധ്യതയും ഉള്ളവരാണ് അധ്യാപികമാർ. വനിതാ നേതൃത്വ നിരയിലേക്ക് വരുന്നതിനും സാമൂഹ്യ ബാധ്യതകൾ ഏറ്റെടുക്കുന്നതിനും ഏറ്റവും വിമുഖർ ഇവരാണ് എന്നത് ദൗർഭാഗ്യകരമാണ്.

പ്രായപൂർത്തിയാവുന്നതിനു മുമ്പുള്ള വിവാഹങ്ങൾ പഞ്ചായത്തിൽ ധാരാളം നടക്കുന്നുണ്ട്.

സ്ത്രീകൾക്കിടയിൽ വായനാശീലം വളരെ കുറവാണ്. ഉള്ള വായന തന്നെ 'മ' പ്രസിദ്ധീകരണങ്ങളിൽ ഒതുങ്ങുന്നു. ദാരിദ്രമുള്ള വീടുകളിൽ പോലും ഇത്തരം പ്രസിദ്ധീകരണങ്ങൾ വാങ്ങാൻ നല്ലൊരു സംഖ്യ ചിലവാക്കുന്നു. ചില ഗ്രന്ഥശാലകൾ വീടുകൾ കയറി ഇറങ്ങി പുസ്തകങ്ങൾ വിതരണം ചെയ്തിരുന്നു. ഇത് സ്ത്രീകളുട ഇടയിൽ നല്ല പുസ്തകങ്ങൾ എത്തിക്കുന്നതിനും വായനാശീലം വർദ്ധിപ്പിക്കുന്നതിനും സഹായകമായിരുന്നു. പക്ഷേ ഇപ്പോൾ പഞ്ചായത്തിൽ ഒരിടത്തും ഇത്തരം പരിപാടി നടക്കുന്നില്ല.

കലാ-കായിക രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ തെറ്റായ രീതിയിൽ വീക്ഷിക്കുന്ന ഒരു പ്രവണത സമൂഹത്തിലുണ്ട്. ഇതിനെ ചെറുത്തു നിൽക്കാൻ ഈ രംഗത്തു പ്രവർത്തിക്കുന്നവരുടെ മാതൃകാപരമായ പ്രവർത്തനം ആവശ്യമാണ്. കൂടുതൽ വനിതകളെ ഈ രംഗത്ത് ആകർഷിക്കാൻ കഴിയണം.

വ്യാജമദ്യത്തിൻെറ ലഭ്യത കാരണം ചാരയനിരോധനത്തിൻെറ ഗുണം കുടുംബനാഥകൾക്ക് ലഭിച്ചില്ല. മദ്യത്തിന് അടിമപ്പെട്ടവർ വ്യാജമദ്യത്തെയോ വില കൂടിയ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തേയോ ആശ്രയിക്കുന്നു. ഇതിനെതിരെ സംഘടിതമായി പ്രതികരിക്കുന്നതിന് സ്ത്രീകൾക്ക് കഴിയുന്നില്ല. കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നതും ദാമ്പത്യബന്ധത്തെ ദുസ്സഹമാക്കുന്നതും ആയ ഗുരുതരമായ സാമൂഹ്യവിപത്താണ് ഇന്ന് നമ്മുടെ ഇടയിൽ നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായം. നിയമം മൂലം സ്ത്രീധനസമ്പ്രദായം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും നമ്മുടെ സമൂഹത്തിൽ ആഴത്തിൽ ഇത് വേരൂന്നി

യിരിക്കുന്നു.

## നിർദ്ദേശങ്ങൾ

- സ്ത്രീകളുടെ സാമ്പത്തിക പദവി ഉയർത്തുക എന്ന ലക്ഷ്യം ഉൾക്കൊള്ളുന്നതായിരിക്കണം വനിതാക്ഷേമത്തിന് ഏറ്റവും മുൻഗണന നൽകേണ്ടത്.
- പഞ്ചായത്ത് കേന്ദ്രമാക്കി വനിതകളുടെ ഒരു സഹകരണസംഘം രൂപീകരിക്കണം. അയൽ പഞ്ചായത്തുകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. സംഘത്തിൻെറ പ്രവർത്തനത്തിനു വേണ്ടി സംഘാംഗങ്ങളിൽ നിന്ന് വിവിധ തരത്തിലുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുക, അംഗങ്ങളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക, വിടുകളിൽ പച്ചക്കറി തോട്ടം നിർമ്മിക്കുന്നതിനും കുടിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും ആട്, കോഴി, മുയൽ എന്നിവ വളർത്തുന്നതിനും, പനമ്പ്,പായ നെയ്ത്ത് തുടങ്ങിയ പരമ്പാഗത കുടിൽ വ്യവസായങ്ങൾ പുനരാരംഭിക്കുന്നതിനുംമറ്റും അംഗങ്ങൾക്ക് സംഘം മുഖേന വായ്പ നൽകുക, ഓട്ടോറിക്ഷാ വാങ്ങുന്നതിനും മറ്റും സ്ത്രീൾക്ക് വായ്പ നൽകുക തുടയങ്ങിയ പ്രവർത്തന ലക്ഷ്യങ്ങൾ സംഘത്തിനുണ്ടായിരിക്കണം. വായ്പ നൽകിയും ധനസഹായം നൽ കിയും മറ്റും സംഘത്തിൻെറ പ്രവർത്തനങ്ങള സഹായിക്കാൻ പഞ്ചായത്തും നല്ല നിലയിൽ പ്രവർത്തിക്കുന്ന മറ്റു സഹകരണ സംഘങ്ങളും പരിപാടി തയ്യാറാക്കണം. സംഘാംഗങ്ങൾക്ക് നൽകുന്ന വായ്പ യാതൊരു കാരണവശാലും ദുരുപയോഗപ്പെടുത്തില്ലെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനം സംഘം ആവിഷ്കരിക്കണം. സംഘം വായ്പ നൽകി ആരംഭിച്ച സംരംഭങ്ങളിൽ നിന്നുള്ള ഉൽപ്പനങ്ങളും മറ്റു വനിതാ സംരംഭങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പനങ്ങളും വിറ്റഴിക്കുന്നതിന് ഒരു കൺസ്യൂമർ സ്റ്റോർ സംഘത്തിന് തുടങ്ങാവുന്നതാണ്.
- പാരാമെഡിക്കൽ കോഴ്സ്, തയ്യൽ പരിശീലനം, വിവിധ ഉൽപ്പനങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തുടങ്ങിയ തൊഴിലധിഷ്ടിത കോഴ്സുകൾ സംഘം അംഗങ്ങൾക്കുവേണ്ടി നടത്തണം. അംഗങ്ങളെ ഇൻഷൂർ ചെയ്യുക തുടങ്ങിയ സേവന പദ്ധതികൾ സംഘം ആവിഷ്കരിക്കണം. ഹോം നേഴ്സിങ്ങിൽ വനിതകൾക്ക് പരിശീലനം നൽകുകയും, പരിശീലനം സിദ്ധിച്ചവരുടെയും ആവശ്യക്കാരുടെയും ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ചായി പ്രവർത്തിക്കുകയും വേണം. ഇതിൽ റെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ ഉപയോഗിച്ച് ഒരു കാറ്ററിങ്ങ് സെൻറർ തുടങ്ങാനും ആശുപത്രികൾ ഗവൺമെൻറ് സ്ഥാപനങ്ങൾ എന്നിവയിലെ കാൻറീനുകൾ ഏറ്റെടുത്ത് നടത്താനും സംഘത്തിന് കഴിയും. ബസ് സ്റ്റാൻഡ്, ചന്തപ്പുര, പൊതുകക്കൂസുകൾ, മൂത്രപുരകൾ എന്നിവ ലേലത്തിൽഎടുത്ത് അവയുടെ നടത്തിപ്പിലൂടെ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും സംഘത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും കഴിയും. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിക്ക് സംഘത്തെ സഹായിക്കാൻ കഴിയും.
- പഞ്ചായത്തുതലത്തിൽ ഒരു കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ് സൊസൈറ്റി ആണ്ടമഉ രൂപീകരിക്കണം. കേരളത്തിലെ വനിതകളുടെ ക്ഷേമപ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്ന സംവിധാനമാണ് കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ് സൊസൈറ്റികൾ. സ്ത്രീകൾക്കിടയിൽ സമ്പാദ്യ.ശീലം വർദ്ധിപ്പിച്ച് അവരെ സമ്പത്ത് ഉൽപ്പാദനപ്രക്രിയയിൽ പങ്കാളികളാക്കുക. വിവിധ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക, അയൽകൂട്ടങ്ങളിലെ തൊഴിൽ സംരംഭകർക്ക് മൂലധനം സ്വരൂപിക്കാൻ വേണ്ട അവസരം സൃഷ്ടിക്കുക എന്നീ കാര്യങ്ങൾ സൊസൈറ്റിക്ക് ചെയ്യാൻ കഴിയും.
- അംഗനവാടികൾ അതാതു പ്രദേശത്തെ മുഴുവൻ സ്ത്രീകളുടേയും പ്രവർത്തന കേന്ദ്രമാകണം. ആരോഗ്യം, ശുചിത്വം എന്നീ കാര്യങ്ങൾ അംഗനവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകളുടെ സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ നടത്തുകയും വേണം. ഈ വിഷയങ്ങളിലെ വിദഗ്ധൻമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്ത്രീകളുടെ സെമിനാറുകളും ക്ലാസ്സുകളും അംഗനവാടികൾ കേന്ദ്രീകരിച്ച് ഇന്ന് നടക്കുന്നുണ്ട്. അവ ഫലപ്രദമാക്കണം. എല്ലാ അംഗനവാടികളിലും പ്രധാനപ്പെട്ട ദിനപത്രങ്ങളും മാസികകളും വരുത്തുന്നതിന് പഞ്ചായത്ത് ധനസഹായം നൽകണം. വ്യാജമദ്യത്തിൻെറ ഭീഷണി ചെറുത്തു തോൽപ്പിക്കാൻ വാർഡുകൾ തോറും സ്ത്രീകൾക്ക് പ്രാമുഖ്യമുള്ള ജനകീയ സമിതികൾ രൂപീകരിക്കണം. സ്ത്രീകളുടെ സംഘബോധം വളർത്തുന്നതിനും അവർക്ക് നേതൃത്വപരിശീലനം നൽകുന്നതിനും അംഗനവാടികളെ പരമാവധി ഉപയോഗപ്പെടുത്തണം.
- പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള വനിതാ സാംസ്കാരിക കലാപ്രവർത്തകരെ സംഘടിപ്പിച്ച് പഞ്ചായത്തു തലത്തിൽ ഒരു വനിതാ സാംസ്കാരിക കലാസംഘം രൂപീകരിക്കണം. സ്ത്രീ-പുരുഷ സമത്വ പ്രചരണപ്രവർത്തനങ്ങൾക്ക് ഈ സംഘംനേതൃത്വം നൽകണം.
- പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സാധ്യതക്കനുസരിച്ച് സ്ത്രീകളുടെ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.
- സ്കൂളുകളിലെ മാതൃസംഗമത്തിന് വ്യക്തമായ ഒരു പ്രവർത്തനരൂപരേഖ തയ്യാറാക്കണം. മാതൃസംഗമത്തിൻെറ യോഗങ്ങൾക്ക് ക്വാറം നിശ്ചയിക്കണം. തങ്ങളുട വിദ്യർത്ഥികളുടെപഠന നിലവാരം ക്ലാസ്സുക

ളിൽ ഉപയോഗിക്കുന്ന ബോധന രീതികൾ പഠനപ്രവർത്തനങ്ങളിൽ അമ്മമാരുടെ പങ്ക് എന്നിവയെ കുറിച്ച് അദ്ധ്യാപകർ മാതൃസംഗമത്തിൽ വിശദീകരിക്കണം. വിവിധ വനിതാക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള വേദിയായികൂടി മാതൃസംഗമത്തെ ഉപയോഗപ്പെടുത്തണം.

- സ്ത്രീധന സമ്പ്രദായത്തിനെതിരെ സംഘടിതമായ ബഹുജനബോധന പരിപാടി നടപ്പിലാക്കണം. പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ മേഖലതിരിച്ച് സെമിനാറുകൾ സംഘടിപ്പിക്കണം. സമൂഹ വിവാഹങ്ങൾ പ്രോൽസാഹിപ്പിക്കണം. ഇതിന് പഞ്ചായത്തു തലത്തിൽ സമിതിയെ രൂപീകരിക്കണം. ഈ സമിതിയുടെ നേതൃത്വത്തിൽഇന്നു നടമാടുന്ന വിവാഹധൂർത്ത് ഒഴിവാക്കുന്ന സംസ്ക്കാരം സമൂഹത്തിൽ വളർത്തിയെടുക്കണം.
- സ്വർണ്ണം-വെള്ളി ആഭരണ നിർമ്മാണം, മരപ്പണി തുടങ്ങിയവയിൽ സ്ത്രീകൾക്ക് വിദഗ്ധപരിശീലനം നൽകാനുള്ള കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

**സാമൂഹിക പുരോഗതിയിൽ തുല്യ
പങ്കാളിത്തത്തോടെ നേതൃത്വം ഏറ്റെടുക്കേണ്ടവർ
ഇന്ന് അടുക്കളയുടെ നാലതിരുകളിൽ ബന്ധിക്ക
പ്പെട്ടിരിക്കയാണ്. ബന്ധനത്തിൽ നിന്ന്
സ്വയംമുക്തി നേടിക്കൊണ്ട്
സാമൂഹ്യ മാറ്റത്തിന്റെ
പടവാളാകാൻ സ്ത്രീക്ക് കഴിയണം.**

# സഹകരണം

"ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും., എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും"

രണ്ടാം ലോകമഹായുദ്ധ കാലഘട്ടത്തിൽ ഭക്ഷ്യക്ഷാമം രൂക്ഷമാവുകയും പട്ടിണിമരണങ്ങൾ വ്യാപകമാവുകയും ചെയ്തു. ഈ അവസരം മുതലെടുക്കാൻ സ്വകാര്യപണമിടപാടുകാർ രംഗത്തെത്തി. ഇവരുടെ ചൂഷണത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് ഇന്ത്യയൊട്ടാകെ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. സാമൂഹ്യ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾക്ക് മാതൃകയായി വർത്തിച്ച കേരളം സഹകരണ പ്രസ്ഥാനത്തിൻെറ ശക്തിയും ജനകീയതയും തിരിച്ചറിഞ്ഞു. കേരളത്തിൽ സാമൂഹികനവോത്ഥാന പ്രശ്നങ്ങളും ജനകീയ വിദ്യാഭ്യാസ വ്യാപനവും സൃഷ്ടിച്ചെടുത്ത അനുകൂല സാഹചര്യം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ചക്ക് സഹായകമായിരുന്നു. സമ്പത്തിൻെറ നീതിപൂർവ്വകമായ വിതരണത്തെക്കുറിച്ച് ഇവിടെ വളർന്നു വന്നിരുന്ന പുത്തൻ അവബോധം സഹകരണപ്രസ്ഥാനത്തെ ഒരു മഹാപ്രസ്ഥാനമായി വളർത്തിയെടുക്കുന്നതിനുള്ള പ്രേരകശക്തിയും ചാലക ശക്തിയുമായിത്തീർന്നു.

കേരളത്തിലെ സഹകരണ മേഖലയുടെ വളർച്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നാം ഇനിയും നടത്തേണ്ടതായിട്ടുണ്ട്.

ചെർപ്പുഴശ്ശേരിയിൽ 1937-38 കാലയളവിലാണ് സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 1838-ൽ ചെർപ്പുളശ്ശേരി കോ-ഓപ്പറേറ്റിവ് അർബൻ ബാങ്ക് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത സ്ഥാപനത്തിൻെറ സ്ഥാപകപ്രസിഡണ്ട് ശ്രീ. കിഴേപാട്ട് കുണ്ടു പണിക്കർ ആയിരുന്നു. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ അർബൻബാങ്കിനു പുറമേ ഒരു സർവ്വീസ് സഹകരണ ബാങ്ക്, ഒരു ഭവന നിർമ്മാണ സഹകരണസംഘം, ഒരു പട്ടികജാതി ക്ഷേമസഹകരണസംഘം, രണ്ട് ക്ഷീരോൽപ്പാദനസഹകരണ സംഘങ്ങൾ, ഒരു സഹകരണ സംഘം, ഒരു റബർസഹകരണസംഘം, രണ്ട് സ്കൂൾ സഹകരണസംഘം, ഒരു സഹകരണ കോളേജ്, ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖ എന്നിവയുണ്ടെങ്കിൽ പോലും പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യയുടെ 55%മാത്രമേ സഹകരണമേഖലയുമായി ബന്ധപ്പെടുന്നുള്ളു.

സഹകരണ സ്ഥാപനങ്ങളുടെ ജനകീയടിത്തറയും, സുദൃഢമായ ജനസമ്പർക്കവും എത്രത്തോളം വർദ്ധിക്കുന്നുവോ അത്രത്തോളം സംഘങ്ങളുടെ കെട്ടുറപ്പിനും വളർച്ചക്കും ഉപകരിക്കുമെന്ന് അനുഭവപാഠങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ-സേവന മേഖലകളിൽ കേരളം സ്വായത്തമാക്കിയ മുന്നേറ്റങ്ങളിൽ സഹകരണപ്രസ്ഥാനം നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്.

ഉൽപ്പാദന രംഗത്ത് കേരളം ഇന്ന് അഖിലേന്ത്യാ നിലവാരത്തേക്കാൾ പിറകിലാണ്. സാമൂഹിക പുരോഗതിയുടെ മറ്റു മാനദണ്ഡങ്ങൾ വെച്ച് നോക്കുമ്പോൾ നമുക്ക് വിവിധ മേഖലകളിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും, സമ്പത്തുൽപ്പാദന രംഗത്ത് നാം പിറകിലാണ്. ഈ അവസ്ഥ മാറ്റി പുതിയ ഒരു സംസ്ക്കാരം വളർത്തിയെടുക്കുന്നതിലാണ് ജനകീയാ സൂത്രണത്തിൻെറ പ്രസക്തിയും വിജയവും. കാർഷിക-വ്യാവസായിക മേഖലകളിൽ നടക്കുന്ന വികസനങ്ങളുടെ വഴികാട്ടിയും സഹായിയും ആയി പ്രവർത്തിക്കുവാൻ നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞാൽ മാത്രമേ സമൂഹത്തിലെ അവശരും പീഡിതരുമായ ജനങ്ങളുടെ ഉന്നമനം എന്ന ലക്ഷ്യം സാർത്ഥകമാക്കുവാൻ കഴിയുകയുള്ളു.

ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്

പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ സർവ്വീസ് സഹകരണ ബാങ്ക് ആയ ഈ സംഘം 1945 ൽ ചെർപ്പുളശ്ശേരി പി.സി.സി. സൊസൈറ്റി ( മുഴുവൻ പേര് Producers consumers co-operative society )എന്നായിരുന്നു. ആദ്യത്തെ ഇടപാട് കൃഷിക്കാരിൽ നിന്നും, ഏജൻറുമാരിൽ നിന്നും ശേഖരിച്ച് വിൽപ്പന നടത്തൽ. അക്കാലത്ത് റേഷൻ ഷോപ്പിലൂടെ അരിക്ക് പകരം നെല്ല് വിതരണം ചെയ്തിരുന്നു. സംഘത്തിൻെറ സ്ഥാപക പ്രസിഡണ്ട് ശ്രീ.പനങ്ങാട്ട് ഗോപിമേനോനും, ആദ്യത്തെ സെക്രട്ടറി കിഴേപ്പാട്ട് രാജഗോപാല മേനോനും ആയിരുന്നു. 1946 ഒരു വായ്പ സംഘമായി മാറിയ ഈ ബാങ്ക് എല്ലാ വിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്ന നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ ധനകാര്യ സ്ഥാപനമാണ്. ഒരു തുണി ഷോപ്പ് , ഒരു റെഡിമെയ്ഡ് ഷോപ്പ്, വളം കീടനാശിനി വില്പന ശാലകൾ , ഒരു സഹകരണ സ്റ്റോർ എന്നിവ ബാങ്ക് നടത്തുന്നുണ്ട്. നല്ല രീതിയിൽ ഓണ ചന്തകളും ബാങ്ക് ഏറ്റെടുത്ത് നടത്തുന്നു. പൊതുജനങ്ങളിൽ നിന്നും, മെമ്പർമാരിൽനിൻനും വിവിധതരം നിക്ഷേപങ്ങൾ സ്വീകരിക്കുന്ന ഈ സംഘത്തിൽ നെല്ല്, മരച്ചീനി, നേന്ത്രവാഴ, റബർ മുതലായ കൃഷികൾക്കും സ്വർണ്ണപണ്ടപണയത്തിൻമേലും വീടുകളുടെ മേൽക്കൂര ഓടുമേയുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും സ്വയം തൊഴിൽചെയ്യുന്നതിനും വായ്പകൾ നൽകിവരുന്നു. പദ്ധതി ഇനത്തിലും വിവിധ തരം വായ്പകൾ നൽകുന്നുണ്ട്. കഴിഞ്ഞ 25 വർഷക്കാലമായി ലാഭത്തിൽ പ്രിൻെറത്തിക്കുന്ന ഒരു സംഘമാണ് ഇത്.

സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെട്ടരീതിയിൽ നടക്കുന്നുണ്ടെങ്കിലും 52 ലക്ഷത്തോളം രൂപ കാലാവധി കഴിഞ്ഞ വായ്പ്പകളായി നിൽക്കുന്നു. ഇത് സംഘത്തിൻെറ പ്രവർത്തനത്തെ ദോഷകരമായിബാധിക്കാൻ ഇടയുണ്ട്.

കാര്യക്ഷമമായ മാനേജ് മെൻറ് പ്രവർത്തനം നടക്കുന്ന ഈ സംഘത്തിൽ കൊല്ലം തോറും ജനറൽ ബോഡികൾ വിളിച്ചുചേർക്കാറുണ്ട്. ഓരോ കൊല്ലവും ജനറൽ ബോഡിയിൽ പങ്കാളിത്തം കിറഞ്ഞുവരുന്നത് പരിഹരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

☐ ആവശ്യത്തിന് അനുസരിച്ച് വായ്പകൾ ലഭിക്കുന്നില്ല [വർദ്ധിച്ചുവരുന്ന കാർഷിക ചിലവിന് അനുസരിച്ച് കാർഷിക വായ്പതോത് അടിയന്തര പ്രാധാന്യം നൽകി വർദ്ധിപ്പിക്കേണ്ടതാണ്.]

☐ ചെറുകിട ഇടത്തരം കർഷകർക്ക് മാറിവരുന്ന കൃഷിരീതി അനുസരിച്ച് വായ്പനൽകുവാനുള്ള പദ്ധതികളുടെ അഭാവം

☐ വർദ്ധിച്ച പലിശനിരക്ക്.

## നിർദ്ദേശങ്ങൾ

☐ ക്രെഡിറ്റ്-കാർഡ് സിസ്റ്റം നടപ്പിലാക്കുക.[കാർഷിക വായ്പനൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന്, ആവിശ്യത്തിനനുസരിച്ച് വായ്പ നൽകുന്നതിനും വിവിധ കാർഷികവിളകൾ ചെയ്യുന്നതിനും. പ്രസ്തുത കർഷകർക്ക് വായ്പതിരിച്ചടക്കുന്നതിനുള്ള കഴിവ് കണക്കിലെടുത്ത് കടം നൽകുന്ന സംവിധാനം.]

☐ ഇക്വിറ്റിബിൾ മോർഗേജ് സിസ്റ്റം - [E.M.D.കുറഞ്ഞ വായ്പതുക നടപ്പിലാക്കൽ]

☐ ചെർപ്പുളശ്ശേരി നഗരത്തിൽ പെട്രോൾ ബാങ്കിനടുത്ത് സംഘത്തിൻെറ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു സഹകരണ മാർക്കറ്റ് സ്ഥാപിക്കുക.

☐ ജില്ലയിലെ ഏറ്റവും വലിയ സഹകരണബാങ്കുകളിൽ ഒന്നായ നമ്മുടെ ബാങ്കിന് N.R.E.നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

☐ അംഗങ്ങൾക്ക് വായ്പനൽകുന്നതിനുള്ള നിയമനടപയികൾ ലഭ്യമാക്കുക.

☐ കാർഷികവായ്പകൾ കാർഷികാവശ്യങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്നു എന്നത് ഉറപ്പുവരുത്തുന്നതോടൊപ്പം കാർഷികേതരവായ്പകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കർഷകർക്ക് കുറഞ്ഞ പലിശക്ക് വായ്പനൽകുക.

☐ വിവിധതരം പെൻഷനുകളും ക്ഷേമനിധികളും തൊഴിലില്ലായ്മവേതനവും സംഘം മുഖാന്തരം വിതരണം ചെയ്യുവാനുള്ള നിയമ നടപടികൾ സ്വീകരിക്കുക.

II കോ - ഓപറേറ്റിവ് അർബൻ ബാങ്ക് -

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ചെർപ്പുളശ്ശേരി ആസ്ഥാനമാക്കി 17.12.1915 ൽ രജിസ്റ്റർ ചെയ്യുകയും 20.2.1916ൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു. റിസർവ് ബാങ്കിൻെറ നിയന്ത്രണത്തിലുള്ള ഈ കാർഷികേതരബാങ്ക് വിവിധതരത്തിലുള്ള ബാങ്കിങ്ങ് ഇടപാടുകൾ നടത്തുന്നു. ഈ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ ചോർപ്പുളശ്ശേരി, നെല്ലായ, കുൽക്കല്ലൂർ, തുടങ്ങിയ പഞ്ചായത്തുകൾ പൂർണ്ണമായും തൃക്കടികരിചളവറ പഞ്ടായത്തുകൾ ഭാഗമായും ഉൾപ്പെടുന്നു. പലതരത്തിലുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുന്ന ഈ ബാങ്കിൽ ജാമ്യക്കടങ്ങൾ, കച്ചവടക്കാർക്ക് കാഷ്ക്രെഡിറ്റ് ഉദ്യോഗസ്ഥൻമാർക്ക് ഭവന നിർമ്മാണ ലോൺ ഫർണിച്ചർ ലോൺ വാഹന വാപകൾ വിദേശയാത്രക്കുള്ള വായ്പ മുതലായ വായ്പകൾ വസ്തുവിൻെറ ഈടിൻമേലും ഉദ്യോഗസ്ഥൻനാരുടെ സർട്ടിഫിക്കറ്റിൻെറ ജാമ്യത്തിലും നൽകിവരുന്നു. കടങ്ങൾക്ക് 18.5%പലിശ ഈടാക്കാനുള്ള ഈ സംഘത്തിൽ കാലാവധി കഴിഞ്ഞ കടങ്ങൾക്ക് 2% പലിശ ഈടാക്കുന്നു.

## നിർദ്ദേശങ്ങൾ

☐ റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ള ഈ ബൈങ്കി N.R.Eനിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് നടപടി എടുക്കണം.

☐ പുതിയബ്രാഞ്ചുകൾ തുടങ്ങുക.

☐ വായ്പകൾ ലഭിക്കുന്നതിനുള്ള നിയമ നടപടികൾ ലളിതമാക്കു

☐ ഇക്വിറ്റിബിൾ മോർട്ട്ഗേജ് സിസ്റ്റം കുറഞ്ഞ വായ്പതുകക നടപ്പിലാക്കുക.

☐ സ്വയം തൊഴിൽ വായ്പകൾക്ക് കൊടുത്ത് തൊഴിലില്ലായ പരിഹരിക്കാൻ ശ്രമിക്കുക.

☐ പ്രവർത്തന പരിധിയിൽ സാധ.തയുള്ള മുഴുവൻ പഞ്ചായത്തു പൾപ്പെടുത്തുക.

III ഭവന നിർമ്മാണ സഹകരണസംഘം -

ചെർപ്പുളശ്ശേരി നഗരം ആസ്ഥാനമാക്കി ശ്രീകൃഷ്ണപു ബ്ലോക്ക് പ്രവർത്തന പരിധിയായി 1980 ൽ ആണ് സ്ഥാപ പ്രസിഡണ്ട് ഗോവിന്ദൻ കുട്ടിമാസ്റ്റർ ഈ സംഘം പ്രവർത്ത ആരംഭിച്ചത്. ഉദ്യോഗസ്ഥൻനാർക്കും കച്ചവടക്കാർക്കും കേ ഹൗസിങ്ങ് ഫെഡറേഷനുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണത്ത വായ്പ ലഭിക്കുന്നു.

## പ്രശ്നങ്ങൾ

☐ പ്രവർത്തനം വിപുലമാക്കാൻ സ്വന്തമായി കെട്ടിടം ഇല്ല.

☐ വായ്പകൾക്ക് വർദ്ധിച്ച നിരക്കിലുള്ള പലിശ.

☐ വായ്പകൾക്കുള്ള കാലതാമസം.

## നിർദ്ദേശങ്ങൾ

☐ സ്വന്തമായി ഓഫീസ് സൗകര്യങ്ങൾ ലഭ്യമാക്കുക.

☐ സ്ഥലം വാങ്ങി വീടുകൾ (ഹൗസിങ്ങ് കോളനിക ആവശ്യക്കാർക്ക് ആവശ്യാനുസരണം നിർമ്മിച്ചുകൊടുക്കുക ഗഡുക്കളായി സംഘം തിരിച്ചുപിടിക്കുന്നതിനും സംവിധാ ഉണ്ടാക്കുക.

☐ വായ്പനൽകുന്നതിനുള്ള നിയമ നടപടികൾ ലഘൂകരിക്കു

☐ സർക്കാരിൻെറ വിവിധതരം ഭവനനിർമ്മാണ പദ്ധതിക സംഘം വഴി നടപ്പിലാക്കുക.

IVഹരിജൻക്ഷേമ സഹകരണ സംഘം -

ചെർപ്പുളശ്ശേരി- തൃക്കടിരി പഞ്ചായത്തുകൾ പ്രവർത്ത പരിധിയായി 1981 ൽ പ്രവർത്തനം ആരംഭിച്ചു. സ്ഥാപക പ്രസിഡ എൻ. രാമൻ സംഘത്തിൻെറ നേതൃത്വത്തിൽ തയ്യൽ ശാലയും, സഹകരണസ്റ്റോറും നടത്തിയിരുന്നു എങ്കിലും പ്രസ്ത സ്ഥാപനങ്ങൾ വേണ്ടത്ര വിജയിക്കാത്തതിനാൽ നിർത്തേണ്ടതാ വന്നു. കൂടാത് കൃഷി ആവശ്യത്തിന് ഒരു ട്രാക്റ്ററും നിരവ സ്പ്രെയറുകളും സംഘത്തിൻെറ നിയന്ത്രണത്തിലുണ്ടെങ്കിലും വേ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. നല്ല നിലയി പ്രവർത്തിക്കുന്ന ഒരു അച്ചടിശാല സംഘം നടത്തുന്നുണ്ട്.

## നിർദ്ദേശങ്ങൾ

☐ നിർത്തലാക്കിയ തയ്യൽശാല പ്രവർത്തനക്ഷമമാക്കുക.

☐ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്റ്റർ, സ്പ്രെയറുക തുടങ്ങിയ ഉപകരണങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുവാ നടപടി സ്വീകരിക്കുക.ആവശ്യമായ റിപ്പയർ ജോലികൾ ചെയ്യു

☐ പട്ടികജാതിക്കാർക്കു വേണ്ടി സർക്കാർ നടപ്പിലാക്കുന്ന വിവി

പദ്ധതികൾ ഫലപ്രദമായി സംഘം മുഖാന്തിരം നടപ്പിലാക്കുക.

❑ സാധ്യതക്കനുസരിച്ച് അംഗങ്ങളെ ചേർക്കുക.

V ചെർപ്പുളശ്ശേരി ക്ഷീരോൽപ്പാദകസഹകരണസംഘം -

ചെർപ്പുളശ്ശേരി പഞ്ചായത്തിലെ നഗരകേന്ദ്രത്തിനടുത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സംഘം 1978 ൽ പ്രവർത്തനം ആരംഭിച്ചു. സ്ഥാപക പ്രസിഡണ്ട് ചോലക്കൽ രാഘവൻ സംഘത്തിൻെറ പ്രവർത്തന പരിധി ചെർപ്പുളശ്ശേരി പഞ്ചായത്തിലെ 2,3,4,5,6, വാർഡുകളാണ്. പ്രവർത്തന പരിധിയിലെ മുഴുവൻ ക്ഷീരകർഷകരേയും അംഗങ്ങളാകുന്നതിനും, അവരുടെ പാൽ ശേഖരിക്കുന്നതിനും സംഘത്തിന് കഴിഞ്ഞിട്ടില്ല വിപണനത്തിൽ സ്വകാര്യകച്ചവടക്കാരുടെ കടന്നു കയററം സംഘത്തിൻെറ പ്രവർത്തനത്തിൽ ദോഷകരമായി സ്വാധീനിച്ചിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

❑ സ്വകാര്യകച്ചവടക്കാരെ നിയന്ത്രിച്ച് ക്ഷീരകർഷകരെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് നിയമം ഉണ്ടാക്കുക.

❑ അധികം വരുന്ന പാൽ സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും സർക്കാർ സഹായത്തോടുകൂടി നടപടി എടുക്കുക.

❑ ക്ഷീരകർഷകർക്ക് ആവിശ്യമായ കാലിത്തീറ്റ മറ്റു ധാതുലവണമാശ്രിതങ്ങൾ എന്നിവ സബ്സീഡിനിരക്കിൽ സർക്കാർസഹായത്തോടുകൂടി നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

❑ കറവമാടുകൾക്ക് ആവശ്യമായ ആരോഗ്യസംരക്ഷണം നൽകുന്നതിന് പഞ്ചായത്ത് സഹായത്തോടുകൂടി പരിപാടികൾ ആവിഷ്കരിക്കുക.

❑ കറവമാടുക്കൾക്ക് സംഘത്തിൻെറ നേതൃത്വത്തിൽ ഇൻഷുറൻസ് സംരക്ഷണം ഉറപ്പു വരുത്തുക.

❑ കാലിതൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കുക

VI കാറൽമണ്ണ ക്ഷീരോൽപാദകസഹകരണസംഘം--

കാറൽമണ്ണ സെൻററിൽ പ്രവർത്തിക്കുന്ന ഈ സംഘം 1977 ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. കറവമാടുകളെ വാങ്ങുന്നതിന് 21663 രൂപ സംഘം വായ്പനൽകിയിട്ടുണ്ട്. നല്ലനില.ഇൽ പ്രവർത്തിക്കുന്ന ഈ സംഘം കാലിത്തീറ്റ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. 650 ലിറ്റർ പാൽ ദിനംപ്രതി ശേഖരിച്ച് വിതരണം ചെയ്യുന്നു. ഈ സംഘത്തിന് ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിച്ച് വിപണനം നടത്തുന്നതിന് കഴിയുന്നില്ല.

VII കരുമാനാംകുർശ്ശി കൈത്തറി - നെയ്ത്ത് സഹകരണ സംഘം

കൈത്തറി നെയ്ത്ത് തൊഴിലാളികളെ സംഘടിപ്പിച്ച് 1958 ൽ പ്രവർത്തനം ആരംഭിച്ച. ഈ വായ്പേതര സംഘം നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. കരുമാനാംകുർശ്ശിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിന് ചെർപ്പുളശ്ശേരി - കാവുവട്ടത്ത് ഒരു വിൽപന ശാലയുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി തുണിത്തരങ്ങൾ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സംഘം ശ്രദ്ധിക്കാറുമുണ്ട്.

## നിർദ്ദേശങ്ങൾ

❑ അംഗങ്ങൾക്ക് നെയ്ത്ത് ഉപകരണങ്ങൾ വാങ്ങുന്നതിന് ആവശ്യാനുസരണം ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുക.

❑ ഉൽപന്നങ്ങൾ കാലോചിതമായി വൈവിധ്യവൽക്കരിക്കുന്ന സിൽക്ക് യൂണിറ്റുകൾ പോലുള്ള പുതിയ മേഖലകൾ കണ്ടെത്ത

VII ഒറ്റപ്പാലംതാലൂക്ക് കോ-ഓപറേറ്റീവ് എഡ്യൂക്കേഷൺ സൊസൈറ്റി:-

ഒറ്റപ്പാലം താലൂക്ക് പ്രവർത്തനപരിധിയുള്ള ഈ സംഘ ചെർപ്പുളശ്ശേരി ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു. 1987 ആണ്സംഘം പ്രവർത്തനം ആരംഭിച്ചത്. വിദ്യാഭ്യാസമേഖലയി സംഘത്തിൻെറ സേവനം പഞ്ചായത്തിൻെറ സർവ്വോൻമുഖമ പുരോഗതിക്ക് ആവശ്യമാണെന്നിരിക്കെ സംഘത്തിൻെറ പ്രവർത്ത വളരെ ശോചനീയാവസ്ഥയിലാണ്.

## നിർദ്ദേശങ്ങൾ

❑ സർക്കാർ സഹായത്തോടുകൂടി ഒരു എയ്ഡഡ് ജൂനി കോളേജ് സംഘത്തിൻെറ നേതൃത്വത്തിൽ സ്ഥാപിക്കുക.

❑ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനുള്ള അംഗീകാ സർക്കാരിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തു

❑ താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തനപരിധിയുള്ളതുകൊ കൂടുതൽ മെമ്പർഷിപ്പ് ചേർക്കാനും അതുവഴി പ്രവർത്തനമൂലധന സ്വരൂപിക്കാനും ഉള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുക.

IX സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

ചെർപ്പുളശ്ശേരി ഹൈസ്ക്കൂളിൽ നല്ലനിലയി പ്രവർത്തനം നടത്തുന്ന ഒരു സഹകരണസ്ഥാപനമാണ് ഇ വിദ്യർത്ഥികൾക്കിടയിൽ സമ്പാദ്യശീലവും, സഹകര മനോഭാവവും വളർത്തിക്കൊണ്ടുവരുന്നതിന് ഉപകരിക്കുന്ന ഇ സംഘത്തിൻെറ പ്രവർത്തനം ഇനിയും വിപുലീകരിക്കേണ്ടതാണ് കാറൽമണ്ണ യു.പി.സ്ക്കൂളിലും ഇതേ രൂപത്തിലുള്ള ഒ സഹകരണസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കാവശ മായ ടെക്സ്റ്റ് പുസ്തകങ്ങളും, നോട്ടുപുസ്തകങ്ങളു വിദ്യാഭ്യസത്തിനാവശ്യമായ മറ്റു സാധനങ്ങളും ലഭ്യമാകുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗുണകരമായ ഇത്തര സഹകരണസംഘങ്ങൾ ശക്തിപ്പെടുത്തേണ്ടതിനുള്ള പദ്ധതിക ആവിഷ്ക്കരിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

❑ വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുപുസ്തകങ്ങ വിദ്യാർത്ഥികളെ ഉപയോഗിച്ച് നിർമ്മിക്കുകയും, അ കുറഞ്ഞവിലക്ക് വിപണനം നടത്തുന്നതിനും സംവിധാന ഉണ്ടാക്കുക.

❑ പ്രവൃത്യുൻമുഖ വിദ്യാഭ്യസരീതി നടപ്പിലാക്കണമെന വിദ്യാഭ്യസണേഖലയിൽ നിർദദേശിച്ചുട്ടുണ്ട്. ഇത് ഫലപ്ര മാക്കുന്നതിനുള്ള ഉപാധിയായി സ്ക്കൂൾ കോ-ഓപ്പറേറ്റീ സൊസൈറ്റികൾ മാറണം. സങ്കീർണ്ണമല്ലാത്ത ഇലക്ട്രോണിക് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ചന്ദനത്തിരി, മെഴുകുതിര റബർബാൻറ്, നോട്ടുബുക്കുകൾ, ചോക്ക്, കുട, സ്ക്കൂൾബാഗുക മുതലായ ഉപഭോഗവസ്തുക്കൾ കരകൗശലവസ്തുക്കൾ എന്നിവയു നിർമ്മാണം കുട്ടികളെ പരിശീലിപ്പിക്കുകയും ഉല്പന്നങ്ങളു വില്പനക്കായി ടൗണിൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒ ഷോറൂം ആരംഭിക്കുകയും ചെയ്യുക.

കൂടാതെ കാരൽമണ്ണയിൽ ചക്കരവട്ട് സൊസൈറ്റിയും, കാവുവട്ടത്ത് ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ നിർജ്ജീവമായിരിക്കയാണ്. പാലക്കാട് ജില്ലാ സഹകരണബാങ്കിൻെറ ഒരു ശാഖ ചെർപ്പുളശ്ശേരിയിൽ പ്രവർത്തിച്ചു വരുന്നു. മറ്റുളള സഹകരണസ്ഥാപനങ്ങളെ അപേക്ഷിച്ച് വായ്പകളുടെ പലിശനിരക്ക് കൂടുതലാണ് എന്നത് ഒരു ന്യൂനതയാണ്.

ഒറ്റപ്പാലം കാർഷികവികസന ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന പഞ്ചായത്താണ് ചെർപ്പുളശ്ശേരി എങ്കിലും, ചെർപ്പുളശ്ശേരിയിൽ ബാങ്കിൻെറ ഒരു ശാഖയല്ലാത്തത്, ബാങ്കിൻെറ ക്ഷേമപ്രവർത്തനങ്ങൾ ചെർപ്പുളശ്ശേരി പഞ്ചായത്തിലെ കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിന് ഒരു തടസ്സമാണ്. ആയതു പരിഹരിക്കുന്നതിനായി ചെർപ്പുളശ്ശേരിയിൽ ഒരു ശാഖ തുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സംഘങ്ങളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനും ഉളള സാധ്യതകൾ

1 മാർക്കറ്റിങ്ങ് സഹകരണസംഘം:-

കാർഷികോൽപന്നങ്ങളായ നെല്ല്, നാളികേരം, അടക്ക, നേന്ത്രക്കായ, കുരുമുളക്, പച്ചക്കറികൾ, റബർ, മലഞ്ചരക്കുകൾ മുതലായവ സംഭരിച്ച് വിപണനം നടത്തുന്നതിന്ന് ഒരു സഹകരണസംഘം രൂപീകരിക്കണം.

2 പഴം പച്ചക്കറിസഹകരണസംഘം:-

ഇത്തരമൊരു സഹകരണസംഘത്തിന് ധാരാളം സാധ്യതകൾ ഉളള ഒരു പഞ്ചായത്ത് ആണ് ഇത്. പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്ന കർഷകർക്കും, ഉപഭോക്താക്കൾക്കും ഒരുപോലെ ഗുണകരമായി പ്രവർത്തിക്കുന്നതിന് ഈ സംഘത്തിന് കഴിയും.

3 ജീവനക്കാരുടെ സഹകരണസംഘം:-(Employees co-op. Society)

ഇപ്പോൾ താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾക്ക് പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുവാൻ ധാരാളം സാധ്യതകൾ ഉണ്ട്. അതിന്നാവശ്യമായ നടപടികൾ ഉടൻ സ്വീകരിച്ച് സ്ക്കൂൾ അദ്ധ്യാപകർ, ഗവ. ജീവനക്കാർ, വിവിധ ബാങ്കുകളിലെ ജീവനക്കാർ-മുതലായവരെ സംഘടിപ്പിച്ച് സംഘം രൂപീകരിക്കണം.

4 വനിതാസഹകരണസംഘം:-

വനിതകൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിനും, വനിതകളുടെ ക്ഷേമത്തിനും ഇത്തരം സംഘങ്ങൾ രൂപീകരിക്കണം. അച്ചാർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ജാം, സ്ക്വാഷ്, അട, കറി പൗഡർ എന്നിവയുടെ നിർമ്മാണത്തിനും വിപണനത്തിനും ഇത്തരം സംഘങ്ങളെ പ്രയോജനപ്പെടുത്താവുന്നതാണ്.

5 വ്യവസായ സഹകരണ സംഘം:-

പഞ്ചായത്തിലെ അസംഘടിതരായ പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ഉതകുന്ന തരത്തിൽ ചെറുകിട വ്യവസായങ്ങളായ ബീഡി നിർമ്മാണം, സോപ്പു നിർമ്മാണം, പപ്പടം, പനമ്പ്, കൊട്ട, പായ, കുട, ഇരുമ്പുപകരണങ്ങൾ, തീപ്പെട്ടി, ഇഷ്ടിക, ഓട്, ഫർണിച്ചർ, സ്റ്റീലുപകരണങ്ങൾ, മോട്ടോർ കപ്പാസിറ്റർ മുതലായവ നിർമ്മാണത്തിനും വിപണനം നടത്തുന്നതിനും ഇതകുന്നരീതിയിൽ സംഘം രൂപീകരിക്കുക.

6 നിർമ്മാണത്തൊഴിലാളി സഹകരണസംഘം:-

പഞ്ചായത്തിൽ ഏറ്റവും അധികം തൊഴിൽ അവസരങ്ങൾ നൽകുന്ന നിർമ്മാണരംത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും ഉതകുന്ന രീതിയിൽ ഒരു സംഘം രൂപീകരിക്കണം.

7 ട്രാൻസ്പോർട്ട് സഹകരണസംഘം:-

യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ചരക്കുകൾ കടത്തുന്നതിനു വേണ്ടി മൂലധനം നിക്ഷേപിക്കുന്നതിന് തയ്യാറുളളവരെ സംഘടിപ്പിച്ച് ബസ്സ്, ലോറി, ജീപ്പ്, ഓട്ടോറിക്ഷ മുതലായവയുടെ ഒരു സഹകരണസംഘം രൂപീകരിക്കുക.

8 സഹകരണുപഭോക്തൃ സ്റ്റോർ:-

സ്വകാര്യ കച്ചവടക്കാരിൽനിന്നും ഉപഭോക്താക്കളെ രക്ഷിക്കുന്നതിനായി ഉതകുന്നതരത്തിൽ പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ വിപണനം നടത്തുന്നതിന് ഒരു ഉപഭോക്തൃ സകരണസംഘം രൂപീകരിക്കണം.

9 സഹകരണാശുപത്രി:-

ആതുരശുശ്രൂഷാരംഗത്തെ സ്വകാര്യ ആശുപത്രികളുടെ ചൂഷണം അവസാനിപ്പിച്ച് പാവപ്പെട്ടവർക്ക് യഥാസമയം വൈദ്യസഹായം ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ആധുനികസൗകര്യങ്ങളോടുകൂടിയ സഹകരണ ആശുപത്രികൾ രൂപീകരിക്കുക.

ലക്ഷ്യബോധത്തോടെ ആസൂത്രണം ചെയ്യുന്ന പുതിയ പദ്ധതി വഴി നമ്മുടെ ഗൾഫ് പണത്തിൻെറ കുറേ ഭാഗം സഹകരണമേഖലയിലേക്ക് എത്തിക്കുവാൻ കഴിയണം. അത് സംഘങ്ങലുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുവാനും പ്രത്യുല്പാദനരംഗത്തെ പുതിയ ചലനങ്ങൾ ഉണ്ടാക്കുവാനും സഹായകമാകുന്നു. അതോടൊപ്പം യാതൊരു നിയന്ത്രണങ്ങൾക്കും വിധേയമാകാതെ അനുദിനം വളർന്നു വരുന്ന സ്വകാര്യപണമിടപാടു സ്ഥാപനങ്ങളുടെ അഴിയാകുരുക്കിൽനിന്നും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളെ സംരക്ഷിക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്. ഇത്തരം ബ്ലേഡു സ്ഥാപനങ്ങൾക്കെതിരായ നിയമ നടപടികൾക്കൊപ്പം തന്നെ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തണം. ജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിന് ബോധവൽക്കരണക്ലാസ്സുകൾ നടത്തുന്നതോടൊപ്പം സഹകരണവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സഹകരണയൂണിയനുകളും, നിലവിലുളള സഹകരണസംഘങ്ങളും പുതുതായി രൂപം കൊളളുന്ന സംഘങ്ങളും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്തിൻെറ സമഗ്രമായ വികസനത്തിന് ആവശ്യമായ പണം വായ്പയായി നൽകുന്നതിന് സഹകരണസ്ഥാപനങ്ങൾക്ക് കഴിയും വിധം സഹകരണനിയമത്തിൽ ഭേദഗതി വരുത്തണം. സംഘങ്ങളുടെ ലാഭത്തിൽനിന്ന് സി.ജി.എഫ്.ലേക്ക് മാറ്റിവെയ്ക്കുന്ന തുകയുടെ തോത് വർദ്ധിപ്പിക്കണം. ഇത് പഞ്ചായത്തിലെ പൊതു വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം.

> വികസനരംഗത്ത് സഹകരണപ്രസ്ഥാനത്തിൻെറ സാധ്യതകൾ വളരെ വലുതാണ്. സാധ്യതകൾ കണ്ടെത്താനും ഉപയോഗപ്പെടുത്താനും സഹായകമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഇവ പ്രവൃത്തി പഥത്തിലെത്തിക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും തയ്യാറാവണം.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ആകെ മെമ്പർമാർ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | ആകെയുള്ള സ്ഥിര നിക്ഷേപം | ആകെയുള്ള ഹ്രസ്വകാല നിക്ഷേപം | ആകെയുള്ള കാർഷിക വായ്പകൾ | ആകെയുള്ള കാർഷികേതരവായ്പകൾ | ഓവർഡ്യൂ വായ്പ | പ്രവർത്തന മൂലധനം | ആകെ ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | സർവ്വീസ് സഹകരണ ബാങ്ക് | 10,192 | 13,69,194.00 | 1,00,000 | 6,39,54,023 | 1,90,54,320 | 4,52,85,433 | 2,35,58,842 | 52,00,000 | 9,50,00,000 | 37 |
| 2. | അർബൻ ബാങ്ക് | 7,028 | 15,95,000 | 50,000 | 4,25,79,000 | 78,61,000 | - | 3,68,25,000 | 21,24,000 | 6,00,00,000 | 21 |
| 3. | ഭവന നിർമ്മാണ സഹകരണസംഘം | 606 | 4,07,986.00 | 3,34,000 | - | - | - | 42,55,191 | 8,21,947 | 47,74,793 | 2 |
| 4. | ഹരിജനക്ഷേമ സഹകരണ സംഘം | 219 | 67,490 | 63,860 | - | - | - | 4,911 | 4,911 | 1,67,490 | 1 |
| 5. | ചെർപ്പുളശ്ശേരി ക്ഷീരോൽപാദക സഹകരണസംഘം | 406 | 4,660 | - | - | - | - | - | - | 59,706.75 | 3 |
| 6. | കാറൽമണ്ണ ക്ഷീരോൽപാദക സഹകരണസംഘം | 409 | 9,960 | - | - | - | 21,663 | - | 21,633.35 | 64,741 | 10 |
| 7. | കരുമാനാംകുറുശ്ശി കൈത്തറി നെയ്ത്ത് സഹകരണസംഘം | 178 | 6,88,213 | 3,00,000 | - | - | - | - | - | 20,25,000 | 4 |
| 8. | ഒറ്റപ്പാലം താലൂക്ക് എഡ്യുക്കേഷനൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 80 | - | 3,50,000 | - | - | - | - | - | - | 3 |

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ചെർപ്പുളശ്ശേരി പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 13.5% പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. 3911 പേർ 598 കുടുംബങ്ങളിലായി ഇവിടെ അധിവസിക്കുന്നു. ജന്മിത്തത്തിന്റെയും നാടുവാഴിത്തത്തിന്റെയും ഭാഗമായ ഉച്ചനീചത്വങ്ങളുടെയും, അയിത്താചരണത്തിന്റെയും, മർദ്ദനങ്ങളുടെയും കയ്പേറിയ അനുഭവങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. സ്ത്രീകൾക്ക് മാറുമറയ്ക്കാനും പുരുഷന്മാർക്ക് ഷർട്ടിടാനും ഇഷ്ടപ്പെട്ട പേരിടാൻപോലുമുള്ള അവകാശം ഇവർക്ക് നിഷേധിക്കപ്പെട്ടിരുന്നു എന്നതിന് ഇന്നത്തെ പ്രായം ചെന്നവരുടെ പേരുകളും ജീവിത രീതിയും തെളിവാണ്. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന്റെയും സംഘടിത കാർഷിക പ്രസ്ഥാനത്തിന്റെയും ഉജ്ജ്വലമായ ചെറുത്തുനില്പിലൂടെ 1970 ൽ നിലവിൽ വന്ന ഭൂപരിഷ്കരണത്തിന്റെ ഫലമായി കൈവശ ഭൂമിയിൽ അധികാരം ലഭിച്ചതോടുകൂടി ഇവരുടെ അടിസ്ഥാന ജീവിത തുറകളിൽ മാറ്റം വരാൻ തുടങ്ങി. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങൾക്ക് ഇന്ന് രൂക്ഷത കുറഞ്ഞിട്ടുണ്ട്. ജാതീയമായ ഉച്ചനീചത്വങ്ങൾക്ക് പകരം സാമ്പത്തികമായ പിന്നോക്കാവസ്ഥ ഈ മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ രൂക്ഷതരമാക്കി.

സാമൂഹിക, വിദ്യാഭാസരംഗങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിക്കാൻ ഇനിയും ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. ഇവരുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സർക്കാർ പദ്ധതികളിലൂടെ നീക്കിവെക്കുന്ന വൻതുകകൾ ഉപയോഗപ്പെടുത്താൻ കഴിയാതെ ലാപ്സായി പോകുന്ന പ്രവണത നിലനിൽക്കുന്നു. സർക്കാറിൽ നിന്നുള്ള ആനുകൂല്യങ്ങളിലൂടെ ഭാഗികമായി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടങ്ങളും കോളനി നിവാസികൾക്കാണ് ഉണ്ടായിട്ടുള്ളത്. എങ്കിലും വളരെയേറെ പ്രശ്നങ്ങൾ ഇതിലും പരിഹരിക്കേണ്ടതായിട്ടാണിരിക്കുന്നത്.

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാക്ഷരതാ പരിപാടിയിലൂടെ വയോവൃദ്ധൻമാർക്കു പോലും സ്വന്തം പേർ എഴുതുവാനും വായിക്കുവാനുള്ള അറിവ് സ്വായത്തമാക്കി. എന്നാൽ തുടർ സാക്ഷരതാ പരിപാടി നിലച്ചതോടെ ഇതിന്റെ ഗുണങ്ങൾ ഇല്ലാതായി. രക്ഷിതാക്കളുടെ നിരക്ഷരതയും സാമ്പത്തികമായ പിന്നോക്കാവസ്ഥയും പുതിയ തലമുറയുടെ വിദ്യാഭ്യാസപുരോഗതിക്ക് തടസ്സം നിൽക്കുന്നു. വളരെ ചെറുപ്പത്തിൽ തന്നെ കുടുംബബാധ്യതകൾ ഏറ്റെടുക്കേണ്ടി വരുന്നതു മൂലം സ്ക്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാവുന്നു. ഭൂരിഭാഗം വിദ്യാർത്ഥികളും എങ്ങിനെയെങ്കിലും 10-ാം ക്ലാസ്സുവരെ എത്തപ്പെടുന്നുണ്ടെങ്കിലും S.S.L.C ക്ക് ജയിക്കുന്നവരുടെ എണ്ണം നാമമാത്രമാണ്. S.S.L.C തോറ്റുകഴിഞ്ഞാൽ ഭൂരിഭാഗവും പഠനം നിർത്തുന്നു. സാമ്പത്തികമായ പിന്നോക്കാവസ്ഥ പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന ഏറ്റവും പ്രധാന ഘടകമാണ്. ചുരുക്കം ചിലർ കോളേജ് വിദ്യാഭ്യാസം നേടിയിട്ടുണ്ട് 99.5% ഹരിജൻ വിദ്യാർത്ഥികളും പഠിക്കുന്നത് സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിലാണ്. വിദ്യാഭ്യാസമേഖലയിൽ നിലനിന്നിരുന്ന സ്വകാര്യ വൽക്കരണത്തിന്റെ ഫലമായി അൺഎയ്ഡഡ് സ്ക്കൂളുകളുടെ എണ്ണവും പ്രാധാന്യവും വർദ്ധിക്കുന്നത് സർക്കാർ/എയ്ഡഡ് സ്ക്കൂളുകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കാൻ ഇടയായി. ഇത്തരം സ്ക്കൂളുകൾ ഇല്ലാതാവുന്നതോടെ അധഃകൃതന് അക്ഷരം നിഷേധിച്ച പഴയ കാലത്തിലേക്ക് നമ്മൾ തള്ളി വിടപ്പെട്ടു. ഹരിജനങ്ങൾ വിദ്യാഭ്യാസ രംഗത്ത് നേരിടേണ്ടി വരുന്ന ഏറ്റവും പ്രധാന പ്രശ്നം ഇതായിരിക്കും.

1996-97 വർഷത്തിൽ ചെർപ്പുളശ്ശേരി പഞ്ചായത്തിൽ 15 സ്ക്കൂളുകളിലായി പട്ടികജാതിയിൽ പെടുന്ന 810 കുട്ടികൾ പഠിക്കുന്നുണ്ട്

| | |
|---|---|
| 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ് കൂടി | 314 |
| 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് കൂടി | 255 |
| S.S.L.Cക്ക് പഠിക്കുന്നവർ | 241 |
| ആകെ | 810 |

## തൊഴിൽ

പട്ടികജാതിയിൽ പെട്ടവരിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. എന്നാൽ അടുത്ത കാലത്തായി കാർഷികരംഗത്തുണ്ടായ തകർച്ച ഈ വിഭാഗങ്ങളുടെ തൊഴിൽ നഷ്ടപ്പെടുത്തുകയും തൊഴിലിനു വേണ്ടി മറ്റു മേഖലകൾ തേടിപോകാൻ ഇവരെ നിർബന്ധിതരാക്കുകയും ചെയ്തു. മെച്ചപ്പെട്ട വേതനം മറ്റു മേഖലകളിൽ നിന്ന് കിട്ടുന്നതിനാൽ സീസണുകളിൽ മാത്രം ലഭിക്കുന്ന കാർഷിക വൃത്തിക്ക് തൊഴിലാളികളെ കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നു. ഭൂരിഭാഗം പേരും കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറിയിട്ടുണ്ട്. കർഷക തൊഴിലാളികളുടെ അനുബന്ധ തൊഴിലുകളായ തോട്ടം കിള, വേലിപ്പണി, പുരമേച്ചിൽ, മൺപണി എന്നിവ വിവിധ കാരണങ്ങളാൽ കുറഞ്ഞു വരുന്നത് വർഷത്തിൽ ആകെ ഇവർക്കു ലഭിക്കുന്ന തൊഴിൽ ദിനങ്ങളിൽ കുറവു വരുത്തുന്നു. കൊട്ട, വട്ടി, പനമ്പ്, ഓലക്കുട, പായ എന്നിവ നിർമ്മിക്കൽ അലക്ക്

എന്നിങ്ങനെയുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും ഈ വിഭാഗത്തിലുണ്ട്. കുറഞ്ഞ വിലക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കാത്തതും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഫലപ്രദമായ സംവിധാനങ്ങളില്ലാത്തതും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ഈ വിഭാഗത്തിൻെറ നിലവിലുള്ള തൊഴിൽ രംഗങ്ങൾ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം വിദ്യാഭ്യാസരംഗത്തെ പുരോഗതി ഉപയോഗപ്പെടുത്തി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താനുള്ള തീവ്ര ശ്രമവും നടത്തേണ്ടിയിരിക്കുന്നു.

## പാർപ്പിടം

ഈ രംഗത്ത് കുറേ നേട്ടങ്ങൾ ഉണ്ടായെങ്കിലും എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിൻെറ അടുത്തെത്താൻ പൊലും ആയിട്ടില്ല. പട്ടികജാതിക്കാരുടെ 145 വീടുകൾ ഓല മേഞ്ഞവയാണ്. വിവിധ സർക്കാർ പദ്ധതികൾ ഉൾപ്പെടുത്തി 453 വീടുകൾ ഓടു മേയാൻ കഴിഞ്ഞിട്ടുണ്ട്. സ്വന്തമായി കടമെടുത്ത് വീട് ഓട് മേഞ്ഞവരുമുണ്ട്. ആനുകൂല്യങ്ങൾ പ്രധാനമായും കോളനി നിവാസികൾക്കാണ് ലഭിക്കുന്നത്. ഒറ്റപെട്ട വീടുകൾക്ക് ആനുകൂല്യങ്ങൾ കിട്ടാത്ത അവസ്ഥയുമുണ്ട്. ഗവൺമെൻറ് സഹായത്തോടെ വീടു വെച്ചവർക്ക് ഓടുമേഞ്ഞു എന്നതിൽ കവിഞ്ഞ് യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ധനസഹായത്തിൻെറ അപര്യാപ്ത മൂലം പണി പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇന്നത്തെ സ്ഥിതിയിൽ ഇനിയും ചുരുങ്ങിയത് ശരാശരി 5000 രൂപ വീതം ചിലവഴിച്ചാലേ ഇവയുടെ പണി പൂർത്തീകരിക്കുവാൻ സാധ്യമാവൂ. വീട് ആവശ്യമുള്ള പലർക്കും സ്വന്തമായി സ്ഥലമോ ഉള്ള സ്ഥലത്തിന് മതിയായ രേഖകളോ ഇല്ല. ചുരുക്കം ചില കോളനികളിലെ വീടുകൾക്ക് കറൻറ് ലഭിച്ചിട്ടുണ്ട്. ചില കോളനികളിലെ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. സ്വന്തമായി കിണർ ഉള്ള ഹരിജൻ വീടുകൾ ദുർലഭമാണ്.

## ശുചിത്വം

പട്ടികജാതി കോളനികളെ സംബന്ധിച്ചിടത്തോളം ശുചിത്വപാലന സംവിധാനങ്ങളില്ലാത്തതും ശുചിത്വബോധമില്ലായ്മയും വലിയ ആരോഗ്യപ്രശ്നമായി മാറുന്നു. മിക്ക കോളനികളിലും കക്കൂസ് ഇല്ല. കക്കൂസ് നിർമ്മിക്കുന്നതിന് സർക്കാറിൽ നിന്ന് സാമ്പത്തികമായി സഹായം ലഭിച്ചവരുടെ വീടുകളിൽ പലതിലും നിലവിൽ കക്കൂസ് ഇല്ല എന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ജനങ്ങൾ തിങ്ങി പാർക്കുന്ന കോളനികളിൽ മലിനജലം ഒഴുകിപ്പോവുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്. ചെറിയ ചെറിയ പുരയിടങ്ങളായതിനാൽ ശവം മറവു ചെയ്യുന്നതിന് പൊതു ശ്മശാനങ്ങളെ ആശ്രയിച്ചേ പറ്റൂ. എന്നാൽ വേണ്ടത്ര പൊതുശ്മശാനങ്ങൾ പഞ്ചായത്തിലില്ല. ഈ വിഭാഗത്തിൽ പെടുന്നവർ പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന ചുടലപ്പറമ്പുകൾ അവകാശം പറഞ്ഞ് സ്വകാര്യ വ്യക്തികൾ വളച്ചു കെട്ടുന്നത് വലിയ പ്രശ്നം സൃഷ്ടിക്കുന്നു.

സാമ്പത്തിക പരാധീനത മൂലം ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ ആരോഗ്യക്കുറവ് മദ്യപാന ശീലത്തിന് പെട്ടെന്ന് അടിമകളാവാൻ ഈ വിഭാഗത്തെ പ്രേരിപ്പിക്കുന്നു. തലമുറകളായി അടിച്ചമർത്തലിൽ നിന്നുളവായ അധമബോധവുംഈ ദൗർബല്യത്തിന് പ്രേരകശക്തിയാവുന്നു. മദ്യവർജ്ജന പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തിയും ബോധവൽക്കരണത്തിലൂടെ ഇതിന് പരിഹാരം കാണാൻ കെൽപ്പുള്ള ഒരു ജനകീയ പ്രസ്ഥാനം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

- ഉന്നത വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിച്ചിട്ടില്ല. സ്ക്കൂൾ തലത്തിൽ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോവുന്നു. സാമ്പത്തികമായ പിന്നോക്കാവസ്ഥ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. തുടർ സാക്ഷരതാ പരിപാടി നിലച്ചത് നിരക്ഷരത വർദ്ധിക്കാൻ കാരണമാവുന്നു.
- കാർഷികമേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞു വരുന്നു. തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ നൽകാൻ കഴിയാത്ത ഈ മേഖലയിൽ നിന്ന് ഒഴിഞ്ഞു പോകുന്നു.
- പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച ഈ രംഗത്തെ തൊഴിൽ സാധ്യത ഇല്ലാതാക്കുന്നു
- IRDP പദ്ധതികളും മറ്റു സ്വയം തൊഴിൽ പദ്ധതികളും വേണ്ട രീതിയിൽ തൊഴിൽ സാധ്യതകൾ കണ്ടെത്താൻ ഉപയോഗപ്പെടുന്നില്ല.
- അഭ്യസ്തവിദ്യരായ ചെറുപ്പകാർക്ക് ഹരിജനക്ഷേമ വകുപ്പും, പട്ടികജാതി വികസന കോർപ്പറേഷനും നൽകുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല.
- പട്ടികജാതി/വർഗ്ഗത്തിൻെറ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് ഇവർക്കിടയിൽ വേണ്ടത്ര ബോധവൽക്കരണം നടക്കുന്നില്ല.
- പട്ടികജാതി ക്ഷേമ സഹകരണസംഘത്തിൻെറ പ്രവർത്തനം ശക്തിപ്പെടുത്താൻ ലക്ഷ്യബോധത്തിൽ അധിഷ്ടിതമായ ശ്രമങ്ങൾ ആവശ്യമാണ്.
- പട്ടികജാതി വികസന കോർപ്പറേഷൻെറ പ്രവർത്തനം മെച്ചപ്പെട്ടതല്ല.
- P.M.R.Yയിലൂടെ സ്വയം തൊഴിൽ നേടുവാനുള്ള അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ സാധ്യത ദേശസാൽകൃത ബാങ്ക് അധികൃതരുടെ നിഷേധാത്മക സമീപനത്തിൽ തകർന്നു പോകുന്നു.

- കൈവശ ഭൂമിയുടെ പട്ടയം എല്ലാവർക്കും ലഭിച്ചിട്ടില്ല. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ നിരവധിയാണ്. ഉള്ള വീടുകൾ പലതും ഓല മേഞ്ഞവയാണ്.
- വീടു വെയ്ക്കുവാൻ ധനസഹായം കൊണ്ട് പണി പൂർത്തിയാക്കാൻ തികയാതെ വരുന്നതിനാൽ സഹായം ലഭിച്ച വീടുകളുടെ പണിപൂർത്തിയാവാതെ കിടക്കുന്നു.
- കോളനികളികളിൽ കുടിവെള്ളക്ഷാമം ഉണ്ട്
- വീടുകളിൽ മുഴുവൻ വൈദ്യുതി എത്തിയിട്ടില്ല.
- പൊതുശ്മശാനങ്ങൾ പരിമിതമാണ്.
- മിക്കവീടുകൾക്കും സ്വന്തമായി കക്കൂസ് ഇല്ല. കക്കൂസ് നിർമ്മിക്കാൻ നൽകുന്ന ധനസഹായം നിർമ്മാണത്തിന് തികയാത്ത അവസ്ഥയും ഈ തുക ദുരുപയോഗപ്പെടുന്നതു കാരണം രേഖകൾ പ്രകാരം കക്കൂസ് ഉള്ള വീടുകളിൽ പോലും യഥാർത്ഥത്തിൽ കക്കൂസ് ഇല്ല.
- നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺകുട്ടികളുടെ വിവാഹ ചിലവിനും ധനസഹായം ലഭിക്കുന്നില്ല.
- ജീവിത ദുരിതങ്ങൾ ഈ വിഭാഗത്തെ ഭാരിച്ച കടക്കെണിയിൽ പെടുത്തുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും

- ലംപ്സം ഗ്രാൻറും, സ്റ്റൈപ്പൻറ്, മറ്റു ധനസഹായങ്ങൾ എന്നിവയുടെ തുക വർദ്ധിപ്പിച്ച് യഥാസമയം ലഭ്യമാക്കി സ്ക്കൂളുകളിൽ നിന്ന് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയണം. സാക്ഷരത പരിപാടി പുനരാരംഭിക്കണം
- സ്വകാര്യ അൺ എയ്ഡ് സ്ക്കൂളുകൾ പൂർണ്ണമായും നിർത്തലാക്കണം. നിലവിലുള്ള ഒരു സർക്കാർ സ്ക്കൂളുകളും നിർത്തലാക്കരുത്. എല്ലാ എയ്ഡഡ്/ സർക്കാർ സ്ക്കൂളുകളുടെയും പഠന, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
- കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി ഈ മേഖയിലെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം. നിലവിലുള്ള കൃഷിയിടങ്ങൾ നികത്തുന്നതും കൂട്ടുമുണ്ടകം പോലെയുള്ള കൃഷിരീതികളും നിരുത്സാഹപ്പെടുത്തണം.
- പരമ്പരാഗത വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കണം. ഇവയിൽ നിന്നുള്ള ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കാര്യക്ഷമമായ ഒരു വില്പന ശൃംഖല സൃഷ്ടിക്കണം. ഈ സംവിധാനത്തിലൂടെ തന്നെ ഇവയ്ക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിക്കാൻ കഴിയണം.
- I.R.D.P പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കൂടുതൽ പ്രായോഗിക സംവിധാനം വേണം.
- വിവിധ സ്വയം തൊഴിൽ പദ്ധതികളിലൂടെയുള്ള ധനസഹായം ദുരുപയോഗപ്പെടുത്തുന്നില്ല എന്നുറപ്പു വരുത്താനുള്ള സംവിധാനം ആവശ്യമാണ്.
- പഞ്ചായത്ത് നിലവിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി ക്ഷേമ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തണം. ഇതിലൂടെ കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയണം.
- വിവിധ ക്ഷേമ നിധികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ പുനഃസംഘടിപ്പിക്കണം.
- ക്ഷേമ പദ്ധതികളെ കുറിച്ച് അറിവ് നൽകാനും സാധാരണക്കാരന് എളുപ്പത്തിൽ ബന്ധപ്പെടാനും കഴിയും വിധം ഹരിജന ക്ഷേമ വകുപ്പിന്റെ ഒരു ഓഫീസ് പഞ്ചായത്ത് കേന്ദ്രത്തിൽ തുറന്ന് പ്രവർത്തിക്കണം.
- എല്ലാ ക്ഷേമ പദ്ധതികളുടെയും, ധന സഹായ പദ്ധതികളുടെയും വ്യവസ്ഥകൾ ലഘൂകരിച്ച്, പഞ്ചായത്ത് ഓഫീസ് മുഖാന്തിരം നടപ്പിലാക്കണം.
- എല്ലാവിധ പെൻഷനുകളും പഞ്ചായത്ത് മുഖാന്തിരം വിതരണം ചെയ്യുക. പെൻഷന് അർഹതപ്പെട്ടവരെ നിശ്ചയിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഇംപ്ലിമെൻേറഷൻ കമ്മിറ്റികൾ രൂപീകരിക്കുക.
- P.M.R.Y പദ്ധതി പ്രകാരം ബാങ്കുകളിൽ എത്തുന്ന അപേക്ഷകളിൻമേൽ കാലതാമസം കൂടാതെ കടം അനുവദിക്കുക.
- പതിനായിരം രൂപവരെയുള്ള കടങ്ങൾ എഴുതി തള്ളുക. പുതിയ കടങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ വിതരണം ചെയ്യുക.
- മുഴുവൻ ആളുകൾക്കും കൈവശ ഭൂമിയിൽ പട്ടയം നൽകുക.
- പഞ്ചായത്ത് നേരിട്ട് സ്ഥലം വാങ്ങുകയും മിച്ചഭൂമി ഉപയോഗപെടുത്തിയും വീടില്ലാ ഹരിജനങ്ങൾക്ക് വീടുവെയ്ക്കാനുള്ള സ്ഥലം സൗജന്യമായി നൽകണം.
- പഞ്ചായത്തിലെ 145 ഹരിജന വീടുകൾ ഓല മേഞ്ഞത് മാറ്റി ഓടു മേയാൻ വേണ്ട പദ്ധതിക്ക് മുൻഗണന നൽകണം.
- സാമ്പത്തിക ധനസഹായം ലഭിച്ചിട്ടും പണിപൂർത്തിയാക്കാൻ കഴിയാത്ത വീടുകൾക്ക് 5000 രൂപ വീതം സാമ്പത്തിക സഹായം നൽകി പണിപൂർത്തായാക്കാനുള്ള നടപടികൾ സ്വീകരിക്കണം.
- നിലവിൽ കക്കൂസ് ഇല്ലാത്ത 387 ഹരിജൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകാനുള്ള പദ്ധതി തയ്യാറാക്കണം.

- എല്ലാ വാർഡുകളിലും പൊതു ശ്മശാനം ഉണ്ടാക്കുകയും നാലാം വാർഡിലെ അന്യാധീനപ്പെട്ടുപോയ പട്ടേക്കാട് ശ്മശാനം ഹരിജനങ്ങൾക്ക് വീണ്ടു കിട്ടുവാനുള്ള നടപടിയെടുക്കുകയും വേണം.
- കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടത്ര കിണറുകളും കുഴൽ കിണറുകളും സ്ഥാപിക്കുക. കാറൽമണ്ണ ശുദ്ധജല പദ്ധതി പുനർനിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുകയും എല്ലാ കോളനികളിലേക്കും പൈപ്പ് ലൈൻ എത്തിക്കുകയും ചെയ്യുക.
- ബാക്കിയുള്ള 42 കോളനികൾ അംഗീകരിക്കുയും മുഴുവൻ ഹരിജന വീടുകളും വൈദ്യുതീകരിക്കുകയും ചെയ്യുക.
- ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്കിലും അർബൻ ബാങ്കിലും ഉയർന്ന വായ്പയുള്ള E.M.R (ഇക്വിറ്റബിൾ മോർട്ട് ഗേജ് റജിസ്റ്റർ)സംവിധാനം പട്ടികജാതി വിഭാഗക്കാർ വാങ്ങുന്ന ഏറ്റവും കുറഞ്ഞ വായ്പ സംഖ്യക്കും ബാധകമാക്കുക.
- സാക്ഷരതാ ക്ലാസ്സുകൾ, ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മദ്യവർജ്ജന പ്രസ്ഥാനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ മദ്യ വർജ്ജന ബോധവത്ക്കരണം നിരന്തരമായി നടത്തണം.
- നാശോന്മുകമായ നാടൻ കലകൾ മിക്കവയും ഈ വിഭാഗം അവതരിപ്പിക്കുന്നവയാണ്. ഇവയുടെ സംരക്ഷണത്തിനു വേണ്ട നടപടികൾ സ്വീകരിക്കണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ നാടൻ കലാമേളകൾ സംഘടിപ്പിക്കണം.
- എല്ലാ ഹരിജൻ കോളനികളിലും പൊതു ടി.വി. സെറ്റുകൾ സ്ഥാപിക്കുക.
- സന്നദ്ധ സംഘടനകളുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും സഹായത്തോടെ കോളനികൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ആലിൻകുന്ന് കോളനിയിൽ ആരോഗ്യ കേന്ദ്രമോ, ആയുർവ്വേദ ആശുപത്രിയോ സ്ഥാപിക്കുക.

ഇത്തരത്തിലുള്ള വിപുലമായ പദ്ധതികൾക്ക് രൂപം കൊടുത്ത് ഈ വിഭാഗത്തിൻെറ സമഗ്രമായ പുരോഗതി ഉറപ്പുവരുത്തുക. പഞ്ചായത്തിലെ കോളനികളായി അംഗീകരിക്കുവാനുള്ള പ്രദേശങ്ങളുടെ വിവരം പട്ടിക ഒന്നിലും പഞ്ചായത്തിലെ കോളനി വീടുകളുടെ പൊതു അവസ്ഥാ വിവരണം പട്ടിക രണ്ടിലും 1992 മുതൽ 97 വരെ പട്ടികജാതിക്കാർക്കായി നൽകിയിട്ടുള്ള അനുകൂല്യങ്ങളുടെ വിവരങ്ങൾ പട്ടിക മൂന്നിലും കൊടുത്തിരിക്കുന്നു.

## പഞ്ചായത്തിലെ പ്രധാനപ്പെട്ട കോളനികൾ (അംഗീകരിക്കാനുള്ളത്)

### പട്ടിക 1

| വാർഡ് നമ്പർ | കോളനിയുടെ പേര് |
|---|---|
| 1 | വെള്ളാറപ്പാറ, വലിയംകുന്ന്, ആക്കാമ്പറ്റ |
| 2 | ആലുംകുന്ന് (അംഗീകരിച്ചത്) |
| 3 | മാണ്ടക്കരി ഷാപ്പും കുന്ന്, 4 സെൻറ് വലിയപറമ്പ് |
| 4 | എളിയപ്പറ്റകളം (അംഗീകരിച്ചത്), കൂണ്ടൂകളം, കൊടിയത്തു പറമ്പ്, കാളം മല്ലി, മാമ്പ്രക്കുന്ന്,എരുമക്കുഴി പറമ്പ് |
| 5 | കുന്നത്ത് മൽമൽതൊടി, ഒടുവങ്ങാട്ടു പള്ളിയാലിൽ തെക്കും മുറി |
| 6 | വെട്ടിക്കൽ തൊടി, വീണാത്തു പറമ്പ്, ചക്കചാട്ടു പള്ളിയാൽ, 4 സെൻറ് കോളനി, കാട്ടുകുളം, ഭഗവതിപ്പറമ്പ് |
| 7 | ചെട്ടിക്കുന്ന്, പറച്ചെറി, പെരിയീരി, കൊല്ലാട്ടിൽ, നാടയിക്കുന്ന്, പുളിയാട്ടുകുന്ന്, കൊയ്നി പള്ളിയാലിൽ, പൂലാറ്റശ്ശേരി കളം, ഓട്ടുപാറകുണ്ട്, നമ്പ്രത്ത് കുഴിത്തേടത്ത്, രാരിച്ചൻകുന്ന്, കളത്തിൽ കുണ്ട്. |
| 8 | ഒലിയം (അംഗികരിച്ചത്), കൊലൻകുന്ന്, നരിക്കുന്ന്, പെരിയിൽ |
| 9 | മൂച്ചിത്തോട്ടം, കളപ്പാറ, പാപ്പറമ്പ് |
| 10 | വടക്കുംമുറി കോളനി |
| 11 | ചുണ്ടയിൽപ്പടി, ഷാപ്പുംകുന്ന് (തൂത) |

### പട്ടിക 3

1992-97 കാലയളവിൽ IRDPപ്രകാരം ഹരിജനങ്ങൾക്ക് കിട്ടിയ ആനുകൂല്യങ്ങൾ

| വീടുകൾ എണ്ണം | കക്കൂസ് എണ്ണം | വായ്പ ലഭിച്ചവർ | കാർഷികകിറ്റ് ലഭിച്ചവർ | ട്രൈസം പദ്ധതി പരിശീലനം ലഭിച്ചവർ |
|---|---|---|---|---|
| 79 | 14 | 63 | 1 | 10 |

## പട്ടിക 2

### പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെ അവസ്ഥ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ എണ്ണം. |
|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ വീട് | 49 | 85 | 74 | 55 | 55 | 63 | 83 | 43 | 33 | 37 | 21 | 598 |
| ഓലപുര | 19 | 15 | 21 | 10 | 18 | 17 | 33 | 6 | 2 | 2 | 2 | 145 |
| ഓടുമേഞ്ഞത് | 30 | 70 | 53 | 45 | 37 | 46 | 50 | 37 | 31 | 35 | 19 | 453 |
| വൈദ്യുതീകരിച്ചത് | - | 9 | 26 | 12 | 2 | 8 | 42 | - | 4 | 4 | 6 | 113 |
| വൈദ്യുതീകരിക്കാത്തത് | 49 | 76 | 48 | 43 | 53 | 55 | 41 | 43 | 29 | 33 | 15 | 485 |
| കക്കൂസ് ഉള്ളത് | 20 | 16 | 26 | 28 | 15 | 18 | 40 | 15 | 20 | 4 | 9 | 211 |
| കക്കൂസ് ഇല്ലാത്തത് | 29 | 69 | 48 | 27 | 40 | 45 | 43 | 28 | 13 | 33 | 12 | 387 |

# വിഭവ സമാഹരണം

കാലത്തിനനുസരിച്ച് വർദ്ധിച്ചു വരുന്ന ജനകീയാവശ്യങ്ങളെ പൂർത്തീകരിക്കത്തക്ക വിഭവ ശേഷി നമ്മുടെ പഞ്ചായത്തിനില്ല. ജനങ്ങളുടെ ക്രയശേഷിയുമായി ബന്ധപ്പെടുത്തിക്കൊണ്ടല്ലാതെ പഞ്ചായത്തിൻെറ സാമ്പത്തിക നിലയെ വിലയിരുത്താനാകില്ല. സംസ്ഥാനത്തിൻെറ പൊതു സ്ഥിതിയെപ്പോലെ തന്നെ സമ്പത്തുല്പാദന മേഖലകളായ കൃഷിയും വ്യവസായവും തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

കർഷിക മേഖല മുരടിപ്പിലാണ്. ഉല്പാദന മാന്ദ്യവും വർദ്ധിച്ചു വരുന്ന കൃഷി ചിലവുമാണ് ഈ മുരടിപ്പിൻെറ പ്രധാന കാരണം. കാർഷിക രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാതെ ഈ മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയില്ല. കാർഷിക മേഖല ശക്തിപ്പെട്ടാൽ മാത്രമേ വ്യവസായിക മുന്നേറ്റത്തെ കുറിച്ച് ആലോചിക്കാൻ കഴിയൂ. പഞ്ചായത്തിലെ പരിമിതമായ കാർഷിക വിഭവങ്ങൾ സംസ്ക്കരിക്കപ്പെടുന്നതും ഉത്പ്പന്നങ്ങളാക്കി മാറ്റപ്പെടുന്നതും ഇന്ന് പഞ്ചായത്തിനു പുറത്തുള്ള കേന്ദ്രങ്ങളിൽ വച്ചാണ്. നമ്മുടെ പഞ്ചായത്തിലെ കാർഷിക വിഭവങ്ങളെ അസംസ്കൃത വസ്തുക്കളായി സ്വീകരിച്ച് വ്യവസായിക പുരോഗതി കൈവരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നാളിതുവരെ നടന്നിട്ടില്ല. അതുകൊണ്ടു തന്നെ ഈ രണ്ട് മേഖലകളിൽ നിന്നും വരുമാനം വർദ്ധിപ്പിക്കാൻ ഉള്ള സാധ്യത പരിമിതമാണ്. കാർഷിക വ്യവസായിക മേഖലയിലുള്ള നിശ്ചലത മുറിച്ചു കടന്നു കൊണ്ട് ഈ രംഗത്ത് വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തണം.

ഈ പരിതസ്ഥിതിയിലും നമ്മുടെ പഞ്ചായത്തിൻെറ ധന സ്ഥിതിയെ താങ്ങിനിർത്തുന്നതിൽ ഗൾഫ് പണത്തിൻെറ സ്വാധീനം അവഗണിക്കത്തക്കതല്ല. ഒരു കച്ചവട കേന്ദ്രമെന്ന നിലക്ക് ചെർപ്പുളശ്ശേരിയുടെ ത്വരിതഗതിയിലുള്ള വളർച്ച നമ്മുടെ പഞ്ചായത്തിന് പുറത്തുള്ള ഗൾഫ് പണത്തെകൂടി ആകർഷിക്കുന്നുണ്ട്. ഗൾഫ് മേഖലയിൽ നിന്ന് പഞ്ചായത്തിലേക്ക് വരുന്ന വരുമാനത്തിൻെറ സിംഹഭാഗവും ദേശസാൽകൃത ബാങ്കുകളൾ വഴി പുറത്തേക്ക് പോകുന്നുവെന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. ഭൂ സ്വത്തിൻെറ ക്രയവിക്രയങ്ങളുടെ കാര്യത്തിൽ ജില്ലയിൽ തന്നെ മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. ഇത് ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധനവിന് വഴിതെളിയിച്ചു.

ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം ഉപഭോഗ വസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനും, മോടിയേറിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ചെലവഴിക്കപ്പെടുന്നുണ്ട്. ഈ അവസ്ഥ മാറ്റിയെടുത്ത് പ്ഫസ്ഥുത പണം ഉല്പാദനമേഖലകളിലേക്ക് വഴിതിരിച്ചുവിടാൻ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൻെറ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ യഥാക്രമം പട്ടിക Iലും IIലും കൊടുത്തിരിക്കുന്നു.

## പട്ടിക 1

വരുമാനം

| | 92–93 | 93–94 | 94–95 | 95–96 | |
|---|---|---|---|---|---|
| 1. തൊഴിൽ നികുതി | 134565.00 | 152705.00 | 188640.00 | 235729.00 | 12.0% |
| 2. കെട്ടിട നികുതി. | 293425.00 | 301184.00 | 328636.00 | 368259.00 | 18.82% |
| 3. വിനോദ നികുതി. | 107536.00 | 115288.00 | 119733.00 | 12.7290.00 | 6.5% |
| 4. കൃഷി നികുതി. | 65163.00 | 69803.00 | 72399.00 | 78665.00 | 4.02% |
| 5. ബസ് സ്റ്റാൻറ് ഫീ. | 2050.00 | 2700.00 | 2700.00 | 7520.00 | 0.38% |
| 6. പ്രദർശന നികുതി. | 2279.00 | 3958.00 | 4745.00 | 5980.00 | 0.31% |
| 7. വസ്തുകൈമാറ്റ നികുതി. | 138811.00 | 316373.00 | 267720.00 | 163977.00 | 8.38% |
| 8. കെട്ടിട വാടക. | 53142.00 | 104152.00 | 98258.00 | 609522.00 | 31.15% |
| 9. ഗ്രാൻറ് & കോൺട്രിബ്യൂഷൻ | 696051.00 | 388776.00 | 475000.00 | 304757.00 | 15.57% |
| 10. ലൈസൻസ് ഫീ. | 15467.00 | 14347.00 | 15900.00 | 19617.00 | 1.00% |
| 11. പലിശ. | 1424.00 | 4296.00 | 13165.00 | 35520.00 | 1.82% |
| ആകെ | 1509913.00 | 1473582.00 | 1586896.00 | 1956836.00 | |

## പട്ടിക 2.

ചെലവ്

| | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| 1. ഭരണചെലവ് | 403702.00 | 591590.00 | 656227.00 | 677411.00 |
| 2. പൊതുമരാമത്ത് | 51439.00 | 219316.00 | 292739.00 | 29170.00 |
| | | | | 358663.00 |
| 3. വിദ്യാഭ്യാസം | 18466.00 | 36452.00 | 47226.00 | 51625.00 |
| 4. ജലവിതരണം / | 195696.00 | 28067.00 | 2101.00 | 10067.00 |
| ആരോഗ്യം. | 41739.00 | 45081.00 | 49676.00 | 46798.00 |
| 5. തെരുവ് വിളക്ക്. | 51552.00 | 53143.00 | 62981.00 | 51404.00 |
| 6. മറ്റിനം.(സാമൂഹ്യ ക്ഷേമം.) | 8590.00 | 750.00 | 1921.00 | 6365.00 |

# കെട്ടിട നികുതി

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളിലൊന്നാണിത്. അശാസ്ത്രീയമായ നികുതി നിർണ്ണയ സമ്പ്രദായം കാരണം ഈ ഇനത്തിൽ വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം കണക്കാക്കി നികുതി ചുമത്തുന്ന സംവിധാനം ഉണ്ടാക്കണം. കെട്ടിടം നിർമ്മിക്കുന്നതിനുപയോഗിച്ച വിലപിടിപ്പുള്ള സാമഗ്രികളുടെ അടിസ്ഥാനത്തിലും കൂടി വേണം നികുതിനിർണ്ണയിക്കാൻ. താമസിക്കാനൊരു വീട് എന്നതിനേക്കാളുപരി വീട് 'സ്റ്റാറ്റസ് സിംബൽ' ആയി മാറുന്ന അവസ്ഥ മാറ്റാൻ ആർഭാടത്തിനും, ആഡംബരത്തിനും പ്രാധാന്യം നൽകി നിർമ്മിക്കുന്ന വീടുകൾക്ക് കൂടുതൽ നികുതി ചുമത്താൻ കഴിയണം.

വാർഡടിസ്ഥാനത്തിൽ ജനപ്രതിനിധികൾ നേതൃത്വം കൊടുത്ത് നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ കഴിയണം. ഇപ്പോൾ വാർഡ് കേന്ദ്രീകരിച്ച് നടത്തുന്ന നികുതി പിരിവ് പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ട വിധത്തിൽ വിവരം കിട്ടാത്ത അവസ്ഥയുണ്ട്. കഴിഞ്ഞ നാലുവർഷക്കാലയളവിൽ പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെയും നികുതി ചുമത്തിയവയുടെയും ചുമത്താത്ത ബിൽഡിങ്ങുകളുടെയും വിവരം പട്ടിക III ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.**

| വർഷം | ആകെ കെട്ടിടങ്ങൾ | നികുതി ചുമത്തിയവ | നികുതി ചുമത്താൻ കഴിയാത്തവ |
|---|---|---|---|
| 1992-93 | 7162 | 5482 | 1677 |
| 1994-94 | 7300 | 5646 | 1654 |
| 1994-95 | 7546 | 5982 | 1564 |
| 1995-96 | 7769 | 6288 | 1481 |

# തൊഴിൽ നികുതി

ഇപ്പോൾ പ്രധാനമായും പഞ്ചാത്തതിർത്തിയിലെ സർക്കാർ സ്ഥാപനങ്ങൾ, എയ്ഡ്സ് സ്ക്കൂളുകൾ, കച്ചവടസ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നാണ് തൊഴിൽ നികുതി പിരിച്ചെടുക്കാൻ കഴിയുന്നത്. മുമ്മൂന്ന് മാസത്തിലൊരിക്കൽ മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിലാളികളുടെ വിവരങ്ങൾ പഞ്ചായത്ത് ആപ്പീസിൽ എത്തിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാവണം. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താനും പിരിച്ചെടുക്കാനും കഴിയണം.

# വിനോദ നികുതി

ബഹുജനങ്ങളുടെ ഒരു പ്രധാനപ്പെട്ട വിനോദമാർഗ്ഗമാണല്ലോ സിനിമ. നമ്മളുടെ പഞ്ചായത്തിൽ രണ്ട് സിനിമാശാലകൾ ഉണ്ടെങ്കിലും ഈ മേഖലയിൽ നിന്നും കഴിഞ്ഞ രണ്ടു വർഷക്കാലയളവിലുണ്ടായ വരുമാനത്തിൽ കാര്യമായ പുരോഗതി ഉണ്ടായതായി കാണുന്നില്ല. സമൂഹത്തിൽ സിനിമ ചെലുത്തുന്ന സ്വാധീനവും, സിനിമ കാണുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവും വിനോദ നികുതി മുഖാന്തിരമുള്ള വരുമാനത്തിൽ പ്രതിഫലിക്കാത്തത് പരിശോധനയർഹിക്കുന്നു. ഈ മേഖലയിൽ കോമ്പൗണ്ടിങ്ങ് സമ്പ്രദായം ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാവണം.

ഭൂമിയുടെ ക്രയവിക്രയം കൂടുതൽ നടക്കുന്ന ഒരു കേന്ദ്രം എന്ന നിലക്ക് നമ്മുടെ പഞ്ചായത്തിൽ നിന്ന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഒരു വലിയ തുക സർക്കാരിന് കിട്ടേണ്ടതാണ്. (സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ നിന്നും പഞ്ചായത്തുകൾക്ക് വിഹിതമുണ്ട്). എന്നാൽ വസ്തു വഹകൾ റജിസ്റ്റർ ചെയ്യുമ്പോൾ പ്രമാണങ്ങളിൽ വിലകുറച്ച് കാണിക്കുന്നതുകൊണ്ട് ഈയിനത്തിൽ ഒരു വലിയ തുക സർക്കാരിനും തദ്വാര പഞ്ചായത്തിനും നഷ്ടംവരുന്നു. ഈ വെട്ടിപ്പ് കർശനമായി തടയാൻ കഴിയണം.

വില്പന നികുതിയിനത്തിൽ പഞ്ചായത്തുകളിലെ വിവിധ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഒരു നിശ്ചിത വിഹിതം പഞ്ചായത്തുകൾക്ക് നൽകാൻ നിയമപരമായ നീക്കങ്ങൾ നടത്തേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്ത് വർഷം തോറും ലക്ഷക്കണക്കിന് രൂപയുടെ പൊതുമരാമത്ത് പ്രവർത്തനങ്ങൾ നടത്താറുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ കൂലി നിരക്കും, പ്രവർത്തനങ്ങളിലെ സുതാര്യതക്കുറവും ഈ മേഖലയിലെ പുരോഗതിക്ക് വിഘ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലെ കരാർ സമ്പ്രദായമാണ് മറ്റൊരു പ്രശ്നം. പ്രാദേശികമായി പദ്ധതികൾ തയ്യാറാക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. 5000 രൂപക്ക് മുകളിൽ വരുന്ന പദ്ധതികൾക്കും സിമന്റ്, കമ്പി എന്നീ ഇനങ്ങളിൽ 1000 രൂപ മുകളിൽ വരുന്ന വർക്കുകൾക്കും അംഗീകാരത്തിന് മേലധികാരികളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയുണ്ട്. വിവിധ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമ വികസന ബോർഡിൽ വായ്പ എടുക്കാനേ പഞ്ചായത്തുകൾക്കിന്ന് സ്വാതന്ത്ര്യമുള്ളൂ.

തദ്ദേശീയമായി ആവശ്യമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനും, ആവശ്യമായ ഘട്ടങ്ങളിൽ സ്വതന്ത്രമായ സാങ്കേതിക സഹായം തേടാനും രണ്ട് ലക്ഷം രൂപവരെയുള്ള പ്രവർത്തനങ്ങൾ മേലധികാരികളുടെ അനുവാദമില്ലാതെ നടത്താനും പഞ്ചായത്തിന് കഴിയണം. നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പ്രാവർത്തികമാക്കാൻ കഴിയണം. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ സൗകര്യങ്ങളുണ്ടാവണം.

തൊട്ടടുത്തുള്ള പഞ്ചായത്തുകളുമായി തട്ടിച്ചു നോക്കുമ്പോൾ ദ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് ചെർപ്പുളശ്ശേരി പഞ്ചായത്ത്. എന്നാൽ പട്ടണത്തിൻെറ വികസനത്തിൽ ഒഴിച്ചു കൂടാനാവത്ത ഉപാധികളായ പച്ചക്കറി, മത്സ്യ-മാംസ മാർക്കറ്റ് എന്നിവ സ്ഥാപിക്കാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. ഇത്തരം മാർക്കറ്റുകൾ സ്ഥാപിക്കുന്നത് ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കുമെന്ന് മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് ചുമത്താൻ കഴിയുന്ന വിവിധ ഫീസുകൾ മൂലം പഞ്ചായത്തിൻെറ വരുമാനം വർദ്ധിക്കുകയും ചെയ്യും.

വികസന പ്രവർത്തനങ്ങൾക്ക് സർക്കാരും, പഞ്ചായത്തും ചെലഴിക്കുന്ന തുക ആവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മതിയാകാത്ത അവസ്ഥയാണിന്നുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് വളരെയധികം സാധ്യതയുണ്ട്.

ജനങ്ങളുടെ ധനപരമായ സംഭാവനകളും, വസ്തുക്കളും, മനുഷ്യ വിഭവശേഷിയും എല്ലാം ഇക്കൂട്ടത്തിൽപെടും. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പ്രവർത്തിക്കുന്ന പി.ടി.എ കമ്മിറ്റികളുടെ പ്രവർത്തനം നാം ഇത്തരുണത്തിൽ വിലയിരുത്തണം. നമ്മുടെ പഞ്ചായത്തിലെ ഏക ഗവ. യു.പി. സ്ക്കൂളിന് വേണ്ടി ഒരു ചുറ്റുമതിൽ പ്രസ്തുത സ്ക്കൂളിലെ പി.ടി.എ നിർമ്മിച്ച് കൊടുത്തത് തികച്ചും മാതൃകാപരമായ പ്രവർത്തനമാണ്. എന്നാൽ എല്ലാ സ്ക്കൂളുകളിലും ഈ വിധത്തിൽ ഉയർന്ന സന്നദ്ധപ്രവർത്തനം നടത്താൻ കഴിയാത്ത പി.ടി.എ കളുമുണ്ട്. ചെർപ്പുളശ്ശേരി- ഒറ്റപ്പാലം റൂട്ടിൽ പത്താംമൈൽസിൽ കുന്നത്ത് ശ്രീ. കൃഷ്ണൻനായർ നിർമ്മിച്ച് പഞ്ചായത്തിന് സംഭാവനയായി നൽകിയ ബസ് സ്റ്റോപ്പാണ് നമ്മുടെ പഞ്ചായത്തിലെ മറ്റൊരു ശ്രദ്ധേയമായ സന്നദ്ധപ്രവർത്തനം. നടുവട്ടം, കാവുവട്ടം എന്നിവടങ്ങളിലും ഇതേപോലെ ബസ്റ്റോപ്പ് നിർമ്മിക്കാൻ കഴിയും.

നമ്മുടെ സംസ്ഥാനത്തിൻെറ സാമൂഹ്യ ജീവിതത്തിൻെറ പൊലിമയ്ക്ക് നിദാനമായി പ്രവർത്തിച്ച ഗൾഫ് പണമുപയോഗിച്ചും മേൽ സൂചിപ്പിച്ച തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നായി നൂറുക്കണക്കിന് സഹോദരൻമാർ ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നുണ്ട്. ഇത്തരം ആളുകളുമായി ബന്ധപെട്ട് അവരവരുടെ വാർഡുകളിലെ കുടിവെള്ള പ്രശ്നം, ഗവ. സ്ക്കൂളുടെ ശോച്യാവസ്ഥ, റോഡുകളുടെ ദയനീയ സ്ഥിതി എന്നീ പ്രശ്നങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തി അവരുടെ സഹായത്തോടുകൂടി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. നമ്മുടെ ഗവ. ആശുപത്രിയുടെ പാശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും മേൽ സൂചിപ്പിച്ച സന്നദ്ധ പ്രവർത്തനം മൂലം നമ്മുക്ക് കഴിയും.

കമ്പോളത്തിലധിഷ്ഠിതമായ വ്യവസായിക നയം നടപ്പിൽ വന്നതോടുകൂടി ഈ മേഘലയിൽ മേധാവിത്വത്തിന് വേണ്ടി "പരസ്യ യുദ്ധം" തന്നെ നടക്കുന്നുണ്ട്. അപ്പോൾ ബോർഡ്, ചുവർ, പോസ്റ്റർ, ബാനർ എന്നിവയ്ക്ക് നികുതി ചുമത്താനുള്ള സാധ്യത തെളിഞ്ഞുവരുന്ന ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ കൂട്ടത്തിൽ നിർണ്ണായക സ്ഥാനം വഹിക്കുന്ന ടെലിവിഷൻ സെറ്റുകൾക്കും നികുതി ചുമത്താവുന്നതാണ്. അതേപോലെ തന്നെ നികുതി ദാതാക്കളുടെ കൂട്ടത്തിൽ ഇതുവരെയുംപെടാത്ത സ്വകാര്യ ആശുപത്രികൾ, പണമിടപാട് സ്ഥാപനങ്ങൾ, പാരലൽ കോളേജുകൾ, എസ്.ടി.ഡി. ബൂത്തുകൾ എന്നിവക്കും നികുതിയോ, ലൈസൻസ് ഫീസോ ചുമത്തി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാൻ ശ്രമം വേണം.

നമ്മുടെ പഞ്ചായത്തതിർത്തിയിൽ സ്ഥിതി ചെയ്യുന്ന തൂത പുഴയിലെ വിഭവങ്ങളിൽ നമ്മുക്ക് യാതൊരു അവകാശവും ഇല്ല എന്നത് പരിശോധന അർഹിക്കുന്നു. മേൽപറഞ്ഞ പുഴയിലെ മീൻ ലേലം ചെയ്ത് വിൽക്കുവാനുള്ള അവകാശം നമ്മുടെ പഞ്ചായത്തിൽ നിക്ഷിപ്തമായാൽ ഇതും വരുമാനം വർദ്ധിപ്പിക്കും എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പഞ്ചായത്തതിർത്തിയിൽ ഓടുന്ന ഈ പഞ്ചായത്തിലെ ഓട്ടോറിക്ഷകൾക്ക് വർഷം 250 രൂപ ഫീസിടാക്കുന്നുണ്ട്. ഇത് ജീപ്പുകൾക്കുകൂടി ബാധകമാക്കണം.

ഇതിനെല്ലാം പുറമെ പഞ്ചായത്തിൽ ലഭ്യമായ അളവറ്റ മനുഷ്യ വിഭവശേഷി നമ്മുടെ നാടിൻെറ സമഗ്ര വികസനത്തിന് ഉപയോഗിക്കുമെന്ന വാഗ്ദാനവും ഉറപ്പും വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വരികയുണ്ടായി. റോഡ് നിർമ്മാണത്തിലും ആതുര സേവന സൗകര്യങ്ങൾ മെച്ചപ്പെടുന്ന കാര്യത്തിലും മാതൃകാപരമായ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തിയ സംഘങ്ങൾ നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സന്നദ്ധശേഷിയും നാട്ടിലെ വിവിധ വിഭാഗം ജനങ്ങളുടെ കർമ്മ ചൈതന്യവും കൂട്ടിയിണക്കി ഐശ്വര്യ സമ്പൂർണ്ണമായ ഗ്രാമമാക്കി നമ്മുടെ പഞ്ചായത്തിനെ മാറ്റിയെടുക്കാൻ കക്ഷി രാഷ്ട്രീയങ്ങൾക്കിതീതമായി നമുക്ക് പ്രവർത്തിക്കാം.

# ഉപസംഹാരം

പരിമിതമായ സാധ്യതകൾക്കുള്ളിൽ നിന്നു കൊണ്ടാണെങ്കിൽ കൂടി നമ്മുടെ ഗ്രാമത്തിന്റെ വിവിധ മേഖലകളിലെ വികസന പ്രശ്നങ്ങളെ കുറിച്ച് പഠിക്കാനും, ശാസ്ത്രീയമായി വിലയിരുത്താനും അതിന്റെ പശ്ചാത്തലത്തിൽ ഒരു നല്ല നാളെ കരുപിടിപ്പിക്കാനുതകുന്ന പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കാനും ഈ വികസന റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ ഗ്രാമത്തിന്റെ സമഗ്രവികസനത്തിന് അത്യന്താപേക്ഷിതമായ പഞ്ചായത്ത് വിഭവങ്ങളെ കുറിച്ച് കൃത്യമായ സൂചനകൾ നൽകുന്ന വിഭവ ഭൂപടം തയ്യാറാക്കാൻ സമയ പരിമിതി മൂലം കഴിഞ്ഞിട്ടില്ല. എങ്കിലും ഇതിനു വേണ്ടി നിയോഗിക്കപ്പെട്ട പഠന സംഘം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പര്യടനം നടത്തി ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ഒരു താത്ക്കാലിക വിഭവ മാപ്പ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും, പ്രാഥമിക, ദ്വിതീയ വിവര ശേഖരങ്ങളിൽ നിന്നും ലഭ്യമായ സ്ഥിതി വിവരക്കണക്കുകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും റിപ്പോർട്ട് എല്ലാ അർത്ഥത്തിലും പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല.

പുതിയ വികസന സംസ്കാരത്തിന്റെ കൊടിക്കൂറ ഉയർത്തിപിടിച്ച്, നമ്മുടെ കൊച്ചു കേരളത്തിന്റെ സമ്പത്തുല്പാദന മേഖലയിലെ കുറവുകൾ പരിഹരിക്കാൻ ഐശ്വര്യ സമ്പൂർണ്ണമായ കേരളം കെട്ടിപ്പടുക്കാൻ കൊടിയടയാളങ്ങൾക്കും, ദൈവനാമങ്ങൾക്കതീതമായി നാം ഒരൊറ്റ മനസ്സുമായി ഒത്തു ചേർന്നിരിക്കുന്നു. നാടിന്റെ വിഭവ സമ്പത്തും സർഗ്ഗശേഷിയും സംയോജിപ്പിച്ച് ഒരു പുതുയുഗപ്പിറവിക്ക് തുടക്കം കുറിക്കാനുതകുന്ന ഇഴ വിടർത്തിയ ചർച്ചകളും നിർദ്ദേശങ്ങളുംകൊണ്ട് ഈ റിപ്പോർട്ട് അർത്ഥപൂർണ്ണമാക്കാൻ മഹുജന സമക്ഷം സമർപ്പിക്കട്ടെ.

പ്രകൃതി വിഭവങ്ങൾ സ്വതേ നിഷ്ക്രിയാവസ്ഥയിലാണ്
മാനുഷികങ്ങളായ ഇടപെടലുകൾ ആണ് അവയെ
ഉൽപന്നങ്ങളാക്കുന്നത്.



ചെർപ്പുളശ്ശേരി
ഗ്രാമപഞ്ചായത്ത്
# വികസനരേഖ